12
ജൂലൈ 2024
വെള്ളി
1446 മുഹറം 06
1199 മിഥുനം 28

പേജ് 22
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika





08 സ്പെയിനിനെതിരെ ഇംഗ്ലണ്ട്





06 കിം ഫലം പ്രസിദ്ധീകരിച്ചു പി ദേവാനന്ദിന് ഒന്നാം റാങ്ക്





നീറ്റ് കേസ് 18 ലേക്ക് മാറ്റി 05


## മലയാളി ഡോക്ടറുടെ പേരിൽ അബുദാബിയിൽ റോഡ്

**റസാഖ് ഒരുമനയൂർ**
അബുദാബി

രാജ്യത്തിന്റെ ആരോഗ്യ മേഖല കെട്ടിപ്പടുക്കുന്നതിൽ നിർണായക സംഭാവനകൾ നൽകിയ അൽ ഐനിന്റെ പ്രിയ മലയാളി ഡോക്ടർ ജോർജ് മാത്യുവിന്റെ പേരിൽ അബുദാബിയിലെ റോഡ് നാമകരണം ചെയ്ത് യുഎഇ ഭരണകൂടം. 57 വർഷങ്ങളായി യുഎഇക്ക് നൽകുന്ന സേവനങ്ങൾക്കും സംഭാവനകൾക്കുമുള്ള ആദരവായാണ് പത്തനംതിട്ട തുമ്പമണ്ണിൽ വേരുകളുള്ള ഡോ. ജോർജ് മാത്യുവിനുള്ള ഈ അപൂർവ അംഗീകാരം. അബുദാബി അൽ മഫ്രഖിലെ ശൈഖ് ഷഖ്ബൂത്ത് മെഡിക്കൽ സിറ്റിക്ക് സമീപത്തുള്ള റോഡാണ് ഇനി ജോർജ് മാത്യു സ്ട്രീറ്റ് എന്നറിയപ്പെടുക. ദീർഘവീക്ഷണത്തോടെ യുഎഇയ്ക്കായി പ്രവർത്തിച്ചവരെ അനുസ്മരിക്കാനായി പാതകൾ നാമകരണം ചെയ്യുന്നതിന്റെ ഭാഗമായി മുനിസിപ്പാലിറ്റിസ് ആൻഡ് ട്രാൻസ്പോർട്ട് വകുപ്പാണ് റോഡിന് ഈ പേര് നൽകിയത്.

രാജ്യത്തിനു വേണ്ടി ചെയ്ത ആത്മാർത്ഥമായ സേവനങ്ങൾക്കുള്ള അംഗീകാരമായാണ് തീരുമാനത്തെ കാണുന്നതെന്ന് ഡോ. ജോർജ് പറഞ്ഞു. ഭാവി എന്താകുമെന്ന് നോക്കാതെ കഷ്ടതകൾ അവഗണിച്ചാണ് യുഎഇയിലെത്തിയ ആദ്യകാലങ്ങളിൽ പ്രവർത്തിച്ചത്. റോഡ്, വൈദ്യുതി, ജലവിതരണം എന്നിവയൊന്നും അന്നില്ലായിരുന്നു. പ്രദേശവാസികളുടെ പ്രശ്നങ്ങൾ നേരിട്ടറിഞ്ഞു സഹായിക്കാനായിരുന്നു ശ്രമം. ബുദ്ധിമുട്ടുകൾ മറന്ന് രാജ്യത്തിനു വേണ്ടി നടത്തിയ





സേവനങ്ങൾ തിരിച്ചറിയപ്പെടുന്നതിൽ ഏറെ സന്തോഷമുണ്ട്അദ്ദേഹം പറഞ്ഞു. 1967 ൽ 26 ാം വയസിൽ യുഎഇയിലെത്തിയത് മുതൽ തുടങ്ങിയതാണ് രാജ്യത്തിനായുള്ള ഡോ. ജോർജ് മാത്യുവിന്റെ പ്രവർത്തനങ്ങൾ. അമേരിക്കയിലേക്ക് പോകാനുള്ള തയ്യാറെടുപ്പുകൾക്കിടയിൽ മിഷനറിയായ ഒരു സുഹൃത്തിൽ നിന്നാണ് അൽഐനെ കുറിച്ച് കേട്ടറിയുന്നതും അവിടെക്ക് എത്തുന്നതും. അൽ ഐനിലെ ആദ്യ സർക്കാർ ഡോക്ടർക്കായുള്ള ഭരണകൂടത്തിന്റെ തിരച്ചിലിനിടെ ജോർജ് മാത്യുവിന്റെ അപേക്ഷയെത്തി. പിന്നാലെ നിയമന അറിയിപ്പും. ഭരണാധികാരിയായിരുന്ന ഹിശൈഖ് സായിദിന്റെ ആശീർവാദത്തോടെ അൽഐനിൽ ആദ്യ ക്ലിനിക്ക് തുടങ്ങി. പിന്നീടുള്ള കാര്യങ്ങളെല്ലാം അതിവേഗത്തിലായിരുന്നു. തിരിഞ്ഞു നോക്കുമ്പോൾ അഞ്ചേമുക്കാൽ പതിറ്റാണ്ട് ദൂരം. അൽ ഐനും യുഎഇയ്ക്കും ഒപ്പം ഡോ. ജോർജും വളർന്നു. അന്ന് ജനറൽ പ്രാക്ടീഷണറായാണ് സേവനം തുടങ്ങിയത്. ആൾക്കാർ എന്നെ 'മത്യസ്' എന്നാണ് വിളിച്ചിരുന്നത്. ശൈഖ് സായിദിന്റെ വ്യക്തി പ്രഭാവം നേരിട്ട് കണ്ടറിയാനുള്ള അവസരം ജീവിതം തന്നെ മാറ്റി. രാഷ്ട്ര നിർമ്മാണത്തിൽ അദ്ദേഹം ദീർഘ വീക്ഷണത്തോടെ സ്വീകരിച്ച പല ഉദ്യമങ്ങളിലും പങ്കാളിയാകാനായത് ഏറെ അഭിമാനകരമാണ്. കാര്യങ്ങൾ പഠിക്കാനും സമൂഹത്തെ സഹായിക്കാനും നിരവധി അവസരങ്ങളാണ് തേടി വന്നുജോർജ് മാത്യു ഓർത്തെടുക്കുന്നു. മലേറിയ അടക്കമുള്ള രോഗങ്ങളെ നേരിടാൻ ഡോ. ജോർജ് മാത്യുവിനെ സർക്കാർ ചെലവിൽ ശൈഖ് സായിദ് ഇംഗ്ലണ്ടിൽ അയച്ചു പഠിപ്പിച്ചു. പുതുതായി തുടങ്ങിയ ഹോസ്പിറ്റൽ മാനേജ്മെന്റ് ചുമതലകൾ നൽകിയപ്പോൾ വിദഗ്ധ പഠനത്തിന് ഹാർവാർഡിലേക്ക് അയച്ചു. 1972ൽ അൽ ഐൻ റീജിയന്റെ മെഡിക്കൽ ഡയറക്ടർ, 2001ൽ ഹെൽത്ത് അതോറിറ്റി കൺസൾട്ടന്റ് തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചു. ഡോക്ടർക്ക് യുഎഇ സമാനതകളില്ലാത്ത നിരവധി ബഹുമതികൾ നൽകി. യുഎഇ പൗരത്വം, സാമൂഹ്യ സേവനത്തിനുള്ള പരമോന്നത സിവിലിയൻ ബഹുമതിയായ അബുദാബി അവാർഡ് എന്നിവയിലൂടെ ഡോ. ജോർജ് മാത്യുവിന്റെ സംഭാവനകളെ രാജ്യം നേരത്തെ ആദരിച്ചിട്ടുണ്ട്.

## നിയമസഭയിൽ തിളങ്ങി മുസ്‌ലിം ലീഗ്

തിരുവനന്തപുരം: പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം അവസാനിക്കുമ്പോൾ ജനകീയ വിഷയങ്ങളിലും ന്യൂനപക്ഷ, പിന്നാക്ക, ദലിത് അവകാശപോരാട്ടങ്ങളിലും ചരിത്രമെഴുതി മുസ്‌ലിംലീഗ്. നിയമസഭയിൽ പാർട്ടിയുടെ ചരിത്രത്തിന് മുതൽക്കൂട്ടാകുന്ന, ഏറ്റവും ശ്രദ്ധേയമായ ഇടപെടലുകളാണ് ഇത്തവണ കാണാനായത്. 19 ദിവസം നീണ്ടുനിന്ന സമ്മേളന കാലയളവിൽ മുസ്‌ലിംലീഗിന്റെ രാഷ്ട്രീയ നിലപാടുകൾ സഭയിൽ ഇടിമുഴക്കം സൃഷ്ടിച്ചു. മുൻഗാമികൾ അടയാളപ്പെടുത്തിപ്പോയ വഴികളിലൂടെ സമുദായത്തിന്റെയും സമൂഹത്തിന്റെയാകെയും പൊള്ളുന്ന വിഷയങ്ങൾ സഭയിലുന്നയിച്ചത് മുസ്‌ലിംലീഗ് അംഗങ്ങളായിരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ കേരളം ഏറെ ചർച്ച ചെയ്ത നാല് അടിയന്തര പ്രമേയ നോട്ടീസുകൾ ഉൾപ്പെടെ മുസ്‌ലിം ലീഗ് എം.എൽ.എമാർ പിണറായി സർക്കാരിനെ ചോദ്യശരങ്ങളുടെ മുൾമുനയിൽ നിർത്തി. പതിനൊന്നാം സമ്മേളനത്തിലെ മുസ്‌ലിംലീഗ് പോരാട്ടത്തെ വിശദമായി വിശകലനം ചെയ്യുന്നു...




പ്രസ് ഗ്യാലറി (പേജ് 22ൽ)


# പോരാടി നേടി
# 138 അധിക ബാച്ചുകൾ

- **മലബാറിലെ പ്ലസ് വൺ പ്രവേശന പ്രതിസന്ധിക്ക് താൽക്കാലിക ആശ്വാസം**
- **മലപ്പുറത്ത് 120 ബാച്ചുകൾ, സയൻസ് ബാച്ചില്ല**
- **കോഴിക്കോട്ടും പാലക്കാട്ടും കൂടി അധിക ബാച്ചുകൾ വേണമെന്ന് നിയമസഭയിൽ കുഞ്ഞാലിക്കുട്ടി**

തിരുവനന്തപുരം: മുസ്‌ലിം ലീഗും എം.എസ്.എഫും യു.ഡി.എഫ് സംഘടനകളും നടത്തിയ ശക്തമായ സമരപോരാട്ടത്തിനൊടുവിൽ മലബാറിലെ പ്ലസ് വൺ പ്രസിസന്ധിക്ക് ആശ്വാസം. പ്ലസ് വൺ സീറ്റ് ക്ഷാമത്തിന് പരിഹാരമായി 138 താൽക്കാലിക ബാച്ചുകൾ സർക്കാർ അനുവദിച്ചു. കാസർകോട്, മലപ്പുറം ജില്ലകളിൽ മാത്രമാണ് പുതിയ ബാച്ചുകൾ അനുവദിച്ചത്. നിയമസഭയിൽ ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവനയിലാണ് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഇക്കാര്യം അറിയിച്ചത്. പൊതു വിദ്യാലയങ്ങൾക്ക് മാത്രമാണ് താൽക്കാലിക ബാച്ച് അനുവദിച്ചത്. മലപ്പുറം ജില്ലയിൽ 120 ഉം കാസർക്കോട് ജില്ലയിൽ പതിനെട്ടും താൽക്കാലിക ബാച്ചുകൾ നിലവിൽ വരും. മലപ്പുറത്ത് 24 സർക്കാർ സ്കൂളുകളിലായി 120 ബാച്ചുകളും കാസർകോട് 18 സർക്കാർ സ്കൂളുകളിലായി 18 ബാച്ചുകളുമാണ് അനുവദിച്ചത്. സീറ്റ് ക്ഷാമം കാരണം മലബാർ മേഖലയിലെ വിദ്യാർത്ഥികളുടെ പഠനം പെരുവഴിയിലാണെന്നും അധിക ബാച്ചുകൾ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് നിയമസഭയിൽ മുസ്‌ലിം ലീഗും പുറത്ത് എം.എസ്.എഫും ശക്തമായ പ്രതിഷേധമാണുയർത്തിയത്.

സമരം രാഷ്ട്രീയ പ്രേരിതമെന്ന് നിലപാടെടുത്ത സർക്കാർ എം.എസ്.എഫ് നേതാക്കളെ അടക്കം തല്ലിച്ചതക്കുകയും അറസ്റ്റ് ചെയ്ത് ജയിലിലടക്കുകയും ചെയ്തിരുന്നു. എന്നാൽ വിട്ടുവീഴ്ചക്കില്ലാതെ വിദ്യാർത്ഥി സമൂഹം സമരം ശക്തമാക്കിയതോടെയാണ് സർക്കാർ കീഴടങ്ങിയത്. വിദ്യാഭ്യാസമന്ത്രി വിദ്യാർത്ഥി സംഘടനകളെ ചർച്ചക്ക് വിളിച്ച് താൽക്കാലിക അധിക ബാച്ചുകൾ അനുവദിക്കാൻ സന്നദ്ധത അറിയിച്ചു. ചർച്ചയിലെ തീരുമാന പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധ നടത്തുകയും മുസ്‌ലിം ലീഗും എം.എസ്.എഫും മുന്നോട്ടുവെച്ച കണക്കുകൾ ശരിയാണെന്ന് സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. ഈ റിപ്പോർട്ട് പരിഗണിച്ചാണ് അധിക ബാച്ചുകൾ അനുവദിച്ചത്. കെ.എസ്.യു അടക്കമുള്ള വിദ്യാർത്ഥി സംഘടനകളും സമരരംഗത്തിറങ്ങിയിരുന്നു.

അതേസമയം മലപ്പുറത്ത് പുതുതായി അനുവദിച്ചതിൽ ഒന്നുപോലും സയൻസ് ബാച്ചില്ലാത്തത് പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്. കൊമേഴ്സിന് 61ഉം ഹുമാനിറ്റീസിന് 59ഉം ബാച്ചുകളാണ് അനുവദിച്ചത്. കാസർകോട് ഒരു സയൻസ് ബാച്ചും 13 കൊമേഴ്സ് ബാച്ചും നാല് ഹ്യൂമാനിറ്റീസ് ബാച്ചുമാണ് അനുവദിച്ചത്. പുതിയ ബാച്ച് അനുവദിക്കുന്നതിലൂടെ 14 കോടിയിലധികം രൂപയുടെ ബാധ്യത ഒരു വർഷം സർക്കാറിന് ഉണ്ടാകുമെന്ന് വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. എന്നാൽ മലപ്പുറം, കാസർകോട് ജില്ലകളിൽ മാത്രമുള്ള താൽക്കാലിക ബാച്ചുകൾ പ്രശ്നപരിഹാരം ആകുന്നില്ലെന്ന് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി നിയമസഭയിൽ പറഞ്ഞു. പാലക്കാട്, കോഴിക്കോട് ജില്ലകളുടെ സീറ്റ് ക്ഷാമം പരിഹരിക്കാൻ പുതിയ ബാച്ചുകൾ അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.


പ്രതിസന്ധി പരിഹരിക്കപ്പെട്ടിട്ടില്ല: പി.എം.എ സലാം 07


വിഴിഞ്ഞത്ത് ആദ്യകപ്പലിന് ഇന്ന് സ്വീകരണം

## മദർ പോർട്ടിൽ സർക്കാർ മറക്കുന്നത് ഉമ്മൻചാണ്ടിയെ



തിരുവനന്തപുരം: സ്വപ്ന സാക്ഷാത്കാരം എന്ന ടാഗ്‌ലൈനിൽ വിഴിഞ്ഞം പദ്ധതിയെ സർക്കാർ ആഘോഷമാക്കുമ്പോൾ വിസ്മരിക്കപ്പെടുന്നത് പദ്ധതിയുടെ യഥാർത്ഥ നായകനായ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ. എല്ലാ പ്രതിബന്ധങ്ങളെയും നീക്കി വിഴിഞ്ഞം പദ്ധതി നടപ്പിലാക്കാൻ മുന്നിൽ നിന്ന ഉമ്മൻചാണ്ടിയുടെ പേര് പരാമർശിക്കാൻ പോലും മുഖ്യമന്ത്രി പിണറായി വിജയനോ സർക്കാരോ തയാറാകാത്തത് വലിയ പ്രതിഷേധത്തിനാണ് ഇടയാക്കിയിട്ടുള്ളത്.തുറമുഖ പദ്ധതിയുടെ ഭാഗമായി ആദ്യമെത്തിയ കപ്പലിന് ഇന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ സ്വീകരണം നൽകുമ്പോൾ പ്രതിഷേധവുമായി യു.ഡി.എഫ് രംഗത്തുണ്ട്. ഇന്ന് പ്രതിഷേധ ദിനം ആചരിക്കുമെന്ന് ക ൺവീനർ എം.എം.ഹസൻ പറഞ്ഞു. പദ്ധതി മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് സമർപ്പിച്ച് ജില്ലാ ആസ്ഥാനങ്ങളിൽ വൈകിട്ട് പ്രകടനം നടത്തുമെന്നും ഹസൻ പറഞ്ഞു. ഇതിനിടെ ഫേസ്ബുക്ക് പോസ്റ്റുമായി മകനും എം.എൽ.എയുമായ ചാണ്ടിഉമ്മൻ രംഗത്തെത്തി. ചരിത്രദിനം എന്ന് പ്രതികരിച്ച ചാണ്ടി ഉമ്മൻ 'ഉമ്മൻചാണ്ടിയുടെ വിഴിഞ്ഞം' എന്നെഴുതിയ ചിത്രവും പങ്കുവെച്ചു. വിഴിഞ്ഞം തുറമുഖത്തിന് ഉമ്മൻചാണ്ടിയുടെ പേര് നൽകണമെന്ന ആവശ്യവുമായി കോൺഗ്രസ് ഇതിനകം രംഗത്തെത്തിയിട്ടുണ്ട്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് വിഴിഞ്ഞം പദ്ധതിക്ക് തുടക്കമിട്ടത്.


(പേജ്-03 വായിക്കുക)


## പോക്സോ കേസിലെ പ്രതിക്ക് 100 വർഷം തടവും പിഴയും



ജിനു എം.ജോയ്

ഈരാറ്റുപേട്ട: പ്രായപൂർത്തിയാകാത്ത പട്ടികജാതി പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ കോട്ടയം കടനാട്, നൂറുമല ഭാഗത്ത് മാക്കൽ വീട്ടിൽ ജിനു എം.ജോയ് (36) യെ 100 വർഷം തടവിനും,1.25 ലക്ഷം രൂപ പിഴയും ഈരാറ്റുപേട്ട ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി (പോക്സോ) ശിക്ഷ വിധിച്ചു. ജഡ്ജ് റോഷൻ തോമസ് ആണ് വിധി പ്രസ്താവിച്ചത്. പ്രതി പിഴ അടച്ചാൽ ഒരു ലക്ഷം രൂപ അതിജീവിതയ്ക്ക് നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാനിയമത്തിലെയും, പോക്സോ ആക്റ്റിലെയും, വിവിധ വകുപ്പുകൾ പ്രകാരമാണ് ശിക്ഷ വിധിച്ചത്. 2018 മാർച്ച് 24 മുതൽ 2021 ജനുവരി മാസംവരെ പ്രതി നിരവധി തവണ അതിജീവിതയെ ഭീഷണിപ്പെടുത്തി പീഡിപ്പിക്കുകയായിരുന്നു. പരാതിയെ തുടർന്ന് മേലുകാവ് സ്റ്റേഷൻ എസ്.എച്ച്. ഓ ആയിരുന്ന ജോസ് കുര്യനാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പാലാ ഡിവൈഎസ്പി ആയിരുന്ന ഷാജു ജോസാണ് പ്രതിക്കെതിരെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചത്.

## ഏത് സമയവും റഹീമിന്റെ മോചന ഉത്തരവ് പ്രതീക്ഷിക്കാമെന്ന് അഭിഭാഷകൻ

**നജ്മുദ്ദീൻ മണക്കാട്ട്**
ഫറോക്ക്

വധശിക്ഷ റദ്ദാക്കപ്പെട്ട കോഴിക്കോട് ഫറോക്ക് സ്വദേശി അബ്ദുൽ റഹീമിന്റെ ജയിൽ മോചനം ഏത് സമയവും പ്രതീക്ഷിക്കാമെന്ന് പ്രതിഭാഗം അഭിഭാഷകൻ ഉസാമ അൽ അമ്പർ പറഞ്ഞതായി നിയമ സഹായ സമിതി കൺവീനർ കെ.കെ ആലിക്കുട്ടി മാസ്റ്റർ. വധശിക്ഷ റദ്ദ് ചെയ്തുള്ള കോടതി ഉത്തരവ് റിയാദ് ഗവർണറേറ്റിലും പബ്ലിക് പ്രോസിക്യൂഷനിലും ഇതിനകം എത്തിയെന്നും. ഇതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് പ്രോസിക്യൂഷൻ ഓഫിസിൽനിന്ന് അഭിപാഷകന വിളിക്കുകയും ആവശ്യമായ വിവരങ്ങൾ എടുക്കുകയും ചെയ്തതായി റിയാദിലെ സമിതി അംഗങ്ങൾ അറിയിച്ചതായും സമിതി ചെയർമാൻ കെ.സുരേഷും ചന്ദ്രികയോട് പറഞ്ഞു..

ഇനി പബ്ലിക് പ്രോസിക്യൂഷൻ റഹീമിന്റെ കേസിന്റെ തുടക്കം മുതലുള്ള ഫയലുകളും നിലവിൽ കോടതിയുടെ പരിഗണയിൽ ഇല്ലാത്ത മറ്റ് കേസുകൾ റഹീമിന്റെ പേരിലില്ല എന്ന് തെളിയിക്കാനുള്ള നിരാക്ഷേപ സാക്ഷ്യപത്രവും അടങ്ങുന്ന ഫയലും കോടതിയിലേക്ക് അയക്കും. ഇത് ലഭിച്ചു കഴിഞ്ഞാൽ കോടതി കേസ് കേൾക്കാൻ സമയം അനുവദിക്കുകയും അന്നേ ദിവസം തന്നെ മോചന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സമിതി യംഗം അഷറഫ് വേങ്ങാട്ടും പറഞ്ഞു.എന്നാൽ കോടതിയിൽ ഇരിക്കുന്ന കേസായതിനാൽ മോചന ഉത്തരവ് എന്നുണ്ടാകുമെന്ന് കൃത്യമായി പറയാനാവില്ലെന്നും. ദിയാധനം സമാഹരിക്കപ്പെട്ടതിനു ശേഷം ഒരു ദിവസവും പാഴാക്കിയിട്ടില്ല. കൃത്യമായി കേസിനെ പിന്തുടരുകയും കോടതിയും ബന്ധപ്പെട്ട വകുപ്പുകളും ആവശ്യപ്പെടുന്നത് അനുസരിച്ച് എല്ലാം യഥാസമയം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇനി എത്രയും പെട്ടെന്ന് കേസിന് പരിസമാപ്തിയുണ്ടാവുമെന്നാണ് കരുതുന്നതെന്നും. സാധാരണ കേസുകൾക്കപ്പുറം റഹീമിന്റെ കേസുമായി വൈകാരിക അടുപ്പമായെന്നും എല്ലാ ഘട്ടത്തിലും നിന്ന റിയാദ് റഹീം സഹായസമിതിയും മലയാളി സമൂഹവും പുതിയ പാഠങ്ങൾ ഏറെ പകർന്ന് തന്നെന്നും അഭിഭാഷകനായ ഉസാമ അൽ അമ്പർ സമിതിയംഗങ്ങളോട് പങ്ക് വെച്ചതായി അറിയിച്ചു.

സഊദി ബാലൻ മരിച്ച കേസിൽ 18 വർഷമായി റിയാദിൽ ജയിലിൽ കഴിയുന്ന അബ്ദുൽ റഹീമിന്റെ വധശിക്ഷ സൗദി കോടതി റദ്ദാക്കിയത് ഈ മാസം (ജൂലൈ) രണ്ടിനാണ്. അതിനുശേഷം മോചന ഉത്തരവ് പ്രതീക്ഷിച്ച് ജയിലിൽ തുടരുകയാണ് അബ്ദുൽ റഹീം. ജനകീയ കാമ്പയിനിലൂടെ സമാഹരിച്ചാണ് ഒന്നരക്കോടി റിയാലിന്റെ ദിയാധനം നൽകിയത്.



അഭിഭാഷകനായ ഉസാമ അൽ അമ്പറും റഹീമും

അവിഹിത സ്വത്തുസമ്പാദനം

## കാലിക്കറ്റ് വി.സിക്ക് ഹൈക്കോടതി നോട്ടിസ്

തേഞ്ഞിപ്പലം: കാലിക്കറ്റ് വി.സി പ്രഫ. എം.കെ ജയരാജിന് ഹൈക്കോടതി നോട്ടീസ്. കാലിക്കറ്റ് സർവകലാശാലക്ക് കനത്ത സാമ്പത്തിക ബാധ്യത ഉണ്ടാവുകയും അതിൽ നിന്നും അവിഹിത സ്വത്തു സമ്പാദനം നടത്തിയതായും കാണിച്ച് സിൻഡിക്കേറ്റംഗം ഡോ:പി റഷീദ് അഹമ്മദ് ഹൈക്കോടതിയിൽ നൽകിയ ഹർജിയിലാണ് നോട്ടിസ്. കാലിക്കറ്റ് വി.സി ഡോ:എം.കെ ജയരാജ് ഇന്ന് വിരമിക്കാനിരിക്കെയാണ് ഇന്നലെ ഹൈക്കോടതി നോട്ടീസ് നൽകിയത്. വൈസ് ചാൻസലറുടെ സാമ്പത്തിക ക്രമക്കേടും അഴിമതിയും അന്വേഷിക്കണം എന്ന ഹർജിയിൽ പ്രധാനമായും ആവശ്യപ്പെട്ടത്. കാലിക്കറ്റ് സർവകലാശാലയിൽ ഉത്തരകടലാസ് മൂല്യ നിർണയം നടത്തുന്നതിനുള്ള ഓട്ടോമാറ്റ് സംവിധാനം നടപ്പാക്കിയതിലും അതിനു വേണ്ടി ബജറ്റും എസ്റ്റിമേറ്റും മറികടന്ന് തുക അനുവദിക്കാൻ വൈസ് ചാൻസലർ എം.കെ ജയരാജ് നടത്തിയ നീക്കങ്ങൾ വഴി സർവകലാശാലക്കു കനത്ത സാമ്പത്തിക ബാധ്യത ഉണ്ടായതായും അന്വേഷണം നടത്തണമെന്നതുമാണ് ആവശ്യം. പുനർമൂല്യനിർണയതിനുള്ള ചോദ്യപേപ്പറുകൾ സൂക്ഷിക്കുന്നതിനായി ഓട്ടോമാറ്റഡ് സിസ്റ്റം നടപ്പിലാക്കാൻ സർവകലാശാല തീരുമാനം എടുത്തിരുന്നു. എന്നാൽ സർവകലാശാലക്ക് ഇത് ഗുണകരമല്ലെന്നും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നും യൂണിവേഴ്സിറ്റിയിലെ ഫിനാൻസ് ഓഫീസർ നോട്ട് രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഇത് മറികടന്നു കൊണ്ട് സർവകലാശാല ഈ നടപടിയുമായി മുന്നോട്ട് പോവുകയായിരുന്നു.

പദ്ധതിക്കായി ആദ്യത്തെ എസ്റ്റിമേറ്റായി തീരുമാനിച്ചിരുന്ന ഒമ്പത് കോടി രൂപതന്നെ അധികമാണെന്നും ചെലവ് ഇതിലും കൂടുമെന്നും ഫിനാൻസ് വിഭാഗം ചൂണ്ടിക്കാട്ടിയിരുന്നു. ഫയൽ നോട്ടിൽ പറഞ്ഞതുപോലെ തന്നെ ഒമ്പതുകോടിയിൽ ആരംഭിച്ച പദ്ധതി തീരുമ്പോൾ ഏകദേശം 26 കോടി രൂപയോളം രൂപയായതായി വ്യക്തമാക്കുന്നു. എന്നാൽ ബഡ്ജറ്റിൽ പറഞ്ഞിരുന്ന തുകയുടെ മുകളിലേക്ക് ചെലവ് അധികരിച്ചിട്ടും ഈ തുക മുഴുവൻ കരാറുകാർക്ക് നൽകുകയാണ് വൈസ് ചാൻസലർ ചെയ്തത്. മാത്രമല്ല സർവകലാശാല ചട്ടപ്രകാരം സർക്കാർ ഫിനാൻസ് സെക്രട്ടറി ഉൾക്കൊള്ളുന്ന സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയുടെ അനുമതി വാങ്ങിയിട്ടില്ല. അദ്ദേഹത്തിന്റെ ഈ നടപടി പിന്നീട് സിൻഡിക്കേറ്റ് സാധൂകരിക്കുകയായിരുന്നു. നിയമവിരുദ്ധമായി വൻ തുകകൾ അനുവദിച്ചത് വഴി സർവകലാശാലക്ക് കനത്ത സാമ്പത്തിക ബാധ്യത ഉണ്ടാവുകയും അതിൽ നിന്നും എം കെ ജയരാജ് അവിഹിത സ്വത്തു സമ്പാദനം നടത്തിയെന്നുമാണ് ഹർജിയിൽ ആരോപിക്കുന്നത്. 26 കോടി രൂപ മുടക്കി പണിത ഈ സിസ്റ്റം ഇപ്പോൾ പൂർണ്ണമായും വർക്ക് ചെയ്യാതിരിക്കുകയും അതുവഴി 26 കോടി രൂപ മൊത്തത്തിൽ നഷ്ടമാകുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. മുഴുവൻ ഓട്ടോമാറ്റിക്കാകുമെന്ന് പറഞ്ഞു നടപ്പിലാക്കിയ പദ്ധതിയിപ്പോൾ ഇരുപതിലധികം യൂണിവേഴ്സിറ്റിയിലെ ജീവനക്കാരെ മുഴുവൻ സമയം നിയമിച്ചാണ് നടപ്പിലാക്കുന്നത്.ഈ നടപടികൾക്കെതിരെ സിൻഡിക്കേറ്റ് അംഗമായ റഷീദ് അഹമ്മദ് 2023 നവംബറിൽ ഗവർണർക്ക് പരാതി സമർപ്പിക്കുകയും അന്വേഷണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ യാതൊരു നടപടിയും ഗവർണരുടെ ഭാഗത്തു നിന്നും ഉണ്ടാകാത്തതിനാലാണ് ഹൈക്കോടതിയിൽ ഹർജി നൽകിയത്.

## കുവൈത്തിൽ പൊതുമാപ്പ് ആനുകൂല്യം ഉപയോഗപ്പെടുത്തിയത് 70,000ഓളം പേർ

കുവൈത്ത് സിറ്റി: താമസ രേഖ നിയമ വിധേയമാക്കി തുടരാനും പിഴയടക്കാതെ രാജ്യം വിടാനും കുവൈത്ത് പ്രഖ്യാപിച്ച പൊതുമാപ്പിന്റെ ആനുകൂല്യം ഉപയോഗപെടുത്തിയവർ 70,000ഓളം പേരെന്ന് ആഭ്യന്തര മന്ത്രാലയം. പൊതുമാപ്പിന്റെ സമയ പരിധി അവസാനിച്ച ജൂൺ മാസം 30 ന് മുമ്പേ നടപടികൾ പൂർത്തിയാകാത്തവർക്കെതിരെ സുരക്ഷാ ഉദ്യോഗസ്ഥർ മുഴുവൻ ഗവർണറേറ്റിലും ശക്തമായ നടപടികൾ സ്വീകരിച്ച് വരികയാണ്. നൂറുകണക്കിന് ആളുകൾ നാട് കടത്തപ്പെടുകയും നടപടിക്ക് കാത്തിരിക്കുകയും ചെയ്യുന്നു. സാധ്യത പ്രദേശങ്ങൾ കേന്ദ്രീകരിച്ചും അനധികൃത താമസക്കാരെ കണ്ടെത്താനുള്ള പരിശോധന തുടരുകയാണ്.



## മലയാളി യുവാവ് ഷാർജയിൽ നിര്യാതനായി

ഷാർജ: മലപ്പുറം തിരൂർ ചമ്രവട്ടം കുളങ്ങര വീട്ടിൽ മുഹമ്മദ് അസ്‌ലം (26) ഷാർജയിൽ ഹൃദയാഘാതം മൂലം മരിച്ചു. കഴിഞ്ഞ ഒന്നര വർഷമായി ഷാർജയിൽ മൊബൈൽ ടെക്നിഷ്യനായി ജോലി ചെയ്തുവരികയായിരുന്നു. പിതാവ് അബ്ദുൽ റസാഖ് ഷാർജയിൽ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. മാതാവ്: ഫൗസിയ. സഹോദരങ്ങൾ: റഫ്‌ന, റിയാദ മിൻഹ. സജീവ എംഎസ്എഫ് പ്രവർത്തകനായിരുന്നു.


*മുഹമ്മദ് അസ്‌ലം*

ഗൾഫ് വാർത്തകൾ

# ധൂർത്തല്ല വിവാഹം




പവിത്രവമായ ദാമ്പത്യ ബന്ധത്തിന്റെ ഉടമ്പടിയാണ് വിവാഹം. പരസ്പരം സമാധാന ജീവിതം ആസ്വദിക്കാനും സ്നേഹാർദ്രമായും കരുണാമയമായും കഴിഞ്ഞുകൂടാനും മനുഷ്യരിൽ നിന്ന് ആണിനെയും പെണ്ണിനെയും അല്ലാഹു ഇണകളാക്കിയ ദൃഷ്ടാന്തം വിശുദ്ധ ഖുർആനിലെ സൂറത്തു റൂം 21ാം സൂക്തത്തിൽ വിവരിക്കുന്നുണ്ട്. സന്തുഷ്ടവും സ്വസ്ഥവുമായ കുടുംബ ജീവിതമാണ് വിവാഹത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ആ ലക്ഷ്യപ്രാപ്തിക്കായി പ്രഥമമായി വേണ്ടത് വിവാഹ ചടങ്ങുകളിലെ മിതവ്യയവും ചെലവു ചുരുക്കലുമാണ്. അമിതവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ലെന്നാണ് സൂറത്തുൽ അഅ്റാഫ് 31ാം സൂക്തം പറയുന്നത്. മഹ്റെന്ന വിവാഹമൂല്യമടക്കമുള്ള ചെലവുകളിൽ എളുപ്പം വരുത്തുന്നവളാണ് സ്ത്രീകളിൽ പുണ്യവതിയെന്ന് പ്രവാചക വചനത്തിലും കാണാം.

വിവാഹ ചിലവുകൾ മിതമാക്കണം. താങ്ങാവുന്നതിനപ്പുറം ചിലവഴിച്ച് മറ്റുള്ളവർക്ക് പ്രൗഢി കാണിച്ചുകൊടുക്കേണ്ടതില്ല. ചിലവഴിക്കുന്ന കാര്യത്തിൽ നാം പ്രവാചക പാത പിന്തുടരണം. മിതവും സന്തുലിതവുമായിരുന്നു പ്രവാചക ജീവിതത്തിലെ ഓരോ വേളകളും. വലിയ തുക ചിലവഴിച്ച് അതികേമമായി വിവാഹപാർട്ടികൾ സംഘടിപ്പിക്കുന്നതിന്റെ പരിണിത ഫലം പരിതാപകരമാണ്. ഇങ്ങനെ സാമ്പത്തിക കാരണത്താൽ മാനസിക സമ്മർദങ്ങളിലകപ്പെട്ട് ദാമ്പത്യപരാജയം വരെ ഉണ്ടാവുന്നു. വിവാഹ വേളകളിലെ ചില മണിക്കൂറുകൾക്ക് വേണ്ടിയുള്ള ചിലവുകൾ വർഷങ്ങളോളമുള്ള കടബാധ്യതയിലേക്ക് എത്തിക്കുന്നതാവരുത്. യുക്തിയോടെ ബുദ്ധപരമായി ചിലവുകൾ നടത്തണം.

വിഹാഹത്തിലെ ആർഭാടമാണ് വധുവിനുള്ള ആദരവെന്ന് കരുതരുത്. ജീവിതകാലം മുഴുവനും നന്നായി പെരുമാറലും സന്തോഷത്തോടെ സഹവസിക്കലുമാണ് വധുവിനോടുള്ള ആദവുകൾ. അവരോട് ഉദാത്തമായ രീതിയിൽ വർത്തിക്കാനാണ് സൂറത്തുന്നിസാഇൽ അല്ലാഹു കൽപ്പിച്ചിരിക്കുന്നത്. വിവാഹാനുബന്ധ ചിവലുകൾ കൂടുന്നത് അവളുടെയോ അവന്റെയോ കുടുംബക്കാരുടെയോ സ്ഥാനമോ മാനമോ കൂട്ടുന്നില്ല. നേരെമറിച്ച്, ചിലവുകൾ മിതമാക്കുന്നതും ലഘൂകരിക്കുന്നതും ശുഭലക്ഷണമാണ്. വിവാഹാലോചനാ കാര്യങ്ങളിലും വിവാഹ മൂല്യത്തിലും അയവും എളിമയും കാണിക്കുന്നത് സ്ത്രീയുടെ സൗഭാഗ്യ ലക്ഷണമെന്നാണ് പ്രവാചകൻ പറഞ്ഞിട്ടുള്ളത്. കല്യാണാനുബന്ധ ചടങ്ങുകളിൽ ധൂർത്തടിക്കരുത്. മത ചിട്ടകൾക്കും നാടിന്റെ പാരമ്പര്യ നടപ്പുകൾക്കും അനുസരിച്ച് ചിലവുകൾ മിതവായി ക്രമീകരിക്കണം.ആർഭാടമോ അമിതവ്യയമോ പൊങ്ങച്ചമോ ഇല്ലാതെ ഓരോ വേളകളെയും സന്തോഷ നിമിഷങ്ങളാക്കിമാറ്റാം. സൂറത്തുൽ ഫുർഖാൻ 67ാം സൂക്തത്തിൽ അല്ലാഹു പ്രസ്താവിച്ച പ്രകാരം ധനം ചിലവഴിക്കുമ്പോൾ ധൂർത്തോ പിശുക്കോ കാണിക്കാതെ നമുക്ക് മിതത്വം പാലിക്കുന്നവരാകാം.

# ട്രിപ്പ് അഡ്വൈസറിൽ കിരീടം നേടി ഷാർജ അൽനൂർ ദ്വീപ്


*ഷാർജ അൽനൂർ ദ്വീപ്*

ഷാർജ: അറബ് ലോകത്തിന്റെ സാംസ്കാരിക തലസ്ഥാനമായ ഷാർജയുടെ നഗര മധ്യത്തിൽ സ്ഥിതി ചെയ്യുന്ന അൽനൂർ ദ്വീപ് ടൂറിസം ഭൂപടത്തിൽബെസ്റ്റ് ഓഫ് ദി ബെസ്റ്റ്കിരീടം നേടി. ഷാർജയിലെ കുടുംബ സൗഹൃദ വിനോദ സഞ്ചാര കേന്ദ്രമായ അൽനൂർ മിഡിൽ ഈസ്റ്റിലെ മികച്ച 10 ആകർഷണങ്ങളിൽ ഇടം നേടിയിരിക്കുന്നത്. പ്രമുഖ ട്രാവൽ റിവ്യൂ പ്ലാറ്റ്ഫോമായ ട്രിപ്പ് അഡൈ്വസറുടെ 2024 ലെ ലിസ്റ്റിലാണ് മുൻപന്തിയിലെത്തിയിരിക്കുന്നത്. ഷാർജ ഇൻവെസ്റ്റ്മെന്റ് ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി വികസിപ്പിച്ച് കൈകാര്യം ചെയ്യുന്നതുമായ പ്രകൃതി, കല, വിനോദം എന്നിവയുടെ സവിശേഷമായ ഈ സ്ഥലം അതിന്റെ തുടക്കം മുതൽ ഷാർജയുടെ പ്രധാന ആകർഷണങ്ങളിൽ ഇടം നേടിയിട്ടുണ്ട്. ഈ അംഗീകാരം തുടർച്ചയായി രണ്ടാം വർഷവും അൽ നൂർ ദ്വീപ് 'മികച്ചതിൽ ഏറ്റവും മികച്ചത്' കിരീടം നേടിയിരിക്കുന്നു. ട്രിപ്പ് അഡൈ്വസറിലെ 8 ദശലക്ഷം ലിസ്റ്റിംഗുകളിൽ കരുതിവച്ച നേട്ടമാണിത്.

കൂടാതെ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രകൃതിദത്തവും പുരാവസ്തുശാസ്ത്രപരവുമായ സ്ഥലങ്ങൾക്കിടയിൽ സ്ഥിതി ചെയ്യുന്ന മ്ലീഹ പുരാവസ്തു കേന്ദ്രത്തിന് 2024ലെ ട്രിപ്പ് അഡൈ്വസർ ട്രാവലേഴ്സ് ചോയ്സ് അവാർഡ് വീണ്ടും ലഭിച്ചു. തുടർച്ചയായ ഏഴാം വർഷമാണ് മ്ലീഹയ്ക്ക് ഈ അവാർഡ് ലഭിക്കുന്നത്. ത്രില്ലിംഗ് വാട്ടർ റൈഡിന് പേരുകേട്ട ഷാർജയിലെ ഐക്കണിക് അൽ മൊണ്ടാസ പാർക്ക് 2024 ലെ ട്രാവലേഴ്സ് ചോയ്സ് അവാർഡും നേടിയിട്ടുണ്ട്. അസാധാരണമായ അനുഭവങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഞങ്ങളുടെ അചഞ്ചലമായ അർപ്പണബോധത്തിന്റെ പ്രതിഫലനമായി ഞങ്ങൾ ഈ ബഹുമതി വിനയപൂർവ്വം സ്വീകരിക്കുന്നതായി ഷാർജ ഇൻവെസ്റ്റ്മെന്റ് ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓപ്പറേഷൻസ് ആൻഡ് ടൂറിസം ഡെവലപ്മെന്റ് ഡയറക്ടർ മഹ്മൂദ് റാഷിദ് ദീമാസ് പറഞ്ഞു. യുഎഇ സന്ദർശിക്കുന്ന യാത്രക്കാർ, സാഹസികത ഇഷ്ടപ്പെടുന്നവർ, കുടുംബ യാത്രക്കാർ എന്നിവരിൽ നിന്നുള്ള പോസിറ്റീവ് ഫീഡ്ബാക്ക് ഞങ്ങൾ നൽകുന്ന ഉയർന്ന നിലവാരത്തിലുള്ള സേവനത്തിന്റെ തെളിവാണ്. ഭാവിയിൽ മികച്ചതിനായി പരിശ്രമിക്കാൻ ഇത് ഞങ്ങളെ പ്രേരിപ്പിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഖാലിദ് ലഗൂണിൽ സ്ഥിതി ചെയ്യുന്ന അൽ നൂർ ദ്വീപ്, പ്രകൃതിയും കലയും വിനോദവും ഒത്തുചേർന്ന് നിലനിൽക്കുന്ന ഒരു അവാർഡ് നേടിയ കുടുംബ സൗഹൃദ കേന്ദ്രമാണ്. ഇത് അവധിക്കാലം ചെലവഴിക്കാനുള്ള മികച്ച സ്ഥലമാക്കി മാറ്റുന്നു. അതേസമയം, പ്രദേശത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രകൃതി ചരിത്രത്തിന്റെയും പുരാവസ്തു സൈറ്റുകളുടെയും ആസ്ഥാനമാണ് മ്ലീഹ ആർക്കിയോളജിക്കൽ സെന്റർ

### ജോലിക്കിടെ മൊബൈൽ ഫോൺ ഉപയോഗം

# ഗാർഹിക തൊഴിലാളികൾക്ക് നിയന്ത്രണവുമായി യുഎഇ



ദുബൈ: ജോലിക്കിടെ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് ഗാർഹിക തൊഴിലാളികൾക്ക് നിയന്ത്രണവുമായി യുഎഇ. അനുവദിച്ചിരിക്കുന്ന നിശ്ചിത സമയത്തും സ്ഥലത്തും മാത്രമേ മൊബൈൽ ഫോൺ ഉപയോഗിക്കാൻ അനുമതിയുള്ളൂവെന്നാണ് നിർദേശം. അതേസമയം, ഫോൺ ഉപയോഗിക്കാൻ സാധിക്കുന്ന സമയവും സ്ഥലവും സംബന്ധിച്ച വിശദാംശങ്ങൾ ഇതുവരെ അധികൃതർ പുറത്തുവിട്ടിട്ടില്ല. ജോലി സമയത്ത് തൊഴിലാളികൾ അമിതമായി ഫോൺ ഉപയോഗിക്കുന്നതിനാൽ ജോലിയിൽ വീഴ്ച വരുത്തുന്നുവെന്ന പരാതിയെത്തുടർന്നാണ് നടപടി. പുതിയ നിയന്ത്രണം രാജ്യത്ത് കർശനമാക്കുമെന്നാണ് അധികൃതർ അറിയിച്ചത്. എന്നു മുതലാണ് പ്രാബല്യത്തിൽ വരികയെന്ന് വ്യക്തമല്ല.

# മഴയിൽ തകർന്ന വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി

ദുബൈ: യുഎഇയിൽ ശക്തമായ മഴയിൽ തകർന്ന 4,500 വീടുകളുടെ സൗജന്യ അറ്റകുറ്റപ്പണി പൂർത്തിയാക്കി എമാർ പ്രോപർട്ടീസ്. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ യുഎഇ ആകമാനം ശക്തമായ മഴ പെയ്തിരുന്നു. 75 വർഷത്തിനിടയിലെ റെക്കോർഡ് മഴക്ക് യുഎഇ സാക്ഷ്യം വഹിച്ചുവെന്നാണ് കാലാവസ്ഥ വകുപ്പ് വിലയിരുത്തിയത്. ശക്തമായ മഴയിലും ആലിപ്പഴ വർഷത്തിലും കാറ്റിലും നിരവധി നാശനഷ്ടങ്ങളാണ് രാജ്യത്ത് സംഭവിച്ചത്. നിരവധി വാഹനങ്ങൾക്കും വീടുകൾക്കും കേടുപാടുകൾ സംഭവിച്ചിരുന്നു. മഴയിൽ കേടുപാടുകൾ സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ സൗജന്യമായി നൽകുമെന്ന് എമാർ പ്രോപ്പർടീസ് അന്ന് പ്രഖ്യാപിച്ചിരുന്നു. സമയബന്ധിതമായി അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി നൽകിയിരിക്കുകയാണ് ദുബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന എമാർ പ്രോപ്പർട്ടീവ്. എമാർ പ്രോപ്പർട്ടീസ് കമ്മ്യൂണിറ്റിയിലെ 4,500 വീടുകളുടെ അറ്റകുറ്റപ്പണികളാണ് സൗജന്യമായി കമ്പനി പൂർത്തിയാക്കി നൽകിയത്. ഡൗൺടൗൺ ദുബൈ, എമാർ സൗത്ത്, ദുബൈ ഹിൽസ് എസ്റ്റേറ്റ്, ദുബൈ ക്രീക്ക് ഹാർബർ, അറേബ്യൻ റേഞ്ചസ്, ദുബൈ മറീന, ദി വാലി എന്നിവിടങ്ങളിലെ എമാറിന്റെ കീഴിലുള്ള കമ്മ്യൂണിറ്റികളിലെ വീടുകളാണ് കമ്പനി വാസയോഗ്യമാക്കി നൽകിയത്. രാജ്യത്തെ മറ്റ് പ്രമുഖ ഡെവലപ്പർമാരായ മാഗ്, ഡമാക് പ്രോപ്പർട്ടീസും മഴയിൽ നാശം വിതച്ച വീടുകൾക്ക് സൗജന്യ അറ്റകുറ്റപ്പണികൾ പ്രഖ്യാപിച്ചിരുന്നു.


*മൊകേരി പഞ്ചായത്ത് ദുബൈ കെഎംസിസി കൗൺസിൽ മീറ്റിൽ നിന്ന്*

## മൊകേരി പഞ്ചായത്ത് കെഎംസിസി കൗൺസിൽ മീറ്റ്


*പ്രസിഡന്റ് ജന.സെക്രട്ടറി ട്രഷറർ*

ദുബൈ: മൊകേരി പഞ്ചായത്ത് ദുബൈ കെഎംസിസി കൗൺസിൽ മീറ്റ് കൂത്തുപറമ്പ് മണ്ഡലം പ്രസിഡന്റ് മരുന്നൻ സിദ്ദീഖ് ഉദ്ഘാടനം ചെയ്തു. സ്റ്റിംസ് കോഡിനേറ്റർ ഹനീഫ് മുഖ്യപ്രഭാഷണം നടത്തി. റിട്ടേണിങ് ഓഫീസർ സിദ്ദീഖ് മത്തത്ത് കമ്മിറ്റി രൂപീകരണത്തിന് നേതൃത്വം നൽകി. ചടങ്ങിൽ മജീദ് പാത്തിപ്പാലം, ജില്ലാ വൈസ് പ്രസിഡന്റ് പി.വി ഇസ്മായിൽ,മണ്ഡലം ജനറൽ സെക്രട്ടറി ടി.കെ റയീസുദ്ദീൻ,ട്രഷറർ ഉമ്മർ കൊമ്പൻ,സെക്രട്ടറി പി.പി ഷരീഫ്,പി.വി സലീം, അഷ്റഫ് കൂരാറ, എം.എം സമീർ, യൂസുഫ് കൂരാറ, ബഷീർ കൂരാറ പ്രസംഗിച്ചു. റാഷിദ് പൊന്നാരത്ത് സ്വാഗതവും സി.കെ മുനീർ നന്ദിയും പറഞ്ഞു. പുതിയ ഭാരവാഹികളായി മജീദ് പാത്തിപ്പാലം,പി.വി ഇസ്മായിൽ,കാസിം പുനത്തിൽ (രക്ഷാധികാരികൾ),പി.വി സലീം (പ്രസിഡന്റ്),റാഷിദ് പൊന്നാരത്ത്(ജനറൽ സെക്രട്ടറി),സി.കെ മുനീർ (ട്രഷറർ),എം.എം സമീർ (ഓർഗനൈസിങ് സെക്രട്ടറി), വി.പി.മഷൂദ്,ടി. ലത്തീഫ്,സി.കെ യൂനുസ്,ടി.സുബൈർ,യൂസുഫ് കൂരാറ (വൈസ് പ്രസിഡന്റുമാർ),കെ.പി നിസാർ,ബഷീർ കൂരാറ,ഉനൈസ് മുത്താറിപ്പീടിക,കെ.പി റമീസ്,ഫൈസൽ തേർക്കണ്ടിയിൽ (ജോയിന്റ് സെക്രട്ടറിമാർ).

## സുരക്ഷാ അഭ്യാസവുമായി റാസൽഖൈമ പൊലീസ്

റാസൽഖൈമ: റാസൽഖൈമയിൽ സുരക്ഷാ അഭ്യാസവുമായി പോലീസ്. മിലിറ്ററി വാഹനങ്ങളാണ് സുരക്ഷാ അഭ്യാസത്തിന് വിനിയോഗിച്ചത്. തെറ്റായ പ്രചാരണങ്ങൾ നടത്തരുതെന്നും ഫോട്ടോ എടുക്കാൻ പാടില്ലെന്നും പോലീസ് മുന്നറിയിപ്പ് നൽകിയിരുന്നു. വാഹനയാത്രികർ ബദൽ സംവിധാനത്തിലൂടെ യാത്ര ചെയ്യണമെന്നും പോലീസ് നിർദേശിച്ചിരുന്നു.

## കോടീശ്വരന്മാരുടെ എണ്ണം കൂടും

അബുദാബി: അഞ്ച് വർഷത്തിനുള്ളിൽ യുഎഇയിലെ കോടീശ്വരന്മാരുടെ എണ്ണം 30,000 മാകുമെന്ന് റിപ്പോർട്ട്. രാജ്യത്തിന്റെ പുരോഗതി ലക്ഷ്യമിട്ട് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 6,000 കോടീശ്വരന്മാരെ രാജ്യത്തിന്റെ ഭാഗമാക്കും. വരും വർഷങ്ങളിൽ യുകെ, ഇന്ത്യ, യൂറോപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള കോടീശ്വരന്മാർ യുഎഇയുടെ ഭാഗമാകുമെന്നും അധികൃതർ വ്യക്തമാക്കുന്നു.

# ദുബൈയിൽ വികസിപ്പിക്കുന്ന ലോജിസ്റ്റിക് ഹബ്ബ് യുഎഇയുടെ ഭക്ഷ്യസുരക്ഷ വർധിപ്പിക്കാൻ സഹായിക്കും: അംന അൽ ദഹക്ക്

ദുബൈ: ഭക്ഷ്യവസ്തുക്കൾ, പച്ചക്കറികൾ, പഴങ്ങൾ എന്നിവയുടെ വ്യാപാരത്തിനായി ലോകത്തിലെ ഏറ്റവും വലിയ ലോജിസ്റ്റിക്സ് ഹബ്ബ് വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചതിനെ കാലാവസ്ഥാ വ്യതിയാന പരിസ്ഥിതി മന്ത്രി ഡോ. അംന ബിൻത് അബ്ദുല്ല അൽ ദഹക്ക് അൽ ഷംസി പ്രശംസിച്ചു. ഭക്ഷ്യസുരക്ഷ വർദ്ധിപ്പിക്കുന്നതിനും പ്രാദേശികമായും ആഗോളതലത്തിലും മുഴുവൻ ഭക്ഷ്യ മൂല്യ ശൃംഖലയും നവീകരിക്കുന്നതിനുമുള്ള യുഎഇയുടെ ശ്രമങ്ങളെ ഈ സംരംഭം ഗുണം ചെയ്യും. ഭക്ഷ്യ വ്യാപാരം സുഗമമാക്കുന്നതും ഇറക്കുമതി സ്രോതസ്സുകൾ വൈവിധ്യവത്കരിക്കുന്നതും യുഎഇയുടെ ദേശീയ ഭക്ഷ്യ സുരക്ഷാ തന്ത്രം 2051 ന്റെ പ്രധാന മുൻഗണനകളിലൊന്നാണെന്ന് ഡോ. അൽ ദഹക്ക് പ്രസ്താവനയിൽ പറഞ്ഞു.
ഭക്ഷ്യവ്യാപാരത്തിന്റെ ആഗോള കേന്ദ്രമെന്ന നിലയിൽ തങ്ങളുടെ സ്ഥാനം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് യുഎഇ ഭക്ഷ്യ വ്യാപാരത്തിനായി ലോകത്തിലെ ഏറ്റവും വലിയ ലോജിസ്റ്റിക് സോൺ ദുബൈയിൽ വികസിപ്പിക്കുന്നു. ഇത് കൂടുതൽ നേരിട്ടുള്ള നിക്ഷേപങ്ങൾ ആകർഷിക്കുകയും പ്രാദേശിക ഭക്ഷ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും പരമ്പരാഗത ഭക്ഷ്യ സമ്പ്രദായങ്ങളെ സുസ്ഥിരവും കാലാവസ്ഥാ സ്മാർട്ടും ആക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്യുമെന്നും അഭിപ്രായപ്പെട്ടു. യുഎഇയിലെ ഭക്ഷ്യ വ്യാപാര വിപണിയുടെ വലിപ്പം ഇരട്ടിയാക്കുന്നതിനും അന്താരാഷ്ട്ര ഭക്ഷ്യ വ്യാപാര വെല്ലുവിളികളെ നേരിടാൻ രാജ്യത്തെ കൂടുതൽ പ്രതിരോധത്തിലാക്കുന്നതിനും ന്യായമായ വിലയിൽ സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പാക്കുന്നതിനുമുള്ള സുപ്രധാന ചുവടുവയ്പ്പാണ് ഈ പദ്ധതിയെന്ന് ഡോ. അൽ ദഹക്ക് അടിവരയിട്ടു.


*ദുബൈയിൽ വികസിപ്പിക്കുന്ന ലോജിസ്റ്റിക് ഹബ്ബിന്റെ മാതൃക*

## ഉംറ പാക്കേജുകൾക്ക് നിരക്ക് കുറച്ചു



അബുദാബി: കടുത്ത ചൂടു കാരണം ഉംറ തീർത്ഥാടകരുടെ എണ്ണം കുറഞ്ഞതോടെ നിരക്കു കുറച്ച് യുഎഇയിലെ ഏജൻസികൾ. ഉംറ പാക്കേജ് നിരക്കിൽ 25% കുറച്ചാണ് തീർത്ഥാടകരെ ആകർഷിക്കുന്നത്. ഹജ്ജ് തീർത്ഥാടനം അവസാനിച്ച ഉടൻ ഉംറ തീർത്ഥാടന വിസ നൽകുന്നത് പുനരാരംഭിച്ചെങ്കിലും കാര്യമായ പ്രതികരണം ഇല്ലാത്തതാണ് നിരക്കു കുറയ്ക്കാൻ ഏജൻസികളെ പ്രേരിപ്പിച്ചത്. ഇതേസമയം അംഗീകാരമില്ലാത്ത കമ്പനികളും ചില ട്രാവൽ, ടൂറിസം ഏജൻസികളുമാണ് ഇത്തരം ഓഫർ പ്രഖ്യാപിച്ച് ആളുകളെ ആകർഷിക്കുന്നതെന്നും ഇതിനെതിരെ നിയമനടപടിയെടുക്കുമെന്നും അംഗീകൃത ഉംറ ഏജൻസികൾ അറിയിച്ചു. കലാസാംസ്കാരിക സംഘടനകളും ഉംറ സേവനം നടത്തുന്നത് നിയമലംഘനമാണ്. ഇക്കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുമെന്നും സൂചിപ്പിച്ചു. അനധികൃത ഉംറ സേവനം നൽകുന്ന കമ്പനികൾക്ക് 50,000 റിയാൽ പിഴ ചുമത്തും.

## യുഎഇയിൽ ഉത്പന്നങ്ങൾ വളരെ കുറഞ്ഞ വിലയിൽ വിൽക്കുന്നത് നിരോധിക്കും



അബുദാബി: യുഎഇയിൽ ഉൽപ്പന്നങ്ങൾ വളരെ കുറഞ്ഞ വിലയിൽ വിൽക്കുന്നത് നിരോധിച്ചു കൊണ്ടുള്ള നിയമം വരുന്നു. മത്സരത്തിന്റെ ഭാഗമായി കമ്പനികൾ ഉൽപ്പന്നങ്ങൾ ഏറ്റവും കുറഞ്ഞ വിലയിൽ വിൽപ്പന നടത്തുന്നുണ്ടോ എന്നറിയാൻ പരിശോധനകൾ നടത്തും. കുത്തക വിൽപന ഒഴിവാക്കി മിതമായ മത്സരങ്ങളിലൂടെ വിപണി സജീവമാക്കാനാണ് അധികൃതർ ലക്ഷ്യമിടുന്നത്.



എണ്ണായിരത്തോളം ബോസ്നിയൻ മുസ്‌ലിംകൾ കൂട്ടക്കൊല ചെയ്യപ്പെട്ട സ്രെബ്രനിക്ക വംശഹത്യയിൽനിന്ന് ലോകം പാഠം പഠിച്ചിരുന്നെങ്കിൽ ഗസ്സയിൽ ഇന്ന് നടക്കുന്ന ഇസ്രാഈൽ ആക്രമണം സംഭവിക്കുമായിരുന്നില്ല. ഗസ്സയിൽ വംശഹത്യക്ക് നേതൃത്വം നൽകുന്നവരെപ്പോലെ ആശയപരമായി അന്ധത ബാധിച്ചയാളായിരുന്നു ബോസ്നിയുടെ കശാപ്പുകാരൻ എന്ന പേരിൽ ചരിത്രത്തിൽ അറിയപ്പെട്ട റാട്കോ മ്ലാഡിക്. സ്രെബ്രനിക്കയിലെ വേദ നാജനകമായ സംഭവങ്ങളിൽ നിന്ന് മാനവിക സമൂഹം ശരിക്കും പാഠം പഠിച്ചിരുന്നെങ്കിൽ, ഇന്ന് ഗാസയിലെ വംശഹത്യ നടക്കി ല്ലായിരുന്നു.

**ഫഹ്റട്ടിൻ ആൾട്ടൂൺ**
തുർക്കി മന്ത്രി

## ഫലസ്തീൻ: പിന്തുണ അറിയിച്ച് പെസഷ്കിയാൻ

തെഹ്റാൻ: ഫലസ്തീൻ പോരാട്ടത്തിന് തന്റെ നേതൃത്വത്തിലുള്ള ഇറാൻ ഭരണകൂടം പിന്തുണ തുടരുമെന്ന് നിയുക്ത ഇറാൻ പ്രസിഡന്റ് മസ്ഊദ് പെസഷ്കിയാൻ. അവകാശങ്ങൾ നേടിയെടുക്കുകയും ലക്ഷ്യങ്ങൾ കൈവരിക്കുകയും ഖുദ്സിന്റെ മോചനം ഉറപ്പാക്കുകയും ചെയ്യുന്നതുവരെ ഫലസ്തീൻ ജനതയോടൊപ്പം ഇറാൻ ഉറച്ചുനിൽക്കുമെന്ന് ഹമാസ് രാഷ്ട്രീയ മേധവി ഇസ്മാഈൽ ഹനിയ്യക്കുള്ള കത്തിൽ അദ്ദേഹം വ്യക്തമാക്കി. ഇസ്രാഈലിന്റെ അധിനിവേശ പ്രവർത്തനങ്ങൾക്കെതിരെ പ്രതിരോധം തീർക്കുമെന്നും അദ്ദേഹം അറിയിച്ചു.



വിദേശ വാർത്തകൾ

# സർവം തകർന്ന് ഗസ്സ മരണം 38,345

ഗസ്സ: കൂട്ടക്കശാപ്പ് തുടർന്നും ഫലസ്തീനികളെ മുഴുവൻ ആട്ടിയോടിച്ചും ഗസ്സയിൽ ക്രൂരകൃത്യങ്ങളുടെ ഭീകര പരീക്ഷണങ്ങളുമായി ഇസ്രാഈൽ. ഗസ്സ സിറ്റിയിൽനിന്ന് ഫലസ്തീനികളെല്ലാവരും ഒഴിഞ്ഞുപോകണമെന്ന് ഉത്തരവിട്ടതിനു പിന്നാലെ ജീവനുംകൊണ്ട് പലായനം ചെയ്യുന്നവരെ ഇസ്രാഈൽ പട്ടാളക്കാർ തെരുവിൽ വെടിച്ചു കൊല്ലുകയാണ്.

ജനവാസ കേന്ദ്രങ്ങൾ മുഴുവൻ ബോംബുവർഷത്തിൽ തകർന്നുകഴിഞ്ഞു. ഓരോ ദിവസവും മരണനിരക്ക് കൂടിക്കൊണ്ടിരിക്കുന്നു. ഇന്നലെ അൻപതോളം പേർ കൂടി കൊല്ലപ്പെട്ടതോടെ മരണം 38,345ലെത്തി.

പട്ടിണി മരണങ്ങളും വർദ്ധിച്ചിട്ടുണ്ട്. അഞ്ച് ലക്ഷം പേർ ദുരന്തപൂർണമായ പട്ടിണിയിലാണെന്ന് വേൾഡ് ഫുഡ് പ്രോഗ്രാം(ഡബ്ല്യു.എഫ്.പി) അറിയിച്ചു. 10 ലക്ഷം പേർക്ക് ഡബ്ല്യു.എഫ്.പി മുഖേന ഭക്ഷണമെത്തിക്കുന്നുണ്ട്. പക്ഷേ, ഇസ്രാഈലിന്റെ ഉപരോധങ്ങൾ കാരണം ഗസ്സയിലെ മുഴുവനാളുകൾക്കും ഭക്ഷണം നൽകാൻ സാധിക്കുന്നില്ലെന്ന് ഏജൻസി വ്യക്തമാക്കി.

ഖത്തറിന്റെ തലസ്ഥാനമായ ദോഹയിൽ വെടിനിർത്തൽ ചർച്ച തുടരുന്നുണ്ടെങ്കിലും പ്രതീക്ഷക്കു വക നൽകുന്ന ഒരു പുരോഗതിയും ഇതുവരെ ഉണ്ടായിട്ടില്ല.

വെടിനിർത്തലും തടവുകാരുടെ കൈമാറ്റവും സംബന്ധിച്ച് പുതിയ വിവരങ്ങളൊന്നും തങ്ങൾക്ക് ലഭിച്ചിട്ടില്ലെന്ന് ഹമാസ് അറിയിച്ചു.

അതേസമയം അധിനിവേശ വെസ്റ്റ്ബാങ്കിൽ ഇസ്രാഈൽ സേന ആക്രമണം തുടരുകയാണ്. റാമല്ലക്ക വടക്ക് ബിർസെയ്തിൽ ഇസ്രാഈൽ സേന ഒരാളെ അറസ്റ്റ് ചെയ്തു. ഖിർബത് ഖൽഖലാസിൽ മൂന്നു നില വീട് ഇസ്രാഈലി ബുൾഡോസറുകൾ തകർത്തു.

മുപ്പതോളം പേരാണ് ഇതോടെ ഭവനരഹിതരായത്.



ഗസ്സ സിറ്റിയിൽനിന്ന് ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈലിന്റെ ഉത്തരവിനെത്തുടർന്ന് പലായനം ചെയ്യുന്ന ഫലസ്തീൻ കുടുംബങ്ങൾ

# പലായനം ചെയ്യുന്നവരെയും കൊന്ന് ഇസ്രാഈൽ സേന

ഗസ്സ: കൂട്ടപലായനം തുടരുന്ന ഗസ്സ സിറ്റിയിൽ ഇസ്രാഈലി സ്നിപ്പർമാർ സാധാരണക്കാരായ ഫലസ്തീനികളെ വെടിവെച്ചുകൊല്ലുന്നു. ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈൽ സേനയുടെ ഉത്തരവിനെത്തുടർന്ന് ജീവനുംകൊണ്ട് ഓടുന്നവരെയാണ് വഴി മധ്യേ വെടിവെച്ചു കൊല്ലുന്നത്. യർമൂക്ക് സ്റ്റേഡിയത്തിനു സമീപം സൈക്കിളിൽ ഭക്ഷണവുമായി പോകുന്ന ഒരാളെ ഇസ്രാഈലി സ്നിപ്പർ വെടിവെച്ചു കൊന്നതായി ദൃക്സാക്ഷിയെ ഉദ്ധരിച്ച് അൽ ജസീറ റിപ്പോർട്ട് ചെയ്തു. ഇസ്രാഈൽ പട്ടാളക്കാരുടെ ഭീഷണിയെത്തുടർന്ന് അദ്ദേഹത്തിന്റെ മൃതദേഹം നീക്കം ചെയ്യാൻ പോലും ഫലസ്തീനികൾക്ക് സാധിച്ചില്ല. മൃതദേഹത്തെ സമീപിച്ചാൽ വെടിവെക്കുമെന്ന മുന്നറിയിപ്പിനെത്തുടർന്ന് ആംബുലൻസുകളും പിന്മാറി. ഇസ്രാഈലി സ്നിപ്പർമാർ വെടിവെച്ചു കൊലപ്പെടുത്തിയ നിരവധി പേരുടെ മൃതദേഹങ്ങൾ തെരുവിൽ ചിതറിക്കിടക്കുന്നത് കണ്ടതായി ഒരു സ്ത്രീയും അറിയിച്ചു. തെരുവിലൂടെ നടന്നുപോകുകയായിരുന്ന മറ്റൊരാളെ കെട്ടിടത്തിന്റെ മുകളിൽനിന്ന് സ്നിപ്പർ വെടിവെച്ചു കൊല്ലുന്നു. അദ്ദേഹത്തിന്റെ തലക്കാണ് വെടിയേറ്റത്. രണ്ടാഴ്ച നീണ്ട ആക്രമണത്തിനൊടുവിൽ ഷുജാഇയ്യയെ അവശിഷ്ടക്കൂമ്പാരമാക്കിയാണ് ഇസ്രാഈൽ സേന പിന്മാറിയതെന്ന് അൽ ജസീറയുടെ ഇബ്രാഹിം അൽ ഖലീലി പറയുന്നു. കെട്ടിടങ്ങളും വീടുകളും ഇടിച്ചുനിരത്തിയാണ് സൈന്യം പിന്മാറിയത്. ആശുപത്രികളും ക്ലിനിക്കുകളും പരിക്കേറ്റവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. നിലംപൊത്താതെ അവശേഷിക്കുന്ന കെട്ടിടങ്ങളുടെ മേൽക്കൂരകളും ചുമരുകളും മറ്റും തകർത്തിട്ടുണ്ട്. സൈനിക പിന്മാറ്റത്തെ തുടർന്ന ഫലസ്തീനികൾ തിരിച്ചെത്തിയ പ്രദേശങ്ങളിൽ ഇസ്രാഈൽ വീണ്ടും ആക്രമണം നടത്തുന്നുണ്ട്.



ഗസ്സയിൽ യു.എൻ സ്കൂളിനുനേരെയുണ്ടായ ഇസ്രാഈൽ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങൾ നാസർ ആശുപത്രിയിൽ എത്തിക്കുന്നു

# പദ്ധതികൾ വെട്ടിച്ചുരുക്കും

## കേരളം സാമ്പത്തിക പ്രതിസന്ധിയുടെ അങ്ങേയറ്റത്ത്

തിരുവനന്തപുരം: പണമില്ലാത്തതു കാരണം പദ്ധതികൾ വെട്ടിച്ചുരുക്കാൻ തീരുമാനിച്ച് സർക്കാർ. ഇന്നലെ ചേർന്ന മന്ത്രിസഭായോഗത്തിലാണ് സാമ്പത്തിക പ്രതിസന്ധി കാരണം ഒരിഞ്ച് മുന്നോട്ടു പോകാൻ സാധിക്കാത്ത നിലയിലാണ് സർക്കാരെന്ന വിലയിരുത്തലുണ്ടായത്. ഇതിന്റെ ഭാഗമായി പദ്ധതിതുക ചെലവഴിക്കുന്നതിന് മുൻഗണന നിശ്ചയിക്കും. നടന്നുവരുന്ന പദ്ധതികൾക്കു പോലും ഫണ്ട് നൽകുന്നതിന് നിയന്ത്രണം കൊണ്ടുവരും. പദ്ധതി ചെലവിന്റെ മുൻഗണനാ ക്രമം തീരുമാനിക്കാൻ മന്ത്രിസഭാ ഉപസമിതിക്ക് രൂപം നൽകി. ഏതൊക്കെ പദ്ധതികൾക്കാണ് മുൻഗണന നൽകേണ്ടതെന്ന് ഈമാസം 20ന് മുൻപ് വകുപ്പ് സെക്രട്ടറിമാർ നിർദേശങ്ങൾ നൽകണം. ശുപാർശ ഏഴംഗമന്ത്രിസഭാ ഉപസമിതി പരിശോധിക്കും. ഇതോടൊപ്പം നികുതിയേതര വരുമാനം വർധിപ്പിക്കാനും തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ഫീസ് നിരക്കുകൾ പരിഷ്കരിക്കും. ചരിത്രത്തിലെ ഏറ്റവും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ സംസ്ഥാനം കടന്നുപോകുന്നതിനിടെയാണ് പല പദ്ധതികളും നിലയ്ക്കുമെന്ന് സർക്കാർ തന്നെ സൂചന നൽകുന്നത്.

## റഷ്യൻ മനുഷ്യാവകാശ പ്രവർത്തകന്റെ അപ്പീൽ തള്ളി

മോസ്കോ: യുക്രെയ്ൻ യുദ്ധത്തെ വിമർശിച്ചതിന്റെ പേരിൽ ജയിലിൽ കഴിയുന്ന പ്രമുഖ മനുഷ്യാവകാശ പ്രവർത്തകൻ ഒലെഗ് ഓർലോവിന്റെ അപ്പീൽ റഷ്യൻ കോടതി തള്ളി. ഓർലോവിന് കീഴ്കോടതി വിധിച്ച രണ്ടര വർഷം തടവിൽ മാറ്റമില്ലെന്ന് മോസ്കോ സിറ്റി കോടതി വ്യക്തമാക്കി. 2022ലെ നൊബേൽ സമ്മാന ജേതാവായ അദ്ദേഹം പ്രസിഡന്റ് വാള്ഡിമിർ പുടിന്റെ കടുത്ത വിമർശകനാണ്.

71കാരനായ ഓർലോവ് ഒരു ഫ്രഞ്ച് മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ യുക്രെയ്നിലെ റഷ്യൻ യുദ്ധത്തെ വിമർശിക്കുകയും പുടിൻ രാജ്യത്തെ കൊണ്ടുപോകുന്നത് ഫാസിസത്തിലേക്കാണെന്ന് ആരോപിക്കുകയും ചെയ്തിരുന്നു. റഷ്യൻ സേനയെ വിമർശിച്ചുകൊണ്ട് നടത്തിയ പരാമർശങ്ങളിൽ താൻ ഖേദിക്കുകയോ പശ്ചാത്തപിക്കുകയോ ചെയ്യുന്നില്ലെന്ന് അദ്ദേഹം കോടതിയെ അറിയിച്ചു.

സിസ്റാൻ സിറ്റിയിലെ ജയിലിൽനിന്ന് വീഡിയോ ലിങ്ക് വഴിയാണ് അദ്ദേഹം സംസാരിച്ചത്. ഭരണകൂടത്തിന്റെ അടിച്ചമർത്തൽ നയങ്ങളെ വിമർശിച്ചുകൊണ്ട് സംസാരിക്കുന്നതിനിടെ വീഡിയോയിലെ ശബ്ദം കട്ടാക്കി.

## കോർട്ട് ഫീസ് വർധന: സർക്കാർ പ്രഖ്യാപനം ആശ്വാസകരമല്ല–ലോയേഴ്സ് ഫോറം

കോഴിക്കോട്: കോർട്ട് ഫീസ് വർധനവിൽ ഇളവ് വരുത്തി എന്ന നിലയിൽ സർക്കാർ പ്രഖ്യാപിച്ച തീരുമാനം പാവപ്പെട്ട ജനങ്ങളുടെ മേൽഏല്പിച്ച ആഘാതത്തിന് ഒരു കുറവും വരുത്തിയിട്ടില്ലെന്ന് സംസ്ഥാന ലോയേഴ്സ് ഫോറം.

സംസ്ഥാന ഭാരവാഹികളുടെ യോഗത്തിൽ പ്രസിഡന്റ് അഡ്വ. എ. എ റസാഖ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി അഡ്വ. എം പി. ഹുസൈൻ, അഡ്വ. മുഹമ്മദ് ഷാഫി, അഡ്വ. പി എം ഹനീഫ്, അഡ്വ. ഇ എസ് എം കബീർ , അഡ്വ. പി വി മനാഫ്, അഡ്വ. സാജിത സിദ്ദിഖ്, അഡ്വ. എൻ സി ഫൈസൽ, അഡ്വ. എം ടി പി കരീം, അഡ്വ. വി ഐ എം അഷ്റഫ്, അഡ്വ. എം സി എം ജമാൽ, അഡ്വ. റഹീം പൂക്കടശ്ശേരി സംസാരിച്ചു.

അമിതവും , നിയമ വിരുദ്ധവുമായ കോർട്ട് ഫീസ് വർധനവിനെതിരെ കേരള ലോയേഴ്സ് ഫോറം ശക്തമായ സമര പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

ലോയേഴ്സ് ഫോറം സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റ് പടിക്കൽ സംഘടിപ്പിച്ച വമ്പിച്ച പ്രതിഷേധ ധർണ്ണ സർക്കാരിനുള്ള താക്കീതായി . പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി , ഡോ. എം കെ മുനീർ തുടങ്ങി 11 എം എൽ എ മാരാണ് ധർണ്ണയ്ക്ക് അഭിവാദ്യം അർപ്പിക്കാൻ എത്തിയത്.

തുടർന്ന് മുസ്ലിം ലീഗ് എം എൽ എ മാർ നിയമസഭയിൽ ഗൗരവമായി ഈ വിഷയം ഉന്നയിക്കുകയും ചെയ്തിരുന്നു.

ഇത് സംബന്ധിച്ച് ജസ്റ്റിസ് വി കെ മോഹൻ കമ്മിറ്റി നടത്തിയ സിറ്റിംഗുകളിൽ 14 ജില്ലാ ലോയേഴ്സ് ഫോറം കമ്മിറ്റികളും റെപ്രസെന്റേഷൻ നൽകുകയും വർദ്ധനവുകളിലുള്ള അപാകതകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നതായി സംസ്ഥാന പ്രസിഡന്റ് അഡ്വ. എ. എ. റസാഖ്, ജനറൽ സെക്രട്ടറി എം പി ഹുസൈൻ എന്നിവർ പറഞ്ഞു. കോർട്ട് ഫീ വർദ്ധനവ് പൂർണ്ണമായും പിൻവലിക്കാൻ സർക്കാർ തയ്യാറായില്ലെങ്കിൽ സമരപരിപാടികൾ കൂടുതൽ ശക്തമാക്കാൻ കേരള ലോയേഴ്സ് ഫോറം തയ്യാറാകുമെന്ന് നേതാക്കൾ അറിയിച്ചു.

## സ്പെഷൽ റിക്രൂട്ട്മെൻറ് നടത്തണം: എം എസ് എസ്

കോഴിക്കോട്: സംവരണ സമുദായങ്ങളുടെ നിഷേധിക്കപ്പെട്ട പ്രാതിനിധ്യം നിയമസഭയെ ബന്ധപ്പെട്ട മന്ത്രി അറിയിച്ച സാഹചര്യത്തിൽ അവ നികത്താൻ സർക്കാർ സ്പെഷൽ റിക്രൂട്ടുമെന്റ് ഉൾപ്പെടെയുള്ള പരിഹാര മാർഗങ്ങൾ സ്വീകരിക്കണമെന്ന് എം. എസ്. എസ് സംസ്ഥാന പ്രസിഡണ്ട് പി. ഉണ്ണീനും ജനറൽ സെക്രട്ടറി എഞ്ചിനീയർ പി. മമ്മത് കോയയും ആവശ്യപ്പെട്ടു. ചില വിഭാഗങ്ങൾക്ക് സർക്കാറിൽ നിന്ന് അനർഹമായി ലഭിച്ചുവെന്ന് ആക്ഷേപമുന്നയിക്കുമ്പോൾ നിജസ്ഥിതി വെളിപ്പെടുത്താൻ തയ്യാറാവാത്ത സർക്കാർ ഇപ്പോഴെങ്കിലും ഇക്കാര്യത്തിൽ വ്യക്തത വരുത്തണമെന്നും അവർ ആവശ്യപ്പെട്ടു.

## വ്യാജ ആർ.സി നിർമാണം: മൂന്ന് പേർ അറസ്റ്റിൽ

തിരൂരങ്ങാടി: തിരൂരങ്ങാടി സബ് ആർ.ടി ഓഫീസിലെ വ്യാജ ആർ.സി കേസിൽ മൂന്ന് പേർ അറസ്റ്റിൽ. വ്യാജ ആർ.സി നിർമാണ പ്രധാന കണ്ണിയായ പരപ്പനങ്ങാടി ഉള്ളണം മുണ്ടിയാൻകാവ് സ്വദേശി കരുവാടത്ത് നിസാർ(43), മിനി സിവിൽ സ്റ്റേഷന് അടുത്തുള്ള ടാർജറ്റ് ഓൺലൈൻ ഷോപ്പ് ഉടമയും തിരൂരങ്ങാടി സ്വദേശിയും പെരുവള്ളൂരിൽ താമസക്കാരനുമായ നഈം(39), പരപ്പനങ്ങാടി ചെട്ടിപ്പടി സ്വദേശി കോട്ടുവാലന്റെ പുരക്കൽ ഫൈജാസ് (28) എന്നിവരെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്.

വ്യാജ ആർ.സി നിർമാണത്തിലെ മുഖ്യകണ്ണിയായ നിസാറിനെ തൃശൂരിൽ നിന്നുമാണ് പൊലീസ് പിടികൂടിയത്. ഇയാളിൽ നിന്നും വാഹനം പിടിച്ചെടുത്തു. ഇയാളുടെ മൊഴി പ്രകാരമാണ് നഈമിനെയും ഫൈജാസിനെയും അറസ്റ്റ് ചെയ്തത്. ഇവരുടെ ചെമ്മാട്ടേയും ചെട്ടിപ്പടിയിലേയും കടകൾ പൊലീസ് അടച്ചു പൂട്ടി. വ്യാജ ആർ.സി നിർമാണത്തിനായി ഉപയോഗിച്ച ഹാർഡ് ഡിസ്ക്കുകളും സ്കാനറുകളും പ്രിന്ററുകളും മറ്റു രേഖകളും ആർ.സി വ്യാജമായി നിർമിക്കാൻ ഉപയോഗിച്ച മറ്റു ഉപകരണങ്ങളും പിടിച്ചെടുത്തു. ഇന്നലെ രാവിലെ 11 മണിയോടെ താനൂർ ഡി.വൈ.എസ്.പി വി.വി ബെന്നിയുടെ നേതൃത്വത്തിൽ വിവിധ സംഘങ്ങളായി തിരിഞ്ഞാണ് പൊലീസ് റെയ്ഡ് നടത്തിയത്. ചെമ്മാടും ചെട്ടിപ്പടിയിലും കടകളിൽ ഓരേ സമയമായിരുന്നു റെയ്ഡ്.

# വിഴിഞ്ഞം: ഉമ്മൻചാണ്ടിക്ക് അഭിവാദ്യമർപ്പിച്ച് ജില്ലാതലങ്ങളിൽ ഇന്ന് യു.ഡി.എഫ് പ്രകടനം

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമായത് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നിശ്ചയദാർഢ്യം കൊണ്ടാണെന്നും അവിടെ ചരക്ക് കപ്പലടുക്കുമ്പോൾ അവയെ സ്വീകരിക്കുന്ന ഔദ്യോഗിക ചടങ്ങിൽ പ്രതിപക്ഷ നേതാവിനെയും യു.ഡി.എഫിന്റെ എം.പിയേയും വിളിക്കാത്തത് പ്രതിഷേധാർഹമാണെന്നും യു.ഡി.എഫ് കൺവീനർ എം.എം ഹസ്സൻ. കെ.പി.സി.സി ആസ്ഥാനത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഉമ്മൻചാണ്ടി സർക്കാരിന്റെ ബേബിയാണ് വിഴിഞ്ഞം തുറമുഖം.

അതുകൊണ്ട് ജൂലൈ 12ന് വൈകുന്നേരം ജില്ലാ ആസ്ഥാനങ്ങളിൽ യു.ഡി.എഫിന്റെ നേതൃത്വത്തിൽ വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കാൻ കഠിനാധ്വാനം ചെയ്ത മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് അഭിവാദ്യം അർപ്പിച്ച് പ്രകടനം നടത്തും.

ആരോപണങ്ങളും പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും ഉയർത്തി വിഴിഞ്ഞം പദ്ധതിയെ അട്ടിമറിക്കാൻ ശ്രമിച്ച പിണറായി വിജയനും കൂട്ടരുമാണ് ഇന്നിപ്പോൾ അതിന്റെ പിതൃത്വം ഏറ്റെടുക്കാൻ ശ്രമിക്കുന്നത്. ഇത് പരിഹാസ്യമാണ്.

വിഴിഞ്ഞം പദ്ധതിയിൽ യു.ഡി.എഫിന്റെ പങ്ക് സമ്മതിക്കുന്നതിൽ പിണറായി സർക്കാരിന് അസഹിഷ്ണുതയാണ്. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് പ്രതിപക്ഷത്തെ കൂടി സഹകരിപ്പിച്ചിരുന്നു. നാടിന്റെ വികസനത്തിന് യു.ഡി.എഫ് എതിരല്ലെന്നും അതിനാൽ പരിപാടി ബഹിഷ്കരിക്കാൻ അഹ്വാനം ചെയ്തിട്ടില്ലെന്നും എം.എം ഹസ്സൻ വ്യക്തമാക്കി.

## സർക്കാർ വിഹിതം 5595.34 കോടി; കൊടുത്തത് 884.38 കോടി മാത്രം

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തിന്റെ പിതൃത്വം ഏറ്റെടുക്കാൻ നടക്കുന്ന ഇടത് സർക്കാർ തുറമുഖ നിർമാണത്തിന് ഫണ്ട് നൽകുന്നില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. സംസ്ഥാന സർക്കാരിനും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനും കേന്ദ്ര സർക്കാരിനും പങ്കാളിത്തമുള്ള പദ്ധതിയാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. 8867.14 കോടി രൂപയാണ് വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ ചെലവ്. ഇതിൽ 5595.34 കോടി രൂപയാണ് സംസ്ഥാന സർക്കാർ വിഹിതം. ഇതിൽ വെറും 884.38 കോടി രൂപ മാത്രമാണ് സംസ്ഥാന സർക്കാർ നൽകിയത്.അതായത് വാഗ്ദാനം ചെയ്ത തുകയുടെ 16 ശതമാനം മാത്രം.

തുറമുഖ വകുപ്പ് മന്ത്രി വി.എൻ വാസവൻ നിയമസഭയിൽ വെളിപ്പെടുത്തിയതാണ് ഇക്കാര്യം. കേന്ദ്ര സർക്കാർ 817.80 കോടിയും അദാനി കമ്പനി 2454 കോടിയുമാണ് വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ചെലവഴിക്കുന്നത്. തുറമുഖത്തിന്റെ ആദ്യ ഘട്ട നിർമാണത്തിനായി 2454 കോടി രൂപയാണ് അദാനി പോർട്ട് വഹിക്കേണ്ടത്.

1635 കോടി രൂപ വയബിലിറ്റി ഗ്യാപ് ഫണ്ടായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകണം. പുലിമുട്ട് നിർമാണത്തിനും മത്സ്യ ബന്ധന തുറമുഖത്തിന്റെ നിർമാണത്തിനുമായി സംസ്ഥാനം പിന്നെയും 1754 കോടി അനുവദിക്കണം. എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകേണ്ട വി.ജി.എഫ് തുക നൽകിയിട്ടില്ല. നിർമാണ ആവശ്യത്തിനായി ഇതുവരെ 884.38 കോടി രൂപ മാത്രമാണ് സംസ്ഥാനം കൈമാറിയത്.

## യു.ഡി.എഫിന്റെ കുഞ്ഞ്: വി.ഡി സതീശൻ

തിരുവനന്തപുരം: വിഴിഞ്ഞം പദ്ധതി യു.ഡി.എഫിന്റെ കുഞ്ഞാണെന്നും ഉമ്മൻ ചാണ്ടി എന്ന മുഖ്യമന്ത്രിയുടെ നിശ്ചയദാർഢ്യത്തിന്റെ വിജയമാണ് വിഴിഞ്ഞത്ത് കാണുന്നതെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. പദ്ധതി കൊണ്ടു വന്നപ്പോൾ 6000 കോടി രൂപയുടെ റിയൽ എസ്റ്റേറ്റ് ഇടപാടാണെന്ന് പറഞ്ഞ് അഴിമതി ആരോപണം ഉന്നയിച്ച സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയനാണ് ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രി. കരാറിൽ അഴിമതി ഉണ്ടോയെന്ന് കണ്ടെത്താൻ പിണറായി സർക്കാർ നിയോഗിച്ച ജുഡീഷ്യൽ കമ്മിഷനും ക്ലീൻചിറ്റാണ് ഉമ്മൻ ചാണ്ടിക്കും യു.ഡി.എഫ് സർക്കാരിനും നൽകിയതെന്ന് അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ഉദ്ഘാടനത്തിന് പ്രതിപക്ഷത്തെ ക്ഷണിക്കാത്തത് അവരുടെ ഔചിത്യമാണ്. അതൊക്കെ ജനങ്ങൾ കാണുന്നുണ്ട്. വിഴിഞ്ഞം പദ്ധതിയുടെ ക്രെഡിറ്റ് യു.ഡി.എഫിനും കിട്ടുമെന്ന് ഭയന്നാകും പ്രതിപക്ഷത്തെ ഉദ്ഘാടന ചടങ്ങിൽ നിന്നും മാറ്റി നിർത്തിയത്. വിഴിഞ്ഞം തുറമുഖമെന്നു പറഞ്ഞാൽ ഉമ്മൻ ചാണ്ടിയുടെ മുഖവും ഉമ്മൻചാണ്ടി സർക്കാരിന്റെ മുഖവുമായിരിക്കും കേരളത്തിലെ ജനങ്ങളുടെ മനസിലുണ്ടാകുക. വിഴിഞ്ഞം പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പും ടെൻഡറിങ്ങും ഉൾപ്പെടെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയത് ഉമ്മൻ ചാണ്ടി സർക്കാരാണ്.

പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ ഇരകളാവുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ 473 കോടിയുടെ പദ്ധതി ഉണ്ടാക്കി ഉത്തരവ് ഇറക്കിയതും ഉമ്മൻ ചാണ്ടി സർക്കാരായിരുന്നു. എന്നിട്ട് അതിൽ ഒരു രൂപപോലും ഇവർ ചെലവഴിച്ചിട്ടില്ല. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിച്ചപ്പോഴാണ് 6000 കോടിയുടെ റിയൽ എസ്റ്റേറ്റ് ഇടപാടാണെന്ന് പിണറായി വിജയൻ പറഞ്ഞത്. അന്ന് പദ്ധതിയെ തടസപ്പെടുത്താനാണ് പിണറായി വിജയൻ ശ്രമിച്ചത്. എന്നാൽ ആര് എന്ത് പറഞ്ഞാലും വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കുമെന്ന് പറഞ്ഞ മുഖ്യമന്ത്രിയായിരുന്നു ഉമ്മൻ ചാണ്ടിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## ഉമ്മൻചാണ്ടിയുടെ പേര് നൽകണം: കോൺഗ്രസ്

തിരുവനന്തപുരം: കേരളത്തിന്റെ വികസനത്തിന്റെ മുഖമായി ചരിത്രത്തിൽ അടയാളപ്പെടുത്താൻ പോകുന്ന വിഴിഞ്ഞം തുറമുഖത്തിന് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പേര് നൽകണമെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നിശ്ചയദാർഢ്യം കൊണ്ടുമാത്രമാണ് വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കിയത്. എന്നാലത് പിണറായി സർക്കാർ മനഃപൂർവ്വം തമസ്കരിക്കുകയാണ്.

വിഴിഞ്ഞം തുറമുഖത്തിന് വേണ്ടി പ്രവർത്തിച്ച യു.ഡി.എഫ് നേതാക്കളെ ഇതുമായി ബന്ധപ്പെട്ട പരിപാടികളിൽ നിന്ന് പിണറായി സർക്കാർ പാടെ ഒഴിവാക്കി അസഹിഷ്ണുത പ്രകടിപ്പിക്കുകയാണ്. ഉമ്മൻ ചാണ്ടി സർക്കാർ വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി മുന്നോട്ട് പോയപ്പോൾ എൽ.ഡി.എഫും സി.പി.എമ്മും ഏതു വിധേനയും അതിനെ ഇല്ലാതാക്കാൻ ശ്രമിച്ചവരാണ്. അന്ന് പദ്ധതിയുടെ അന്തകനാകാൻ ശ്രമിച്ച പിണറായി വിജയൻ ഇന്ന് ഇതിന്റെ പിതൃത്വാവകാശം ഏറ്റെടുക്കാൻ നടത്തുന്ന ശ്രമങ്ങൾ അപഹാസ്യമാണ്. 5000 കോടി രൂപയുടെ പദ്ധതിയിൽ 6000 കോടി രൂപയുടെ അഴിമതി ആരോപിച്ചും ഉമ്മൻ ചാണ്ടിക്കെതിരേ അന്വേഷണ കമ്മീഷനെ വച്ച് വേട്ടയാടിയും കടൽക്കൊള്ളയെന്നു വിശേഷിപ്പിച്ചും പ്രക്ഷോഭങ്ങൾ നടത്തിയും പദ്ധതി ഇല്ലാതാക്കാൻ ശ്രമിച്ചെന്നും കെ.സുധാകരൻ ചൂണ്ടിക്കാട്ടി.

## ആദ്യ കപ്പലിൽ 2000ത്തിലേറെ കണ്ടെയ്നറുകൾ

തിരുവനന്തപുരം: വിഴിഞ്ഞത്ത് ആദ്യമെത്തുന്ന ചൈനയിലെ സിയമിൻ തുറമുഖത്തുനിന്ന് പുറപ്പെട്ട സാൻ ഫെർണാൻഡോ എന്ന കപ്പലിലുള്ളത് രണ്ടായിരത്തിലേറെ കണ്ടെയ്നറുകള്. ബുധനാഴ്ച അർധരാത്രിയോടെയാണ് കപ്പൽ പുറം കടലിലെത്തിയത്. മെസ്ക് ലൈൻ കപ്പൽ കമ്പനിയുടെ കപ്പലിലുള്ള 1960 കണ്ടെയ്നറുകളാണ് വിഴിഞ്ഞത്ത് ഇറക്കുക. ബാക്കികണ്ടെയ്നറുകളുമായി നാളെ വൈകിട്ട് കപ്പൽ യൂറോപ്പിലേക്ക് തിരിക്കും. ചെണ്ട കൊട്ടിയും ദേശീയപതാക വീശിയുമാണ് പ്രദേശവാസികൾ കപ്പലിനെ സ്വീകരിച്ചത്.

മദർഷിപ്പിന്റെ നിയന്ത്രണം തുറമുഖത്തിന്റെ ക്യാപ്റ്റൻ ഏറ്റെടുത്തു. സിയാമെൻ തുറമുഖത്ത് നിന്ന് പുറപ്പെട്ട്, എട്ട് ദിവസം കൊണ്ട് യാത്ര പൂർത്തിയാക്കിയാണ് സാൻ ഫെർണ്ടാണ്ടോ വിഴിഞ്ഞത്തേക്ക് എത്തിയത്. 7700 കോടി രൂപയുടെ പദ്ധതിയായാണ് വിഴിഞ്ഞത്ത് ഒരുങ്ങുന്നത്. മുൻ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയുടെ ഇച്ഛാശക്തിയുടെ ആകെത്തുകയാണ് ഇന്ന് വിഴിഞ്ഞത്ത് സാക്ഷാത്കരിക്കപ്പെടുന്ന സ്വപ്നം. കടൽ കൊള്ളയെന്നാക്ഷേപിച്ച് പ്രതിപക്ഷത്തിരിക്കുമ്പോൾ വിഴിഞ്ഞം തുറമുഖ വികസനം അട്ടിമറിക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയ സി.പി.എമ്മും പിണറായിയും ഇന്ന് ചരിത്ര നിമിഷത്തെ ആഘോഷമാക്കുന്നത് ചരിത്രത്തിലെ വിരോധാഭാസം. വിഴിഞ്ഞത്തെത്തുന്ന ആദ്യ കപ്പലിന് ഒരുക്കുന്ന സ്വീകരണ സമ്മേളനം ഇന്ന് രാവിലെ 10ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര തുറമുഖ, ഷിപ്പിംഗ് വകുപ്പ് മന്ത്രി സർബാനന്ദ സോനാ വാൾ വിശിഷ്ടാതിഥിയാകും. മന്ത്രി വി.എൻ വാസവൻ അധ്യക്ഷത വഹിക്കും.

## നിരാശാജനകം: പെൻഷനേഴ്സ് ലീഗ്

തിരുവനന്തപുരം: ചട്ടം 300 പ്രകാരം മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവന തികച്ചും നിരാശജനകവും പ്രതിഷേധാർഹമാണെന്ന് പെൻഷനേഴ്സ് ലീഗ് സംസ്ഥാന പ്രസിഡണ്ട് എം.അഹമ്മദ് മേത്തൊടികയും ജനറൽ സെക്രട്ടറി എ. കെ. സൈനുദ്ദീനും. പതിനൊന്നാം പെൻഷൻ പരിഷ്കരണ കുടിശ്ശിക അഞ്ച് വർഷം കഴിഞ്ഞിട്ടു പോലും എന്ന് നൽകുമെന്ന് വ്യക്തമാക്കാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. പെൻഷൻകാർക്ക് അനുവദിക്കേണ്ട ഡിയർനസ്സ് റിലീഫ് കുടിശ്ശികയെ കുറിച്ച് ഒന്നും പറയാതെ 202425 വർഷം മുതൽ രണ്ട് ഗഡു അനുവദിക്കുമെന്നത് ഭാവിയിൽ എല്ലായ്പ്പോഴും ഏഴ് എട്ട് ഗഡുക്കൾ കുടിശ്ശികയായി തുടരും എന്ന സൂചനയാണ് തരുന്നത്. പന്ത്രണ്ടാം ശമ്പള പെൻഷൻ പരിഷ്കരണ കമ്മിഷനെ പ്രഖ്യാപിക്കാൻ മുഖ്യമന്ത്രി തയ്യാറാകാത്തതും പ്രതിഷേധാർഹമാണ്.

## മൂന്ന് വിദ്യാർത്ഥികൾക്ക് കൂടി കോളറ സ്ഥിരീകരിച്ചു

തിരുവനന്തപുരം: മാരായമുട്ടം മരുതത്തൂരിൽ സ്വകാര്യ കെയർ ഹോമിൽ കോളറ സ്ഥിരീകരിച്ച് വിദ്യാർത്ഥി മരിച്ചതിനു പിന്നാലെ അതെ വിദ്യാലയത്തിലെ മൂന്ന് വിദ്യാർത്ഥികൾക്ക് കോളറ സ്ഥിരീകരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 12 ഓളം കുട്ടികൾ ഇപ്പോഴും നിരീക്ഷണത്തിലാണ്. ഇതിൽ മൂന്ന് കുട്ടികൾക്കാണ് കോളറ സ്ഥിരീകരിച്ചത്.

# നിരീക്ഷണം

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കുവാനുള്ള കഴിവ് അവനുണ്ടാക്കിത്തരികയും, അവൻ നിങ്ങളുടെ തിൻമകൾ മായ്ച്ചുകളയുകയും, നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു.

(വിശുദ്ധ ഖുർആൻ: 08: 29)

ഗൾഫ് ചന്ദ്രിക
1446 മുഹറം 06 • 1199 മിഥുനം 28 •

## ഇതുകൊണ്ടൊന്നും പരിഹാരമാവില്ല

എല്ലാ വർഷവും എസ്.എസ്.എൽ.സി പരീക്ഷാഫലം പുറത്തുവരുമ്പോൾ മലബാറിലെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മനസ്സിൽ ആധിയാണ്. ഉപരിപഠനത്തിന് മതിയായ സീറ്റും ഇഷ്ടവിഷയം തിരഞ്ഞെടുക്കാനുള്ള അവസരവുമില്ലാത്തതാണ് ഈ ആധിക്ക് കാരണം. പ്ലസ് വണിന് ഇഷ്ട വിഷയം തിരഞ്ഞെടുത്ത് തെക്കൻ ജില്ലകളിലെ കുട്ടികൾ പഠിക്കുമ്പോൾ മലബാറിൽ മാത്രം വിദ്യാർത്ഥികൾ സീറ്റിനായി അലയുന്ന സ്ഥിരം കാഴ്ചയാണ് വർഷംതോറും കണ്ടുവരുന്നത്. മറ്റു പ്രശ്നങ്ങളെ പോലെ തന്നെ മലബാർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് മതിയായ ബാച്ചുകളോ സീറ്റോ ഇല്ലാത്തതിനാൽ ഇഷ്ട വിഷയം തിരഞ്ഞെടുക്കാനുള്ള അവസരം നഷ്ടപ്പെടുന്നുവെന്നത്. തുടർപഠനത്തിന് അവസരമില്ലെന്ന് പറയുന്നത് മൗലികാവകാശ ലംഘനമായി കണക്കാക്കേണ്ടിയിരിക്കുന്നു. വിഭവങ്ങളുടെ വിതരണം നീതിപൂർവമായി നടത്തുക എന്നത് ജനാധിപത്യത്തിന്റെ അന്തസത്തയാണ്. വിഭവങ്ങളുടെ നീതിപൂർവമായി വിതരണം ജനസംഖ്യാനുപാതികമായാണ് നടക്കേണ്ടത്. ബാച്ചുകൾ അനുവദിക്കുന്ന കാര്യത്തിൽ പ്രാദേശിക വിവേചനം മലബാർ അനുഭവിച്ചുകൊണ്ടിരിക്കുന്നുവെന്നത് നഗ്ന യാഥാർത്ഥ്യമാണ്.

നീണ്ട നാളത്തെ സമരങ്ങൾക്കും വിദ്യാർത്ഥി പ്രതിഷേധങ്ങൾക്കുമൊടുവിൽ ഇന്നലെ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി മലബാറിലെ സീറ്റ് പ്രതിസന്ധിക്ക് താൽക്കാലിക ബാച്ചുകൾ അനുവദിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതാകട്ടെ മലപ്പുറം, കാസർകോട് ജില്ലകളിൽ മാത്രമാണ്. മലബാറിലെ മറ്റ് ജില്ലകളിലെ സീറ്റ് പ്രതിസന്ധിക്ക് യാതൊരു പരിഹാരവും മന്ത്രി നിർദേശിക്കുന്നില്ല. മലപ്പുറത്ത് 120 അധിക ബാച്ചും കാസർകോട് 18 അധിക ബാച്ചുകളുമാണ് അനുവദിക്കുക. ഒരു സയൻസ് ബാച്ചിന് പുറമെ ഹ്യുമാനിറ്റിസ്, കൊമേഴ്സ് ബാച്ചുകളാണ് കാസർകോട് അനുവദിക്കുക. എന്നാൽ മലപ്പുറം ജില്ലയിൽ ഹ്യുമാനിറ്റിസിലും കൊമേഴ്സിലുമാണ് പുതിയ ബാച്ചുകൾ അനുവദിക്കുക. ഒരു സയൻസ് ബാച്ചു പോലുമില്ല. താൽക്കാലിക ബാച്ച് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് അനുവദിച്ചിരിക്കുന്നത്. പ്ലസ് വൺ സീറ്റ് പ്രതിസന്ധി നിലനിൽക്കുന്ന പാലക്കാടും കോഴിക്കോടും അധിക ബാച്ചുകൾ അനുവദിച്ചില്ല എന്നത് മലബാറിലെ സീറ്റ് പ്രതിസന്ധിക്ക് പരിഹാരമാകില്ല എന്നു തന്നെയാണ് അർത്ഥമാക്കേണ്ടത്. മലപ്പുറത്ത് 120 ബാച്ചുകളിൽ 65 വിദ്യാർഥികളെ പരിഗണിച്ചാൽ അവസരം ലഭിക്കുക 7800 പേർക്കാണ്. എന്നാലും മലപ്പുറത്തെ പ്രതിസന്ധി തീരില്ല. ജില്ലയിൽ കുറവുണ്ടായിരുന്നത് 9791 സീറ്റുകളാണ്. അധിക ബാച്ചുകൾ അനുവദിച്ച ശേഷവും 1991 സീറ്റുകളുടെ കുറവുണ്ട്. 200ലധികം പുതിയ ബാച്ചുകൾ മലപ്പുറത്ത് മാത്രം അനുവദിച്ചാൽ മാത്രമേ മുഴുവൻ കുട്ടികൾക്കും സീറ്റ് ലഭിക്കുകയുള്ളൂ. എന്നാൽ, 18 ബാച്ചുകൾ അനുവദിച്ചതിലൂടെ കാസർകോട് സീറ്റ് പ്രതിസന്ധിക്ക് പരിഹാരമാകുമെന്നാണ് കരുതുന്നത്.

പാലക്കാടും കോഴിക്കോടും സപ്ലിമെന്ററി അലോട്ട്മെന്റ് കഴിയുമ്പോൾ പ്രശ്നം പരിഹരിക്കപ്പെടുമെന്നായിരുന്നു മന്ത്രിയുടെ അവകാശവാദം. എന്നാൽ ഇവിടെയും സ്ഥിതി വ്യത്യസ്തമല്ല. സപ്ലിമെന്ററി അലോട്ട്മെന്റിന് ശേഷമുള്ള കണക്കുകൾ പരിശോധിച്ചാൽ പാലക്കാട് ജില്ലയിൽ 8133 അപേക്ഷകരാണുള്ളത്. 2643 പേർക്കാണ് അലോട്ട്മെന്റ് ലഭിച്ചത്. 5490 പേരാണ് പ്രവേശനം കാത്തുനിൽക്കുന്നത്. 1107 സീറ്റ് മാത്രമാണ് ശേഷിക്കുന്നത്. 4383 സീറ്റുകളുടെ കുറവാണുള്ളത്. കോഴിക്കോട്ട് 7190 അപേക്ഷകരാണുള്ളത്. 3342 പേർക്കാണ് അലോട്ട്മെന്റ് ലഭിച്ചത്. പ്രവേശനം കാത്തുനിൽക്കുന്നത് 3838 പേരാണ്. ശേഷിക്കുന്ന സീറ്റുകൾ 1598 മാത്രം. കുറവുള്ള സീറ്റുകൾ 2250. തെക്കൻ ജില്ലകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിലാണ് മലബാറിൽ സീറ്റ് പ്രതിസന്ധി രൂക്ഷമാകുന്നത് എന്നതാണ് പ്രധാന കാര്യം. പത്തനംതിട്ടയിൽ 2609 സീറ്റുകളാണ് ഒഴിഞ്ഞുകിടക്കുന്നത്. 478 സീറ്റുകളിലേക്കേ സപ്ലിമെന്ററി അപേക്ഷകരുള്ളൂ.

മലബാറിലെ ഹയർ സെക്കൻഡറി സീറ്റ് പ്രശ്നത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ഒരോ വർഷവും എസ്.എസ്.എൽ.സി ഫല പ്രഖ്യാപനത്തോടെ കോലഹലങ്ങൾ ആരംഭിക്കും. സീറ്റ് വർധനവോ താൽക്കാലിക ബാച്ചോ അനുവദിച്ച് തികച്ചും അശാസ്ത്രീയമായ പരിഹാരം നൽകി പൊതുജനങ്ങളുടെ കണ്ണിൽ പൊടിയിട്ട് രക്ഷപ്പെടുകയാണ് സർക്കാറിന്റെ കലാപരിപാടി. വിവിധ സാമൂഹ്യ അളവുകോലുകൾ പരിശോധിച്ചും പരിഗണിച്ചും പരിഹരിക്കേണ്ട പ്രശ്നമാണ് യഥാർഥത്തിൽ മലബാറിലെ സീറ്റ് പ്രതിസന്ധി. മേഖലയിലെ പ്രധാന മത വിഭാഗമായ മുസ്ലിംകളുടെ ക്രമാനുഗത വിദ്യാഭ്യാസ വികാസത്തിന്റെ പരിണിത ഫലമായ വർധിച്ച വിജയ ശതമാനത്തെ നിർമാണാത്മകമായി ഉപയോഗിക്കുകയാണ് സർക്കാറിന്റെ ഉത്തരവാദിത്വം. വിദ്യാഭ്യാസം പൗരന്റെ അവകാശമാണ്. ആരുടെയും ഔദാര്യമല്ല. ജനസംഖ്യാനുപാതികമായി ബാച്ചുകൾ അനുവദിച്ച് മലബാറിനോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കുകയാണ് വേണ്ടത്. കേവല രാഷ്ട്രീയ പ്രശ്നമായി ചുരുക്കാതെ സമൂഹത്തിന്റെ അടിസ്ഥാന പ്രശ്നമായി മനസ്സിലാക്കി ശാശ്വത പരിഹാരം കാണാനാണ് സർക്കാർ ശ്രമിക്കേണ്ടത്.

### അടിക്കുറിപ്പ്

വിഴിഞ്ഞം തുറമുഖ പദ്ധതി യു.ഡി.എഫിന്റെ കുഞ്ഞാണ്. അത് യാഥാർഥ്യമാക്കിയത് ഉമ്മൻ ചാണ്ടിയാണ്. ഉമ്മൻചാണ്ടി എന്ന മുഖ്യമന്ത്രിയുടെ ഇച്ഛാശക്തിയുടെ പ്രതീകമാണ് വിഴിഞ്ഞം തുറമുഖം. വിഴിഞ്ഞം 6000 കോടിയുടെ റിയൽ എസ്റ്റേറ്റ് അഴിമതിയാണെന്ന് അന്ന് പറഞ്ഞയാളാണ് ഇന്നത്തെ മുഖ്യമന്ത്രി പിണറായി വിജയൻ. അന്ന് ഉമ്മൻ ചാണ്ടിയെയും യു.ഡി.എഫിനെയും അപഹസിച്ചവർ ഇന്ന് വിഴിഞ്ഞം പദ്ധതിയുടെ ക്രെഡിറ്റ് എടുക്കുന്നു. എന്തൊരു ഇരട്ടത്താപ്പാണിത്.

-വി.ഡി സതീശൻ

### ചരിത്രത്തിൽ ഇന്ന്

1961 ഖദാഖ്വസ്‌ല, പാൻഷെറ്റ് ഡാമുകൾ തകരാറിലായതുകാരണം പൂനെ നഗരം വെള്ളത്തിനടിയിലായി. 2,000ൽ അധികം ആളുകൾ മരിക്കുകയും 100,000 അധികം പേരെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തു.

1975 സാവോ ടോം ആന്റ് പ്രിൻസിപ്പെ പോർച്ചുഗലിൽനിന്ന് സ്വതന്ത്രമായി.

1998 ബ്രസീലിനെ തോൽപ്പിച്ച് ഫ്രാൻസ് ആദ്യമായി ലോകകപ്പ് ഫുട്ബോൾ ജേതാക്കളായി.

# സംഭവമല്ല, സന്ദേശമാണ് ഹിജ്റ



വെള്ളിവെളിച്ചം

ടി.എച്ച് ദാരിമി

ലോകത്ത് വിവിധ കലണ്ടറുകൾ നിലനിൽക്കുന്നുണ്ട്. അടിസ്ഥാന പ്രകൃതത്തിന്റെ കാര്യത്തിൽ എല്ലാ കലണ്ടറുകൾക്കും സമാന സ്വഭാവമാണുള്ളത്. ഒന്നുകിൽ സൂര്യന്റെ ചലനത്തെ അല്ലെങ്കിൽ ചന്ദ്രന്റെ ചലനത്തെ കലണ്ടർ വലംവയ്ക്കുന്നു എന്നതാണത്. പക്ഷേ പേരിന്റെയും പേര് വരാനുണ്ടായ കാരണത്തിന്റെയും കാര്യത്തിൽ ഓരോ കലണ്ടറുകൾക്കും ഓരോ ചരിത്രമാണുള്ളത്. ഓരോ കലണ്ടറും ഓരോ സംസ്കാരത്തിന്റെ ഭാഗമാണ്. അവയുടെ കൂട്ടത്തിൽ സവിശേഷ ശ്രദ്ധ അർഹിക്കുന്ന കലണ്ടർ ആണ് ഹിജ്റ കലണ്ടർ. കാരണം അത് ഹിജ്റ എന്ന വലിയ ആശയത്തെ ലോക സംസ്കൃതിയിൽ നിരന്തരമായി അടയാളപ്പെടുത്തി നിലനിൽക്കുന്നു. ഹിജ്റ എന്നാൽ എന്താണ് എന്ന കേവല ചോദ്യത്തിന് ഇസ്ലാമിക ലോകം പറയുന്ന ഉത്തരം, മഹാനായ പ്രവാചകൻ തന്റെ 53 ാം വയസ്സിൽ ജന്മനാടായ മക്കയിൽ നിന്നും 400 മൈൽ അകലെ വടക്ക് യത്‌രിബ് എന്ന, പിന്നീട് മദീനത്തുന്നബി – നബിയുടെ നഗരം എന്ന് വിളിക്കപ്പെട്ട നാട്ടിലേക്ക് പലായനം ചെയ്ത സംഭവമാണ് ഹിജ്റ എന്നായിരിക്കും. അതോടെ അത് ഒരൊറ്റ സംഭവത്തിലേക്ക് ചുരുങ്ങുകയാണ്; കേവലം ഒരു യാത്രയിലേക്ക്. എന്നാൽ സത്യത്തിൽ അങ്ങനെ ഒരൊറ്റ സംഭവത്തെയല്ല, ഒരു വലിയ സന്ദേശത്തെയാണ് ഹിജ്റ പ്രതിനിധാനം ചെയ്യുന്നത്. കാരണം ഇസ്ലാമിക സംഹിതയനുസരിച്ച് ആദർശത്തിന്റെ പ്രബോധനം പലപ്പോഴും ആശ്രയിച്ചു നിന്നിട്ടുള്ളത് പലായനത്തെയാണ്.

ഈ ഭൂമിയിലേക്കുള്ള മനുഷ്യന്റെ വരവിനെ തന്നെ ഒരു പലായനമായി കാണുന്നതിൽ തെറ്റൊന്നുമില്ല. തുടർന്ന് കാലാകാലങ്ങളിൽ വന്ന പ്രവാചകന്മാർ ഓരോരുത്തർക്കും സ്വന്തം നാട് വിട്ടു മറ്റ് നാടുകളിൽ അഭയം പ്രാപിച്ച് തങ്ങളുടെ ആദർശത്തെ സ്ഥാപിച്ചെടുക്കേണ്ടിവന്നു. ഇറാഖിൽ ജനിച്ച ഇബ്രാഹിം നബിയുടെ പലായന കഥകൾ വിശുദ്ധ ഖുർആൻ ഒന്നിലധികം സ്ഥലങ്ങളിൽ അനുസ്മരിക്കുന്നുണ്ട്. ഇസ്രാഈൽ സന്തതികളുടെ വിമോചനത്തിനായി നിയുക്തനായ മൂസാ പ്രവാചകൻ പലായനത്തിന്റെ കടലുകൾ നീന്തിക്കടന്ന ചരിത്രം വിശുദ്ധ ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. അല്ലാഹുവിന്റെ സന്മാർഗ ദർശനം എന്ന ദൗത്യം അതിന്റെ അവസാന ഘട്ടത്തിലേക്ക് കടക്കുന്നത് മുഹമ്മദ് നബി (സ) യിലൂടെയാണ്. അതുകൊണ്ടുതന്നെ മുഹമ്മദ് നബിയുടെ ജീവിതത്തിലും ഹിജ്റ ഒരു അധ്യായവും സന്ദേശവുമായി കടന്നുവരുന്നുണ്ട്. പക്ഷേ, അതും നേരത്തെ പറഞ്ഞത്പോലെ മക്കയിൽ നിന്നു മദീനയിലേക്കുള്ള കുടിമാറ്റം മാത്രമല്ല, അതിനേക്കാൾ ആഴമുള്ള ഒരു ചിന്തയാണ്.ഹിജ്റ കലണ്ടർ ആവിഷ്കരിക്കപ്പെട്ട സാഹചര്യത്തിൽ നിന്ന് തന്നെ അത് വായിച്ചെടുക്കാം. ഹിജ്റ 17ൽ ആയിരുന്നു സംഭവം. ഖാസി കൂടിയായിരുന്ന അബൂ മൂസ അൽ അശ്അരി (റ) ഭരണാധികാരിയായിരുന്ന ഖലീഫ ഉമർ (റ) മുമ്പിൽ ഒരു സാങ്കേതിക ക്രമപ്രശ്നം ഉന്നയിക്കുകയായിരുന്നു. കോടതിയുടെ പരിധിയിൽ വരുന്ന രേഖകളിൽ വരുന്ന തീയതികൾ കൃത്യമായി ഉൾക്കൊള്ളാൻ കഴിയുന്നില്ല എന്നതായിരുന്നു അത്. മാസങ്ങൾ പണ്ടു മുതലേ അവിടെ പ്രയോഗത്തിൽ ഉണ്ടായിരുന്നതാണ്. എന്നാൽ വർഷങ്ങൾ ഗണിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. ഏതെങ്കിലും പ്രധാന സംഭവത്തെ ചാരി ആയിരുന്നു പലപ്പോഴും അവർ വർഷങ്ങളെ വ്യവഹരിച്ചിരുന്നത്. നബി തിരുമേനി (സ)യുടെ ജനനം തന്നെ ഒരു ഉദാഹരണം. ഇപ്പോൾ ഏത് കലണ്ടർ അടിസ്ഥാനപ്പെടുത്തിയും തിരു ജനനം എന്നായിരുന്നു എന്ന് ഗണിക്കാം. പക്ഷേ, അന്നത്തെ കാലത്ത് അത് പറഞ്ഞിരുന്നത് ആനക്കലഹ സംഭവം കഴിഞ്ഞ് 51 ാം ദിവസം എന്നായിരുന്നു. അങ്ങനെ ഏതെങ്കിലും സംഭവത്തെ മാത്രം ആശ്രയിക്കുമ്പോൾ ആ സംഭവം മായുന്നതിനും മങ്ങുന്നതിനും അനുസൃതമായി അതിന്റെ പ്രസക്തിയും ഇല്ലാതെയാവും.

രണ്ടാം ഖലീഫയുടെ ഭരണകാലം ആയപ്പോഴേക്കും ഇതായിരുന്നു അവസ്ഥ. തീയതിയും മാസവും പറയുമ്പോൾ അത് ഏതു വർഷത്തെ എന്ന് പറയാനോ സൂചിപ്പിക്കാനോ മാർഗം ഇല്ലാത്ത അവസ്ഥ. ഇത്തരം സാഹചര്യത്തിലാണ് ഖലീഫ പ്രധാന സ്വഹാബിമാരുടെ മുമ്പിൽ വിഷയം അവതരിപ്പിച്ചതും ചർച്ച ആരംഭിച്ചതും. സ്വന്തമായി ഒരു കലണ്ടർ ആവിഷ്കരിക്കുക എന്നത് ഏകകണ്ഠമായ അഭിപ്രായമായി ആ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്നു. അതിന് എന്തിനെ ആധാരമാക്കണം, പേര് എന്തായിരിക്കണം തുടങ്ങിയ ചർച്ചകൾ വന്നപ്പോൾ പലരുടെയും അഭിപ്രായങ്ങൾ പലവഴിക്ക് പിരിയുകയായിരുന്നു. ചർച്ചയുടെ അവസാന ലാപ്പിൽ രണ്ട് നിർദ്ദേശങ്ങൾ പ്രധാനമായി വന്നു ഒന്ന് ആധാരം നബിയുടെ ജനനമായിരിക്കണം എന്നതായിരുന്നു. മറ്റൊന്ന് നബിയുടെ ഹിജ്റ ആയിരിക്കണമെന്നും. ഇവ രണ്ടിൽ ഒന്ന് തിരഞ്ഞെടുക്കാനുള്ള അന്തിമമായ അധികാരവും അവകാശവും അനുവാദവും ഖലീഫക്ക് സഭ നൽകിയപ്പോൾ അദ്ദേഹം ഹിജ്റ തിരഞ്ഞെടുക്കുകയായിരുന്നു. എന്തുകൊണ്ട് ഹിജ്റ എന്ന് ആരും ചോദിച്ചില്ല. പക്ഷേ, പിൽക്കാലത്തു നടന്ന പഠനങ്ങൾ അതിന് ഉത്തരം നൽകുക തന്നെ ചെയ്തിട്ടുണ്ട്. നബി തിരുമേനി (സ)യുടെ ജനനം പ്രപഞ്ചത്തിന്റെ വലിയ അനുഗ്രഹം തന്നെയാണ്. അത് അല്ലാഹുവിന്റെ മഹാ ദാനവുമാണ്. അതേസമയം ഹിജ്റ എന്നത് വിശ്വാസികളുടെ സമർപ്പണവുമാണ്. സ്വന്തം നാടും വീടും വസ്തു വകകളും ബന്ധങ്ങളുമെല്ലാം ആദർശത്തിനു വേണ്ടി ത്യജിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുകയാണ് ഇവിടെ വിശ്വാസി. എല്ലാ ഭൗതിക താൽപര്യങ്ങളേക്കാളും എനിക്ക് പ്രധാനം എന്റെ ആദർശമാണ്, എന്റെ ആനന്ദം എന്റെ ആദർശം ലോകത്തിന്റെ ആദർശമായി മാറുന്നതിലാണ് തുടങ്ങിയ മൂല്യവത്തായ നിശ്ചയദാർഢ്യങ്ങളാണ് ഹിജ്റയുടെ പിൻബലം. ഇങ്ങനെ പറയുമ്പോൾ രണ്ട് ആശയങ്ങളാണ് നേർക്കുനേർ വരുന്നത്. ഒന്ന്, അല്ലാഹു ഇങ്ങോട്ട് ചെയ്ത ദാനം. രണ്ടാമത്തേത്, അടിമകൾ അങ്ങോട്ട് ചെയ്യുന്ന സമർപ്പണം. ഇവയിൽ അടിമകൾ അങ്ങോട്ട് ചെയ്ത സമർപ്പണമാണ് ഒരു പണത്തൂക്കം മുൻപിൽ എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അതുകൊണ്ടുതന്നെയാണ് ഖലീഫ അതിനെ തിരഞ്ഞെടുത്തത്. ആ ആ സമർപ്പണം സമുദായത്തിൽ എപ്പോഴും ഒരു ചിന്തയായി അവശേഷിക്കേണ്ടതുമാണ്. കാരണം ഹിജ്റ എന്ന വാക്കിന് രണ്ട് ആശയങ്ങളുണ്ട്. ഒന്ന് അതിന്റെ അർത്ഥത്തിൽനിന്ന് ഉയരുന്നതാണ്. ഈ വാക്കിന്റെ അർഥം ത്യാഗം എന്നാണ്. ത്യജിക്കൽ എന്നാണല്ലോ ഹിജ്റ എന്ന അറബി വാക്കിന്റെ അർഥം. രണ്ടാമത്തേത് ഈ വാക്കിന്റെ ആശയത്തിൽ നിന്ന് ഉയരുന്നതാണ്. അത് ദീനിന് വേണ്ടിയുള്ള പലായനം എന്ന ആശയമാണ്. ഇതും അർഥത്തിൽ ത്യാഗം തന്നെയാണ്. പുലരും എന്നോ സന്ധ്യയാകും എന്നോ ഉറപ്പിക്കാൻ പാടില്ലാത്തവിധം ഏതു നിമിഷവും മടക്കം ഉണ്ടാവാം എന്ന ബോധത്തിലും ബോധ്യത്തിലും ജീവിക്കുന്ന വിശ്വാസിക്ക് തന്റെ ജീവിതത്തിൽ നിന്ന് എടുത്തുമാറ്റാൻ കഴിയാത്ത രണ്ട് വികാരങ്ങളായി ഈ അർത്ഥവും ആശയവും മാറുന്നു അതിനാൽ ഈ സംഗതി എപ്പോഴും മനസ്സിനെ ഓർമപ്പെടുത്താൻ ഹിജ്റ എന്ന ആശയം അനിവാര്യമാണ്.

സത്യത്തിൽ ഈ പേരിട്ടത് കലണ്ടറിലെ ഒന്നാം മാസമായ മുഹറം ഒന്നാം തീയതി ആയിരുന്നില്ല. മറുവശത്ത് നബി തിരുമേനി (സ) യുടെ ഹിജ്റ നടന്നതും മുഹറം ഒന്നാം തീയതി ആയിരുന്നില്ല. എന്നിട്ടും ഈ കലണ്ടറിനെ ഹിജ്റ എന്നാണ് വിളിച്ചത്. അത് നേരത്തെ പറഞ്ഞ ആ പ്രാധാന്യങ്ങൾ കണ്ടുകൊണ്ട് തന്നെയാണ് അതോടൊപ്പം തന്നെ വിശ്വാസി ഹിജ്റ എന്ന വാക്ക് പ്രകടിപ്പിക്കുന്ന ആശയത്തോടൊപ്പം മനസ്സുകൊണ്ട് കാണേണ്ട സംഭവം കൂടിയാണ് നബി തിരുമേനി(സ)യുടെ ഹിജ്റ. വലിയ അർത്ഥതലങ്ങൾ തുറന്നുവച്ച ഒരു സഞ്ചാരം ആയിരുന്നു അത്. ഗതിമുട്ടിയും ശ്വാസം മുട്ടിയും ഒരു ഇറങ്ങിപ്പോക്ക് എന്ന അർത്ഥത്തിലായിരുന്നില്ല നബി തിരുമേനി മക്കയിൽ നിന്ന് പുറപ്പെട്ടത്. വർഷങ്ങളായി നടന്ന പരീക്ഷണ നിരീക്ഷണങ്ങളുടെ ഫലമായായിരുന്നു ഈ പലായനം. അൻപതാം വയസ്സിൽ നബി (സ) തായിഫിലേക്ക് പോകുന്നുണ്ട്. സത്യത്തിൽ അങ്ങോട്ട് പോകുന്നതിന്റെ പിന്നിലെ ഉദ്ദേശം തന്റെ ദൗത്യം മുളപ്പിച്ചെടുക്കാൻ അനുകൂലമായ ഒരു സ്ഥലം കണ്ടെത്തുക എന്നതായിരുന്നു. അത്തരം ഒരു സ്ഥലത്തിന് ചില പ്രത്യേകതകൾ നബിയുടെ താൽപര്യത്തിൽ ഉണ്ടായിരുന്നു. ഒന്നാമത്തേത് മിത ശീതോഷ്ണ അന്തരീക്ഷമുള്ള പ്രദേശമായിരിക്കണം. മറ്റൊന്ന് ജല ലഭ്യത ഉറപ്പുള്ള നാടായിരിക്കണം. മറ്റൊന്ന് അറേബ്യൻ ഉപദ്വീപിൽ നിന്ന് എല്ലാവർക്കും വരാനും പോകാനും കഴിയുന്ന സ്ഥലമായിരിക്കണം. നാലാമത്തേത് അവിടത്തുകാർക്ക് ഒരു സത്യത്തെ സ്വീകരിക്കാനുള്ള മാനസിക വിശാലത ഉണ്ടായിരിക്കണം. ഈ മാനദണ്ഡങ്ങൾ ഉണ്ടോ എന്ന പരീക്ഷണം കൂടി നബിയുടെ തായിഫ് യാത്രയിൽ ഉണ്ടായിരുന്നു. ഇവയിൽ ആദ്യം പറഞ്ഞ മൂന്നു കാര്യങ്ങളും മക്കയിൽനിന്ന് വെറും 90 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന പ്രകൃതിരമണീയവും അനുകൂല കാലാവസ്ഥയുള്ള പ്രദേശവുമായ ത്വായിഫിന് ഉണ്ട് എന്നത് നബിക്ക് അറിയാമായിരുന്നു. ഇനി നാലാമത് പറഞ്ഞ അവിടെത്തുകാരുടെ മാനസികമായ വിശാലത മാത്രമേ അറിയാൻ ഉണ്ടായിരുന്നുള്ളൂ. ആ യാത്രയിൽ അവിടെയെത്തിയതും അതിന്റെ ഉത്തരം ലഭ്യമായി. അതുകൊണ്ട് ആ ശ്രമം ഉപേക്ഷിച്ച് നബി തിരുമേനി (സ) മടങ്ങിയതായിരുന്നു. പിന്നെ അത്തരമൊരു സ്ഥലം നബിയുടെ മനസ്സിൽ പതിഞ്ഞത് യഥ്‌രിബ് ആയിരുന്നു. ആദ്യത്തെ മൂന്നു ഘടകങ്ങളും അനുകൂലമായിരുന്നു അവിടെയും. പക്ഷേ നാലാമത്തെ ഘടകം അനുകൂലം തന്നെയാണോ എന്ന് ഉറപ്പുവരുത്താതെ പുറപ്പെടുകയില്ല എന്ന നിലപാടിലായിരുന്നു ഇക്കുറി നബി. അങ്ങനെയിരിക്കയാണ് തീർത്ഥാടനത്തിനു വന്ന അന്നാട്ടുകാരുമായി പരിചയപ്പെടുന്നതും ആ പരിചയം അഖബ ഉടമ്പടികളായി മാറുന്നതും നബിയെയും ആദർശത്തെയും അനുയായികളെയും അവർ അങ്ങോട്ട് ക്ഷണിക്കുന്നതും. ഇതിനെല്ലാം കൂടി ഏതാണ്ട് മൂന്നു വർഷമെടുത്തു. അതോടെയാണ് ഹിജ്റയുടെ വഴി ഒരുങ്ങുന്നത്.

ബൗദ്ധികമായ ഒരു പഠനം ഈ യാത്രയുടെ നട്ടെല്ലായിരുന്നു എന്ന് പറയുമ്പോൾ തന്നെ കൂട്ടി വായിക്കേണ്ട കാര്യമാണ് ഈ യാത്ര പരമമായ ലക്ഷ്യത്തിലേക്ക് എത്തിക്കും എന്ന നബി തിരുമേനിയുടെ ശുഭപ്രതീക്ഷയും. അത് നബി തിരുമേനി (സ) ഈ യാത്രയിൽ രണ്ടു ഘട്ടങ്ങളിൽ പ്രകടിപ്പിച്ചിട്ടുണ്ട്. ഒന്നാമത്തേത് ഗുഹയിൽ ഒളിച്ചിരിക്കുമ്പോൾ ആയിരുന്നു. നമ്മെ ഒരിക്കലും ശത്രുക്കൾക്ക് കണ്ടുപിടിക്കാൻ കഴിയില്ല എന്ന് നബി തിരുമേനി (സ) അബൂബക്കർ(റ)യോട് പറയുകയുണ്ടായി. രണ്ടാമത്തേത് അവരെ പിടികൂടാൻ സുറാഖത്ത് ബിനു മാലിക് തൊട്ടടുത്ത് എത്തിയപ്പോൾ ആയിരുന്നു. ഖുറൈശികളുടെ ഇനാമിൽ കൊതി മൂത്ത് വിടർന്ന സുറാഖയുടെ കണ്ണുകളിലേക്ക് നോക്കി നബി തിരുമേനി പറഞ്ഞു: 'അല്ലാഹുവാണ്, ഈ ദൗത്യം പൂർത്തീകരിക്കുക തന്നെ ചെയ്യും, താങ്കളുടെ ഈ കരങ്ങളിൽ കിസ്രായുടെ അംഗച്ഛമയങ്ങൾ അണിയിക്കപ്പെടുക തന്നെ ചെയ്യും'. ഐതിഹാസികമായ ഈ യാത്ര തന്നെയായിരുന്നു എല്ലാ വിജയങ്ങളിലേക്കുമുള്ള യാത്ര. ഇതിനെ തുടർന്ന് ബദറും ഉഹദും മുതൽ മക്കാവിജയം വരെ നേടിയതും അറേബ്യൻ ഉപദ്വീപിന്റെ ഓരോ മുക്കിലും മൂലയിലും മണ്ണിന്റെയും ഓലയുടെയും കുടിലുകളിലും ഇസ്ലാം എന്ന വെളിച്ചം എത്തിച്ചേരുകയും അക്കാലത്തെ ഒന്നേകാൽ ലക്ഷം സ്വന്തം അനുയായികളെ വിളിച്ച് യാത്ര ചോദിക്കാനുള്ള അവസരം വരെ ഉണ്ടായതുമെല്ലാം ഇതേ യാത്രയിലൂടെയാണ്. അതിനാൽ ഇത് എപ്പോഴും ഓർമിക്കപ്പെടേണ്ട സന്ദേശം തന്നെയാണ്.

# ടി.പി കുട്ടിയമ്മു സാഹിബ് ധന്യജീവിതത്തിന്റെ മന്ദസ്മിതം



എ.പി അഹമ്മദ്

കഴിഞ്ഞ നൂറ്റാണ്ടിൽ കേരളീയ പൊതുജീവിതത്തിൽ നിറഞ്ഞുനിന്ന ചീഫ് എഞ്ചിനീയർ ടി. പി കുട്ടിയമ്മു സാഹിബ് വിടവാങ്ങിയിട്ട് ജൂലൈ 12ന് മുപ്പത്തിയേഴ് വർഷം പിന്നിടുന്നു. ഉദാത്തമായ മൂല്യ ബോധത്തോടെ ലളിതമായി കറപുരളാത്ത ജീവിതം നയിച്ച് അദ്ദേഹം ചരിത്രത്തിന്റെ ഭാഗമായി. കേരള വികസനത്തിന്റെയും മുസ്ലിം സാമൂഹിക നവോത്ഥാനത്തിന്റെയും തലങ്ങളിൽ അദ്ദേഹത്തിന്റെ സംഭാവന അനർഘമാണ്. അനേകം പ്രോജക്ടുകളുടെ മാസ്റ്റർ പ്ലാൻ അദ്ദേഹത്തിന്റേതായിരുന്നു. നിരവധി സാംസ്കാരിക പ്രസ്ഥാനങ്ങളുടെ ഉപജ്ഞാതാക്കളിൽ പ്രമുഖനായി അദ്ദേഹത്തെ കാണാൻ കഴിയും.

ഒരേ സമയം ചടുലവും ശാന്തഗംഭീരവുമായിരുന്നു ആ ജീവിതം. കുട്ടിയമ്മു സാഹിബിന്റെ പിതാവ് തലശ്ശേരിയിലെ ഖാൻ ബഹദൂർ പൂവ്വത്താൻകണ്ടി അച്ചാരത്ത് അമ്മു സാഹിബും മാതാവ് തൈത്തോടത്ത് പറമ്പത്ത്കണ്ടി ഖദീജയുമായിരുന്നു. ഖാൻ ബഹദൂർ അമ്മു സാഹിബ് മലബാറിലെ ഡപ്യൂട്ടി കലക്ടർ പദവി അലങ്കരിച്ചിരുന്നു. കുട്ടിയമ്മു സാഹിബിന്റെ വിദ്യാഭ്യാസം കോഴിക്കോടും തലശ്ശേരിയിലുമാണ് നടന്നത്. കാന്തലാട്ട് പള്ളി ദർസിൽ കിടയറ്റ ശിക്ഷണത്തിൽ കുട്ടിയമ്മുവിന്റെ ബാലമനസ്സിൽ ഇസ്ലാമിക പാഠങ്ങൾ വേരുറച്ചുനിന്നു. അവയാണ് ഭാവി ജീവിതത്തിന് വഴികാട്ടിയായത്. 1929ൽ തലശ്ശേരി ബ്രണ്ണൻ കോളജിൽ നിന്ന് ഇന്റർമീഡിയറ്റ് പരീക്ഷ പാസ്സായ അദ്ദേഹം മദിരാശിയിലെ ഗിണ്ടി എഞ്ചിനീയറിങ് കോളജിൽ നിന്ന് 1935ൽ എഞ്ചിനീയറിങ് ബിരുദം നേടി.

1936ൽ കൂത്തുപറമ്പിൽ ഓവർസിയറായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. അടുത്ത വർഷം തന്നെ അസിസ്റ്റന്റ് എഞ്ചിനീയറായി പ്രമോഷൻ ലഭിച്ചു. അർപ്പണ മനോഭാവവും ശുഷ്കാന്തിയും സ്ഥിരോത്സാഹവും പ്രകടിപ്പിച്ച അദ്ദേഹം പടിപടിയായി ഉന്നത പദവിയിലെത്തി. 1943 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായും 1955ൽ സൂപ്രണ്ടിങ് എഞ്ചിനീയറായുമായി. കേരള സംസ്ഥാന രൂപീകരണത്തോടെ അദ്ദേഹം മദ്രാസ് സർവീസിൽനിന്ന് കേരളത്തിലെ പ്രഥമ ചീഫ് എഞ്ചിനീയറായി 1956ൽ സ്ഥാനമേറ്റെടുത്തു. ഉദ്യോഗ വിരാമാനന്തരം കേരള സംസ്ഥാന പ്ലാനിങ് ബോർഡ് മെമ്പറായും സേവനമനുഷ്ഠിച്ചിരുന്നു.

ദക്ഷിണേന്ത്യയിലെ പ്രധാന നദീതട പദ്ധതികളുടെ സൂത്രധാരനും പ്രമുഖ ശിൽപിയുമായിരുന്നു. നാഗാർജുന സാഗർ അണക്കെട്ടിന്റെ കനാലിന് കുട്ട്യാമു അലൈൻമെന്റ് എന്ന് നാമകരണം ചെയ്യപ്പെട്ടത് അദ്ദേഹത്തിന്റെ സേവനത്തിന്റെ അംഗീകാരമായിട്ടായിരുന്നു. പൂണ്ടിയിലെ ജലസേചന ഗവേഷണ കേന്ദ്രത്തിന്റെ ആസൂത്രകനും സ്ഥാപകനും അദ്ദേഹമായിരുന്നു. കുട്ടിയമ്മു നഗർ എന്നാണ് അവിടുത്തെ ടൗൺഷിപ്പിന് പേര് നൽകപ്പെട്ടത്. അവിടത്തെ പരീക്ഷണ ശാലയുടെ പേര് കുട്ട്യാമു ആലയം എന്നായിരുന്നു. ഇവയൊക്കെ അദ്ദേഹത്തിന്റെ സേവനത്തിനുള്ള അംഗീകാരമായി ഇന്നും നിലനിൽക്കുന്നു. ഔദ്യോഗിക ജീവിതത്തിനിടയിലും സാമൂഹിക പ്രവർത്തനങ്ങൾക്കും സമയം കണ്ടെത്തിയിരുന്നു. അദ്ദഹത്തിന്റെ നേതൃത്വത്തിലും മാർഗദർശനത്തിലും നടന്നുവന്ന സ്ഥാപനങ്ങളാണ് തിരുവനന്തപുരം, കോഴിക്കോട്, തലശ്ശേരി എന്നിവിടങ്ങളിലെ മുസ്ലിം അസോസിയേഷനുകൾ. കേരളത്തിൽ ഇസ്ലാമിക് സെമിനാറുകൾക്ക് ചുക്കാൻപിടിച്ചതും കുട്ടിയമ്മു സാഹിബായിരുന്നു. ഈ സെമിനാറുകൾ കേരളത്തിലെ മുസ്ലിം ബുദ്ധിജീവി പ്രസ്ഥാനങ്ങൾക്ക് അടിത്തറയായി വർത്തിച്ചുവെന്നത് അവയുടെ പ്രാധാന്യത്തെക്കുറിക്കുന്നു. ഇന്തോ സാരസൻ ശിൽപ കലാമാതൃകയിൽ മനോഹരമായ മസ്ജിദുകൾ കേരളത്തിൽ പണിയുന്നതിന്റെ രൂപരേഖ തയ്യാറാക്കിയതും പ്രാവർത്തികമാക്കിയതും കുട്ട്യാമു സാഹിബായിരുന്നു. തലശ്ശേരിയിലെ സ്റ്റേഡിയം ജുമുഅ മസ്ജിദ് കുട്ടിയമ്മു സാഹിബിന്റെ നിത്യസ്മരണയുണർത്തുന്നു. ഉദ്യോഗത്തിൽനിന്ന് പിരിഞ്ഞ ശേഷം കോഴിക്കോടേക്ക് താമസം മാറ്റി. സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുമായും സി.എച്ച് മുഹമ്മദ് കോയ സാഹിബുമായും ബന്ധം പുലർത്തിയിരുന്ന അദ്ദേഹം കുറച്ചുകാലം ചന്ദ്രികയുടെ മാനേജിങ് എഡിറ്ററായി സേവനമനുഷ്ഠിച്ചിരുന്നു. കാലിക്കറ്റ് യൂനിവേസിറ്റി സിൻഡിക്കേറ്റംഗം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉപദേശകൻ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. ശാസ്ത്ര വിഷയങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന ശാസ്ത്ര വിചാരം മാസികയും അദ്ദേഹത്തിന്റെ ആശയത്തിൽ നിന്നുദിച്ചതായിരുന്നു. ഹജ്ജ് യാത്രയിലെ സാമൂഹിക ചിന്തകൾ, ഇസ് ലാമും പലിശയും, ഖുർആൻ പഠനത്തിലേക്ക് ഒരു തീർത്ഥയാത്ര എന്നീ ഗ്രന്ഥങ്ങൾ രചിച്ചു.

## പോസ്റ്റ് ബോക്സ്

chandrikapostbox@gmail.com

### സത്യം ധൈര്യപൂർവം പറഞ്ഞ ചന്ദ്രിക

ചാരക്കേസ് കൊടുമ്പിരികൊണ്ട കാലത്ത് പുതുമുഖ മാധ്യമ പ്രവർത്തകനായി തിരുവനന്തപുരത്ത് ഉണ്ടായിരുന്നു. പത്ര പ്രവർത്തകരുടെ ഭാവനകൾ പൊലിസ് ഭാഷ്യത്തെ കവച്ചുവെച്ചിരുന്ന സമയം. ചമയങ്ങളുടെ പൊള്ളത്തരം അന്ന് ആദ്യമായി തുറന്ന് എഴുതിയ മാധ്യമപ്രവർത്തകൻ കുഞ്ഞമ്മദ് വാണിമേൽ എന്ന ചന്ദ്രിക ലേഖകൻ ആയിരുന്നു. സത്യം പുറത്തു കൊണ്ടുവരാൻ ഏഷ്യാനെറ്റിന്റെ 'കണ്ണാടി' കാരണമായെന്ന് നമ്പി നാരായണൻ പറയുമ്പോൾ തന്നെ, ഒരു സത്യം ധൈര്യപൂർവം പറഞ്ഞ കുഞ്ഞമ്മദിനെയും അത് പ്രസിദ്ധീകരിച്ച ചന്ദ്രികയെയും കൂടി ഓർക്കണം. പൊന്മുടിയിൽ ചാരന്മാർ ഹെലികോപ്ടറിൽ പറന്നിറങ്ങി എന്നും തലസ്ഥാനത്തെ ഒരു ഹോട്ടലിൽ ചാരന്മാർ നമ്മുടെ ശാസ്ത്രജ്ഞന്മാരുമായി ചർച്ച നടത്തി എന്നും പ്രമുഖ പത്രങ്ങൾ അച്ചു നിരത്തിയിരുന്നു അന്ന്.

സുനിൽ ഹസ്സൻ

RNI 3018/1957 Vol No. 91. Issue No.180 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## സർക്കാർ മറുപടി പറയണം

ജയ്പൂർ: ജമ്മു കശ്മീരിൽ എല്ലാം നിയന്ത്രണത്തിലാണെന്ന് കേന്ദ്ര സർക്കാർ അവകാശപ്പെടുമ്പോൾ ഭീകരാക്രമണങ്ങൾ വർധിച്ചുവരികയാണെന്ന് രാജസ്ഥാൻ മുൻ ഉപമുഖ്യമന്ത്രി സച്ചിൻ പൈലറ്റ്. അവിടെ എല്ലാം ശരിയാണെന്നാണ് സർക്കാർ പാർലമെന്റിനെ അറിയിച്ചത്. എന്നാൽ ഓരോ ദിവസവും നമ്മുടെ സൈനികർ രക്തസാക്ഷിത്വം വരിക്കുന്നു, സാധാരണക്കാർ ആക്രമിക്കപ്പെടുന്നു, ജനങ്ങൾക്ക് സ്വസ്ഥമായി ജീവിക്കാനാവുന്നില്ല. ആരാണ് ഇതിന് ഉത്തരവാദി?. ജമ്മു കശ്മീരിലെ സ്ഥിതി അതീവ ഗുരുതരമാണ്. അവിടുത്തെ സുരക്ഷാ സാഹചര്യത്തെക്കുറിച്ച് പ്രധാനമന്ത്രിയും കേന്ദ്ര സർക്കാരും വ്യക്തമാക്കേണ്ടതുണ്ട്.



## അയോധ്യയിലേത് ഭൂമി തട്ടിപ്പ്

ലക്നൗ: അയോധ്യയിൽ ബി.ജെ.പി നേതാക്കളടക്കം ഭൂമി വൻ തോതിൽ ഭൂമി വാങ്ങിക്കൂട്ടിയതായി സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്. അരുണാചൽ പ്രദേശ് ഉപമുഖ്യമന്ത്രിയുടെ മക്കൾ മുതൽ ഉന്നത ഉദ്യോഗസ്ഥരും കോർപറേറ്റുകൾ വരെ ഭൂമി വാങ്ങിക്കൂട്ടി. ഇവിടുത്തെ ഭൂമിയുടെ അടിസ്ഥാനവില ഏഴു വർഷമായി സർക്കാർ കൂട്ടുന്നില്ല. ഇതുവഴി കോടിക്കണക്കിന് രൂപയുടെ തട്ടിപ്പാണ് നടക്കുന്നത്. അയോധ്യയിൽ വിശ്വാസികളല്ല, മാഫിയകളാണ് ഭൂമി സ്വന്തമാക്കുന്നത്. എന്നാൽ തട്ടിപ്പ് തടയാൻ നടപടി സ്വീകരിക്കാതെ യോഗി ആദിത്യനാഥ് സർക്കാർ മാഫിയകൾക്ക് ഒത്താശ ചെയ്യുകയാണ്. ഇതിനെതിരെ പ്രതിഷേധമുയരണം.



# എൽ.എൽ.ബി സിലബസിൽ മനുസ്മൃതി; പ്രതിഷേധം

### ഡൽഹി യൂണിവേഴ്സിറ്റി നീക്കം വിവാദത്തിൽ

### എതിർപ്പുമായി അധ്യാപകർ

ന്യൂഡൽഹി: സംഘ്പരിവാറിന്റെ ജാതിസമവാക്യങ്ങൾക്ക് അടിത്തറ നൽകുന്ന മനുസ്മൃതി എൽ.എൽ.ബി പാഠ്യവിഷയമാക്കാൻ ഡൽഹി യൂണിവേഴ്സ്റ്റിയുടെ നീക്കം. ഒന്നും മൂന്നും വർഷ വിദ്യാർത്ഥികൾക്കാണ് മനുസ്മൃതിയെ അപഗ്രഥിച്ചെഴുതിയ രണ്ട് പുസ്തകങ്ങൾ സിലബസിൽ ഉൾപ്പെടുത്താൻ നീക്കം നടക്കുന്നത്.

വെള്ളിയാഴ്ച ചേർന്ന അക്കാദമിക് കൗൺസിൽ യോഗത്തിലാണ് ഇതുസംബന്ധിച്ച നിർദേശങ്ങൾ ഉയർന്നത്. അതേസമയം യൂണിവേഴ്സിറ്റി നീക്കത്തിനെതിരെ ശക്തമായ എതിർപ്പുമായി അധ്യാപകർ രംഗത്തെത്തി. ആറുമാസം വീതം ദൈർഘ്യമുള്ള ആറ് സെമസ്റ്ററുകൾ അടങ്ങിയ മൂന്നു വർഷ കോഴ്സ് ആയാണ് ഡൽഹി യൂണിവേഴ്സ്റ്റിക്കു കീഴിലെ എൽ. എൽ.ബി പഠനം. ഇതിൽ ഒന്നും മൂന്നും വർഷങ്ങളിൽ വരുന്ന ഒന്നാമത്തേയും ആറാമത്തേയും സെമസ്റ്ററിലാണ് മനുസ്മൃതി (മനു നിയമം) പാഠ്യവിഷയമാക്കാൻ നീക്കം നടക്കുന്നത്. ജൂൺ 24നു ചേർന്ന ഡീൻ അഞ്ജു വാലി തികൂവിന്റെ നേതൃത്വത്തിലുള്ള കോഴ്സ് കമ്മിറ്റി നിർദേശത്തിന് ഏകകണ്ഠമായി അംഗീകാരം നൽകിയിരുന്നതായും ഇതിന്റെ അടിസ്ഥാനത്തിലാണ് വെള്ളിയാഴ്ച ചേർന്ന അക്കാദമിക് കൗൺസിൽ വിഷയം പരിഗണനക്ക് എടുത്തതെന്നുമാണ് റിപ്പോർട്ട്.

എന്നാൽ അക്കാദമിക് കൺസിലിൽ ഫാകൽറ്റി അംഗങ്ങൾ നീക്കത്തെ എതിർത്തു. ഇതേതുടർന്ന് വിശദമായ ചർച്ചക്കായി അക്കാദമിക് കൗൺസിൽ ഇന്ന് വീണ്ടും യോഗം ചേരാനിരിക്കെയാണ് എതിർപ്പ് അറിയിച്ച് അധ്യാപകർ വൈസ ചാൻസിലർക്ക് കത്തു നൽകിയത്. ഇന്ന് ചേരുന്ന അക്കാദമിക് കൗൺസിൽ ഇതുസംബന്ധിച്ച നിർദേശം തള്ളിക്കളയണമെന്ന് ആവശ്യപ്പെട്ട് വി.സി യോഗേഷ് സിങിന് അധ്യാപക സംഘടനയായ സോഷ്യൽ ഡെമോക്രാറ്റിക് ടീച്ചേഴ്സ് ഫ്രണ്ട് കത്തുനൽകി. സ്ത്രീകളുടെയും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടേയും അവകാശങ്ങളെ നിഷേധിക്കുന്ന മനുസ്മൃതി പാഠ്യവിഷയമാക്കുന്നത് പുരോഗമന സമൂഹത്തിന് ചേർന്നതല്ലെന്ന് കത്തിൽ ചൂണ്ടിക്കാട്ടി. സ്ത്രീ വിദ്യാഭ്യാസം, സ്ത്രീകൾക്ക് തുല്യ സമത്വം എന്നിവയെ എതിർക്കുന്നതാണ് മനുസ്മൃതി.

ഇതിന്റെ ഏതെങ്കിലും ഭാഗം പാഠ്യഭാഗമാക്കുന്നത് ഭരണഘടനാ തത്വങ്ങൾക്കും സാമൂഹ്യ മൂല്യങ്ങൾക്കും എതിരാണെന്നും കത്തിൽ പറയുന്നു. മനു സ്മൃതിയെ അടിസ്ഥാനപ്പെടുത്തി ജി.എൻ ഝാ രചിച്ച മനുസ്മൃതി- മനുഭസ്യ ഓഫ് മേധാഥിതി, ടി കൃഷ്ണസ്വാമി അയ്യരുടെ മനുസ്മൃതി - സ്മൃതിചന്ദ്രിക എന്നീ പുസ്തകങ്ങളാണ് സിലബസിൽ ഉൾപ്പെടുത്താൻ നിർദേശിച്ചിരിക്കുന്നത്.

## സുപ്രീംകോടതിയിലേക്ക് രണ്ട് രണ്ട് ജഡ്ജിമാർ കൂടി; കൊളീജിയം ശിപാർശ

ന്യൂഡൽഹി: രണ്ട് ഹൈക്കോടതി ജഡ്ജിമാർക്ക് സുപ്രീം കോടതി ജഡ്ജിമാരായി സ്ഥാനക്കയറ്റം നൽകാൻ കൊളീജിയം ശിപാർശ. ജമ്മു കശ്മീർ ഹൈക്കോടതി ചീഫ് ജസ്റ്റിസ് എൻ കൊടീശ്വർ സിങ്, മദ്രാസ് ഹൈക്കോടതിയിലെ മുതിർന്ന ജഡ്ജി ജസ്റ്റിസ് ആർ മഹാദേവൻ എന്നിവരെയാണ് സുപ്രീംകോടതി ജഡ്ജിമാരായി നിയമിക്കാൻ ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡിന്റെ അധ്യക്ഷയതിയലുള്ള കൊളീജിയം ശിപാർശ ചെയ്തത്.

1961ൽ ഇംഫാലിൽ ജനിച്ച ജസ്റ്റിസ് കൊടീശ്വർ ഗുവാഹത്തി ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് എൻ ഇബോതോമ്പി സിങിന്റെ മകനാണ്. 2023 ഫെബ്രുവരി 15നാണ് ജമ്മുകശ്മീർ ആന്റ് ലഡാക്ക് ഹൈക്കോടതി ചീഫ് ജസ്റ്റിസായി സ്ഥാനക്കയറ്റം ലഭിച്ചത്. 1963 ജൂൺ 10നായിരുന്നു ജസ്റ്റിസ് മഹാദേവിന്റെ ജനനം.

മദ്രാസ് ലോ കോളജിൽ നിന്ന് നിയമ പഠനം പൂർത്തിയാക്കി അഭിഭാഷകനായി പ്രാക്ടീസ് തുടങ്ങി. സിവിൽ ക്രിമിനൽ നിയമങ്ങൾക്ക് പുറമെ പരോക്ഷ നികുതി വിഷയത്തിലും അവഗാഹം നേടിയ അദ്ദേഹം തമിഴ്നാട് സർക്കാറിന്റെ അഡീഷണൽ ഗവൺമെന്റ് പ്ലീഡറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2013ലാണ് മദ്രാസ് ഹൈക്കോടതി ജഡ്ജിയായി നിയമിതനായത്.

## കേന്ദ്രമന്ത്രിയെ കണ്ട് വിദ്യാർത്ഥികൾ

ന്യൂഡൽഹി; നീറ്റ് ക്രമക്കേടുമായി ബന്ധപ്പെട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാനുമായി ചർച്ച നടത്തി വിദ്യാർത്ഥികൾ. പരീക്ഷ റദ്ദാക്കണമെന്നും റദ്ദാക്കരുതെന്നും ആവശ്യപ്പെടുന്ന രണ്ടു വിഭാഗത്തിലേയും പ്രതിനിധികളാണ് മന്ത്രിയെ കണ്ടത്. പരീക്ഷ റദ്ദാക്കണമെന്നത് ഉൾപ്പെടെ ആവശ്യങ്ങളിൽ സുപ്രീംകോടതി തീരുമാനം അനുസരിക്കുമെന്ന് പറഞ്ഞ മന്ത്രി, അനീതി ഉണ്ടാവില്ലെന്ന് ഉറപ്പു നൽകി. ഭാവിയിൽ ഇത്തരം പരീക്ഷകളിൽ ക്രമക്കേട് സംഭവിക്കാതിരിക്കാനുള്ള മുൻകരുതലുകൾ കൈക്കൊള്ളുമെന്നും മന്ത്രി അറിയിച്ചു.

# നീറ്റ് കേസ് 18ലേക്ക് മാറ്റി



### പുനഃപരീക്ഷ വേണ്ടെന്ന് വീണ്ടും കേന്ദ്രവും എൻ.ടി.എയും

ന്യൂഡൽഹി: നീറ്റ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുന്നത് സുപ്രീംകോടതി ഈ മാസം 18ലേക്ക് മാറ്റി. കേന്ദ്ര സർക്കാറും എൻ.ടി.എയും സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പുകൾ കേസിലെ ചില കക്ഷികൾക്ക് ലഭിച്ചില്ലെന്നും ഇതിനാൽ വാദമുഖങ്ങൾ തയ്യാറാക്കാൻ കഴിഞ്ഞില്ലെന്നും അഭിഭാഷകർ അറിയിച്ചതിനെതുടർന്നാണ് കേസ് 18ലേക്ക് മാറ്റുന്നതായി ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് അറിയിച്ചത്. അതേസമയം സുപ്രീംകോടതി നിർദേശ പ്രകാരം സമർപ്പിച്ച പുതിയ സത്യവാങ്മൂലത്തിലും നീറ്റ് പരീക്ഷ റദ്ദാക്കുന്നതിനെയും വീണ്ടും നടത്തുന്നതിനേയും കേന്ദ്ര സർക്കാറും എൻ.ടി.എയും എതിർത്തു. ജൂലൈ എട്ടിലെ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബുധനാഴ്ചയാണ് കേന്ദ്ര സർക്കാറും എൻ.ടി.എയും സുപ്രീംകോടതിയിൽ പുതിയ സത്യവാങ്മൂലം സമർപ്പിച്ചത്. നീറ്റ് പരീക്ഷാ ചോദ്യപേപ്പറുകൾ വ്യാപകമായി ചോർന്നിട്ടില്ലെന്ന് മദ്രാസ് ഐ. ഐ.ടിയുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ വാദിച്ചു.

ചില കേന്ദ്രങ്ങളിൽ മാത്രമാണ് ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ടുള്ളത്. ഈ കേന്ദ്രങ്ങളിൽ തന്നെ ഒരു വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രമാണ് ഇതിന്റെ ഗുണം ലഭിച്ചിട്ടുള്ളത്. ഇതിന്റെ പേരിൽ പരീക്ഷ മൊത്തത്തിൽ റദ്ദാക്കുന്നത് 23 ലക്ഷത്തിലധികം വരുന്ന പരീക്ഷാർത്ഥികളോട് കാണിക്കുന്ന ദ്രോഹമായിരിക്കുമെന്നും കേന്ദ്രം വാദിച്ചു. 47 പരീക്ഷാർത്ഥികൾക്ക് മാത്രമാണ് ചോദ്യപേപ്പർ ചോർന്നു കിട്ടിയിട്ടുള്ളതെന്നാണ് നാഷണൽ ടെസ്റ്റിങ് ഏജൻസി(എൻ.ടി.എ) സമർപ്പിച്ച സത്യവാങ്മൂലത്തിലും പറയുന്നത്. ഒ.എം.ആർ (ഒപ്റ്റിക്കൽ മാർക് റെക്കഗ്നിഷൻ) മാതൃകയിലാണ് നിലവിൽ പരീക്ഷ നടത്തുന്നത്. ഇത് ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നത് പരിഗണിച്ചു വരികയാണെന്നും എൻ.ടി.എ സുപ്രീംകോടതിയെ അറിയിച്ചു.

നീറ്റ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട അന്വേഷണ പുരോഗതി അറിയിക്കാൻ സി.ബി.ഐയോടും സുപ്രീം കോടതി ജൂലൈ എട്ടിന് നിർദേശം നൽകിയിരുന്നു. ബിഹാറിലെ ഒരു കേന്ദ്രത്തിൽ മാത്രമാണ് ചോദ്യപേപ്പർ ചോർന്നിട്ടുള്ളതെന്നാണ് സി.ബി.ഐ സമർപ്പിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ പറയുന്നത്. ഇത് പ്രാദേശികമായ വീഴ്ച മാത്രമാണ്.

ടെലഗ്രാം ഉൾപ്പെടെ ഏതെങ്കിലും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി ചോദ്യപേപ്പർ വിതരണം ചെയ്യപ്പെട്ടിട്ടില്ലെന്നും സി.ബി.ഐ കോടതിയെ അറിയിച്ചു. ടെലഗ്രാം പോലുള്ള ആപുകൾ വഴി ചോദ്യപേപ്പർ ചോർന്നിട്ടുണ്ടെങ്കിൽ ആഘാതം ഗുരുതരമായിരിക്കുമെന്ന് സുപ്രീംകോടതി ജൂലൈ എട്ടിന് കേസ് പരിഗണിക്കവെ അഭിപ്രായപ്പെട്ടിരുന്നു. അന്വേഷണം ഏറ്റെടുത്ത ശേഷം ഇതുവരെ എട്ടുപേരെ അറസ്റ്റു ചെയ്തതായും അന്വേഷണം തുടരുകയാണെന്നും സി.ബി.ഐ കോടതിയെ അറിയിച്ചു. ജാർഖണ്ഡിലെ സ്കൂളിലേക്ക് കൊണ്ടുപോകും വഴിയാണ് ചോദ്യപേപ്പർ ചോർന്നതെന്നാണ് സി.ബി.ഐ അറിയിച്ചിരിക്കുന്നത്. 50 ലക്ഷം വരെ വാങ്ങി ബിഹാറിലെ വിദ്യാർത്ഥികൾക്ക് ചോദ്യപേപ്പർ എത്തിച്ചു. സ്കൂൾ അധികൃതർക്ക് ഇക്കാര്യം അറിയാമായിരുന്നെങ്കിലും എൻ.ടി.എയെ അറിയിച്ചില്ല. ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച വാർത്തകൾ പുറത്തു വന്ന ശേഷം തെളിവുകൾ നശിപ്പിക്കാൻ എൻ.ടി.എ അധികൃതർ ശ്രമിച്ചതായും സി.ബി.ഐ റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നു.

എന്നാൽ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭിച്ചില്ലെന്ന പരാതിക്കാരുടെ വാദം കണക്കിലെടുത്ത് കേസ് തുടർ വാദത്തിനായി 18ലേക്ക് മാറ്റുകയായിരുന്നു.നീറ്റ് ക്രമക്കേട് സംബന്ധിച്ച് ഉന്നതതല അന്വേഷണം ആവശ്യപ്പെട്ടും പരീക്ഷ റദ്ദാക്കണമെന്നാവശ്യപ്പെട്ടും മുസ്‌ലിം ലീഗിന്റെ വിദ്യാർത്ഥി സംഘടനയായ എം.എസ്.എഫ് അടക്കം സമർപ്പിച്ച ഒരു കൂട്ടം ഹർജികളാണ് സുപ്രീംകോടതിയുടെ പരിഗണനയിലുള്ളത്. പരീക്ഷ റദ്ദാക്കരുതെന്നാവശ്യപ്പെട്ട് റാങ്ക് ഹോൾഡേഴ്സ് ആയ ഏതാനും പേരും സുപ്രീംകോടതിയെ സമീപിച്ചിരുന്നു.

വ്യാപകമായി ചോദ്യപേപ്പർ ചോർന്നിട്ടുണ്ടെങ്കിൽ പരീക്ഷ റദ്ദാക്കേണ്ടി വരുമെന്ന് നേരത്തെ സുപ്രീംകോടതി മുന്നറിയിപ്പു നൽകിയിരുന്നു. 23 ലക്ഷം വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന വിഷയമായതിനാൽ ആലോചിച്ചു മാത്രമേ തീരുമാനം എടുക്കൂ എന്നും കോടതി പറഞ്ഞിരുന്നു.

## മുഖ്യ സൂത്രധാരൻ റോക്കി അറസ്റ്റിൽ

ന്യൂഡൽഹി: നീറ്റ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയുടെ മാസ്റ്റർ ബ്രെയ്നായി വിശേഷിപ്പിക്കുന്ന രാകേഷ് രഞ്ജൻ എന്ന റോക്കി അറസ്റ്റിൽ. ബിഹാറിൽ നിന്നാണ് ഇയാൾ പിടിയിലായതെന്നാണ് വിവരം അന്വേഷണത്തിനിടെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പട്നയിലെ രണ്ടും കൊൽക്കത്തയിലെ രണ്ടും കേന്ദ്രങ്ങളിൽ ഇന്നലെ സി.ബി.ഐ സംഘം റെയ്ഡ് നടത്തിയിരുന്നു. ഇതിനിടെയാണ് ഇയാൾ പിടിയിലായതെന്നാണ് വിവരം. കോടതിയിൽ ഹാജരാക്കിയ പ്രതിയെ 10 ദിവസത്തേക്ക് അന്വേഷണ ഏജൻസിയുടെ കസ്റ്റഡിയിൽ വിട്ടു. നീറ്റ് കേസിൽ സി.ബി.ഐ രേഖപ്പെടുത്തുന്ന ഒമ്പതാമത്തെ അറസ്റ്റാണ് റോക്കിയുടേത്.



നേരത്തെ ഹസാരിബാഗിലെ ഒരു സ്കൂളിന്റെ പ്രിൻസിപ്പലും വൈസ് പ്രിൻസിപ്പലും അടക്കമുള്ളവരെ അറസ്റ്റു ചെയ്തിരുന്നു. രാജ്യവ്യാപകമായി വേരുകളുള്ള പരീക്ഷാ റാക്കറ്റിലെ കണ്ണിയാണ് രാകേഷ് രഞ്ജൻ എന്നാണ് അന്വേഷണ ഏജൻസി നൽകുന്ന വിവരം.

## ചുരുക്കത്തിൽ

### തമിഴ്നാട്ടിൽ ഗുണ്ടാനേതാവിനെ പൊലീസ് വെടിവെച്ചുകൊന്നു

ചെന്നൈ: തമിഴ്നാട്ടിൽ വീണ്ടും ഏറ്റുമുട്ടൽ കൊലപാതകം. ഗുണ്ടാ നേതാവ് ദുരൈ(40)യെ പൊലീസ് വെടിവെച്ച് കൊലപ്പെടുത്തി. തിരുച്ചിറപ്പള്ളി പുതുക്കോട്ടയിലാണ് ഏറ്റുമുട്ടൽ കൊല നടന്നത്. വനമേഖലയിൽ ഗുണ്ടകൾ ഒളിച്ചിരിക്കുന്നത് അറിഞ്ഞാണ് പൊലീസ് സ്ഥലത്തെത്തിയത്. എന്നാൽ പിടികൂടാനുള്ള ശ്രമത്തിനിടെ ഇയാൾ പൊലീസിനെ അക്രമിക്കുകയായിരുന്നു. ഇൻസ്പെക്ടറെ വെട്ടിയപ്പോൾ പ്രാണരക്ഷാർത്ഥമാണ് തിരിച്ച് വെടിവെച്ചതെന്നാണ് പൊലീസ് പറയുന്നത്. അഞ്ച് കൊലക്കേസ് അടക്കം 69 കേസുകളിൽ പ്രതിയാണ് ഗുണ്ടാ നേതാവായ ദുരൈ. പരിക്കേറ്റ പൊലീസുകാരന്റെ ചിത്രം ഉൾപ്പെടെ പൊലീസ് പുറത്തുവിട്ടു. ഇൻസ്പെക്ടർ മുത്തയെ വാക്കത്തി കൊണ്ട് ദുരൈ വെട്ടിയെന്നും പ്രാണരക്ഷാർത്ഥം വെടിയുതിർക്കേണ്ടിവന്നുവെന്നുവെമാണ് പൊലീസ് വിശദീകരണം . ദുരൈയുടെ നെഞ്ചിനും കാലിനും വെടിയേറ്റിട്ടുണ്ട്. പുതുക്കോട്ട സർക്കാർ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

### പാസ്പോർട്ടും പണവും മോഷണം പോയി; വിദേശത്ത് കുടുങ്ങി താരദമ്പതികൾ

ന്യൂഡൽഹി: പാസ്പോർട്ടും പണവും വിലപിടിപ്പുള്ള വസ്തുക്കളും മോഷണം പോയതിനെതുടർന്ന് വിദേശത്തു പെട്ടുപോയതായി ബോളിവുഡ് താര ദമ്പതികൾ. സോഷ്യൽ മീഡിയയിലൂടെയാണ് താരങ്ങൾ ദുരനുഭവം പങ്കുവച്ചത്. എട്ടാം വിവാഹ വാർഷികത്തോട് അനുബന്ധിച്ച് വിദേശ ട്രിപ്പിനിറങ്ങിയ ബോളിവുഡ് താര ദമ്പതികളായ ദിവ്യങ്ക ത്രിപാഠിക്കും വിവേഗ് ദഹിയക്കുമാണ് യൂറോപ്യൻ യാത്രക്കിടെ പണി കിട്ടിയത്. പാസ്പോർട്ടും പണവും ഉൾപ്പെടെ 10 ലക്ഷത്തോളം രൂപ വിലപിടിപ്പുള്ള വസ്തുക്കൾ നഷ്ടപ്പെട്ടതായാണ് പരാതി. ഒരാഴ്ചയായി യൂറോപ്യൻ ട്രിപ്പിന്റെ വിശേഷങ്ങളും ചിത്രങ്ങളും താരങ്ങൾ സോഷ്യൽ മീഡിയയിൽ പങ്കുവെക്കുന്നുണ്ട്. യാത്ര ഫ്ളോറൻസിലെത്തിയപ്പോഴാണ് ട്വിസ്റ്റ് സംഭവിച്ചതെന്നാണ് വെളിപ്പെടുത്തൽ. ഇവിടെ താമസത്തിനുള്ള വീട് നോക്കാൻ പോയി തിരിച്ചെത്തിയപ്പോഴാണ് കാറിൽ വച്ചിരുന്ന പണവും രേഖകളും നഷ്ടപ്പെട്ടതെന്ന് താരങ്ങൾ വ്യക്തമാക്കി.

### സിസോദിയയുടെ ജാമ്യാപേക്ഷ; ജഡ്ജി പിന്മാറി

ന്യൂഡൽഹി: മദ്യനയക്കേസിൽ ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ ജാമ്യാപേക്ഷയിൽ വാദം കേൾക്കുന്നതിൽ നിന്ന് സുപ്രീം കോടതി ജഡ്ജി പിൻമാറി. ജസ്റ്റിസ് സഞ്ജയ് കുമാർ ആണ് പിന്മാറിയത്. ഇന്നലെ സുപ്രീം കോടതി ജാമ്യാപേക്ഷ പരിഗണിക്കാനിരിക്കെയായിരുന്നു അപ്രതീക്ഷിത പിൻമാറ്റം. ഇതോടെ ജാമ്യാപേക്ഷ പരിഗണിക്കുന്നത് അടുത്തയാഴ്ചത്തേക്ക് മാറ്റി. സഞ്ജീവ് ഖന്ന, സഞ്ജയ് കരോൾ, സഞ്ജയ് കുമാർ എന്നിവരടങ്ങിയ ബെഞ്ചിന് മുമ്പാകെയാണ് കേസ് പരിഗണനയ്ക്ക് വന്നത്. സിസോദിയക്കെതിരെ ഇ.ഡിയും സി.ബി.ഐയും വെവ്വേറെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇന്നലെ കേസ് പരിഗണനയ്ക്ക് വന്നപ്പോൾ വിഷയം അടിയന്തരമായി ലിസ്റ്റ് ചെയ്യണമെന്ന് ആദ്മി പാർട്ടിക്ക് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ അഭിഷേക് സിംഗ്‌വി ബെഞ്ചിനോട് അഭ്യർത്ഥിച്ചു. രണ്ട് കേസുകളിലും ഇതുവരെ വിചാരണ ആരംഭിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ വ്യക്തിപരമായ കാരണങ്ങളാൽ ജാമ്യാപേക്ഷ കേൾക്കുന്നതിൽ നിന്ന് ജസ്റ്റിസ് സഞ്ജയ് കുമാർ പിൻമാറുകയാണെന്ന് ജസ്റ്റിസ് ഖന്ന അറിയിച്ചു.

# മണിപ്പൂർ സന്ദർശനത്തിന്റെ വീഡിയോ പുറത്തുവിട്ട് രാഹുൽ ഗാന്ധി

ന്യൂഡൽഹി: വംശീയ കാലത്തിൽ വെന്തുരുകുന്ന മണിപ്പൂരിൽ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുക്കപ്പെട്ടതിനു പിന്നാലെ നടത്തിയ സന്ദർശനത്തിന്റെ വീഡിയോ പുറത്തുവിട്ട് രാഹുൽ ഗാന്ധി. അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുന്ന ജനങ്ങളുടെ കണ്ണീരും വേദനയും ചാലിച്ച അഞ്ച് മിനുട്ട് വരുന്ന വീഡിയോയിൽ പ്രധാനമന്ത്രി മണിപ്പൂർ സന്ദർശിക്കണമെന്ന് രാഹുൽ ആവർത്തിച്ച് ആവശ്യപ്പെടുന്നു.

മണിപ്പൂർ ഇപ്പോഴും അസ്വസ്ഥമാണെന്നാണ് വീഡിയോയിലൂടെ രാഹുൽ പങ്കുവെക്കുന്നത്. തന്റെ സന്ദർശന ദിവസം പോലും തീവെപ്പ് നടന്നതിന്റെ വേദനിക്കുന്ന അനുഭവങ്ങൾ ക്യാമ്പിൽ കഴിയുന്നവർ രാഹുലുമായി പങ്കുവെക്കുന്നുണ്ട്. വീടുകൾ അഗ്നിക്കിരയായിക്കൊണ്ടിരിക്കുന്നു. നിരപരാധികളുടെ ജീവൻ അപകടത്തിലാണ്.

ആയിരങ്ങളാണ് ക്യാമ്പുകളിലേക്ക് ജീവിതം പറിച്ചു നടാൻ നിർബന്ധിതരാക്കിയിരിക്കുന്നത്. - വീഡിയോ പങ്കുവച്ചുകൊണ്ട് രാഹുൽ എക്സിൽ കുറിച്ചു. 2023 മെയിൽ കലാപം പൊട്ടിപ്പുറപ്പെട്ട ശേഷം മൂന്നാം തവണയാണ് രാഹുൽ മണിപ്പൂരിലെത്തുന്നത്. ഒരു തവണ പോലും മണിപ്പൂർ സന്ദർശിക്കാൻ തയ്യാറാക്ക പ്രധാനമന്ത്രിക്കെതിരെ ഏറ്റവും ഒടുവിലെ സഭാ സമ്മേളനത്തിൽ പോലും രാഹുൽ കടന്നാക്രമണം നടത്തിയിരുന്നു. ഇതിനു പിന്നാലെയാണ് മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കാൻ കേന്ദ്രത്തിനു മേൽ സമ്മർദ്ദം ചെലുത്തുക എന്ന ലക്ഷ്യത്തോടെ രാഹുൽ മണിപ്പൂരിലെത്തിയതും നേർകാഴ്ചകളുടെ വീഡിയോ പുറത്തുവിട്ടതും. ക്യാമ്പുകളിൽ കഴിയുന്നവർ രാഹുലനു മുന്നിൽ ആവലാതികളുടെ കെട്ടഴിക്കുന്നതും വീഡിയോയിലുണ്ട്.

തന്റെ മുത്തശ്ശി സംഘർഷ മേഖലയിൽ ഒറ്റപ്പെട്ടു പോയി. അവർക്ക് എന്തു സംഭവിച്ചുവെന്നതിനെക്കുറിച്ച് ഞങ്ങൾക്ക് ഇപ്പോൾ ഒരു വിവരവുമില്ല. അവർക്ക് ഞങ്ങളുടെ അടുത്തെത്താനോ ഞങ്ങൾക്ക് അവിടേക്ക് പോകാനോ കഴിയുന്നില്ല- ഒരു യുവതി പറഞ്ഞു. ചികിത്സാ വീഴ്ച കൊണ്ട് സഹോദരനെ നഷ്ടമായതിന്റെ വേദനയാണ് തലായ് ക്യാമ്പിലെ ഒരു യുവതി പങ്കുവച്ചത്. ആവശ്യത്തിന് മരുന്നോ ചികിത്സയോ ആശുപത്രികളിൽ ലഭ്യമല്ലെന്ന് അവർ പരാതിപ്പെട്ടു. ക്യാമ്പുകളിലേക്ക് ആവശ്യമായ മരുന്നും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ കോൺഗ്രസ് പ്രവർത്തകർ സഹായിക്കുമെന്ന് രാഹുൽ ഉറപ്പു നൽകി. സംഘർഷം അവസാനിപ്പിക്കാൻ സർക്കാർ ആഗ്രഹിക്കുന്നുവെങ്കിൽ അത് എത്രയും വേഗം വേണം. -ചുരാചാന്ദ്പൂരിലെ ക്യാമ്പ് സന്ദർശനത്തിനിടെ രാഹുൽ പറഞ്ഞു. വിഷയം കേന്ദ്ര സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നും പ്രശ്ന പരിഹാരത്തിനായി സമ്മർദ്ദം ചെലുത്താമെന്നും അദ്ദേഹം ഉറപ്പുനൽകി.

## ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രിയെ കണ്ട് നിർമ്മലാ സീതാരാമൻ

ന്യൂഡൽഹി: പ്രധാനമന്ത്രി മോദിയുമായി കൂടിക്കാഴ്ച നടത്തി കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. മൂന്നാം മോദി സർക്കാറിന്റെ ആദ്യ ബജറ്റിന് മുന്നോടിയായാണ് കൂടിക്കാഴ്ച. ജൂലൈ 23നാണ് ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കുന്നത്.

നീതി ആയോഗ് ഉപാധ്യക്ഷൻ സുമൻ ബെറി, കേന്ദ്ര ആസൂത്രണ വകുപ്പ് മന്ത്രി റാവു ഇന്ദർജിത് സിങ്, മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് അനന്ത നാഗേശ്വരൻ, സാമ്പത്തിക വിദഗ്ധരായ സുർജിത് ബല്ല, അശോക് ഗുലാതി, ബാങ്കിങ് അതികായൻ കെ.വി കാമത്ത് എന്നിവരും യോഗത്തിൽ പങ്കെടുത്തു. 18ാം ലോക്സഭ നിലവിൽ വന്നതിനു ശേഷമുള്ള പാർലമെന്റിന്റെ ആദ്യ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത്, നിർണായക സാമ്പത്തിക പരിഷ്കാരങ്ങൾക്ക് സർക്കാർ തുടക്കമിടുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു വ്യക്തമാക്കിയിരുന്നു. ഇതിന്റെ ആദ്യ മാർഗരേഖ ആകും ബജറ്റ് എന്നതു കൊണ്ടുതന്നെ സാമ്പത്തിക വിദഗ്ധരും ധനകാര്യ മേഖലയിലുള്ള സ്ഥാപനങ്ങളും ഏറെ പ്രതീക്ഷയോടെയാണ് ബജറ്റിനെ നോക്കിക്കാണുന്നത്.

ലോക്സഭാ തിരഞ്ഞെടുപ്പിൽ വൻ തിരിച്ചടി നേരിട്ട്, സഖ്യ കക്ഷി പിന്തുണയിൽ അധികാരം നിലനിർത്തുന്ന മോദി സർക്കാർ സാധാരണക്കാരനു വേണ്ടി ബജറ്റിൽ എന്ത് പ്രഖ്യാപിക്കും എന്നതും ഏവരും ഉറ്റുനോക്കുന്നുണ്ട്.

### കോടികളുടെ സ്വത്ത്; വിവാദ ഐ.എ.എസുകാരി കുരുക്കിൽ

മുംബൈ: സ്വകാര്യ കാറിൽ ബീക്കൺ ലൈറ്റ് ഉപയോഗിച്ചും അമിതാധികാരം പ്രയോഗിച്ചും കുരുക്കിലായ പൂനെയിലെ ഐ.എ.എസ് പ്രൊബേഷണി ഉദ്യോഗസ്ഥ ഡോ. പൂജ ഖേദ്കറെക്കെതിരെ പൊലീസ് അന്വേഷണം. ഇന്നലെ പൂജയുടെ വസതിയിലെത്തിയ പൊലീസ് സംഘം നിയമലംഘനം നടത്തിയ ഔഡി കാറിന്റെ വിശദാംശങ്ങൾ ശേഖരിച്ചു. പൂജയുടെ സ്വത്തുവകകൾ സംബന്ധിച്ചും അന്വേഷണം നടക്കുന്നുണ്ട്. ഇവരുടെ പേരിൽ 110 ഏക്കർ കൃഷിഭൂമിയുണ്ടെന്നാണ് റിപ്പോർട്ട്. വിവിധയിടങ്ങളിലായി ഏഴ് ഫ്ളാറ്റുകളും ആറ് പുരയിടങ്ങളും സ്വന്തമായുണ്ട്. 900 ഗ്രാം സ്വർണവും വജ്രാഭരണങ്ങളും 17 ലക്ഷം രൂപ വിലമതിക്കുന്ന സ്വർണത്തിന്റെ വാച്ചുമുണ്ടെന്നും റിപ്പോർട്ടുകൾ പറയുന്നു. നാല് ആഡംബര കാറുകളും രണ്ട് സ്വകാര്യകമ്പനികളിൽ പങ്കാളിത്തവുമുണ്ട്. മഹാരാഷ്ട്ര സർക്കാരിലെ മുതിർന്ന ഉദ്യോഗസ്ഥനായിരുന്ന ദിലീപ് ഖേദ്കറാണ് പൂജയുടെ പിതാവ്.

### യു.പിയിൽ മിന്നലേറ്റ് 38 മരണം

ലക്നൗ: കനത്ത മഴയ്ക്കിടെ ഉത്തർപ്രദേശിൽ ഒറ്റദിവസം പലയിടങ്ങളിലായി മിന്നലേറ്റു മരിച്ചത് 38 പേർ. 11 പേർ മരിച്ച പ്രതാപ്ഗഡിലാണ് എറ്റവും കൂടുതൽ മരണം സ്ഥിരീകരിച്ചത്. സുൽത്താൻപുരിൽ ഏഴുപേരും ചന്ദൗളിയിൽ ആറുപേരും മെയിൻപുരിയിൽ അഞ്ച് പേരും പ്രയാഗ് രാജിൽ നാലുപേരും മരിച്ചു. ഹാഥ്റസ്, വാരണാസി തുടങ്ങിയ സ്ഥലങ്ങളിലും മരണം റിപ്പോർട്ട് ചെയ്തു. കൃഷിയിലും മത്സ്യബന്ധനത്തിലും ഏർപ്പെട്ടിരുന്നവരാണ് മരിച്ചവരിലേറെയും. ബുധനാഴ്ച വൈകീട്ട് നാലിനും ആറിനുമിടക്കാണ് മഴയും മിന്നലുമുണ്ടായത്. മരിച്ചവരിൽ 13, 15 വയസുള്ള കുട്ടികളുമുണ്ട്.

## യാസിൻ മാലികിന് വധശിക്ഷ; ഹർജി കേൾക്കുന്നതിൽ നിന്ന് ഹൈക്കോടതി ജഡ്ജി പിന്മാറി

ന്യൂഡൽഹി: യു.എ.പി.എ പ്രകാരം ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്ന ജമ്മുകശ്മീർ വിഘടനവാദി നേതാവ് യാസീൻ മാലികിന് വധശിക്ഷ നൽകണമെന്ന എൻ. ഐ.എ ഹർജി കേൾക്കുന്നതിൽ നിന്ന് ഡൽഹി ഹൈക്കോടതി ജഡ്ജി പിന്മാറി. ജഡ്ജി അമിത് ശർമ്മയാണ് പിന്മാറിയത്.



യാസീൻ

ഇന്നലെ കേസ് പരിഗണിക്കവെ ഡിവിഷൻ ബെഞ്ചിലെ രണ്ടാമത്തെ അംഗം ജസ്റ്റിസ് പ്രതിഭ എം സിങ് ആണ് ജസ്റ്റിസ് ശർമ്മ പിന്മാറിയ വിവരം അറിയിച്ചത്. ശർമ്മ നിലവിൽ കേസ് കേൾക്കുന്ന ബെഞ്ചിൽ അംഗമല്ലെന്നും ഓഗസ്റ്റ് ഒമ്പതിന് മറ്റൊരു ബെഞ്ച് കേസ് പരിഗണിക്കുമെന്നുമായിരുന്നു ജസ്റ്റിസ് സിങിന്റെ പരാമർശം. അന്നേ ദിവസം പ്രതിയോട് വിർചൽ സംവിധാനം വഴി കോടതിയിൽ ഹാജരാകാനും കോടതി ഉത്തരവിട്ടു. കേസിൽ നിന്ന് പിന്മാറാനുള്ള കാരണം ജസ്റ്റിസ് ശർമ്മ വ്യക്തമാക്കിയിട്ടില്ല. യു. എ.പി.എ പ്രകാരം ഡൽഹി കോടതി ജീവപര്യന്തം തടവിനു ശിക്ഷിച്ച യാസിൻ മാലിക് നിലവിൽ തിഹാർ ജയിലിൽ തടവിലാണ്. ഇതിനിടെയാണ് ഭീകരവാദത്തിന് ഫണ്ടിങ് നടത്തിയെന്ന കേസിൽ യാസീന് വധശിക്ഷ നൽകണമെന്നാവശ്യപ്പെട്ട് എൻ.ഐ.എ വിചാരണക്കോടതിയെ സമീപിച്ചത്.

എന്നാൽ അപൂർവങ്ങളിൽ അപൂർവമായ കേസല്ല എന്ന് ചൂണ്ടിക്കാട്ടി വധശിക്ഷാ ആവശ്യം വിചാരണക്കോടതി തള്ളി. ഇതിനെതിരെയാണ് എൻ.ഐ.എ ഹൈക്കോടതിയെ സമീപിച്ചത്.

## എട്ട് വയസ്സുകാരിയെ പീഡിപ്പിച്ച് കൊന്നു; മൂന്ന് സ്കൂൾ വിദ്യാർത്ഥികൾ അറസ്റ്റിൽ

ഹൈദരാബാദ്: എട്ട് വയസുകാരിയെ കൂട്ടബലാത്സംഗത്തിനിരയാക്കിയതിന് ശേഷം കൊലപ്പെടുത്തി. സംഭവത്തിൽ മൂന്ന് സ്കൂൾ വിദ്യാർത്ഥികൾ പിടിയിൽ. 12 വയസ്സുള്ള രണ്ട് കുട്ടികളും 13 വയസ്സുള്ള മറ്റൊരു കുട്ടിയും ചേർന്നാണ് ക്രൂരകൃത്യം നടത്തിയത്.

ആറും ഏഴും ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളാണ് ഇവർ. തെളിവ് നശിപ്പിക്കുന്നതിന് വേണ്ടി മൃതദേഹം കനാലിൽ തള്ളുകയും ചെയ്തു. ആന്ധ്രപ്രദേശിലെ നന്ത്യാൽ ജില്ലയിൽ ഞായറാഴ്ചയാണ് സംഭവം. മൂന്നാം ക്ലാസ് വിദ്യാർത്ഥിനിയാണ് കൊല്ലപ്പെട്ടത്. കുട്ടികളെല്ലാവരും ഒരേ സ്കൂളിൽ തന്നെയാണ് പഠിക്കുന്നത്. സംഭവം നടന്നതെങ്കിലും തിങ്കളാഴ്ച പ്രതികളെ പൊലീസ് അറസ്റ്റ് ചെയ്തപ്പോഴാണ് മന:സാക്ഷിയെ നടുക്കുന്ന സംഭവം പുറംലോകമറിഞ്ഞത്. പെൺകുട്ടിയെ കാണാനില്ലെന്ന് കാണിച്ച് പിതാവ് ഞായറാഴ്ച പൊലീസിൽ പരാതി നൽകിയിരുന്നു. പാർക്കിൽ കളിക്കുന്നതിനിടെയാണ് കുട്ടിയെ കാണാതായതെന്നും പിതാവ് മൊഴി നൽകി.



വിദ്യാർത്ഥിനിയെ കാണാതായതിനെ തുടർന്ന് സ്നിഫർ ഡോഗിന്റെ സഹായത്തോടെ തിരച്ചിൽ നടത്തുന്ന പൊലീസ് സംഘം

പ്രദേശവാസികളെ ചോദ്യം ചെയ്തുവെങ്കിലും കുട്ടിയെ കണ്ടെത്താൻ സാധിച്ചില്ല. പൊലീസ് നായയെ എത്തിച്ച് നടത്തിയ പരിശോധനക്കൊടുവിൽ നായ പ്രതികളിൽ ഒരാളുടെ വീട്ടിലേക്ക് പോയി. തുടർന്ന് പൊലീസ് പ്രതികളെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തപ്പോഴാണ് കൊലപാതകത്തിന്റെ ചുരുളഴിഞ്ഞത്. പാർക്കിൽ കളിക്കുകയായിരുന്ന മൂന്നാം ക്ലാസുകാരിയെ ഒപ്പം കളിക്കാൻ വിളിച്ചു കൊണ്ടുപോയ പ്രതികൾ ആളൊഴിഞ്ഞ പ്രദേശത്ത് വെച്ച് കുട്ടിയെ ബലാത്സംഗം ചെയ്യുകയായിരുന്നു.

കുട്ടി വിവരം പുറത്തു പറയുമെന്ന ഭയത്താൽ കൊലപ്പെടുത്തി മുച്ചുമാരി ഇറിഗേഷൻ കനാലിൽ തള്ളുകയായിരുന്നുവെന്നും പൊലീസ് പറഞ്ഞു. പിടിയിലായ പ്രതികളെല്ലാം മുച്ചുമാരി ഗ്രാമത്തിൽ നിന്നുള്ളവരാണ്. പെൺകുട്ടിയുടെ മൃതദേഹം ഇതുവരെ കണ്ടെത്താനായിട്ടില്ലെന്നും കസ്റ്റഡിയിലുള്ള ആൺകുട്ടികളെ ചോദ്യം ചെയ്തുവരികയാണെന്നും ജില്ലാ പൊലീസ് മേധാവി രഘുവീര റെഡ്ഡി പറഞ്ഞു.



## കുസാറ്റിൽ ഏവിയേഷൻ കോഴ്സുകൾക്ക് സിയാലുമായി ധാരണ

കൊച്ചി: കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ (സിയാൽ) അനുബന്ധ സ്ഥാപനമായ കൊച്ചി ഇന്റർനാഷണൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡും (സിഐഎഎസ്എൽ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും (കുസാറ്റ്) ചേർന്ന് ഏവിയേഷനിൽ സർട്ടിഫിക്കറ്റ്, അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് ധാരണാപത്രം ഒപ്പിട്ടു. മന്ത്രിയും സിയാൽ ഡയറക്ടറുമായ പി രാജീവ്, ബെന്നി ബെഹനാൻ എംപി, അൻവർ സാദത്ത് എംഎൽഎ, റോജി എം ജോൺ എംഎൽഎ, സിയാൽ ചെയർമാൻ എസ് സുഹാസ്, കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.പിജി ശങ്കരൻ എന്നിവരുടെ സാനിധ്യത്തിൽ സിയാൽ എംഡി സന്തോഷ് ജെ പൂവട്ടിൽ, കുസാറ്റ് രജിസ്ട്രാർ പ്രൊഫ.ശിവാനന്ദൻ ആചാരി എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു.

## സാഹിത്യകാരൻ ഓം ചേരിയെ സന്ദർശിച്ചു

ന്യൂഡൽഹി : രാജ്യസഭാഗം അഡ്വ. ഹാരിസ് ബീരാൻ എംപി മുതിർന്ന സാഹിത്യകാരൻ ഓം ചേരി എൻ എൻ പിള്ളയെ യെ അദ്ദേഹത്തിന്റെ വസതിയിൽ സന്ദർശിച്ചു.

ഡൽഹി മലയാളികളുടെ ക്ഷേമത്തിനും കേരളത്തിന്റെ വളർച്ചക്കും പുതിയ പദവി ഉപകരിക്കട്ടെയെന്ന് ഓം ചേരി ആശംസിച്ചു. സന്ദർശനത്തിന്റെ ഭാഗമായി ഹാരിസ് ബീരാൻ ഓം ചേരിക്ക് അരുന്ധതി റോയി യുടെ 'ദി ബ്രോക്കൻ റിപ്പബ്ലിക്ക്' സമ്മാനിച്ചു. ഡൽഹി ഡിനിപ് കെയർ ഡയറക്ടർ കെ വി ഹംസ, പിപി ജിഹാദ് കൂടെയുണ്ടായിരിന്നു.





### ഇന്ന് മലാല ദിനം

*ഒരു കുട്ടിക്കും ഒരു അധ്യാപകനും ഒരു പേനക്കും ഒരു പുസ്തകത്തിനും ലോകത്തെ മാറ്റാനാകും*

**– മലാല യൂസുഫ്സായി**



പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി ശബ്ദിക്കുന്ന മലാല യൂസഫ്സായിയെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടോ? ഇന്ത്യക്കാരനായ കൈലാഷ് സത്യാർത്ഥിക്കൊപ്പം സമാധാന നൊബേൽ പുരസ്കാരം പങ്കിട്ട മലാല പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശ പോരാട്ടത്തിലൂടെയാണ് ലോകശ്രദ്ധ നേടിയത്. വിദ്യാഭ്യാസം സ്ത്രീ സമൂഹത്തിന് കടത്തി വിടുന്ന സ്വതന്ത്ര ചിന്തകളെയും സമത്വത്തിന്റെ വെളിച്ചത്തെയും അവർ അത്രമേൽ ഭയക്കുന്നുവെന്ന് മലാല പറഞ്ഞത് തന്റെ ജീവിതാനുഭവങ്ങളിലൂടെയായിരുന്നു. ലോകത്തെ അനേകായിരം പെൺകുട്ടികൾക്ക് പ്രചോദനമാകുന്ന മലാലയെക്കുറിച്ച് കൂടുതലറിയാം...

# പെൺക്കരുത്തിന്റെ ശബ്ദം

മലാലയെന്ന പെൺകുട്ടിയെ ലോകം അറിഞ്ഞു തുടങ്ങിയത് അവളുടെ 11-ാം വയസ്സിലാണ്. അതും ബി.ബി.സി ന്യൂസിലൂടെ... പാകിസ്താനിലെ സ്വാത് താഴ്വരയിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിച്ച താലിബാൻ നീക്കത്തിനെതിരെയാണ് മലാല തന്റെ തൂലിക ചലിപ്പിച്ചത്. ബി.ബി.സിക്കു വേണ്ടി ഡയറി കുറിപ്പ് പോലെ ബ്ലോഗ് എഴുതി തുടങ്ങിയ പോരാട്ടം ഇപ്പോൾ മലാലയെന്ന പെൺകുട്ടിയെ ലോകനേതാക്കൾക്കൊപ്പം പ്രശസ്തയാക്കിയിരിക്കുകയാണ്. ചെറുപ്രായത്തിൽ തന്നെ വിദ്യാഭ്യാസ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തിയ മലാലയുടെ ജന്മദിനമായ ജൂലൈ 12 എല്ലാവർഷവും ഐക്യരാഷ്ട്രസഭ മലാല ദിനമായി ആഘോഷിക്കുന്നു. മലാലയോടുള്ള ആദരവ് പ്രകടിപ്പിക്കുന്നതിനായി 2013 മുതലാണ് ഐക്യരാഷ്ട്ര സംഘടന ഈ ദിനാചരണം ആരംഭിച്ചത്.

1997 ജൂലൈ 12ന് പാകിസ്താനിലെ പക്തുൻക്വയിൽ സിയാഉദ്ദീൻ യൂസഫ്സായിയുടെയും ടോർപെക്കായി യൂസഫ്സായിയുടെയും മകളായി ജനനം. വിദ്യാഭ്യാസ, യുവജന, വനിതാവകാശ പ്രവർത്തകനും കവിയും സ്കൂൾ ഉടമയുമായ പിതാവ് തന്നെയാണ് കുഞ്ഞു മലാലയിൽ പോരാട്ടത്തിന്റെ വീര്യം പകർന്നു നൽകിയത്. 2008 സെപ്തംബറിൽ മലാല പൊതുവേദിയിൽ വിദ്യാഭ്യാസ അവകാശത്തെക്കുറിച്ച് സംസാരിച്ചതും പെൺകുട്ടികൾക്ക് പഠനാവകാശം നിഷേധിക്കുന്ന താലിബാനെതിരെ സംസാരിക്കാൻ പ്രേരിപ്പിച്ചതും പിതാവായിരുന്നു. 2007ൽ സ്വാത് താഴ്വരയുടെ നിയന്ത്രണം കൈക്കലാക്കിയ താലിബാൻ ടെലിവിഷനും സംഗീതവും പെൺകുട്ടികളുടെ വിദ്യാഭ്യാസവും പൂർണമായും നിരോധിച്ചു. കൂടാതെ സ്ത്രീകൾ നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ പുറത്തു പോകുന്നതും വിലക്കി. ഇതിനെതിരെ സംസാരിക്കാൻ മലാലയെ പ്രാപ്തമാക്കിയത് പിതാവ് തന്നെയായിരുന്നു.

### ഡയറി കുറിപ്പിലൂടെ ബ്ലോഗർ

ഡയറി കുറിപ്പിലൂടെയാണ് മലാല സ്വാത് താഴ്വരയിലെ വിദ്യാഭ്യാസ അവകാശ നിഷേധത്തെക്കുറിച്ച് പുറംലോകത്തെ അറിയിച്ചത്. ബി.ബി.സിയുടെ ഉറുദു വിഭാഗം മലാലയുടെ പിതാവ് സിയാവുദ്ദീനെ സമീപിക്കുകയായിരുന്നു. സ്വാതിലെ അവസ്ഥയെക്കുറിച്ച് വിശദീകരിച്ച് കുറിപ്പെഴുതാൻ സ്കൂളിലെ കുട്ടികളെ ചുമതലപ്പെടുത്തണമെന്ന് സിയാവുദ്ദീനോട് ബി.ബി.സി ആവശ്യപ്പെട്ടു. സ്കൂളിലെ ആയിഷയെന്ന കുട്ടി ഡയറി എഴുതാൻ സമ്മതിച്ചു. എന്നാൽ താലിബാന്റെ ആക്രമണം ഭയന്ന ആയിഷയുടെ മാതാപിതാക്കൾ ഡയറി എഴുതുന്നത് നിർത്തിച്ചു. ആയിഷക്കു പകരം ആരെന്ന ചോദ്യം ഉയർന്നപ്പോൾ സിയാവുദ്ദീൻ തന്നെയാണ് മലാലയുടെ പേര് നിർദേശിച്ചത്. 2009 ജനുവരി മൂന്നിന് ബി.ബി.സി ഉറുദു ബ്ലോഗിൽ മലാല ആദ്യ ഡയറിക്കുറിപ്പെഴുതി. അത് ഏറെ ശ്രദ്ധിക്കപ്പെടുകയും ചെയ്തു.



### തോക്കിൻ മുനയിൽ

2012 ഒക്ടോബർ 9, സ്കൂളിൽ നിന്ന് വീട്ടിലേക്ക് മടങ്ങുകയായിരുന്ന മലാല യൂസഫ്സായിക്ക് നേരെ ആയുധധാരികൾ വെടിയുതിർത്തു. സ്കൂൾ കഴിഞ്ഞ് സ്കൂൾ ബസ്സിൽ വീട്ടിലേക്ക് മടങ്ങുമ്പോഴായിരുന്നു ആക്രമണം. 'നിങ്ങളിലാരാണ് മലാല? പറയൂ... നിങ്ങളെല്ലാവരെയും ഞാൻ വെടിവെച്ചു കൊല്ലും', ആയുധധാരിയായ താലിബാൻകാരൻ കുട്ടികൾക്കു നേരെ ആക്രോശിച്ചു. ബസ്സിനുള്ളിലെ മുഴുവൻ കുട്ടികളോടും അയാൾ ചോദിച്ചു. അവസാനം അയാൾ മലാലയെ കണ്ടെത്തി. കൈയെത്തും ദൂരെ നിന്ന് 15 വയസ്സുകാരിയായ മലാലയെ വെടിവെച്ചു വീഴ്ത്തി. ഒരു വെടിയുണ്ട അവളുടെ തല തുളച്ചു കയറി കഴുത്തിലൂടെ കടന്ന് തോളെല്ലിനടുത്തെത്തി. മലാലയെ സംബന്ധിച്ചിടത്തോളം മറക്കാനാവാത്ത ഇരുണ്ട ദിനമായിരുന്നു അന്ന്. മരണത്തോട് മല്ലടിച്ച് ദിവസങ്ങളോളം കിടന്ന മലാലയുടെ തോളിൽ നിന്നും ഇംഗ്ലണ്ട് ആശുപത്രിയിലെ ഡോക്ടർമാർ വെടിയുണ്ട പുറത്തെടുത്തു. ഏറെ നാളത്തെ ചികിത്സക്കുശേഷം അവൾ സുഖം പ്രാപിച്ചു. മലാലക്ക് വെടിയേറ്റതോടെ അന്താരാഷ്ട്ര സമൂഹം ഒന്നടങ്കം രംഗത്തുവന്നു. അടി പതറാതെ മരണത്തിൽ നിന്ന് ജീവിതത്തിലേക്ക് തിരിച്ചെത്തിയ മലാലയ്ക്ക് 2014 ൽ സമാധാനത്തിനുള്ള നോബേൽ പുരസ്കാരം സമ്മാനിച്ചു. ലണ്ടനിലേക്ക് താമസം മാറിയ മലാല ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയെ അഭിസംബോധന ചെയ്ത് സംസാരിച്ചു. 2020ൽ ഓക്സ്ഫോർഡ് സർവകലാശാലയിൽ നിന്നും ബിരുദം നേടിയ മലാല ഇന്നും വിദ്യാഭ്യാസ അവകാശങ്ങൾക്കായി പോരാടുന്നു.



## രാജ്യാന്തര ജെൻ എഐ കോൺക്ലേവിന് തുടക്കം

കൊച്ചി: ഐടിയുടെയും സ്റ്റാർട്ടപ്പുകളുടെയും ഹബ്ബ് എന്ന നിലയിൽ എല്ലാ മേഖലകളിലും എഐ സാങ്കേതികവിദ്യ നടപ്പിലാക്കുന്നത് ജെൻ എഐയുടെ രാജ്യത്തെ സിരാകേന്ദ്രമായി മാറാൻ കേരളത്തെ സഹായിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആർട്ടിഫിഷ്യൽ ഇന്റലിജൻസി(എഐ)ന്റെ പരിവർത്തന സാധ്യതകളും സമൂഹത്തിലും സമ്പദ് വ്യവസ്ഥയിലും അതിന്റെ സ്വാധീനവും ചർച്ചചെയ്യുന്ന രാജ്യാന്തര ജെനറേറ്റീവ് എഐ കോൺക്ലേവ് കൊച്ചി ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം, ഐടി, പുനരുപയോഗ ഊർജം തുടങ്ങിയ മേഖലകളിൽ എഐയെ സംയോജിപ്പിക്കുന്നത് സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുകയും ജീവിത നിലവാരം ഉയർത്തുകയും ചെയ്യുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വ്യവസായ മന്ത്രി പി രാജീവ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഐബിഎമ്മുമായി ചേർന്നാണ് കോൺക്ലേവ് സംഘടിപ്പിച്ചിട്ടുള്ളത്. വിവിധ സാങ്കേതിക മേഖലകളിലെ വിദഗ്ധരും വിദ്യാർഥികളും ഉൾപ്പെടെ 4500 പ്രതിനിധികളാണ് രജിസ്റ്റർ ചെയ്ത് നേരിട്ടും ഓൺലൈനായും സമ്മേളനത്തിൽ പങ്കെടുക്കുന്നതെന്ന് ചടങ്ങിന് സ്വാഗതം ആശംസിച്ച വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. നോർക്ക റൂട്ട്സ് വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് എംഡിയും ചെയർമാനുമായ എംഎ യൂസഫലി മുഖ്യാതിഥി ആയിരുന്നു. ഡോ. രത്തൻ യു ഖേൽക്കർ, പോൾ ആന്റണി, ഐ ആൻഡ് പിആർഡി സെക്രട്ടറിയും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ്. ഹരികിഷോർ, ഐബിഎം സോഫ്റ്റ് വെയർ പ്രൊഡക്ട്സ് സീനിയർ വൈസ് പ്രസിഡന്റ് ദിനേശ് നിർമ്മൽ സംസാരിച്ചു.



*കെഎസ്ഐഡിസി ഐബിഎമ്മുമായി ചേർന്ന് സംഘടിപ്പിച്ച ദ്വിദിന രാജ്യാന്തര ജെൻ എഐ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.*

### തുരത്തുന്നതിനിടെ കാട്ടാന വനപാലകർക്ക് നേരെ പാഞ്ഞടുത്തു

## ഡപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് പരിക്ക്

മണ്ണാർക്കാട്: ജനവാസ മേഖലയിലിറങ്ങിയ കാട്ടാനയെ തുരത്തുന്നതിനിടെ അപ്രതീക്ഷമായ കാട്ടാനയുടെ ആക്രമണത്തിൽ വനപാലകന് പരിക്കേറ്റു. തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ (ഗ്രേഡ്) എം.ജഗദീഷി (52)നാണ് പരിക്കേറ്റത്. കോട്ടോപ്പാടം പഞ്ചായത്തിലെ കച്ചേരിപ്പറമ്പ് മേലേക്കളത്തിന് സമീപം ഇന്നലെ വൈകീട്ട് ആറുമണിയോടെയായിരുന്നു സംഭവം.

കുറച്ചുദിവസങ്ങളായി പണക്കാടൻ റിസർവ് വനത്തിൽ തമ്പടിച്ചിരുന്ന നാലുകാട്ടാനകളിൽ രണ്ട് കാട്ടാനകൾ ഇന്നലെ ജനവാസ കേന്ദ്രത്തിലേക്കെത്തുകയായിരുന്നു. ഈ കാട്ടാനകളെ തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷനിലെ വനപാലകരും മണ്ണാർക്കാട് ദ്രുതപ്രതികരണ സേനയും ചേർന്നാണ് സൈലന്റ് വാലി വനത്തിലേക്ക് കയറ്റാൻ ശ്രമം നടത്തിയത്. ഇന്നലെ പകലിൽ ആറോളം കിലോമീറ്റർ ദൂരം വനപാലകർ ഓടിച്ചും പടക്കംപൊട്ടിച്ചും മറ്റും കാട്ടിലേക്ക് കയറ്റാനുള്ള ശ്രമം നടത്തിയത്. വൈകുന്നേരം ആറുമണിയോടെ ഒരു കാട്ടാന വനത്തിലേക്ക് കയറുകയും മറ്റൊന്ന് സൗരോർജ്ജ തൂക്കുവേലിക്ക് സമീപം നിൽക്കുകയുമായിരുന്നു. ഇതിനിടെയാണ് കാടുകയറിയ ആന തിരിച്ചെത്തി വനപാലകർക്ക് നേരെ പാഞ്ഞടുത്തത്. ഇതോടെ വനപാലകർ ചിതറിയോടി. പിന്നീട് ജഗദീഷിന്റെ ശബ്ദംകേട്ട് മറ്റുള്ളവരെത്തിയപ്പോഴാണ് ഇദ്ദേഹം വീണ് കിടക്കുന്നത് കണ്ടത്. കാട്ടാനയുടെ തുമ്പിക്കൈ കൊണ്ട് അടിയേറ്റിട്ടുള്ളതായാണ് വിവരം. തോളെല്ലിനും വാരിയെല്ലിനും പൊട്ടലുണ്ട്. നെറ്റിയിലും മുറിവേറ്റിട്ടുണ്ട്. ഉടൻ തന്നെ ഇദ്ദേഹത്തെ വട്ടമ്പലത്തെ മദർ കെയർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വാർഡ് മെമ്പർ നൂറുൽ സലാം, കുമരംപുത്തൂർ പഞ്ചായത്ത് വികസനകാര്യ ചെയർമാൻ സഹദ് അരിയൂർ, റെയിഞ്ച് ഓഫീസർ എൻ.സുബൈർ തുടങ്ങിയവർ ആശുപത്രിയിലെത്തി.



*കാട്ടാനയെ തുരത്തുന്നതിനിടെ പരിക്കേറ്റ തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ (ഗ്രേഡ്) എം.ജഗദീഷ്.*

## ഖുർ ആൻ മനപാഠ മൽസരം അവസാന ഘട്ടം നാളെ കൊയിലാണ്ടിയിൽ

കൊയിലാണ്ടി: റിയാദു സ്വാലിഹീൻ ഫാമിലി ഗ്രൂപ്പ്, കുവൈത്ത് കൊയിലാണ്ടിയിൽ സംഘടിപ്പിക്കുന്ന ഖുർആൻ മനപാഠ മൽസര അവസാന ഘട്ടം (ഗ്രാന്റ് ഫിനാലെ) ജൂലായ് 13ന് കൊയിലാണ്ടി മുന്നാസ് ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കാലത്ത് ഒൻപത് മണിക്ക് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി അഞ്ഞൂറിലധികം വിദ്യാഥികൾ വിവിധതലങ്ങളിൽ മൽസരിച്ച് അവസാന റൗണ്ടിൽ എത്തിയ 32 പേരാണ് ഗ്രാന്റ് ഫിനാലെയിൽ പങ്കെടുക്കുന്നത്. മൂന്ന് കാറ്റഗറി ആയി തിരിച്ച മത്സരത്തിലെ ആദ്യ രണ്ടു കാറ്റഗറിയിൽ പെടുന്ന കുട്ടികളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് 25000, 20000, 15000 രൂപ വീതം സമ്മാനം നൽകുന്നതും മറ്റു രണ്ടു കുട്ടികൾക്ക് 5000 രൂപ വീതം പ്രോത്സാഹന സമ്മാനവും നൽകും. മൂന്നാമത്തെ കാറ്റഗറിയിൽ പെടുന്ന കുട്ടികൾക്ക് 50000, 40000, 30000 വീതം സമ്മാനം നൽകും. ബാക്കി വരുന്ന കുട്ടികൾക്ക് 10000 രൂപ വീതം പ്രോത്സാഹന സമ്മാനവും നൽകും. വൈകിട്ട് നാല് മണിക്ക് ഗ്രാന്റ് ഫിനാലെ സമാപിക്കും. സമാപന ചടങ്ങ് പാണക്കാട് സയ്യിദ് സ്വാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. വിജയികൾക്കുള്ള ഉപഹാരങ്ങളും അദ്ദേഹം വിതരണം ചെയ്യും. ദാറുൽ ഹുദാ വൈസ് ചാൻസലർ ഡോക്ടർ ബഹാവുദ്ദീൻ നദവി മുഖ്യാതിഥിയായിരിക്കും.

## കിം എൻജിനീയറിംഗ് പരീക്ഷാഫലം പ്രഖ്യാപിച്ചു
## പി. ദേവാനന്ദിന് ഒന്നാം റാങ്ക്




*പി. ദേവാനന്ദ് , ഹഫീസ് റഹ്മാൻ*

തിരുവനന്തപുരം: കീം എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയുടെ റാങ്ക് പട്ടിക പ്രഖ്യാപിച്ചു. ആലപ്പുഴ സ്വദേശി പി. ദേവാനന്ദ് ഒന്നാം റാങ്ക് നേടി. മലപ്പുറം സ്വദേശി ഹഫീസ് റഹ്മാനാണ് രണ്ടാം റാങ്ക്. എറണാകുളം സ്വദേശി പൂർണിമ രാജീവാണ് പെൺകുട്ടികളിൽ ഒന്നാമത്. ആകെ 79,044 വിദ്യാർഥികളാണ് പരീക്ഷയെഴുതിയത്. 30,815 ആൺകുട്ടികളും 27,524 പെൺകുട്ടികളും അടക്കം 58,340 പേർ യോഗ്യതനേടി. കഴിഞ്ഞവർഷത്തെക്കാൾ 4261 പേർ അധികമായി യോഗ്യതനേടി. പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണത്തിലും 2829 പേരുടെ വർധനയുണ്ടായി.

ആദ്യ നൂറു റാങ്കിൽ 13 പെൺകുട്ടികൾ മാത്രമാണുള്ളത്. ആദ്യ നൂറു റാങ്കിൽ ഉൾപ്പെട്ട 75 പേർ ഒന്നാം അവസരത്തിൽതന്നെയാണ് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. രണ്ടാം അവസരത്തിൽ ഈ റാങ്കിനുള്ളിൽ വന്നവർ 25 പേരാണ്. ആദ്യ നൂറു റാങ്കിൽ കൂടുതൽ പേർ ഉൾപ്പെട്ടത് എറണാകുളം ജില്ലയിൽ നിന്നാണ്-24 പേർ. തിരുവനന്തപുരവും (15 പേർ) കോട്ടയവുമാണ് (11) തൊട്ടു പിന്നിൽ. എറണാകുളം ജില്ലയിൽ നിന്നാണ് ഏറ്റവുമധികം പേർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടത്-6568 പേർ. ഏറ്റവുമധികം പേർ ആദ്യ 1000 റാങ്കുകളിൽ ഉൾപ്പെട്ടതും എറണാകുളം ജില്ലയിൽ നിന്നാണ്-170 പേർ.മറ്റു ജില്ലകളിൽ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവരുടെയും ആദ്യ ആയിരം റാങ്കുകളിൽ ഉൾപ്പെട്ടവരുടെയും എണ്ണം ഇങ്ങനെയാണ്. തിരുവനന്തപുരം (6148/125), കൊല്ലം (4947/53), പത്തനംതിട്ട (1777/23), ആലപ്പുഴ (3085/53), കോട്ടയം (3057/99), ഇടുക്കി (981/10), തൃശൂർ (5498/108), പാലക്കാട് (3718/55), മലപ്പുറം (5094/79), കോഴിക്കോട് (4722/93), വയനാട് (815/11), കണ്ണൂർ (4238/75), കാസർകോട് (1346/21), മറ്റ് കേന്ദ്രങ്ങൾ (289/24).

കേരള സിലബസിൽ പ്ലസ്ടു പൂർത്തിയാക്കിയ 2034 പേരും (36390 പേരാണ് പരീക്ഷയെഴുതിയത്) സിബിഎസ്ഇ പഠനം പൂർത്തിയാക്കിയ 2785 പേരും (പരീക്ഷയെഴുതിയത് 14541 പേർ) സിഐഎസ്ഇ സിലബസിൽ പഠനം പൂർത്തിയാക്കിയ 162 പേരും (പരീക്ഷയെഴുതിയത് 1079 പേർ) ആദ്യ 5000 റാങ്കുകളിൽ ഉൾപ്പെട്ടു.

### അപാകതകൾ പരിഹരിക്കാം

തിരുവനന്തപുരം: 2024-25 അധ്യയന വർഷത്തെ കേരള എൻജിനിയറിങ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും ജൂലൈ 16 വരെ അവസരം. ൦൦൦.രലല.സലൃമഹമ.ഴീ.ശി വഴി അപാകതകൾ പരിഹരിക്കാം. വിശദ വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനത്തിലുണ്ട്. ഹെൽപ് ലൈൻ നമ്പർ: 0471-2525300.

## ദേവാനന്ദ്: പരീക്ഷകളിൽ റാങ്കുകളുടെ തോഴൻ

ആലപ്പുഴ: മത്സര പരീക്ഷകളിൽ റാങ്കുകളുടെ തോഴനായി മാറിയ ആലപ്പുഴ ചന്ദനക്കാവ് മന്ദാരത്തിൽ പി.ദേവാനന്ദിന് കീം എൻജിനീയറിംഗ് പ്രവേശന പരീക്ഷയിൽ ഒന്നാം റാങ്ക്. പ്ലസ്ടു പഠനത്തിന് ശേഷമുള്ള ആദ്യ ചാൻസിലാണ് ദേവാനന്ദ് ചരിത്രവിജയം നേടിയത്. ആദ്യപത്തിൽ ഉണ്ടാകുമെന്ന് ഉറപ്പുണ്ടായിരുന്നെന്നും ഒന്നാംറാങ്ക് നേട്ടം പ്രതീക്ഷിച്ചിരുന്നില്ലെന്നും ദേവാനന്ദ് പറഞ്ഞു. ഐ.ഐ.ടി ഖരഗ്പൂരിൽ മെക്കാനിക്കൽ എൻജിനിയറിംഗിൽ പ്രവേശനം നേടിയ ദേവാനന്ദ് ഈ മാസം അവസാനത്തോടെ കോഴ്സിന് ചേരും. ഓഗസ്റ്റ് ആദ്യ ആഴ്ച ക്ലാസ് ആരംഭിക്കും. ജെ.ഇ.ഇ മെയിൻ പരീക്ഷയിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനം, ജെ.ഇ.ഇ അഡ്വാൻസിൽ ഓൾ ഇന്ത്യാ തലത്തിൽ 3165-ാം റാങ്ക്, അമൃത എൻജിനീയറിംഗ് പരീക്ഷയിൽ ഓൾ ഇന്ത്യാതലത്തിൽ ഒന്നാം റാങ്ക്, കുസാറ്റ് എൻട്രൻസിൽ 14-ാം റാങ്ക് തുടങ്ങിയവയാണ് ദേവാനന്ദിന്റെ മറ്റുനേട്ടങ്ങൾ. സാമ്പത്തിക സ്ഥിതി വിവരവകുപ്പ് പത്തനംതിട്ട ജില്ലാ ഓഫീസിൽ റിസർച്ച് ഓഫീസറായ പി.പത്മകുമാറിന്റെയും, പത്തനംതിട്ട തടിയൂർ എൻ.എസ്.എസ് സ്കൂൾ പ്ലസ്ടൂ വിഭാഗം കെമിസ്ട്രി അധ്യാപിക പി.ആർ.മഞ്ജുവിന്റെയും മൂത്തമകനായ ദേവാനന്ദ് പത്താം ക്ലാസ് പരീക്ഷയിൽ 500ൽ 499 മാർക്ക് നേടിയിരുന്നു. പത്താം ക്ലാസ് പഠനകാലത്താണ് എൻജിനിയറിംഗ് ലക്ഷ്യമാക്കി സ്വീകരിച്ചതെന്ന് ദേവാനന്ദ് പറഞ്ഞു. ഒമ്പതാം ക്ലാസ് മുതൽ എൻട്രൻസ് ഫൗണ്ടേഷൻ കോഴ്സ് ചെയ്യുന്നുണ്ട്. മാതാപിതാക്കളുടെയും സഹോദരൻ ദേവനാഥിന്റെയും പിന്തുണയാണ് ഇത്തരമൊരു വിജയത്തിന് തന്നെ സഹായിച്ചതെന്നും ദേവാനന്ദ് പറഞ്ഞു.

## നോർക്ക കാനറാ ബാങ്ക് പ്രവാസി ബിസിനസ് ലോൺ ക്യാമ്പ് 20ന് മലപ്പുറത്ത്

കോഴിക്കോട്: പ്രവാസി സംരംഭകർക്കായി നോർക്ക റൂട്സും കാനറാ ബാങ്കും സംയുക്തമായി 2024 ജൂലൈ 20ന് മലപ്പുറത്ത് പ്രവാസി ബിസിനസ് ലോൺ ക്യാമ്പ് സംഘടിപ്പിക്കുന്നു. നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി. ആർ. ഇ.എം പദ്ധതി പ്രകാരമാണ് ക്യാമ്പ്. പദ്ധതിയുടെ നടപ്പുസാമ്പത്തികവർഷത്തെ പ്രോഗ്രാമുകളുടെ സംസ്ഥാനതല ഉദ്ഘാടനവും, സംരംഭകപരിശീലന പരിപാടിയും ഇതിനോടനുബന്ധിച്ച് നടക്കും. രണ്ട് വർഷത്തിൽ കൂടുതൽ വിദേശത്തു ജോലി ചെയ്തു നാട്ടിൽ സ്ഥിരതാമസമാക്കിയ പ്രവാസി കേരളീയർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും പ്രയോജനപ്പടുത്താം. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ പ്രവാസിസംരംഭകർക്ക് ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. താല്പര്യമുള്ളവർ 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമായിരിക്കും പ്രവേശനം. പാസ്സ്പോർട്ടിന്റെ കോപ്പിയും, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും, ആധാർ, പാൻകാർഡ്, ഇലക്ഷൻ ഐ.ഡി, റേഷൻ കാർഡ്, പദ്ധതി-വിശദീകരണം, പദ്ധതിക്കാവശ്യമായ മറ്റു രേഖകൾ എന്നിവ സഹിതമാണ് പങ്കെടുക്കേണ്ടത്. പ്രവാസി കൂട്ടായ്മകൾ, പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനികൾ, സൊസൈറ്റികൾ എന്നിവർക്കും അപേക്ഷിക്കാൻ അർഹതയുണ്ട്.

### പ്രവാചകവൈദ്യം: ജ്ഞാനോൽസവം 20ന്

കോഴിക്കോട്: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇസ്‌ലാമിക് മെഡിക്കൽ സയൻസ്, ജാമിഅതുത്തിബ്ബുന്നബവി ട്രസ്റ്റ് എന്നിവ നടത്തിവരുന്ന പ്രവർത്തനങ്ങൾ കാൽനൂറ്റാണ്ടിലേക്ക് കടന്നിരിക്കുന്നതിന്റെ ഭാഗമായി ജ്ഞാനോൽസവം 20ന് രാവിലെ 11 മണിക്ക് കോഴിക്കോട് ഗാന്ധിഗൃഹം ഹാളിൽ നടക്കും. 900 വർഷങ്ങളുടെ പൂർവ്വകാല അക്കാദമിക പ്രതാപമുണ്ടായിരുന്നതും ലോകത്തെ ആദ്യ യൂനിവേഴ് സിറ്റികൾക്ക് കാരണമായിരുന്നതുമായ മേഖലയാണ് പ്രവാചക വൈദ്യ ശാസ്ത്രമെന്നും ഈ വൈദ്യത്തെ അക്കാദമികമായി തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് പരിപാടിയെന്നും സ്വാഗതസംഘം ചെയർമാൻ ഡോ കെ ദുഷന്തൻ പത്രസമ്മേളനത്തിൽ പറഞ്ഞു.



ലോക്സഭാ തിരഞ്ഞെടുപ്പിൽ സുരേഷ് ഗോപിയുടെ വിജയത്തിന് പിന്നിൽ സി.പി.എം-ബി.ജെ.പി അവിശുദ്ധ കൂട്ടുകെട്ടാണ്. സുരേഷ് ഗോപി എം.പിയാകാൻ യോഗ്യനെന്ന് സി.പി.എമ്മിന് ഒപ്പംനിൽക്കുന്ന തൃശൂർ മേയർ പറഞ്ഞത് ഇതിന്റെ തെളിവാണ്. വിഷയത്തിൽ സി.പി.എം മൗനം പാലിക്കുന്നത് എന്തുകൊണ്ടാണ്. സുരേഷ് ഗോപിയെ പുകഴ്ത്തിയപ്പോഴും മേയറെ വിലക്കിയില്ല. വിഷയത്തിൽ സി.പി.എമ്മിന് പറയാനുള്ളത് അറിയണം.

– വി.കെ ശ്രീകണ്ഠൻ



മേയർ എം.കെ വർഗീസ് ലോക്സഭാ തിരഞ്ഞെടുപ്പിൽ പിന്നിൽ നിന്ന് കുത്തി. വികസന രാഷ്ട്രീയത്തിന്റെ പേരു പറഞ്ഞാണ് ബി.ജെ.പിയോടുള്ള മേയറുടെ അനുഭാവം. ഇതിനെതിരേ ശക്തമായ നിലപാടെടുക്കാൻ എൽ.ഡി.എഫിനും സി.പി.എമ്മിനും കഴിയാതെ പോയി. തൃശൂരിലെ തോൽവിയിൽ പൊലീസിനും പങ്കുണ്ട്. പൂരം നടത്തിപ്പിൽ പ്രവർത്തനപരിചയമുള്ള പൊലീസുകാരെ കമ്മീഷണർ പൂർണമായി മാറ്റിനിർത്തി. പൂരത്തിൽ വെടിക്കെട്ട് മാറ്റുന്നതടക്കമുള്ള തീരുമാനങ്ങൾ പെട്ടെന്നാണ് എടുത്തത്. പൂരം കമ്മിറ്റി ഇത് സംബന്ധിച്ച് ഒന്നും അറിഞ്ഞിട്ടില്ല.

– വി.എസ് സുനിൽ കുമാർ

വിദേശ വാർത്തകൾ

# വിദേശത്തേക്ക് വിദ്യാർത്ഥി കുടിയേറ്റം

## നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്

തിരുവനന്തപുരം: വിദേശ സർവകലാശാലകളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി. മാത്യു കുഴൽനാടനാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. നോർക്കയുടെ മൈഗ്രേഷൻ സർവ്വേയിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ വിദേശത്തേക്ക് പഠനത്തിന് പോയ വിദ്യാർത്ഥികളുടെ എണ്ണം ഇരട്ടിയായതായി കണ്ടെത്തിയിട്ടുണ്ടെന്ന് മാത്യു കുഴൽനാടൻ നോട്ടീസിൽ ചൂണ്ടിക്കാട്ടി.

ഇതിന് മറുപടി നൽകിയ ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു, പഠനത്തിനായി വിദ്യാർത്ഥികൾ വിദേശത്തേക്ക് പോകുന്നത് കേരളത്തിലെ മാത്രം പ്രശ്നമല്ലെന്നും ആഗോള പ്രതിഭാസമാണെന്നും സഭയെ അറിയിച്ചു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിന്ന് വിദേശ വിദ്യാഭ്യാസത്തിനായുള്ള കുടിയേറ്റം വെറും നാലുശതമാനമാണെന്ന് പറഞ്ഞ മന്ത്രി, കേരളത്തിലെ സർവകലാശാലകളുടെ തകർച്ച കൊണ്ടല്ല മറിച്ച് വിദ്യാഭ്യാസത്തിനൊപ്പം തൊഴിൽ ലഭ്യതയാണ് വിദേശത്തേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതെന്നും ചൂണ്ടിക്കാട്ടി. രാജ്യാന്തര തലത്തിൽ കേരളത്തിലെ സർവ്വകലാശാലകളുടെ കീർത്തി വർദ്ധിക്കുകയാണ്. വിദ്യാർത്ഥികൾ വിദേശത്തേക്ക് കുടിയേറുന്നത് കുറ്റമല്ലെന്നും മഹാത്മാഗാന്ധി വരെ വിദേശത്താണ് പഠിച്ചതെന്നും ഉന്നത വിദ്യാഭ്യാസ മന്ത്രി പറഞ്ഞു.

പത്താംക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് പോലും എഴുത്തും വായനയും അറിയില്ലെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും മന്ത്രി സജി ചെറിയാന്റെയും വിമർശനങ്ങൾ തള്ളിക്കളയേണ്ടതല്ലെന്ന് മാത്യു കുഴൽനാടൻ ചൂണ്ടിക്കാട്ടി. സത്യം പറഞ്ഞ മന്ത്രിയെ തിരുത്താനാണ് വിദ്യാഭ്യാസ മന്ത്രിയും സർക്കാരും ശ്രമിക്കുന്നത്. പുതിയ തലമുറ കേരളത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നില്ല. എങ്ങനെയെങ്കിലും ഇവിടുന്ന് രക്ഷപ്പെട്ടാൽ മതിയെന്നാണ് ചിന്ത. രണ്ടര ലക്ഷം വിദ്യാർത്ഥികൾ വിദേശത്ത് പഠനത്തിനായി പോയെന്നാണ് 2023ലെ കണക്ക്. എന്നിട്ടും പരിഹാരം ഉണ്ടാക്കാൻ സർക്കാരിന് കഴിയുന്നില്ലെന്ന് മാത്യു ചൂണ്ടിക്കാട്ടി. പുതിയ തലമുറ ആഗ്രഹിക്കുന്നത് ജീവിക്കാനുള്ള അവസരമാണ്. അതിവിടില്ല. സാമ്പത്തിക സ്രോതസുകൾ കുറഞ്ഞു. തൊഴിൽ അവസരങ്ങളും കുറഞ്ഞു. നഗര തൊഴിൽ വിഭാഗത്തിൽ ജമ്മുവിനേക്കാൾ പിറകിലാണ് കേരളം. ദേശീയ പരീക്ഷകളിൽ മലയാളി വിദ്യാർത്ഥികൾക്ക് മുന്നേറാൻ കഴിയുന്നില്ല. അതിന്റെ കാരണം പോലും സർക്കാർ ഗൗരവമായി കാണുന്നില്ല. ഇങ്ങനെ പോയാൽ ചെറുപ്പക്കാർ വിദേശ രാജ്യങ്ങളിൽ താമസം ഉറപ്പിക്കുമെന്നും കേരളം വൃദ്ധ സദനമായി മാറുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രത്യയശാസ്ത്ര പിടിവാശി കാരണം മറ്റ് സംസ്ഥാനങ്ങൾക്കുണ്ടാകുന്ന ചില നേട്ടങ്ങൾ കേരളത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തെ ആഴത്തിലുള്ള പ്രശ്നങ്ങൾ ഒറ്റക്കെട്ടായി ചർച്ച ചെയ്ത് പരിഹരിക്കേണ്ടതുണ്ടെന്നും മാത്യു കുഴൽനാടൻ വ്യക്തമാക്കി.

എന്നാൽ, പ്രത്യയശാസ്ത്ര പിടിവാശിയെന്ന മാത്യു കുഴൽനാടന്റെ പരാമർശത്തെ മന്ത്രി തള്ളിക്കളഞ്ഞു. വിദ്യാർത്ഥികൾ പുറത്തുപോയി പഠിക്കുന്നതിനെ സർക്കാരിന് തടയിടാനാകില്ല. അവർ പുറത്ത് പോയി പഠിക്കട്ടെ, അവർ രാജ്യത്തിന് സംഭാവനകൾ നൽകട്ടെ. ചർച്ചയുടെ ആവശ്യമില്ലെന്നും മന്ത്രി വ്യക്തമാക്കി.

ചെറുപ്പക്കാർ പഠിക്കാൻ പോകുന്നതിൽ തെറ്റില്ലെന്നും എന്നാൽ അവരവിടെ താമസമാക്കുന്നത് കേരളത്തിന് നഷ്ടമാണെന്നും എൽദോസ് കുന്നപ്പിള്ളിയും ചൂണ്ടിക്കാട്ടി. ഭാവിയിൽ ചെറുപ്പക്കാർ ഇല്ലാത്ത സ്റ്റേറ്റായി കേരളം മാറുമെന്നും അതാണ് ചർച്ച ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സ്പീക്കർ എ.എൻ ഷംസീർ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചു. ഉന്നത വിദ്യാഭ്യാസ രംഗം ഗംഭീരമാണെന്ന് മന്ത്രി പറയുമ്പോഴും കേരളത്തിലെ പത്തു സർവകലാശാലകളിൽ വൈസ് ചാൻസലർമാർ ഇല്ലെന്ന് ഓർക്കണമെന്ന് വാക്കൗട്ട് പ്രസംഗത്തിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ കുറ്റപ്പെടുത്തി. നേരത്തെ 85 ശതമാനത്തിന് മുകളിൽ മാർക്കില്ലെങ്കിൽ കെമിസ്ട്രി, ഫിസിക്സ് വിഷയങ്ങളിൽ ബിരുദത്തിന് പ്രവേശനം ലഭിക്കാത്ത സ്ഥിതിയായിരുന്നെങ്കിൽ, ഇപ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. അമിതരാഷ്ട്രീയവത്ക്കരണവും വിദ്യാർത്ഥികളെ ക്യാമ്പസുകളിൽ നിന്ന് അകറ്റിയെന്ന് പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാട്ടി. തുടർന്ന് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോകുകയായിരുന്നു.

### പ്ലസ് വൺ 120 താൽകാലിക ബാച്ച്

# പോരാട്ട വിജയം

**പുതുതായി 7,200 പേർക്കു കൂടി സീറ്റ് ലഭിക്കും 2,582 പേർ സീറ്റില്ലാതെ പുറത്തു തന്നെ**

മലപ്പുറം: ജില്ലയുടെ ഒറ്റക്കെട്ടായുള്ള സമരവീര്യത്തിന്റെ ഫലമാണ് നിയമസഭയിൽ ഇന്നലെ മുഴങ്ങികേട്ടത്. പ്ലസ് വൺ സീറ്റ് വിഷയത്തിൽ സർക്കാർ താൽക്കാലിക ബാച്ചുകൾ അനുവദിച്ചുള്ള വിദ്യാഭ്യാസ മന്ത്രിയുടെ പ്രഖ്യാപനം മുസ്ലിം ലീഗിന്റെയും പോഷക സംഘടനകളുടെയും, മറ്റു പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുടെയും, വിദ്യാർഥി സംഘടനകളുടെയും മുറവിളികളുടെ പ്രതിധ്വനികൂടിയാണ്. പിണറായി പൊലീസിന്റെ ലാത്തിക്കുമുന്നിൽ മുട്ടുമടക്കാതെ പോരാട്ടത്തിന്റെ തീപന്തങ്ങളായി ജ്വലിച്ചു നിന്ന എം.എസ്.എഫ് ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകൾ ഒരുനാടിന്റെ തീരാദുരിതം തീർക്കാനായ് മുറവിളികൂട്ടിയതിന്റെ ഫലം കൂടിയാണ് ഈ വിജയം. ജില്ലയിൽ നിന്നുള്ള എം.എൽ.എമാർ നിയമസഭയിൽ നടത്തിയ ചോദ്യങ്ങളും ബഹളങ്ങളും, ജില്ലാ പഞ്ചായത്ത് അടക്കമുള്ള തദ്ദേശ സ്ഥാപനങ്ങളുടെ സമ്മർദവും കൂടി ചേർന്നപ്പോൾ ആയിരക്കണക്കിന് വിദ്യാർഥികളുടെ അവകാശമാണ് നേടിയെടുക്കാനായത്.

120 താൽക്കാലിക ബാച്ചുകളാണ് മലപ്പുറത്തിനായി അനുവദിച്ചിട്ടുള്ളത്. ജില്ലയിലെ 74 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലായി 58 ഹ്യൂമാനിറ്റീസ് ബാച്ചുകളും 62 കൊമേഴ്സ് ബാച്ചുകളുമാണ് വരിക. ഒരു ബാച്ചിൽ 60 പേർക്ക് പ്രവേശനം നൽകുമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇതുവഴി 7,200 പേർക്കു കൂടി സീറ്റ് ലഭിക്കും. ഹ്യൂമാനിറ്റീസിന് 3480 സീറ്റുകളും കൊമേഴ്സിനു 3720 സീറ്റുകളും ലഭിക്കും. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് കണക്കുപ്രകാരം ജില്ലയിൽ 9882 പേരാണു പുറത്തുള്ളത് 60 സീറ്റുകൾ നൽകിയാൽ ഇവരിൽ ഇനി 2,582 പേരാണു സീറ്റില്ലാതെ പുറത്താകുക.

അനുവദിച്ച ബാച്ചുകളിൽ സയൻസ് ബാച്ചുകൾ ഇല്ലെന്നത് പ്രതിഷേധത്തിന് വകനൽകുന്നതാണ്. എന്നാൽ ജില്ലയിൽ ഏറ്റവും കൂടുതൽ സയൻസ് ബാച്ചുകളാണു നിലവിലുള്ളതെന്നും ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകളുടെ കുറവുണ്ടെന്നുമാണ് സമിതി നൽകിയ റിപ്പോർട്ടിലുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ രണ്ടു സബ്ജക്റ്റുകളിൽ ബാച്ചുകൾ അനുവദിച്ചത്. നിലവിൽ മലപ്പുറത്ത് 352 സയൻസ് ബാച്ചുകളാണു നിലവിലുള്ളത്. ഹ്യുമാനിറ്റീസ് -210, കൊമേഴ്സ് -277 ബാച്ചുകൾ വീതവും പുതുതായി വരുന്ന ബാച്ചുകൾ കൂടി ചേരുമ്പോൾ ഹ്യൂമാനിറ്റീസ്-268 ഉം കൊമേഴ്സ്-339 ഉം ബാച്ചുകളാകും.

ജില്ലയിലെ 85 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളുടെ ഭൗതിക സാഹചര്യം പരിശോധിച്ചതിൽ 74 എണ്ണത്തിൽ പുതിയ ബാച്ചുകൾ തുടങ്ങുന്നതിനുള്ള ഭൗതിക സാഹചര്യമുണ്ടെന്നാണു സമിതുയുടെ കണ്ടെത്തൽ. നിലവിൽ ഹയർസെക്കൻഡറി സ്കൂളുകളില്ലാത്ത ഹൈസ്കൂളുകളിൽ പ്ലസ് വൺ ആരംഭിക്കുമെന്ന പ്രതീക്ഷ ആദ്യഘട്ടത്തിലുണ്ടായിരുന്നു. എന്നാൽ അവിടെ സമിതി പരിശോധന നടത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ ഇവ ഹയർസെക്കന്ററിയായി അപ്ഗ്രേഡ് ചെയ്യുന്ന വിഷയം പരിഗണിച്ചിട്ടില്ല. താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നതിനു സർക്കാർ സ്കൂളുകളെ മാത്രമേ പരിഗണിച്ചിട്ടൊള്ളു. ഏതൊക്കെ താലൂക്കുകളിൽ ഏതൊക്കെ സ്കൂളുകളിൽ ബാച്ചുകൾ അനുവദിച്ചെന്ന വിവരങ്ങളെല്ലാം കാബിനറ്റ് മീറ്റിങ്ങിനു ശേഷം ഉത്തരവിറങ്ങുമെന്നാണ് പ്രതീക്ഷ.

## പ്ലസ് വൺ സീറ്റ്: മലബാറിലെ പ്രതിസന്ധി പരിഹരിക്കപ്പെട്ടിട്ടില്ല: പി.എം.എ സലാം

**മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം നൽകണം**



കോഴിക്കോട്ട്: മലപ്പുറത്ത് ഏതാനും താൽക്കാലിക ബാച്ചുകൾ മാത്രം അനുവദിച്ചത് കൊണ്ട് മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കപ്പെട്ടില്ലെന്ന് മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം പറഞ്ഞു. മലപ്പുറത്ത് ഇപ്പോഴും 2591 സീറ്റുകളുടെ കുറവുണ്ട്. പാലക്കാട്ടും കോഴിക്കോടും ഒരു ബാച്ച് പോലും അനുവദിച്ചിട്ടില്ല. മലപ്പുറത്തിന്റെ മാത്രം പ്രശ്നമായി ഇതിനെ കാണരുതെന്ന് മുസ്ലിം ലീഗ് നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ അതെല്ലാം അവഗണിച്ച് കൊണ്ടാണ് മലപ്പുറത്ത് ഏതാനും താൽക്കാലിക ബാച്ചുകൾ അനുവദിച്ച് തടിതപ്പാൻ വിദ്യാഭ്യാസ വകുപ്പ് ഒരുങ്ങുന്നത്.

പാലക്കാട് 4383 സീറ്റുകളുടെ കുറവുണ്ട്. 73 ബാച്ചുകളെങ്കിലും അനുവദിച്ചാലേ ഈ പ്രശ്നം പരിഹരിക്കപ്പെടൂ. മലപ്പുറത്ത് ഇനിയും 43 ബാച്ചുകളെങ്കിലും വേണം. കോഴിക്കോട്ട് 37 ബാച്ചുകളുടെ കുറവുണ്ട്. മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം നൽകാതെ പ്രശ്നം പരിഹരിക്കപ്പെടില്ലെന്ന് പി.എം.എ സലാം പറഞ്ഞു.

മലപ്പുറത്തിന് ഇപ്പോൾ അനുവദിച്ച താൽക്കാലിക ബാച്ചുകളെല്ലാം ഹ്യൂമാനിറ്റീസ്, കോമേഴ്സ് വിഷയങ്ങളിലാണ്. ഒരു സയൻസ് ബാച്ച് പോലും പുതുതായി അനുവദിച്ചിട്ടില്ല.

മലബാറിലെ കുട്ടികൾ സയൻസ് ഗ്രൂപ്പ് പഠിക്കേണ്ടെന്നാണ് സർക്കാർ പറയുന്നത്. ഇത് അന്യായമാണ്. അനുവദിച്ച ബാച്ചുകളിൽ സയൻസ് ഗ്രൂപ്പ് കൂടി ഉൾപ്പെടുത്തണം. മലബാറിൽ പഠിക്കാൻ സീറ്റ് അധികമാണ് എന്നായിരുന്നു വിദ്യാഭ്യാസ മന്ത്രി തുടക്കം തൊട്ടേ പറഞ്ഞുകൊണ്ടിരുന്നത്. മുസ്ലിംലീഗിന്റെയും പോഷക ഘടകങ്ങളുടെയും നിരന്തര സമരങ്ങളുടെ ഭാഗമായി ആ വാദം ഉപേക്ഷിച്ചതിൽ സന്തോഷമുണ്ട്. എന്നാൽ, പ്രശ്നം പൂർണമായും പരിഹരിക്കുന്നത് വരെ മുസ്ലിംലീഗ് സമര രംഗത്തുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

### മാന്നാർ കൊലപാതകം

## പ്രതികളുടെ വക്കാലത്ത് ഒഴിയാൻ പാർട്ടി വക്കീലിനോട് സി.പി.എം

ആലപ്പുഴ: മാന്നാർ കലയുടെ കൊലപാതക കേസിൽ പ്രതിഭാഗത്തിന് വേണ്ടി ഹാജരായ സി.പി.എം നേതാവായ അഭിഭാഷകനോട് വക്കാലത്ത് ഒഴിയാൻ പാർട്ടി നിർദ്ദേശം. ബുധനൂരിലെ പ്രമുഖ സി.പി.എം നേതാവും മന്ത്രി സജി ചെറിയാന്റെ നേതൃത്വത്തിൽ നടക്കുന്ന കരുണ പാലിയേറ്റീവ് കെയറിന്റെ മുഖ്യരക്ഷാധികാരിയുമായ സുരേഷ് മത്തായിയാണ് പ്രതികൾക്ക് വേണ്ടി ഹാജരായത്. ഭരണ സ്വാധീനം ഉപയോഗിച്ചും രാഷ്ട്രീയ ഇടപെടൽ നടത്തിയും പ്രതിഭാഗം കേസ് ഇല്ലാതാക്കാൻ ശ്രമിക്കുമെന്ന് ദളിത് സംഘടനകൾ ഉൾപ്പെടെ ആശങ്ക ആരോപണം ഉന്നയിച്ച സാഹചര്യത്തിലാണ് സി.പി.എം നേതൃത്വം വിഷയത്തിൽ ഇടപ്പെട്ടത്.

സി.പി.എം അനുഭാവിയായ പ്രതിഭാഗം വക്കീലിനോട് വക്കാലത്ത് ഒഴിയാൻ പാർട്ടി നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി സജി ചെറിയാനും ഇന്നലെ പറഞ്ഞു. വക്കീൽ എന്ന നിലയിൽ ഒരു കേസിൽ ഹാജരാകുന്നതിന് തെറ്റില്ല. എങ്കിലും പാർട്ടിയിൽ പ്രവർത്തിക്കുന്ന വക്കീൽ എന്ന നിലയിൽ കേസിൽ ഹാജരാകാൻ പാടില്ല. അതുകൊണ്ടാണ് വക്കാലത്ത് ഒഴിയാൻ നിർദേശം നൽകിയത്. പാർട്ടിയെന്ന നിലയിൽ ആരെങ്കിലും കലയുടെ കുടുംബത്തിന്റെ ഒപ്പം നിൽക്കാതെ പ്രവർത്തിച്ചാൽ അവർ പാർട്ടിക്ക് പുറത്താകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. അതേ സമയം കൊലപാതക കേസിൽ അറസ്റ്റിലായ പ്രതികളെ ഇന്നലെ കോടതിയിൽ ഹാജരാക്കി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

## വാഹനങ്ങളുടെ രൂപമാറ്റം: സിവിൽ സർവീസ് ഉദ്യോഗസ്ഥർക്ക് ഹൈക്കോടതിയുടെ വിമർശനം

കൊച്ചി: ഐഎഎസ്, ഐപിഎസ് ഉദ്യോഗസ്ഥരെ രൂക്ഷമായി വിമർശിച്ച് ഹൈക്കോടതി. ഐഎഎസ്, ഐപിഎസ് ഉദ്യോഗസ്ഥർ രൂപമാറ്റം വരുത്തിയ വാഹനങ്ങൾ ഉപയോഗിക്കുന്നുവെന്ന് ഹൈക്കോടതി പരാമർശിച്ചു. ഒരു ഐജി ഡ്യൂട്ടി കഴിഞ്ഞ് മടങ്ങിയത് ബീക്കൺ ലൈറ്റിട്ട വാഹനത്തിലാണെന്ന് വ്യക്തമാക്കിയാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് രൂക്ഷ വിമർശനം നടത്തിയത്. അടിയന്തിര സാഹചര്യങ്ങളിൽ പ്രവർത്തിപ്പിക്കാനാണ് ബീക്കൺ ലൈറ്റെന്നും കോടതി ഓർമിപ്പിച്ചു. ഇത്തരം നിയമ ലംഘനങ്ങൾ കാണാതെ പോകുന്നതെന്താണെന്ന് കോടതി ചോദിച്ചു. ഇത്തരം വിഷയങ്ങളിൽ നടപടികൾ ഉണ്ടാകാത്തത് കൃത്യനിർവ്വഹണ വിലോപമായിട്ടേ കാണാൻ കഴിയു എന്ന് കോടതി വിലയിരുത്തി.അരൂർ തുറവൂർ ദേശീയപാത നിർമ്മാണവും കോടതി പാരാമർശിച്ചു.

## ലിവിംഗ് ടുഗതർ ബന്ധങ്ങൾ വിവാഹമല്ല: ഹൈക്കോടതി

കൊച്ചി: ലിവിംഗ് ടുഗതർ ബന്ധങ്ങൾ വിവാഹമല്ലെന്നു ഹൈക്കോടതി. പങ്കാളിയെ ഭർത്താവെന്ന് പറയാനാകില്ലെന്നും കോടതി വ്യക്തമാക്കി. നിയമപരമായി വിവാഹം കഴിച്ചാൽ മാത്രമേ ഭർത്താവെന്ന് പറയാനാകൂ. ലിംവിംഗ് ടുഗതർ ബന്ധങ്ങളിൽ പങ്കാളിയെന്നേ പറയാനാകൂവെന്നും കോടതി വ്യക്തമാക്കി. ലിവിങ് ടുഗതർ പങ്കാളികകളായ എറണാകുളം സ്വദേശിയായ യുവാവിനെതിരെ കൊയിലാണ്ടി പൊലീസ് രജിസ്റ്റർ ചെയ്ത ഗാർഹിക പീഡനക്കേസ് റദ്ദാക്കിയാണ് കോടതിയുടെ നിരീക്ഷണമുണ്ടായത്.

## സഞ്ജു ടെക്കിയെ കുട്ടികളുടെ പരിപാടിയിൽ മുഖ്യാതിഥിയാക്കിയത് വിവാദമായി

ആലപ്പുഴ: കാറിനുള്ളിൽ സ്വിമ്മിംഗ് പൂൾ സൃഷ്ടിച്ചതിന് നടപടി നേരിട്ട യൂട്യൂബറെ വിദ്യാർഥികളുടെ മാഗസീൻ പ്രകാശന ചടങ്ങിൽ മുഖ്യാതിഥിയാക്കി ആലപ്പുഴ ജില്ലാ പഞ്ചായത്ത്. സംഭവം വിവാദമായതോടെ പരിപാടിയിൽ നിന്നും പിന്മാറി വിവാദ യൂട്യൂബർ സഞ്ജുടെക്കി. സി.പി.എം നേതാവും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ആര്യാട് ഡിവിഷൻ അംഗവുമായ ആർ. റിയാസ് മുഖ്യസംഘാടകനായി മഴവില്ല് എന്ന പേരിലാണ് മണ്ണഞ്ചേരി ഗവ. ഹൈസ്കൂളിൽ ഇത്തരമൊരു പരിപാടി സംഘടിപ്പിച്ചത്. സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ എന്നാണ് സഞ്ജുവിന് നോട്ടീസിൽ നൽകിയിരിക്കുന്ന വിശേഷണം. ഗതാഗത നിയമങ്ങൾ പലതവണ ലംഘിച്ചൊരാളെ പങ്കെടുപ്പിക്കുന്നതിലൂടെ കുട്ടികൾക്ക് എന്ത് സന്ദേശമാണ് നൽകുന്നതെന്നതായിരുന്നു വിമർശകർ ഉയർത്തിയ ചോദ്യം. ഇതിന് പിന്നാലെയാണ് പരിപാടിയിൽ നിന്നും സഞ്ജു പിന്മാറിയത്.

### ടി.വി ഇബ്രാഹീമിന്റെ ശ്രദ്ധക്ഷണിക്കൽ

## പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഉദ്യോഗതലത്തിൽ പ്രാതിനിധ്യം ഉറപ്പുവരുത്തും

തിരുവനന്തപുരം: സംസ്ഥാനത്തെ പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഉദ്യോഗതലത്തിൽ പ്രാതിനിധ്യം ഉറപ്പുവരുത്തുമെന്ന് പട്ടികജാതി/പട്ടികവർഗ പിന്നോക്ക ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി ഒ. ആർ കേളു. നിയമസഭയിൽ ടി.വി ഇബ്രാഹിമിന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ മുസ്ലിംകൾ ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗങ്ങളുടെ സമഗ്രവും സർവ്വോമുഖവുമായ വികസനത്തിന് നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗ മേഖലയിൽ ക്ലാസ് ഫോർ തസ്തികളിൽ 10 ശതമാനവും ഇതര തസ്തികകളിൽ 12 ശതമാനവും സംവരണം മുസ്ലിംകൾക്ക് പ്രത്യേകമായി അനുവദിക്കുന്നുണ്ടെന്നും മന്ത്രി വിശദീകരിച്ചു.

മുസ്ലിം സമുദായത്തിന് ജനസംഖ്യാപരമായ പ്രാതിനിധ്യം ഉദ്യോഗതലത്തിലില്ലെന്നും ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ച് കൊണ്ട് ടി.വി ഇബ്രാഹീം അഭിപ്രായപ്പെട്ടു. സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യത്തെ കുറിച്ചുള്ള സ്ഥിതി വിവരണ കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. ചില സമുദായങ്ങൾ അനർഹമായി പലതും നേടിയെന്ന്, വർഗീയ ധ്രുവീകരണത്തിന് ഇടയാക്കുന്ന തരത്തിൽ നടക്കുന്ന പ്രചരണങ്ങൾ ശരിയല്ലെന്ന് ഇത് തെളിയിക്കുന്നു.

സംസ്ഥാന ജനസംഖ്യയുടെ നാലിലൊന്ന് വരുന്ന മുസ്ലിം സമുദായത്തിന്, സർക്കാർ ഉദ്യോഗ തലത്തിലെ പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി തട്ടിച്ചു നോക്കിയാൽ മറ്റുള്ളവരെ അപേക്ഷിച്ച് വളരെ പിന്നിലാണെന്ന് കണ്ടെത്താൻ സാധിക്കും. യു.പി.എ സർക്കാരിന്റെ കാലത്ത് നിയമിതമായ സച്ചാർ കമ്മീഷൻ പുറത്ത് വിട്ട റിപ്പോർട്ടും അത് കേരളീയ സാഹചര്യത്തിൽ എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന് കണ്ടെത്തുന്നതിന് നിയമിതമായ പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി റിപ്പോർട്ടും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടും ഈ അസന്തുലിതാവസ്ഥയ്ക്ക് കാര്യമായ മാറ്റം വന്നിട്ടില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

കേവലം ഉദ്യോഗതലത്തിലെ പ്രാതിനിധ്യം എന്നതിനപ്പുറം ഉദ്യോഗസ്ഥ ഭരണ മേഖലകളിൽ എല്ലാ വിഭാഗങ്ങളെയും പങ്കാളികളാക്കി ജനാധിപത്യത്തിന്റെ വിശാലതലത്തിലേക്ക് മുഴുവൻ സമൂഹത്തിനും കടന്നുവരാൻ സാഹചര്യമൊരുക്കുക എന്നത് വളരെ പ്രാധാന്യമുള്ളതാണ്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെ തുടർന്ന് യു.പി.എ സർക്കാർ ന്യൂനപക്ഷ ശാക്തീകരണത്തിന് വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിരുന്നു. എന്നാൽ ബി.ജെ.പി സർക്കാർ അധികാരത്തിൽ വന്നതോടെ ഇത്തരം പദ്ധതികളിൽ ചിലതിന്റെ പണം വെട്ടി ചുരുക്കുകയും മറ്റു ചിലത് ഉപേക്ഷിക്കുകയും ചെയ്തു. ഇതുമൂലം തൊഴിൽ രംഗത്തുള്ള മത്സരപരീക്ഷകളിൽ ആവശ്യമായ പരിശീലനം നൽകുന്നതിനും മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനും സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ മുമ്പ് നടന്ന പഠന റിപ്പോർട്ടുകളിൽ ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കും നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിരുന്ന പദ്ധതികൾ നടപ്പിലാക്കുകയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും വേണമെന്ന് ടി.വി ഇബ്രാഹിം ആവശ്യപ്പെട്ടു.

## ഇടത് സർക്കാർ ധൂർത്തും ആഡംബരവും അഴിമതിയും അവസാനിപ്പിക്കണമെന്ന് പി. അബ്ദുൽ ഹമീദ്

തിരുവനന്തപുരം: സാമ്പത്തിക ഞെരുക്കം കാരണം വീർപ്പു മുട്ടുന്ന സാഹചര്യത്തിൽ സർക്കാർ നടത്തുന്ന ധൂർത്തും ആഡംബരവും അഴിമതികളും അവസാനിപ്പിക്കണമെന്ന് പി. അബ്ദുൽ ഹമീദ്. നിയമസഭയിൽ ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ നികുതി കൃത്യമായി പിരിച്ച് വരുമാനത്തിനനുസരിച്ചു ചെലവഴിച്ച് ജനക്ഷേമകരമായ പരിപാടികളും വികസന പ്രവർത്തനങ്ങളും മുന്നോട്ട് കൊണ്ടുപോകുന്നതിൽ സർക്കാർ പാടെ പരാജയപ്പെട്ടുവെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. സാമ്പത്തിക ബുദ്ധിമുട്ടുകൾ പറഞ്ഞ് പണത്തിനായി കേന്ദ്ര സർക്കാരിന്റെ മുന്നിൽ യാചിച്ചു നില്ക്കാതെ, സംസ്ഥാനത്തെ വിഭവങ്ങൾ ഉപയോഗിച്ച് പരമാവധി വരുമാനം കണ്ടെത്തുകയും ജി.എസ്.ടി പിരിവ് കാര്യക്ഷമാക്കാൻ സർക്കാർ സംവിധാനങ്ങൾ ഫലപ്രധമായി ഉപയോഗിക്കുകയും വേണം.എല്ലാ വകുപ്പുകളും ധനപ്രതിസന്ധി കാരണം വീർപ്പുമുട്ടുകയാണ്. കഴിഞ്ഞ 3 വർഷമായി പുതിയ ഒരു പദ്ധതിയും ആരംഭിക്കാനായില്ല. ക്ഷേമ പെൻഷനുകൾ മുടങ്ങുന്നു. മത്സ്യതൊഴിലാളികൾക്ക് നൽകേണ്ട മണ്ണെണ്ണ സബ്സിഡി, അവരുടെ മക്കളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, റേഷൻ വ്യപാരികൾക്കു നൽകേണ്ട ആനുകൂല്യങ്ങൾ തുടങ്ങിയവയെല്ലാം മുടങ്ങി. വാട്ടർ അതോറിറ്റി പെൻഷൻകാർ അവരുടെ ആനുകൂല്യങ്ങൾക്കായി മാസങ്ങളോളം സമരം നടത്തി. ജനകീയ ഹോട്ടൽ നടത്തുന്ന വനിതകൾ ആത്മഹത്യയുടെ വക്കിലാണ്. അവർക്ക് നൽകേണ്ട സബ്സിഡി തുക പോലും സർക്കാർ അനുവദിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളെ വരിഞ്ഞു മുറുക്കുകയാണ്. അവരുടെ ദൈനംദിന ചിലവുകൾക്കുപോലും ഫണ്ടില്ലാത്ത അവസ്ഥ.സംസ്ഥനത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാനും സാമ്പത്തിക അച്ചടക്കം തിരികെ കൊണ്ട് വരുവാനും കിഫ്ബി നിയമത്തിൽ ചില ഭേദഗതികൾ വരുത്തേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നിലവിൽ മോട്ടോർ വെഹിക്കിൾ നികുതിയുടെ 50 ശതമാനവും ഇന്ധന സെസ്സിന്റെ 100 ശതമാനവും ഓട്ടോമാറ്റിക്കായി സർക്കാർ അക്കൗണ്ടിൽ നിന്നും കിഫ്ബിയുടെ പക്കലുള്ള സ്വകാര്യ ബാങ്കുകളുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ഈ പണം ട്രഷറികളിൽ നിക്ഷേപമായി വരുന്നില്ല. നിലവിലെ ഈ വ്യവസ്ഥക്ക് പകരം ഒരു സാമ്പത്തിക വർഷത്തിൽ കിഫ്ബി മുഖേന നിർവഹണം നടത്തുന്ന പ്രവൃത്തികൾക്കായി നിശ്ചിത തുക ബജറ്റിൽ വകയിരുത്തുകയും ആ തുക കിഫ്ബിക്ക് സ്വതന്ത്രമായി ചെലവഴിക്കാൻ അനുവാദം നൽകുകയും ചെയ്യണം. അതിനു പുറമേ ആവശ്യമായി വരുന്ന തുക പിന്നീട് കിഫ്ബിക്ക് അനുവദിക്കുന്ന രീതി പരിഗണിച്ചാൽ സ്വകാര്യ ബാങ്കുകളിലേക്ക് പോകുന്ന ഭീമമായ തുക ട്രഷറികളിൽ നിക്ഷേപിക്കാൻ സാധിക്കും. ഇതു ഒരു പരിധിവരെ നിലവിലെ സാമ്പത്തിക പ്രതിസന്ധിക്ക് ആശ്വാസകരമാകുമെന്നും പി.അബ്ദുൽ ഹമീദ് ചൂണ്ടിക്കാട്ടി.

### ക്രമപ്രശ്നം ഉന്നയിച്ച് എൻ ഷംസുദ്ദീൻ

## ഉന്നത വിദ്യാഭ്യാസ വകുപ്പിനെതിരെ സ്പീക്കറുടെ റൂളിംഗ്

തിരുവനന്തപുരം: 2021ൽ നിയമസഭ പാസാക്കിയ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിന്റെ സ്റ്റാറ്റ്യൂട്ടും ചട്ടവും രൂപീകരിക്കാത്തതിനെതിരെ സ്പീക്കറുടെ റൂളിംഗ്. ഇത് സംബന്ധിച്ച് എൻ ഷംസുദ്ദീൻ ഉന്നയിച്ച ക്രമപ്രശ്നത്തിലാണ് സ്പീക്കറുടെ റൂളിംഗ്.

ഒരു നിയമം പാസാക്കിക്കഴിഞ്ഞാൽ 90 ദിവസത്തിനകം നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള ചട്ടങ്ങൾക്ക് രൂപം കൊടുക്കേണ്ടതും അതിന്റെ കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നുമാണ് വ്യവസ്ഥ. എന്നാൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമം പാസാക്കിയിട്ട് മൂന്നുവർഷം പിന്നിട്ടിട്ടും ചട്ടങ്ങൾ രൂപീകരിക്കുകയോ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് എൻ. ഷംസുദ്ദീൻ ക്രമപ്രശ്നത്തിലൂടെ ചൂണ്ടിക്കാട്ടി.

നിയമസഭ സർക്കാരിനെ ഏൽപ്പിക്കുന്ന ലോ മേക്കിങ് പവേഴ്സ് ഉപയോഗിച്ച് പുറപ്പെടുവിക്കുന്ന ചട്ടങ്ങളും സ്റ്റാറ്റ്യൂട്ടുകളും ഉൾക്കൊള്ളുന്ന നോട്ടിഫിക്കേഷൻ യഥാസമയം സർക്കാർ സഭയുടെ മേശപ്പുറത്ത് വെക്കാത്തത് അവകാശ ലംഘനമാണ്. ഇത്തരത്തിൽ ചട്ടങ്ങളും സ്റ്റാറ്റ്യൂട്ടുകളും മേശപ്പുറത്ത് വെക്കുന്നതിൽ അകാരണമായ കാലതാമസം ഉണ്ടാകുന്നത് വിഷയത്തിൽ അംഗങ്ങൾക്ക് ഇടപെടാനുള്ള അവസരമാണ് നഷ്ടപ്പെടുത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ആക്ടിലെ 72 വകുപ്പ് പ്രകാരം ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ ഈ ആക്ട് നിലവിൽ വരുന്നതോടുകൂടി കേരളത്തിലെ മറ്റുള്ള സർവകലാശാലകളിൽ നടപ്പാക്കുവാൻ സാധിക്കില്ല. പ്രതിപക്ഷം അന്ന് ഇതിനെ എതിർത്തിരുന്നു.

ഈ സാഹചര്യത്തിൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ പൂർണ്ണരൂപത്തിൽ ആക്കുവാൻ സ്റ്റാറ്റ്യൂട്ടും ചട്ടങ്ങളും അടിയന്തരമായി നടപ്പിൽ വരുത്തണമെന്നും അതുവരെ മറ്റു സർവകലാശാലകൾക്ക് പഴയ രീതിയിൽ പ്രൈവറ്റ് രജിസ്ട്രേഷനും ഡിസ്റ്റൻസ് എഡ്യൂക്കേഷനുമുള്ള സൗകര്യം നിലനിർത്തുവാൻ നടപടി ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

നിയമസഭ പാസാക്കിയ നിയമത്തിന് അനുസരിച്ചുള്ള ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നില്ല എന്നത് സംബന്ധിച്ച് പലതവണ താക്കീത് നൽകിയിട്ടും സർക്കാർ ഇതിനെ ഗൗരവപരമായി കാണുന്നില്ലെന്ന് റൂളിംഗ് നൽകികൊണ്ട് സ്പീക്കർ പറഞ്ഞു.

ഓരോ കാരണങ്ങൾ പറഞ്ഞ് ഇത് നീട്ടിക്കൊണ്ടു പോകുന്നത് ഗൗരവത്തോടെയാണ് കാണുന്നത്. നിയമസഭാ പാസാക്കിയ ഓപ്പൺ യൂണിവേഴ്സിറ്റി ചട്ടങ്ങൾ ഉൾപ്പെടെ ഇനിയും പുറപ്പെടുവിക്കേണ്ട എല്ലാ ചട്ടങ്ങളും സമയബന്ധിതമായി തയ്യാറാക്കി വിജ്ഞാപനം നടത്തുവാൻ ആവശ്യമായ സർക്കാർതല ക്രമീകരണം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് സ്പീക്കർ റൂൾ ചെയ്തു.



# വേദനയോടെ മടക്കം

## തോമസ് മുള്ളർ വിരമിക്കുന്നു

ബെർലിൻ: ഫുട്ബോൾ ലോകം മറക്കാത്ത ജർമൻ മുൻനിരക്കാരനാണ് തോമസ് മുള്ളർ. സ്വന്തം നാട്ടിൽ നടക്കുന്ന യൂറോ കപ്പ് രാജ്യത്തിന് സമ്മാനിച്ച് രാജ്യാന്തര ഫുട്ബോൾ വിടാൻ കൊതിച്ചിരുന്നു 34-കാരൻ. എന്നാൽ ക്വാർട്ടറിൽ സ്പെയിനിന് മുന്നിൽ തല താഴ്ത്തി ജർമനി മടങ്ങിയതോടെ നിരാശനായി കളികളം വിടുകയാണ് മുള്ളർ. 2014 ൽ ബ്രസീലിൽ വെച്ച് ലോകകപ്പ് സ്വന്തമാക്കിയ ജർമൻ സംഘത്തിലുണ്ടായിരുന്ന മുള്ളർക്ക് പിന്നീട് രാജ്യത്തിനായി കാര്യമായ നേട്ടങ്ങൾ സമ്മാനിക്കാൻ കഴിഞ്ഞിരുന്നില്ല. ഇത്തവണ ജമാൽ മുസിയാലയെ പോലുള്ള യുവതാരങ്ങൾക്കായിരുന്നു കോച്ച് ജൂലിയൻ നഗൽസ് മാൻ അവസരം നൽകിയിത്. ക്വാർട്ടറിൽ പക്ഷേ മുള്ളർ അവസാനത്തിൽ ഇറങ്ങിയിരുന്നു. എന്നാലും സ്ക്കോർ ചെയ്യാനായില്ല. യൂറോയോടെ രാജ്യാന്തര ഫുട്ബോൾ വിടുമെന്ന് ടോണി ക്രൂസ് എന്ന മധ്യനിരക്കാരൻ നേരത്തെ പ്രഖ്യാപിച്ചിരുന്നു. അദ്ദേഹത്തിന് പിറകെയാണ് ഇപ്പോൾ മുള്ളറും വിരമിക്കുന്നത്. ജർമൻ ഫുട്ബോളിലെ ഗോൾഡൻ തലമുറക്കാർ പിൻവാങ്ങുമ്പോൾ പക്ഷേ ടീമിന് കരുത്തായി ഒരു പറ്റം യുവതാരങ്ങൾ കരുത്തരായി വരുന്നുണ്ട്.

## അങ്ങോട്ടില്ല



മുംബൈ: പാക്കിസ്താനിലേക്ക് ഇന്ത്യയില്ല. അടുത്ത വർഷം ലാഹോർ ഉൾപ്പെടെ മൂന്ന് പാക് നഗരങ്ങളിലായി നടത്താനുദ്ദേശിക്കുന്ന ഐ.സി.സി ചാമ്പ്യൻസ് ട്രോഫിക്കായി ടീമിനെ അയക്കില്ലെന്ന് ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് വ്യക്തമാക്കി. പാക്കിസ്താനുമായി നിലനിൽക്കുന്ന രാഷ്ട്രീയ പ്രശ്നങ്ങളെ തുടർന്നാണ് തീരുമാനം. ശ്രീലങ്ക, ദുബായ് തുടങ്ങിയ ന്യൂട്രൽ വേദികളിൽ കളിക്കാൻ തയ്യാറാണെന്ന് ബി.സി.സി.ഐ വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരമാണ് തീരുമാനമെന്നാണ് ബോർഡ് കേന്ദ്രങ്ങൾ വ്യക്തമാക്കിയത്. പാക്കിസ്താൻ ആതിഥേയത്വം വഹിച്ച ഏഷ്യാ കപ്പിലും ഇന്ത്യ പാക് വേദികളിൽ കളിച്ചിരുന്നില്ല. ഇന്ത്യയുടെ മൽസര വേദി ശ്രീലങ്കയായിരുന്നു. ഇത് പോലെ ഇന്ത്യക്കായി പ്രത്യേക വേദി ഐ.സി.സി ഒരുക്കുമോ എന്നത് വ്യക്തമല്ല. ഇന്ത്യൻ ക്രിക്കറ്റ് ബോർഡിന്റെ തീരുമാനത്തിൽ പാക്കിസ്താൻ ക്രിക്കറ്റ് ബോർഡ് അസംതൃപ്തി അറിയിച്ചിട്ടുണ്ട്.

# ചന്ദ്രിക സ്പോർട്സ്



*ഇന്ത്യ പാക്കിസ്താനിലേക്ക് വരണം. സ്പോർട്സിൽ രാഷ്ട്രീയം പാടില്ല. വലിയ പ്രതീക്ഷകളുമായാണ് പാക്കിസ്താൻ ഐ.സി.സി ചാമ്പ്യൻസ് ട്രോഫിക്ക് വേദിയാവുന്നത്. ഇന്ത്യയുടെ കളി കാണാനാണ് കാണികൾ ആഗ്രഹിക്കുന്നത്. അവർക്ക് അതിനുള്ള അവസരം നിഷേധിക്കരുത്. ഇന്ത്യയും പാക്കിസ്താനും തമ്മിലുള്ള രാഷ്ട്രീയ പ്രശ്നങ്ങൾ ആ വഴിക്ക് നീങ്ങട്ടെ. ഇത് ക്രിക്കറ്റാണ്. അതിൽ രാഷ്ട്രീയം കാണരുത്. ഇന്ത്യൻ താരങ്ങൾ കളിക്കുന്നത് പാക്കിസ്താൻ ക്രിക്കറ്റ് പ്രേമികൾക്ക് കാണണ്ടേ... ഏഷ്യൻ ക്രിക്കറ്റിലെ കരുത്തർ ഇന്ത്യയും പാക്കിസ്താനുമാണ്. അയൽക്കാർ നന്നായി കളിക്കട്ടെ*

–വസിം അക്രം

www.chandrikadaily.com

**BREAKING** അമേരിക്കൻ ദേശീയ ഫുട്ബോൾ ടീമിന്റെ മുഖ്യ പരിശീലകനാവാൻ ജുർഗൻ ക്ലോപ്പെക്ക് ക്ഷണം



### ഇന്ന്


വിംബിൾഡൺ സെമി ഫൈനലുകൾ (ഉച്ചക്ക് 3-00 മുതൽ) സ്റ്റാർ സ്പോർട്സ്, ഡിസ്നേ ഹോട്ട്സ്റ്റാർ ലൈവ്

ഒന്നാം ടെസ്റ്റ് ഇംഗ്ലണ്ട്- വിൻഡീസ് വൈകീട്ട് 3-30 മുതൽ ടെൻ വൺ-ലൈവ്




## എംബാപ്പേ നമ്പർ 09

മാഡ്രിഡ്: കരീം ബെൻസേമക്ക് ശേഷം റയൽ മാഡ്രിഡിന്റെ നമ്പർ 09 ജഴ്സി മറ്റൊരു ഫ്രഞ്ചുകാരന്. പി.എസ്.ജി വിട്ട് സ്പാനിഷ് ചാമ്പ്യന്മാരായ റയൽ മാഡ്രിഡിലേക്ക് ചേക്കേറുന്ന എംബാപ്പേക്ക് ഒമ്പതാം നമ്പർ ജഴ്സി നൽകുമെന്ന് റയൽ വ്യക്തമാക്കി. ടീമിന്റെ പത്താം നമ്പർ ജഴ്സി ഇപ്പോൾ ക്രൊയേഷ്യക്കാരനായ മധ്യനിരക്കാരൻ ലുക്കാ മോഡ്രിച്ചിലാണ്. ഈ മാസം 16ന് സാൻഡിയാഗോ ബെർണബ്യുവിൽ നടക്കുന്ന വലിയ ചടങ്ങിൽ എംബാപ്പേയെ റയൽ മാഡ്രിഡ് അവതരിപ്പിക്കും.



## മസൂദ് തന്നെ

ലാഹോർ: പാക്കിസ്താൻ ടെസ്റ്റ് ടീമിനെ ഷാൻ മസൂദ് തന്നെ നയിക്കും. അദ്ദേഹത്തെ മാറ്റേണ്ടെന്നാണ് പാക്കിസ്താൻ ക്രിക്കറ്റ് ബോർഡ് തീരുമാനം. വൈറ്റ് ബോൾ ടീമിന്റെ നായകൻ ആരെന്ന കാര്യത്തിലുള്ള തീരുമാനം പിന്നീടായിരിക്കും. ടി-20 ലോകകപ്പിൽ നിന്ന് ആദ്യ റൗണ്ടിൽ പുറത്തായതിന് പിറകെ ബബർ അസമിനെ മാറ്റണമെന്ന വാദം ശക്തമാണ്. ഇതിനിടെയാണ് ഏഴംഗ സെലക്ഷൻ കമ്മിറ്റിയിൽ നിന്നും കഴിഞ്ഞ ദിവസം വഹാബ് റിയാസിനെയും അബ്ദുൾ റസാക്കിനെയും പാക്കിസ്താൻ പുറത്താക്കിയത്.

## സ്പെയിനിനെതിരെ ഇംഗ്ലണ്ട്

# ബെർലിനങ്കം




*ഇംഗ്ലീഷ് ഭാഗ്യ മുഹൂർത്തം.... യൂറോ രണ്ടാം സെമിയിൽ ഇംഗ്ലണ്ടിന്റെ ഭാഗ്യമുഹൂർത്തമായിരുന്നു ഇത്. മൽസരത്തിന്റെ പതിനെട്ടാം മിനുട്ടിൽ ഡച്ച് ബോക്സിൽ ഡിഫൻഡർ ഡെൻസിൽ ഡംഫ്രിസ് ഇംഗ്ലീഷ് നായകൻ ഹാരി കെയിനിനെതിരെ കാലുയർത്തുന്നു. അപകടകരമായി കാലുയർത്തിയതാണ് ഫൗളായതും പിന്നെ വീഡിയോ അസിസ്റ്റൻഡ് റഫറി പെനാൽട്ടിയാക്കിയതും. ഏഴാം മിനുട്ടിൽ തന്നെ പിറകിൽ പോയ ഇംഗ്ലണ്ടിന് ഈ പെനാൽട്ടി സമനിലയായി. ആ ഫൗൾ പെനാൽട്ടി അർഹിച്ചിരുന്നില്ലെന്നാണ് കളി വിദഗ്ദ്ധർ പറയുന്നത്*

ഡോർട്ടുമണ്ട്: സൂപ്പർ ഫൈനലിന് ഇനി രണ്ട് നാൾ. യൂറോപ്യൻ ഫുട്ബോളിലെ രാജാക്കന്മാരെ അറിയാൻ ഞായറാഴ്ച്ച രാത്രി ബെർലിനിലെ ഒളിംപിക് സ്റ്റേഡിയത്തിൽ സ്പെയിനും ഇംഗ്ലണ്ടും നേർക്കുനേർ. ഇന്നലെ നടന്ന രണ്ടാം സെമി ഫൈനലിൽ സബ്സ്റ്റിറ്റ്യൂട്ട് ഒലേ വാട്കിൻസ് 91-ാം മിനുട്ടിൽ നേടിയ സുപ്പർ ഗോളിൽ നെതർലൻഡ്സിനെ 1-2ന് കീഴടക്കിയാണ് ഇംഗ്ലണ്ട് തുടർച്ചയായി രണ്ടാം തവണയും കലാശപ്പോരാട്ടത്തിന് ടിക്കറ്റ് സ്വന്തമാക്കിയത്. മൽസരത്തിന്റെ തുടക്കത്തിൽ തന്നെ ഡച്ചുകാരാണ് മുന്നിൽ കയറിയത്. നിറഞ്ഞ് കവിഞ്ഞ സ്റ്റേഡിയത്തെ സാക്ഷി നിർത്തി മൽസരത്തിന് ഏഴ് മിനുട്ട് മാത്രം പ്രായമായപ്പോൾ സാവി സിമൺസായിരുന്നു കിടിലൻ ലോംഗ് റേഞ്ചറിൽ ഇംഗ്ലീഷ് ഗോൾക്കീപ്പർ ജോനാഥാൻ പിക്ഫോർഡിനെ വീഴ്ത്തിയത്. ഡച്ച് ആരാധകർ ശരിക്കും ആഘോഷിച്ച ആ ഗോളിന് പന്ത്രണ്ട് മിനുട്ട് മാത്രം പ്രായമായപ്പോൾ നായകൻ ഹാരി കെയിൻ നേടിയ പെനാൽട്ടി ഗോളിൽ ഇംഗ്ലണ്ട് ഒപ്പമെത്തി. ഇംഗ്ലീഷ് മുന്നേറ്റത്തിനൊടുവിൽ പെനാൽട്ടി ബോക്സിൽ വെച്ച് ഡെൻസിൽ ഡംഫ്രിസ് ഹാരിയെ ഫൗൾ ചെയ്യുന്നു. ഹാരി ഗോൾ ഷോട്ടിന് ശ്രമിക്കവെ ബ്ലോക്കിടാനാണ് ഡംഫ്രിസ് ശ്രമിച്ചത്. പക്ഷേ റഫറി ഫൗൾ വിളിച്ചു. തീരുമാനം വീഡിയോ അസിസ്റ്റൻഡ് റഫറിക്ക് വിട്ടു. അദ്ദേഹം പെനാൽട്ടി വിധിച്ചു. ഹാരി തന്നെ അത് ഗോളാക്കി മാറ്റിയതോടെ കളി ആവേശത്തിന്റെ പരകോടിയിലായി. ഫിൽ ഫോദാന്റെ തകർപ്പൻ കിക്കിന് ക്രോസ് ബാർ തടസമായപ്പോൾ ഡച്ചുകാർ രക്ഷപ്പെടുകയായിരുന്നു. ഇടവേളക്ക് തൊട്ട് മുമ്പ് ഡംഫ്രിസിന്റെ ഹെഡ്ഡറിനും ക്രോസ് ബാർ വിലങ്ങായി. അതിനിടെ ഫോദാന്റെ ഗോൾ ശ്രമം ഗോൾലൈനിൽ വെച്ച് ഡംഫ്രിസ് തടഞ്ഞതും ആവേശ കാഴ്ച്ചയായി. ആദ്യ പകുതി 1-1 ൽ അവസാനിച്ചപ്പോൾ രണ്ടാം പകുതിയിൽ കണ്ടതും അതിവേഗ മുന്നേറ്റങ്ങൾ. പക്ഷേ ഗോൾ മാത്രം പിറന്നില്ല. കളി അധികസമയത്തേക്ക് പോവുമെന്ന ഘട്ടത്തിലായിരുന്നു ഹാരിക്ക് പകരക്കാരനായി കോച്ച് ഗ്യാരത്ത് സൗത്ത്ഗെയിറ്റ് അവസരം നൽകിയ വാട്ട്കിൻസ് സൂപ്പർ സബായി മാറിയത്. പാമർ നൽകിയ പന്തുമായി ബോക്സിലേക്ക് കയറിയ വാട്കിൻസ് ഓട്ടത്തിനിടെ പായിച്ച ഉഗ്രൻ ഷോട്ട് വലയിൽ കയറി. പിന്നെ അവശേഷിച്ചത് കേവല നിമിഷങ്ങൾ മാത്രം. ഡച്ചുകാർ ഒരിക്കൽ കൂടി നിരാശരായി. ചാമ്പ്യൻഷിപ്പിന്റെ തുടക്കത്തിൽ തപ്പിതടഞ്ഞ ഇംഗ്ലണ്ട് ഇന്നലെ നിലവാരം പുലർത്തിയതാണ് ഫൈനലിൽ ടീമിന് പ്രതീക്ഷ നൽകുന്നത്. സ്പെയിനിന് കാര്യങ്ങൾ എളുപ്പമാവില്ല

## പാവം ഡച്ചുകാർ

ഡോർട്ടുമണ്ട്: 1988 ലെ ആ ചിത്രം ഫുട്ബോൾ ലോകം മറന്നിട്ടില്ല. യോഹാൻ ക്രൈഫ് എന്ന വിഖ്യാതന്റെ ഡച്ചുകാർ യൂറോപ്യൻ ഫുട്ബോളിലെ ചാമ്പ്യന്മാരാവുമ്പോൾ ആ നിരയിൽ ഫ്രാങ്ക് റെയ്ക്കാർഡും മാർകോ വാൻബാസ്റ്റണും റുഡോ ഗുളിറ്റുമെല്ലാം. ആ നല്ല നാളുകൾക്ക് പുതിയ അധ്യായം രചിക്കാനാണ് ഇക്കുറി റൊണാൾഡ് കുമാന്റെ സംഘം വിർജിൽ വാൻ ഡിജികിന്റെ നേതൃത്വത്തിൽ ഇറങ്ങിയത്. മികച്ച പ്രകടനങ്ങളുമായി അവർ മുന്നേറുകയും ചെയ്തു. കോഡി ഗാക്പോ, മെംഫിസ് ഡിപ്പേ തുടങ്ങിയ മുൻനിരക്കാരുടെ കരുത്തിൽ അവർ ഇംഗ്ലീഷ് പരീക്ഷയും ജയിച്ചുകയറുമെന്നാണ് കരുതപ്പെട്ടത്. ഇന്നലെ സിമൺസിലുടെ ലീഡും നേടി. പക്ഷേ ഇംഗ്ലീഷ് കൂട്ടായ്മയിൽ പിന്നെ കണ്ടത് തളരുന്ന പ്രതിരോധത്തെ. ഡംഫ്രിസിനെ പോലെ അനുഭവ സമ്പന്നായ ഡിഫൻഡർക്ക് പറ്റിയ വീഴ്ച്ച ചെറുതായിരുന്നില്ല. അനവസരത്തിലായിരുന്നു ആ ഫൗൾ. ഹാരിക്ക് പന്ത് നിയന്ത്രിക്കാൻ കഴിയില്ലെന്നിരിക്കെ ഡംഫ്രിസ് കാലുകൾ ഉയർത്തിയത് തിരിച്ചടിയായി. വീഡിയോ അസി റഫറിയുടെ തീരുമാനം ഡച്ച് സ്വപ്നത്തിന് മുകളിലാണ് പറന്നത്. അവസാനത്തിൽ വാട്ട്കിൻസിന്റെ ഇടപെടലുമായപ്പോൾ ഒരിക്കൽ കൂടി കണ്ണീർ വാർക്കാനായിരുന്നു വിധി.

# ക്ഷുഭിതനാണ് കൂമാൻ



ഡോർട്ടുമണ്ട്: വീഡിയോ അസിസ്റ്റൻഡ് റഫറിക്കെതിരെ തുറന്നടിച്ച് നെതർലൻഡ്സ് പരിശീലകൻ റൊണാൾഡ് കൂമാൻ. ഇംഗ്ലണ്ടിനെതിരെ നടന്ന ആവേശകരമായ സെമി ഫൈനൽ പോരാട്ടത്തിൽ വീഡിയോ അസിസ്റ്റൻഡ് റഫറി അനുവദിച്ച പെനാൽട്ടി കിക്കാണ് വിഖ്യാതനായ പരിശീലകനെ ചൊടിപ്പിച്ചത്. മൽസരത്തിന്റെ തുടക്കത്തിൽ തന്നെ സാവി സിമൺസിന്റെ ഗോളിൽ ഡച്ചുകാർ ലീഡ് നേടിയിരുന്നു. തൊട്ട് പിറകെയാണ് ഇംഗ്ലീഷ് ക്യാപ്റ്റൻ ഹാരി കെയിൻ ഡച്ച് ബോക്സിൽ ഫൗൾ ചെയ്യപ്പെട്ടത്. ഗോളിനായുള്ള ശ്രമത്തിനിടെ ഹാരിക്കെതിരെ ഡച്ച് ഡിഫൻഡർ ഡെൻസിൽ ഡംഫ്രിസ് കാലുയർത്തിയതാണ് മൽസര റഫറി വീഡിയോ റഫറിക്ക് വിട്ടത്. അദ്ദേഹം പെനാൽട്ടി അനുവദിക്കുകയും ചെയ്തു. ഹാരി തന്നെ അത് ഗോളാക്കി മാറ്റി. മൽസരാവസാനത്തിൽ സ്വന്തമാക്കിയ ഗോളിൽ ഇംഗ്ലീഷുകാർ ജയിക്കുകയും ചെയ്തു. ഫൗൾ നടന്നയുടൻ പെനാൽട്ടി അനുവദിക്കപ്പെട്ടിട്ടില്ലെന്നും എന്നാൽ വീഡിയോ റഫറിയുടെ തീരുമാനമാണ് പെനാൽട്ടിയിൽ കലാശിച്ചതെന്നും പറഞ്ഞ കൂമാൻ തന്റെ നിരീക്ഷണത്തിൽ പെനാൽട്ടിക്കുള്ള ഫൗളായിരുന്നില്ല അതെന്നും വ്യക്തമാക്കി. ഡംഫ്രിസ് പന്തിനാണ് ശ്രമിച്ചത്. അദ്ദേഹത്തിന്റെ ബൂട്ട് ഹാരിയിൽ തട്ടിയിട്ടില്ല. ഇതിപ്പോൾ വീഡിയോ റഫറി വന്നതോടെ കളിയുടെ ഒഴുക്ക് തന്നെ മാറുകയാണെന്നും അദ്ദേഹം പറഞ്ഞു.

## ആദ്യ കപ്പിനരികിൽ

ഡോർട്ടുമണ്ട്: ഫുട്ബോൾ തറവാട്ടുകാരാണ് ഇംഗ്ലണ്ട്. പക്ഷേ ഇത് വരെ സ്വന്തം വൻകരയിൽ ഒന്നാം സ്ഥാനക്കാരാവാൻ അവർക്കായിട്ടില്ല. മൂന്ന് വർഷം മുമ്പ് സ്വന്തം തട്ടകത്തിൽ യൂറോപ്യൻ ചാമ്പ്യൻഷിപ്പ് നടന്നപ്പോൾ അവർ ഫൈനൽ വരെയെത്തി. അവിട ഇറ്റലിക്കാരോട് ഷൂട്ടൗട്ടിൽ തോൽക്കാനായിരുന്നു വിധി. ഇത്തവണയും ഗ്യാരത്ത് സൗത്ത്ഗെയിറ്റ് സംഘം കലാശക്കളിക്ക് ടിക്കറ്റ് നേടിയിരിക്കുന്നു. ബെർലിനിലെ ഒളിംപിക് സ്റ്റേഡിയത്തിൽ ഞായറാഴ്ച്ച രാത്രി നടക്കുന്ന അവസാന അങ്കത്തിൽ സ്പെയിനിനെ വീഴ്ത്താനായാൽ അത് ഇംഗ്ലീഷ് ചരിതമാവും.

## ഫോഴ്സാ കൊച്ചി

കൊച്ചി: സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ മത്സരിക്കുന്ന കൊച്ചി ടീമിന്റെ പുതിയ പേര് പ്രഖ്യാപിച്ചു. ഫോഴ്സാ കൊച്ചി എഫ്സിയെന്നാണ് ടീമിന് പേര് നൽകിയിരിക്കുന്നത്. നടൻ പൃഥിരാജും ഭാര്യ സുപ്രിയയും ഉടമകളായ ഫ്രാഞ്ചൈസിയുടെ പുതിയ പേര് തന്റെ സോഷ്യൽ മീഡിയയിലൂടെ പൃഥിരാജ് തന്നെയാണ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്. നേരത്തെ പൈപ്പേഴ്സ് കൊച്ചി എന്നായിരുന്നു ടീമിന്റെ പേര്. പിന്നീട് പൃഥിരാജ് ടീമിന്റെ ഉടമയായി വന്നതോടെ പേരുമാറ്റാൻ തീരുമാനിക്കുകയായിരുന്നു. ടീമിന് പുതിയ പേരുകൾ ആരാധകരിൽ നിന്ന് ക്ഷണിച്ച് നടൻ സമൂഹമാധ്യമങ്ങളിൽ കുറിപ്പിട്ടിരുന്നു. ഇതിൽ നിന്നാണ് കീപ്പ് ഗോയിങ് എന്ന അർത്ഥത്തിലുള്ള ഫോഴ്സാ എന്ന പേര് ചേർത്ത് പുതിയ ടീം പേര് പ്രഖ്യാപിച്ചതെന്നാണ് സൂചന.

കാൽപന്തിന്റെ ലോകത്തിലേക്ക് വിജയം നേടാൻ ഞങ്ങൾ കളത്തിൽ ഇറങ്ങുകയാണ്. പലനാടുകളിലെ ലോകോത്തര പ്രതിഭകളെയും കൊച്ചിയുടെ സ്വന്തം ആവേശം നിറഞ്ഞ ആരാധകരെയും ഒന്നിപ്പിക്കാൻ, ഒരു പുത്തൻ ചരിത്രം തുടങ്ങാൻ എന്ന കുറിപ്പോടെയാണ് പൃഥിരാജ് പുതിയ പേര് പ്രഖ്യാപിച്ചത്. ഈ വർഷം ഓഗസ്റ്റ് അവസാനം മുതൽ ആരംഭിക്കുന്ന സൂപ്പർ ലീഗ് 60 ദിവസം നീണ്ടുനിൽക്കും. നസ്ലി മുഹമ്മദ്, പ്രവീഷ് കുഴിപ്പള്ളി, ഷമീം ബക്കർ, മുഹമ്മദ് ഷൈജൽ എന്നിവരാണ് ഫോഴ്സാ കൊച്ചി എഫ്സി ടീമിന്റെ സഹ ഉടമകൾ. കാലിക്കറ്റ് എഫ്സി, തൃശൂർ റോർ എഫ്സി, കണ്ണൂർ സ്ക്വാഡ് എഫ്സി, തിരുവനന്തപുരം കൊമ്പൻസ് എഫ്സി, മലപ്പുറം എഫ്സി എന്നിവയാണ് ലീഗിലെ മറ്റു ടീമുകൾ. ഇന്ത്യയിലെ ആദ്യമായാണ് ഒരു സംസ്ഥാനത്ത് ഫുട്ബോൾ ലീഗ് സംഘടിപ്പിക്കുന്നത്.

## അർജന്റീനക്കെതിരെ കൊളംബിയ

# മിയാമിയങ്കം



*യുറഗ്വായിക്കെതിരെ നിർണായക ഗോൾ നേടിയ ജെഫേഴ്സൺ ലെർമയുടെ ആഹ്ലാദം*

കരോലിന: കോപ്പയിലും ഫൈനൽ ചിത്രമായി. നിലവിലെ ചാമ്പ്യന്മാരായ അർജന്റീനക്കെതിരെ ശക്തരായ കൊളംബിയ. ഇതാദ്യമായാണ് കോപ്പയിൽ അർജൻറീന-കൊളംബിയ ഫൈനൽ വരുന്നത്. ഇന്നലെ നടന്ന സെമി ഫൈനലിൽ ജെഫേഴ്സൺ ലെർമ സ്വന്തമാക്കിയ തകർപ്പൻ ഹെഡ്ഡർ ഗോളിലാണ് കൊളംബിയക്കാർ യുറഗ്വായിയെ വീഴ്ത്തിയത്. സംഘർഷത്തിലും ചുവപ്പ് കാർഡിലുമെല്ലാം കലാശിച്ച പോരാട്ടത്തിൽ കൊളംബിയക്കാർക്ക് തന്നെയായിരുന്നു മുൻത്തൂക്കം. നായകനും സൂപ്പർ താരവുമായ ജെയിംസ് റോഡ്രിഗസ് കളം നിറഞ്ഞ അങ്കത്തിൽ അദ്ദേഹത്തിന്റെ കോർണർ കിക്കിൽ നിന്ന് തന്നെയായിരുന്നു ഗോൾ. യുറഗ്വായി താരങ്ങൾ തിങ്ങിനിറഞ്ഞ ഗോൾ മുഖത്ത് അവരെക്കാളും ഉയരത്തിൽ ചാടി ലെർമ നടത്തിയ ഹെഡ്ഡർ പോസ്റ്റിന് തൊട്ടുരുമി വലയിൽ കയറുകയായിരുന്നു. ബാങ്ക് ഓഫ് അമേരിക്ക സ്റ്റേഡിയത്തിൽ ഗോളിന് ശേഷം കണ്ടത് കയ്യാങ്കളി. പലപ്പോഴും ഇരു ടീമിലെയും താരങ്ങൾക്ക് നിയന്ത്രണം നഷ്ടമായി. യുറഗ്വായി താരത്തെ ഇടിച്ചിട്ടതിന് കൊളംബിയയുടെ ഡാനിയൽ മുനോസ് ചുവപ്പിൽ പുറത്താവുകയും ചെയ്തു. ആദ്യ പകുതിയുടെ അവസാനത്തിലായിരുന്നു റെഡ് കാർഡ്. പക്ഷേ രണ്ടാം പകുതിയിൽ കൊളംബിയക്കാർ പത്ത് പേരുമായി കളിച്ചിട്ടും ഇത് ഉപയോഗപ്പെടുത്താൻ യുറഗ്വായിക്കായില്ല. ഡാർവിൻ നുനസും ലുയിസ് സുവാരസും പലവട്ടം കൊളംബിയൻ ബോക്സിലെത്തി. പക്ഷേ ഡിഫൻഡർമാരെ മറികടക്കാൻ ഇവർക്കായില്ല. യുറഗ്വായിക്കായി ഏറ്റവുമധികം രാജ്യാന്തര ഗോളുകൾ സ്ക്കോർ ചെയ്തിട്ടുള്ള (68) സുവാരസിന് തന്റെ അവസാന കോപ്പയിൽ അവസാനത്തിലും അവസരം കിട്ടിയിരുന്നു. പക്ഷേ ക്ലബ് ഫുട്ബോളിൽ ധാരാളം ഗോളുകൾ സ്വന്തമാക്കിയിട്ടുള്ള താരത്തിന് ഇത് ഉപയോഗപ്പെടുത്താനായില്ല. ഏത് വിധേനയും തിരിച്ചടിക്കാൻ സ്റ്റോപ്പേജ് സമയത്ത് യുറഗ്വായി ഗോൾക്കീപ്പറും കൊളംബിയൻ ഹാഫിലെത്തിയപ്പോൾ മത്തേവൂസ് ഉറിബേക്ക് സുന്ദരമായ അവസരം കിട്ടിയിരുന്നു. എന്നാൽ കൊളംബിയൻ താരത്തിന്റെ ലോംഗ് ഷോട്ട് അൽപ്പം കൊണ്ട് പുറത്തേക്കായിരുന്നു. മൽസര ശേഷം വികാരഭരിതരായിരുന്നു കൊളംബിയക്കാർ. യുറഗ്വായിക്കാരാവട്ടെ ക്ഷുബിതരും.

## റോഡ്രിഗസിന് റെക്കോർഡ്

കരോലിന: കൊളംബിയൻ നായകൻ ജെയിംസ് റോഡ്രിഗസിന് കോപ്പയിൽ പുത്തൻ റെക്കോർഡ്. ആറ് ഗോളുകൾക്ക് പന്ത് നൽകിയാണ് മെസിയുടെ റെക്കോർഡ് റോഡ്രിഗസ് മറികടന്നത്. ഇന്നലെ യുറഗ്വായിക്കെതിരായ സെമിയിൽ കൊളംബിയ നേടിയ ഏക ഗോളിന് പന്ത് നൽകിയത് കോർണർ കിക്കിൽ നിന്നും റോഡ്രിഗസായിരുന്നു. ഇത് ആറാം തവണയാണ് അദ്ദേഹം ഗോളിലേക്ക് പന്ത് നൽകുന്നത്. 2001 ലെ കോപ്പയിൽ ലിയോ മെസി നൽകിയ അഞ്ച് അസിസ്റ്റുകളായിരുന്നു ഇത് വരെയുണ്ടായിരുന്ന റെക്കോർഡ്.

## മൽസരശേഷം സംഘർഷം

കരോലിന: 70, 000 പേർ തിങ്ങിനിറഞ്ഞ ബാങ്ക് ഓഫ് അമേരിക്ക സ്റ്റേഡിയത്തിൽ കോപ്പ സെമി ഫൈനലിന് ശേഷം ഇന്നലെ കണ്ടത് ഭീതിത കാഴ്ച്ചകൾ. കൊളംബിയയുടെയും യുറഗ്വായിയുടെയും ആരാധകർ ഗ്യാലറിയിൽ ഏറ്റുമുട്ടിയപ്പോൾ ചില കളിക്കാരും അതിൽ പങ്കാളികളായതോടെ പൊരിഞ്ഞ അടിയായിരുന്നു. യുറഗ്വായി താരങ്ങളാണ് സ്വന്തം കാണികൾക്കൊപ്പം ഗ്യാലറിയിലേക്ക് ചാടി കയറിയത്. കൊളംബിയക്കാർ തങ്ങളെ അപമാനിക്കാൻ ശ്രമിച്ചു എന്നായിരുന്നു യുറഗ്വായി താരങ്ങളുടെ പരാതി. സംഭവത്തിൽ ലാറ്റിനമേരിക്കൻ ഫുട്ബോൾ ഫെഡറേഷൻ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്.

## പ്രവാസി സംരംഭകർക്ക് സൗജന്യ സംരംഭകത്വ ശിൽപശാല

കൽപ്പറ്റ: നോർക്കയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ പ്രവാസി സംരംഭകർക്ക് സൗജന്യ സംരംഭകത്വ ശിൽപശാല നടത്തുന്നു. ഓഗസ്റ്റ് അഞ്ചിന് കൽപ്പറ്റയിൽ നടക്കുന്ന ശിൽപശാലയിൽ പുതുതായി സംരംഭം ആരംഭിക്കുന്ന പ്രവാസികൾക്കും വിദേശത്ത് നിന്ന് തിരികെയെത്തിയവർക്കും പങ്കെടുക്കാം. ശിൽപശാലയുടെ ഭാഗമായി ബിസിനസ്സ് ലോൺ ക്യാമ്പ് സംഘടിപ്പിക്കും. താത്പര്യമുള്ളവർ ജൂലൈ 27 നകം രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾ ിയളര.ീൃഴശിമ്യീണ്ടഴാമശഹ.രീാ ൽ ലഭിക്കും. ഫോൺ- 0471-2770534, 8592958677

## ഹൈസ്കൂൾ ലൈബ്രറി നവീകരിച്ചു



പുൽപ്പള്ളി: വിജയ ഹൈസ്കൂൾ ലൈബ്രറി നവീകരിച്ചു. വിദ്യാലയത്തിലെ 1980 എസ്എസ്എൽസി ബാച്ചിന്റെ സഹകരണത്തോടെയായിരുന്നു നവീകരണം. ഉദ്ഘാടനം ഡോ.കെ.പി. സാജു നിർവഹിച്ചു. ഹെഡ്മിസ്ട്രസ് ജി. ബിന്ദു അധ്യക്ഷത വഹിച്ചു. കെ.എം. ജോസഫ്, കെ.യു. സുജാത, കെ.എസ്. സുരേഷ്, പി.എൻ. സജി, തോമസ് വാഴയിൽ, കെ. മാർക്കോസ്, സി.ഒ. ബേബി, എസ്. സുരേഷ്, തോമസ് തൊട്ടിയിൽ, പി.എം. അന്നമ്മ, സുമതി രാമചന്ദ്രൻ, എം. വിൻസ, വി.ജെ. സന്തോഷ്കുമാർ, കെ.എസ്. സ്മിത പ്രസംഗിച്ചു.

പൊതുവാർത്തകൾ

## ഡബ്ല്യു.സി.എസ് ഭൂമിയിലെ ഈട്ടി, തേക്ക് ഉടമാവകാശം

# ഭൂവുടമകൾ ഹൈക്കോടതിയിലേക്ക്

കൽപ്പറ്റ: വയനാട് കോളനൈസേഷൻ സ്കീമിൽ(ഡബ്ലുസിഎസ്) ഉൾപ്പെട്ട ഭൂമിയിലെ ഈട്ടി, തേക്ക് മരങ്ങളുടെ ഉടമാവകാശത്തെച്ചൊല്ലി നിയമയുദ്ധത്തിനു കളമൊരുങ്ങുന്നു.

ഡബ്ല്യുസിഎസ് ഭൂമിയിലെ സകലതും സ്ഥലമുടമങ്ങൾക്ക് അവകാശപ്പെട്ടതാണെന്നാണ് 2022 ജൂൺ 17ലെ ഹൈക്കോടതി ഉത്തരവിൽ. ഡബ്ല്യുസിഎസ് ഭൂമിയിൽ കെട്ടിട നിർമാണത്തിനു റവന്യു അധികാരികൾ ബാധകമാക്കിയ വിലക്ക് നീക്കുന്നതിന് ഭൂസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ വ്യക്തികൾ ഫയൽ ചെയ്ത റിട്ട് ഹർജികളിലായിരുന്നു കോടതി ഉത്തരവ്.

ഭൂമിയിലെ സകലതും ഉടമയുടേതാണെന്നു കോടതി ഉത്തരവായ സാഹചര്യത്തിൽ ഈട്ടി, തേക്ക് മരങ്ങളിൽ സർക്കാരിന് അവകാശം ഇല്ലെന്ന നിലപാടിലാണ് ഡബ്യുസിഎസ് ഭൂ സംരക്ഷണ സമിതി. ഈട്ടി, തേക്ക് മരങ്ങളുടെ ഉടമാവകാശത്തിൽ സ്പഷ്ടീകരണ ഉത്തരവിന് ഹൈക്കോടതിയെ സമീപിക്കാനുള്ള നീക്കത്തിലാണ് സമിതി. സ്പഷ്ടീകരണത്തിനുള്ള ഹർജിയിൽ അനുകൂല ഉത്തരവ് ഉണ്ടായാൽ, മുമ്പ് ഡബ്യുസിഎസ് ഭൂമിയിൽനിന്നു മുറിച്ചെടുത്ത ഈട്ടി, തേക്ക് മരങ്ങളുടെ വില സ്ഥലം ഉടമകൾക്കു ലഭ്യമാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാനാണ് സമിതിയുടെ പദ്ധതി. മരങ്ങളുടെ വില സർക്കാർ അനുവദിക്കുന്നില്ലെങ്കിൽ വീണ്ടും കോടതിയെ സമീപിക്കും.

അമ്പലവയൽ, തോമാട്ടുചാൽ, നെൻമേനി, നൂൽപ്പുഴ, ചീരാൽ, ബത്തേരി, കുപ്പാടി, കിടങ്ങനാട് വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്നതാണ് വയനാട് കോളനൈസേഷൻ സ്കീം. 38,000 ഏക്കർ ഭൂമിയാണ് കോളനൈസേഷൻ സ്കീമിനായി മദിരാശി സർക്കാർ 1943ൽ സൈനിക അമാൽഗമേറ്റഡ് ഫണ്ട് വിനിയോഗിച്ച് നിലമ്പൂർ കോവിലകത്തുനിന്നു വാങ്ങിയത്.

ഡബ്യുസിഎസ് ഭൂമിയിൽ വിമുക്തഭട കുടുംബങ്ങൾക്കു നൽകിയതു കഴിച്ചുള്ള ഭൂമിയിൽ കുടിയേറ്റ കർഷകരും ആദിവാസികളും ഉൾപ്പെടെയുള്ളവർ താമസമാക്കിയിരുന്നു. ഡബ്ലുസിഎസ് ഭൂമിയിലെ വിമുക്തഭട കുടുംബങ്ങളടക്കം കൈവശക്കാർക്ക് 1968ലാണ് സർക്കാർ പട്ടയം അനുവദിച്ചത്. പട്ടയം ലഭിക്കുന്നതിന് കൈവശക്കാർ സംഘടിച്ച് പ്രക്ഷോഭം നടത്തിയിരുന്നു. തേക്കും ഈട്ടിയും ഉൾപ്പെടെ റിസർവ മരങ്ങളുടെ ഉടമാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കിയായിരുന്നു പട്ടയ വിതരണം. മറ്റു മരങ്ങൾ ഭൂവുടമകൾക്ക് സർക്കാർ വില നിശ്ചയിച്ച് നൽകുകയാണുണ്ടായത്. ഡബ്ല്യുസിഎസ് ഭൂമിയിലെ റിസർവ് മരങ്ങളിൽ 120 സെന്റീമീറ്ററിൽ കൂടുതൽ വണ്ണമുള്ളവ മുറിച്ചെടുക്കാനും കൈവശക്കാർക്ക് ക്യുബിക് മീറ്ററിനു 4,500 രൂപ നിരക്കിൽ സമാശ്വാസധനം നൽകാനും 1995ലാണ് സർക്കാർ തീരുമാനിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ തേക്കുകൾ മുറിച്ചെടുത്തു. കൈവശക്കാർക്കുള്ള സമാശ്വാസധനം ക്യുബിക് മീറ്ററിനു 10,000 രൂപയായി 2005ൽ വർധിപ്പിച്ചു. 2012ൽ ഈട്ടികൾക്കു നമ്പരിട്ടു. പിന്നീട് ഈട്ടികൾ മുറിച്ച് ഒരുക്കി ബത്തേരി കുപ്പാടിയിലും കോഴിക്കോട് ചാലിയത്തുമുള്ള ഡിപ്പോകളിൽ എത്തിക്കുന്നതിനു സ്വകാര്യ വ്യക്തികൾക്കു കരാർ നൽകി. ഇതേത്തുടർന്ന് അമ്പലവയൽ, തോമാട്ടുചാൽ പ്രദേശങ്ങളിൽ ഈട്ടി മുറി നടന്നു. ഡബ്ല്യുസിഎസ് ഭൂമിയിൽനിന്നു 11,000 ഈട്ടി മുറിക്കാനായിരുന്നു സർക്കാർ പദ്ധതി. നമ്പർ ഇട്ട മുഴുവൻ ഈട്ടിയും വിവിധ കോണുകളിൽനിന്നു ഉയർന്ന പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ സർക്കാരിന് മുറിക്കാനായില്ല. വയനാട് കോളനൈസേഷൻ സ്കീമിൽപ്പെട്ട ഭൂമിയിൽ വിവിധ ഭാഗങ്ങളിലായി അനേകം ഈട്ടിയുണ്ട്. അങ്ങിങ്ങായി ധാരാളം ഈട്ടി വീണുകിടക്കുന്നുമുണ്ട്. ഇതിൽ ഒന്നുപോലും മുറിച്ചെടുക്കാൻ ഇനി സർക്കാരിനെ അനുവദിക്കില്ലെന്ന നിലപാടിലാണ് ഭൂ സംരക്ഷണ സമിതി.



നിലവിൽ ഏകദേശം 20,000 കുടുംബങ്ങളാണ് ഡബ്ലുസി സ്കീമിൽപ്പെട്ട പ്രദേശങ്ങളിലുള്ളത്. വിമുക്ത ഭടൻമാർക്കും കുടിയേറ്റ കർഷകർക്കും ആദിവാസികൾക്കും കേരള സർക്കാർ നൽകിയതല്ല വയനാട് കോളനൈസേഷൻ സ്കീമിലെ ഭൂമി. അതിനാൽത്തന്നെ ഭൂമിയിലെ ഈട്ടി, തേക്ക് മരങ്ങൾ റിസർവ് ചെയ്ത പട്ടയം അനുവദിച്ചത് ശരിയായ നടപടിയല്ലെന്നു ഭൂ സംരക്ഷണ സമിതി പ്രസിഡണ്ട് ടി.സി. വർഗീസ്, സെക്രട്ടറി ഹരികുമാർ അമ്പലവയൽ, ട്രഷറർ പി.കെ. ഷാജഹാൻ എന്നിവർ പറഞ്ഞു.

## മാനേജ്മെന്റ് ട്രെയ്നി നിയമനം

കൽപ്പറ്റ: പട്ടിക വർക്ഷ വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഡി.പി ഓഫീസ്, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്, ട്രൈബൽ എക്സ്റററൻഷൻ ഓഫീസ് എന്നിവടങ്ങളിൽ മാനേജ്മെന്റ് ട്രെയിനിമാരെ നിയമിക്കുന്നു. വയനാട് ജില്ലയിൽ സ്ഥിരതാമസക്കാരായ പട്ടിക വർക്ഷ യുവതി യുവാക്കൾക്ക് അപേക്ഷിക്കാം. ജില്ലയിൽ 36 ഒഴിവുകളാണുള്ളത്. എസ്.എസ്.എൽ. പാസ്സായവർക്ക് അപേക്ഷിക്കാം. ബിരുദധാരികൾക്ക് 5 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കും. 2024 ജനവുരി 1 ന് 18 വയസ്സ് പൂർത്തിയായവർക്കും 35 വയസ്സ് കവിയാത്തവരുമായിരിക്കണം. ഉദ്യോഗാർത്ഥികളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. വൈത്തിരി താലൂക്കിലുള്ളവർ കൽപ്പറ്റ ഐ.റ്റി.ഡി.പി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലും മാനന്തവാടി താലൂക്കിലുള്ളവർ ടി.ഇ, ടി.ഡി ഓഫീസുകളിലും സുൽത്താൻ ബത്തേരി താലൂക്കിലുള്ളവർ ടി.ഇ, ടി.ഡി ഓഫീസുകളിലും അപേക്ഷ നൽകണം. പരിശീലന കാലയളവിൽ പ്രതിമാസം 10000 രൂപ ഹോണറേറിയം ലഭിക്കും. ഫോൺ 04936 202232.

## ട്രാഫിക് നിയമലംഘനം: പിഴ ചുമത്തി

കൽപ്പറ്റ: ട്രാഫിക് നിയമലംഘനം നടത്തിയ സ്വകാര്യ ബസ്സുകൾക്കെതിരെ മാനന്തവാടി ജോയിന്റ് ആർ.ടി.ഒ പിഴ ചുമത്തി. മാനന്തവാടി കൽപ്പറ്റ റൂട്ടിൽ സർവീസ് നടത്തുന്ന നാല് സ്വാകാര്യ ബസ്സുകൾക്കെതിരെയാണ് നടപടിയെടുത്തത്. സമയക്രമം പാലിക്കാതെയും ട്രിപ്പുകൾ നടത്താതിരിക്കുകയും ചെയ്ത ബസ്സുകളുടെ ഉടമകളിൽ നിന്നും പിഴ ഈടാക്കി. ഈ വാഹനങ്ങളുടെ പെർമിറ്റ് സസ്പെൻഡ് ചെയ്യാൻ വയനാട് ആർ.ടി.ഒ യ്ക്ക് ശുപാർശ ചെയ്തു. നിയമലംഘനം നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ജോയിന്റ് ആർ.ടി.ഒ അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

കൽപ്പറ്റ: എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജിൽ ജൂലൈയിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് പ്ലസ് ടു തത്തുല്യ യോഗ്യതക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും എസ്.ആർ.ടി ഓഫീസിൽ നിന്നും ലഭിക്കും. അപേക്ഷകൾ ജൂലൈ 20 നകം ലഭിക്കണം. ഫോൺ- 9846033001.

## ഗാന്ധിയൻ സദസ്സുകൾ സംഘടിപ്പിക്കും

കൽപ്പറ്റ: ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രവും ദേശീയ നേതാക്കളുടെ ത്യാഗോജ്ജ്വലമായ ജീവ ചരിത്രവും പുതിയ തലമുറയിൽ എത്തിക്കുന്നതിനായി ഗാന്ധിദർശൻ വേദിയുടെ നേതൃത്വത്തിൽ ജില്ലയിൽ 100 ഗാന്ധി സദസ്സുകൾ സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. സ്കൂളുകളിലും കോളജുകളിലും ക്വിസ് മത്സരങ്ങളും രചനാ മത്സരങ്ങളും ചർച്ചാ സദസുകളും പ്രഭാഷണങ്ങളും ഗാന്ധി സദസിന്റെ ഭാഗമായി സംഘടിപ്പിക്കും.

ൽപറ്റയിൽ ചേർന്ന ഗാന്ധി ദർശൻ വേദിയുടെ ജില്ലാതല നേതൃ യോഗം കെ.പി.സി.സി മുൻ നിർവ്വാഹക സമിതി അംഗം പി.ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജില്ലാ ചെയർമാൻ ഇ.വി. അബ്രഹാം അധ്യക്ഷത വഹിച്ചു. വിലാസിനി കെ.ജി, രമേശ് എം, എള്ളിൽ മുസ്തഫ, ചിന്നമ്മ ജോസ്, ഗിരിജ സതീഷ്, ബെന്നി വി.ജെ,വി.ഡി രാജു, എ.കെ.റോയി, ജോൺ മാത, കെ.പി ജോൺ, ശ്രീജ ബാബു, ഗിരിജ മോഹൻ ദാസ്, അംബുജം, ഷൈല ജീസസ്, മായ പ്രസംഗിച്ചു.

## കേരള സംഗീത നാടക അക്കാദമി: ജില്ലാ കേന്ദ്ര കലാസമിതി രൂപീകരണം

കൽപ്പറ്റ: കേരള സംഗീത നാടക അക്കാദമിയിൽ അഫിലിയേറ്റ് ചെയ്തതും അക്കാദമിയുമായി സഹകരിച്ച് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നതുമായ വയനാട് ജില്ലയിലെ കലാസമിതികളുടെ ഒരു കൺവെൻഷൻ ജലൈല 27ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് കൽപ്പറ്റയിലെ ജില്ലാ ലൈബ്രറി ഹാളിൽ നടക്കും. ജില്ലയിലെ കലാസമിതികളെ സംഗീത നാടക അക്കാദമിയുമായി സംയോജിപ്പിക്കുന്ന വയനാട് ജില്ലാ കേന്ദ്രകലാസമിതി രൂപീകരിക്കുന്നതിനുവേണ്ടി നടക്കുന്ന കൺവെൻഷൻ അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി ഉദ്ഘാടനം ചെയ്യും. എല്ലാ കലാസമിതികളിൽ നിന്നും മൂന്ന് വീതം പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കണം. അക്കാദമിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ താല്പര്യമുള്ള കലാസമിതികൾക്കും സാംസ്കാരിക പ്രവർത്തകർക്കും യോഗത്തിൽ പങ്കെടുക്കാം.

## വായ്പ; അപേക്ഷ ക്ഷണിച്ചു

കൽപ്പറ്റ: കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 50000 മുതൽ 400000 രൂപ വരെ പദ്ധതി തുകയുള്ള വിവിധ സ്വയം തൊഴിൽ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നതിന് വയനാട് ജില്ലയിൽ നിന്നുള്ള പട്ടിക വർഗത്തിൽപ്പെട്ട യുവതി യുവാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകർ തൊഴിൽ രഹിതരും 18 നും 55 നും ഇടയിൽ പ്രായമുള്ളവരും ആയിരിക്കണം. കുടുംബ വാർഷിക വരുമാനം 300000/ രൂപയിൽ കവിയാൻ പാടില്ല. വായ്പതുക ആറ് ശതമാനം പലിശ സഹിതം 60 മാസഗഡുക്കളായി തിരിച്ചടക്കണം. അപേക്ഷാ ഫോറത്തിനും വിശദ വിവരങ്ങൾക്കും ജില്ലാ ഓഫീസുമായി ബന്ധപ്പെടാം. ഫോൺ- 04936 202869, 9400068512.



കെ.എസ്.കെ.എൻ.ടി.സിയുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് കത്തുകൾ അയച്ചു പ്രതിഷേധിക്കുന്നു

## മുഖ്യമന്ത്രിക്ക് കത്തുകൾ അയച്ച് പ്രതിഷേധിച്ചു

കൽപ്പറ്റ: നിർമാണ തൊഴിലാളി പെൻഷൻ കുടിശികയും സാമൂഹിക ക്ഷേമ പെൻഷൻ കുടിശികയും എത്രയും പെട്ടെന്ന് വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടു കെ.എസ്.കെ.എൻ.ടി.സി (ഐ ൻ ടി യു സി ) യുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് കത്തുകൾ അയച്ചു പ്രതിഷേധിച്ചു. കൽപറ്റ പോസ്റ്റ് ഓഫിസിൽ നടന്ന ചടങ്ങിൽ ജില്ലാ പ്രസിഡന്റ് എം എ ജോസഫ് ഉദ്ഘാടനം ചെയ്തു.

യൂണിയൻ ജില്ല പ്രസിഡണ്ട് ശാർംങധരൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗം ആർ. ഉണ്ണിക്കൃഷ്ണൻ, മുനിസിപ്പൽ കൗൺസിലർ വിനോദ് കുമാർ, വി.ഡി രാജു, സെബാസ്റ്റ്യൻ കൽപ്പറ്റ, കെ ശശികുമാർ, ശ്രീനിവാസൻ, രോഹിത് ബോധി, മണിയപ്പൻ, കെ പി ജോൺ, പി ടി ജോസ്, ടി എ സ്.വിജയൻ പ്രസംഗിച്ചു.

## അയ്യങ്കൊല്ലി കാർഷിക ചന്ത നോക്കുകുത്തിയായി

ഗൂഡല്ലൂർ: അയ്യങ്കൊല്ലിയിൽ നിർമ്മാണം പൂർത്തിയാക്കിട്ട് രണ്ട് വർഷം പിന്നിട്ടിട്ടും തുറന്നു പവർത്തിക്കാത്തതിനാൽ കാർഷിക ചന്തനോക്കു കുത്തിയായി.

ചേരങ്കോട് പഞ്ചായത്തിലെ അയ്യങ്കൊല്ലിയിൽ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെയും, അണ്ണാ പുനരുജ്ജീവ പദ്ധതിയുടെയും ഫണ്ടുകളിൽ നിന്ന് 80ത് ലക്ഷം മുതൽ മുടക്കിൽ രണ്ട് വർഷം മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കാർഷിക ചന്തയുടെ ഉദ്ഘാടനം നീണ്ടുപോകുകയാണ്. ചന്തയിലേക്കും അനുബന്ധ കെട്ടിടങ്ങളിലേക്കും വൈദ്യുതി ലഭിക്കാനായി റവന്യൂ വകുപ്പ് ഉദ്യോസ്ഥരിൽ നിന്നും എൻ.ഒ.സി ലഭിക്കാത്തതിനാലാണ് ചന്തയുടെ ഉദ്ഘാടനം വൈകുന്നത്.

ഉദ്ഘാടനം നീണ്ടു പോകുന്നതിനാൽ കാർഷിക ചന്തയും അതിനോട് ചേർന്നുള്ള അനുബന്ധ കെട്ടിടങ്ങൾക്കു ചുറ്റിലും കാട്ടുചെടികൾ വളരാൻ തുടങ്ങിയിട്ടുണ്ട്. പ്രദേശവാസികളുടെ സൗകര്യം കണക്കിലെടുത്ത് ചന്ത തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾബന്ധപ്പെട്ട അധികാരികളെടുക്കണമെന്ന ആവശ്യം ശക്തമായിരിക്കയാണ്.



ഉദ്ഘാടനം കാത്ത് കഴിയുന്ന അയ്യങ്കൊല്ലിയിലെ കാർഷിക ചന്ത

## ചുങ്കം ജംഗ്ഷനിൽ ട്രാഫിക് ഐലൻഡ് സ്ഥാപിക്കണം

കൽപ്പറ്റ: ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ അടിക്കടി ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ചുങ്കം ജംഗ്ഷനിൽ ട്രാഫിക് ഐലൻഡ് സ്ഥാപിക്കണമെന്ന് കൽപ്പറ്റ പൗരസമിതി ആവശ്യപ്പെട്ടു.

കൽപ്പറ്റയിൽ പാസ്പോർട്ട് ഓഫീസ് അനുവദിക്കുന്നതിനു പ്രയത്നിച്ച ജനപ്രതിനിധികളെ അഭിനന്ദിച്ചു. ജോണി കൈതമറ്റം അധ്യക്ഷത വഹിച്ചു. സി.പി. ഉമ്മർ, സുബൈർ ഓണിവയൽ, സലാം അമ്പിലേരി, ഷമീർ വൈത്തിരി പ്രസംഗിച്ചു.

### വൈദ്യുതി മുടങ്ങും

വെള്ളമുണ്ട: വെള്ളമുണ്ട ഇലക്ട്രിക്കൽ സെക്ഷനിൽ ലൈനിൽ വർക്ക് നടക്കുന്നതിനാൽ നാരോക്കടവ്, ഐ.എം.പി, മൈലാടുംകുന്ന് ട്രാൻസ്ഫോർമറുകളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ ഇന്ന് രാവിലെ 8.30 മുതൽ വൈകിട്ട് 5.30 വരെ വൈദ്യുതി വിതരണം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെടുമെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

പനമരം കെഎസ്ഇബി പരിധിയിൽ അഞ്ചാം മൈൽ ബി.എസ്. എൻ. എൽ, പായ്മൂല ട്രാൻസ്ഫോർമറുകളിൽ ഇന്ന് രാവിലെ ഒമ്പത് മുതൽ വൈകുന്നേരം അഞ്ച് വരെ പൂർണമായോ ഭാഗികമായോ വൈദ്യുതി മുടങ്ങുമെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

### ഡിഗ്രി സീറ്റൊഴിവ്

മാനന്തവാടി: മാനന്തവാടി പി.കെ കാളൻ മെമ്മോറിയൽ കോളേജിൽ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.കോം. കോ-ഓർപ്പറേഷൻ കോഴ്സുകളിൽ സീറ്റൊഴിവ്. വിദ്യാർത്ഥികൾ കോളേജിൽ നേരിട്ടെത്തി അഡ്മിഷൻ എടുക്കണം. ഫോൺ- 9387288283.

### വെറ്ററിനറി ഡോക്ടർ നിയമനം

കൽപ്പറ്റ: മൃഗസംരക്ഷണ വകുപ്പ് ജില്ലയിൽ രാത്രികാല മൃഗചികിത്സാ വീട്ടുപടിക്കൽ പദ്ധതിയിലേക്ക് വെറ്ററിനറി ഡോക്ടറെ താത്ക്കാലികമായി നിയമിക്കുന്നു.

ബി.വി.എസ്.സി, കേരളാ വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുള്ളവർക്ക് അപേക്ഷിക്കാം. ഉദ്യോഗാർത്ഥികൾ യോഗ്യതാ സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ രേഖയുടെ അസലും പകർപ്പുമായി ജൂലൈ 17 ന് രാവിലെ 11 ന് കൽപ്പറ്റ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ- 04936 202292

### അസാപ്പിൽ അവസരം

കൽപ്പറ്റ: അസാപ് കേരളയുടെ ഗെയിം ഡെവലപ്പർ, വി.ആർ ഡെവലപ്പർ, ആർട്ടിസ്റ്റ്, പ്രോഗ്രാമർ, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ടെക്നിഷ്യൻ, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ കോഴ്സുകളിൽ സ്കോളർഷിപ്പോടു കൂടെ പഠിക്കുവാൻ അവസരം. ജൂലൈ 31 വരെ അപേക്ഷിക്കുന്നവരെ ഉൾപ്പെടുത്തി നടത്തുന്ന മൽത്സര പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പ് അനുവദിക്കുക. ഫോൺ -9495422535, 9495999620, 7012394449



പാടന്തറയിൽ കാട്ടാന നശിപ്പിച്ച കാർഷിക വിളകൾ

## കാട്ടാനകൾ കാർഷിക വിളകൾ നശിപ്പിച്ചു; വാഹനങ്ങൾ തകർത്തു

ഗൂഡല്ലൂർ: ദേവർഷോല പഞ്ചായത്തിലെ ദേവൻ ഒന്നിലെ മണിക്കലാടി ഗ്രാമത്തിൽ കഴിഞ്ഞ ദിവസം രാത്രിയിലെത്തിയ കാട്ടാനകൾ പാതയോരത്ത് നിർത്തിയിട്ടിരുന്ന ഓട്ടോറിക്ഷയും സ്കൂട്ടിയും തകർത്തു.മണിക്കലാടി സ്വദേശിയായ മണിയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളാണ് തകർത്തത്. പാടന്തറന്തറക്ക് സമീപം കാവതിവയലിൽ താമസിക്കുന്ന സി.മൊയ്തീൻ ഹാജിയുടെ വളപ്പിൽ കയറി കവുങ്ങുകളും വാഴകളും നശിപ്പിച്ചു. ദേവർഷോല പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട പാടന്തറ, ചെളുക്കാടി, നമ്പർത്രീമച്ചി കൊല്ലി, പാലംവയൽ, ഒറ്റുവയൽ, ദേവർരണ്ട്, ദേവർഷോല, മേഫീൽഡ്, വുഡ്ബ്രയർ, മേഫീൽഡ് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ കാട്ടാനകളെ കൊണ്ടു പൊറുതി മുട്ടുകയാണ്.



ദേവർഷോലക്ക് സമീപം കാട്ടാന തകർത്ത ഓട്ടോറിക്ഷയും, സ്കൂട്ടിയും

## ദേശീയ മത്സ്യകർഷകദിനം ആചരിച്ചു

മാനന്തവാടി: മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് തല മത്സ്യകർഷകദിനാചരണവും മാതൃകാ മത്സ്യ കർഷരെ ആദരിക്കലും സംഘടിപ്പിച്ചു. മാനന്തവാടി ക്ഷീരോൽപാദക സഹകരണ സംഘം ഹാളിൽ നടന്ന പരിപാടി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ജസ്റ്റിൻ ബേബി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് എ.കെ. ജയഭാരതി അദ്ധ്യക്ഷത വഹിച്ചു. മാനന്തവാടി നഗരസഭ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ഡ്വ.സിന്ധു സെബാസ്റ്റ്യാൻ, വെള്ളമുണ്ട പഞ്ചായത്ത് മെമ്പർ പി എ അസീസ്,തളിപ്പുഴ മത്സ്യ ഭവൻ ഫിഷറിസ് ഓഫീസർ സുനിത ഇ ആർ, പ്രോജക്ട് കോർഡിനേറ്റർ ഷമീറ ടി.കെ എന്നിവർ സംസാരിച്ചു. മികച്ച മത്സ്യ കർഷകനുള്ള അവാർഡ് തിരുനെല്ലി ഗ്രാമ പഞ്ചായത്തിലെ അബ്ദുൽഅസീസ് ഏറ്റുവാങ്ങി. മാതൃകാ മത്സ്യ കർഷകനായ ജറാൾഡ് കറുത്തേടത്ത് അനുഭവം പങ്കുവെച്ചു.

കൽപ്പറ്റ: ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ മത്സ്യകർഷക ദിനാചരണവും കർഷക സംഗമവും സംഘടിപ്പിച്ചു. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ചന്ദ്രിക കൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

പരിപാടിയിൽ മത്സ്യ കൃഷിയിൽ മികവ് തെളിയിച്ച പൊഴുതന സ്വദേശി കെ ഹാഷിഖ്, മുട്ടിൽ സ്വദേശി ഷൗക്കത്തലി എന്നിവരെ ആദരിച്ചു.

വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ആയിഷാബി അധ്യക്ഷത വഹിച്ചു.



ദേശീയ മത്സ്യകർഷകദിനാചരണത്തോടനുബന്ധിച്ച് നടന്ന പരിപാടിയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ജസ്റ്റിൻ ബേബി ഉപഹാരം നൽകുന്നു

## ആശുപത്രിയിലെ വിഷപ്പുക; യു.ഡി.എഫ് ധർണ ഇന്ന്

കാഞ്ഞങ്ങാട്: അമ്മയും കുഞ്ഞും ആശുപത്രിയിലെ വിഷപ്പുക ദുരന്തത്തിൽ അധികൃതർ കാണിക്കുന്ന അനാസ്ഥയ്ക്കെതിരെ യു.ഡി.എഫ് കാഞ്ഞങ്ങാട് മുനിസിപ്പൽ കമ്മിറ്റിയുടെ ധർണ ഇന്ന മൂന്നിന് മാന്തോപ്പിൽ നടക്കും. എൻ.എ നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്യും. ജില്ലാ മണ്ഡലം യു.ഡി.എഫ് നേതാക്കൾ സംബന്ധിക്കും. ധർണാ സമരം വിജയിപ്പിക്കാൻ ചെയർമാൻ അബ്ദുൽ റസാക്ക് തയിലക്കണ്ടിയും കൺവീനർ കെ.പി ബാലകൃഷ്ണനനും അഭ്യർഥിച്ചു.

## മഞ്ചേശ്വരം ലെവൽക്രോസ് നാളെ മുതൽ അടച്ചിടും

മഞ്ചേശ്വരം: ട്രാക്ക് നവീകരണ ജോലികൾക്കായി മഞ്ചേശ്വരം ലെവൽ ക്രോസ് ഗേറ്റ് നമ്പർ- 291 അടയ്ക്കുന്ന സാഹചര്യത്തിൽ നാളെ രാവിലെ എട്ടു മുതൽ 9ന് വൈകുന്നേരം 6 വരെ റോഡ് ഗതാഗതം വഴി തിരിച്ചുവിടും.

## നിർമാണ തൊഴിലാളി യൂണിയൻ എസ്.ടി.യു ജില്ലാ നേതൃസംഗമം ഇന്ന്

കാസർകോട്: നിർമാണ തൊഴിലാളി യൂണിയൻ എസ്.ടി.യു ജില്ലാ കൗൺസിൽ അംഗങ്ങളുടെയും യൂണിറ്റ് ഭാരവാഹികളുടെയും സംയുക്ത യോഗം ഇന്ന് മണിക്ക് കാസർകോട് എസ്ടിയു സെന്ററിൽ നടക്കും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജില്ലയിൽ നിന്നുള്ള സംസ്ഥാന ഭാരവാഹികൾക്കുള്ള സ്വീകരണവും ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർഥികൾക്കുള്ള അനുമോദനവും നടക്കും

**കാസർകോട് വാർത്തകൾ**

# കഞ്ചിക്കട്ടയിൽ പുതിയ പാലം വരും



കാസർകോട് നഗരസഭ 24-ാം വാർഡ് ഉപതിരഞ്ഞടുപ്പിൽ യു.ഡി.എഫ് സ്ഥാനാർഥിയായി മത്സരിക്കുന്ന കെ.എം ഹനീഫ് റിട്ടേണിംഗ് ഓഫീസർ മുമ്പാകെ നോമിനേഷൻ സമർപ്പിക്കുന്നു. മുസ്‌ലിം ലീഗ് സംസ്ഥാന ട്രഷറർ സി.ടി അഹമ്മദലി, ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി, ജനറൽ സെക്രട്ടറി എ. അബ്ദുൽ റഹ് മാൻ, മുനിസിപ്പൽ പ്രസിഡന്റ് കെ.എം ബഷീർ, ഡിസിസി സെക്രട്ടറി കരുൺതാപ്പ പങ്കെടുത്തു.

കുമ്പള: അപകടാവസ്ഥയിലായ വിസിബി കം ബ്രിഡ്ജ് പൊളിച്ചുനീക്കി കഞ്ചിക്കട്ടയിൽ പുതിയ പാലം നിർമിക്കുന്നു. 7.5 മീറ്റർ വീതിയിൽ നടപ്പാതയോടു കൂടിയാണ് പാലം നിർമിക്കുക. പാലത്തിന്റെ ഡിസൈൻ പൂർത്തീകരിച്ച് ഐ.ഡി.ആർ.ബി ലഭ്യമാക്കിയിട്ടുണ്ട്. പുതിയ പാലത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള ഫണ്ട് സമാഹരണത്തിനും മറ്റുമായി എ.കെ.എം അഷ്റഫ് എം.എൽഎയുടെ നേതൃത്വത്തിൽ ജനകീയ സമിതി രൂപീകരിച്ചിട്ടുണ്ട്.



കഞ്ചിക്കട്ടയിൽ പുതിയ പാലം നിർമിക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരത്ത് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം

തിരുവനന്തപുരത്ത് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നടപടി ക്രമങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കി പുതിയ പാലം എത്രയും വേഗം യഥാർഥ്യമാക്കാൻ ബന്ധപ്പട്ടവർക്ക് മന്ത്രി നിർദേശം നൽകി. മഴക്കാലത്ത് ഉണ്ടാകുന്ന ഹൈഫ്ലഡ് ലെവൽ കണക്കിലെടുത്ത് പൂർത്തീകരിച്ച ഡിസൈൻ പ്രകാരം നിലവിലെ പാലത്തിൽ നിന്നും രണ്ട് മീറ്റർ ഉയരം കൂട്ടി നിർമിക്കാൻ ഇരുകരകളിലുമായി മുപ്പത് സെന്റ് ഭൂമി അധികം ഏറ്റെടുക്കുക എന്നത് പ്രായോഗികമല്ലെന്ന് ഉദ്യോഗസ്ഥർ യോഗത്തെ അറിയിച്ചു.

അതിനാൽ പാലത്തിന്റെ ഉയരം കുറയ്ക്കുന്നതിനായി റീഡിസൈൻ പ്രവൃത്തികൾ ഐ.ഡി.ആർ.ബിയിൽ പുരോഗമിച്ചു വരുന്നതായും നിലവിലെ പാലത്തിൽ നിന്നും ഒരു മീറ്റർ ഉയരത്തിൽ മാത്രം പുതിയ പാലം നിർമിക്കുന്നതിനാൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് 10 സെന്റിലേക്ക് കുറയ്ക്കാൻ സാധിക്കുമെന്നും ബന്ധപ്പെട്ടവർ യോഗത്തിൽ വ്യക്തമാക്കി. ഫൈനൽ ഡിസൈൻ ലഭിച്ചാൽ മൂന്നാഴ്ചക്കുള്ളിൽ നബാർഡിലേക്ക് എസ്റ്റിമേറ്റ് തയാറാക്കി നൽകാനാകുമെന്നും 25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ഈവർഷം ആഗസ്റ്റ് അവസാനത്തോടെ ഡി.പി.ആർ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും ഉദ്യോഗസ്ഥർ മന്ത്രിയെ ധരിപ്പിച്ചു.

നിയമസഭാ സമുച്ചയത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ എ.കെ.എം അഷ്റഫ് എം.എൽ.എ, ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ ചീഫ് എൻജിനീയർ എം. സദാശിവൻ, ഐ.ഡി.ആർ.ബി ഡിസൈൻ വിങ് ഡയറക്ടർ ശ്രീദേവി. പി, മൈനർ ഇറിഗേഷൻ കോഴിക്കോട് സർക്കിൾ സുപ്രണ്ടിങ് എൻജിനീയർ രമേഷൻ, മൈനർ ഇറിഗേഷൻ കാസർകോട് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ സഞ്ജീവ്.പി,

മൈനർ ഇറിഗേഷൻ മഞ്ചേശ്വരം സബ് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എൻജിനീയർ അനൂപ് എ, ഡിസൈൻ വിങ് അസി. എക്സിക്യൂട്ടീവ് എൻജിനീയർ സീന, ജോയിൻ ഡയറക്ടർ ഡിസൈൻ സിന്ധു.ആർ, കുമ്പള ഡിവിഷൻ മൈനർ ഇറിഗേഷൻ അസി. എഞ്ചിനീയർ ഗോകുലൻ ടി., എംഎൽഎ പേഴ്സണൽ അസിസ്റ്റന്റ് അഷ്റഫ് കൊടിയമ്മ സംബന്ധിച്ചു.

## അന്തുഞ്ഞി ഹാജി ധീരനായ നേതാവ്

കാസർകോട്: പ്രതിസന്ധിഘട്ടങ്ങളിൽ മുസ്‌ലിം ലീഗ് പാർട്ടിക്ക് ധീരമായ നേതൃത്വം നൽകിയ നേതാവായിരുന്നു മുസ്‌ലിം ലീഗ് മഞ്ചേശ്വരം മണ്ഡലം വൈസ് പ്രസിഡന്റ് ചിപ്പാർ അന്തുഞ്ഞി ഹാജിയെന്ന് ജില്ലാ ജനറൽ സെക്രട്ടറി എ. അബ്ദുൽ റഹ്മാൻ അനുസ്മരിച്ചു. മുസ്‌ലിം ലീഗ് നേതാവായിരുന്ന ചെർക്കളം അബ്ദുല്ലയോടൊപ്പം മഞ്ചേശ്വരം മണ്ഡലത്തിൽ വിശിഷ്യ പൈവെളിഗെ പഞ്ചായത്തിൽ മുസ്‌ലിം ലീഗ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ആത്മാർഥമായ പ്രവർത്തനം കാഴ്ചവച്ച നിഷ്കളങ്കനായ നേതാവായിരുന്നു അന്തുഞ്ഞി ഹാജി. അദ്ദേഹത്തിന്റെ വേർപാട് മഞ്ചേശ്വരം മണ്ഡലത്തിൽ മുസ്‌ലിം ലീഗ് പ്രസ്ഥാനത്തിന് നികത്താനാവാത്ത നഷ്മാണെന്നും അനുശോചന സന്ദേശത്തിൽ എ. അബ്ദുൽ റഹ്മാൻ പറഞ്ഞു.

### വിഴിഞ്ഞം തുറമുഖ ഉദ്ഘാടനത്തിന് പ്രതിപക്ഷ നേതാവിന് ക്ഷണമില്ല

## യു.ഡി.എഫ് പ്രതിഷേധ പ്രകടനം ഇന്ന്

കാസർകോട്: വിഴിഞ്ഞം തുറമുഖ ഉദ്ഘാടന ചടങ്ങിൽ നിന്ന് പ്രതിപക്ഷ നേതാവിനെ ഒഴിവാക്കിയതിൽ പ്രതിഷേധിച്ച് യു.ഡി.എഫ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് പ്രതിഷേധ പ്രകടനം നടത്തും. വിഴിഞ്ഞത്തിന്റെ ഉപജ്ഞാതാവ് ഉമ്മൻ ചാണ്ടിയായിരിക്കെ പ്രതിപക്ഷ നേതാവിനെ പോലും ഉദ്ഘാടന ചടങ്ങിൽ പങ്കെടുപ്പിക്കാതെ ഇടതു മുന്നണി മേളയാക്കുന്നതിൽ പ്രതിഷേധിച്ച് യു.ഡി.എഫ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് വൈകിട്ട് അഞ്ചിന് കാസർകോട് പുതിയ ബസ് സ്റ്റാന്റ് പരിസരത്ത് നിന്ന് പ്രകടനം ആരംഭിക്കും. ഹെഡ് പോസ്റ്റാഫീസ് പരിസരത്ത് സമാപിക്കും. മുഴുവൻ പ്രവർത്തകരും പ്രകടനത്തിൽ പങ്കെടുക്കണമെന്ന് യുഡിഎഫ് ജില്ലാ ചെയർമാൻ കല്ലട്ര മാഹിൻ ഹാജി, കൺവീനർ എ. ഗോവിന്ദൻ നായർ അഭ്യർഥിച്ചു.

## വികസന പദ്ധതികൾ സർക്കാർ അട്ടിമറിക്കുന്നു: കല്ലട്ര മാഹിൻ ഹാജി

കാസർകോട്: വികസന പ്രവർത്തനങ്ങൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കും ഫണ്ട് അനുവദിക്കാതെ ത്രിതല പഞ്ചായത്ത് സംവിധാനത്തെ ഇടതു സർക്കാർ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുകയാണെന്ന് ജില്ലാ മുസ്‌ലിം ലീഗ് പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി. ലോക്കൽ ഗവ. മെമ്പേഴ്സ് ലീഗ് സംസ്ഥാനതലത്തിൽ നടത്തുന്ന സമരപരിപാടിയുടെ ഭാഗമായുള്ള ഒപ്പുമതിൽ ചെമ്മനാട് പഞ്ചായത്ത് ഓഫീസിനു മുന്നിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. എൽ.ജി.എം.എൽ സംസ്ഥാന സെക്രട്ടറി സുഫൈജ അബൂബക്കർ അധ്യക്ഷത വഹിച്ചു.



ലോക്കൽ ഗവ. മെമ്പേർസ് ലീഗ് പ്രതിഷേധ സംഗമം 'ഒപ്പുമതിൽ' ചെമ്മനാട് പഞ്ചായത്തിൽ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി ഉദ്ഘാടനം ചെയ്യുന്നു

മണ്ഡലം പ്രസിഡന്റ് ശംസുദ്ധീൻ തെക്കിൽ സ്വാഗതം പറഞ്ഞു. പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് അബ്ദുൽ ഖാദർ കളനാട്, ജനറൽ സെക്രട്ടറി ടി.ഡി കബീർ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മൻസൂർ കുരിക്കൾ, മുസ്‌ലിം ലീഗ് പഞ്ചായത്ത് ഭാരവാഹികളായ സി.എച്ച് മുഹമ്മദ് ചെമ്പരിക്ക, അഫ്സൽ സീസ്സു, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ ആയിഷ കെ.എ, രമ ഗംഗാദരൻ, മെമ്പർമാരായ അഹമ്മദ് കല്ലട്ര, അബ്ദുൽ കലാം സഹദുള്ള, അമീർ പാലോത്ത്, രാജൻ കെ. പൊയ്നാച്ചി, മറിയ മാഹിൻ സംബന്ധിച്ചു.

## കഞ്ചാവുമായി രണ്ടുപേർ അറസ്റ്റിൽ

ചട്ടഞ്ചാൽ: സ്കൂട്ടറിൽ കടത്തുകയായിരുന്ന കഞ്ചാവുമായി രണ്ടുപേരെ പൊലീസ് അറസ്റ്റ് ചെയ്തു. അജാനൂർ പുതിയകണ്ടത്തെ വി പ്രവീൺ (39), അജാനൂർ കാട്ടുകുളങ്ങര കണ്ടത്തിൽ ഹൗസിലെ കെ.വി ശ്രീജിത്ത് (26) എന്നിവരെയാണ് മേൽപറമ്പ് എസ്.ഐ വികെ അനീഷിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം അറസ്റ്റ് ചെയ്തത്. വൈകിട്ട് ചട്ടഞ്ചാൽ നോർത്തിലെ ദേശീയ പാതയിൽ വാഹന പരിശോധന നടത്തുകയായിരുന്ന പൊലീസ് സംഘം ചെർക്കള ഭാഗത്തു നിന്നു വരികയായിരുന്ന സ്കൂട്ടറിന് കൈ കാണിച്ചപ്പോൾ വേഗത കുറച്ചെങ്കിലും നിർത്തിയില്ല. ഇതോടെ സീനിയർ സിവിൽ പൊലീസ് ഓഫീസർ ജോസ് വിൻസന്റ് പിറകെ ഓടി ഹാൻഡലിൽ പിടിച്ചു സ്കൂട്ടർ നിർത്തിച്ചു. യുവാക്കളുടെ പെരുമാറ്റത്തിൽ സംശയം തോന്നി പൊലീസ് സ്കൂട്ടർ പരിശോധിച്ചപ്പോഴാണ് സീറ്റിനടിയിൽ ഒളിപ്പിച്ചിരുന്ന കഞ്ചാവ് പൊതി കണ്ടെടുത്തത്.



കാസർകോട് നഗരസഭ സംഘടിപ്പിച്ച സക്സസ് ഫിയസ്റ്റ അനുമോദന ചടങ്ങ് ജില്ലാ കലക്റ്റർ കെ. ഇമ്പശേഖർ ഉദ്ഘാടനം ചെയ്യുന്നു

## സക്സസ് ഫിയസ്റ്റ: ഉന്നത വിജയികളെ അനുമോദിച്ച് കാസർകോട് നഗരസഭ

കാസർകോട്: കാസർകോട് നഗരസഭാ പരിധിയിലെ സ്കൂളുകളിൽ നിന്നും മുഴുവൻ വിഷയങ്ങളിലും എപ്ലസ് നേടി വിജയിച്ച എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർഥികളെയും നൂറുശതമാനം വിജയം നേടിയ സ്കൂളുകളെയും കാസർകോട് നഗരസഭ 'സക്സസ് ഫിയസ്റ്റ' എന്ന പരിപാടിയിലൂടെ അനുമോദിച്ചു. കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങ് ജില്ലാ കലക്റ്റർ കെ. ഇമ്പശേഖർ ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർമാൻ അബ്ബാസ് ബീഗം അധ്യക്ഷത വഹിച്ചു.

'സക്സസ് ഫിയസ്റ്റയുടെ' ലോഗോ ജില്ലാ കലക്ടർ നഗരസഭാ വൈസ് ചെയർപേഴ്സൺ ഷംസീദ ഫിറോസിന് നൽകി പ്രകാശനം ചെയ്തു. സ്ഥിരം സമിതി ചെയർപേഴ്സൺമാരായ സഹീർ ആസിഫ്, റീത്ത ആർ, ഖാലിദ് പച്ചക്കാട്, സിയാന ഹനീഫ്, നഗരസഭ കൗൺസിലർ പി. രമേശ്, മുനിസിപ്പൽ എഞ്ചിനീയർ ദിലീഷ് എൻ.ഡി, വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർപേഴ്സൺ രജനി കെ, നഗരസഭ സെക്രട്ടറി ജെസ്റ്റിൻ പി.എ പ്രസംഗിച്ചു.

# 'ഉറപ്പല്ല സാറന്മാരേ... ഹാർബറാണ് വേണ്ടത്

കാഞ്ഞങ്ങാട്: പ്രഖ്യാപനത്തിലൊതുങ്ങിയ വികസന പ്രവർത്തിയാണ് അജാനൂർ കടപ്പുറത്തെ ഹാർബർ. ഇടതു സർക്കാറിന്റെ കാലത്ത് പല തവണ ഇന്ന്, നാളെ, മറ്റന്നാൾ നിർമാണ പ്രവർത്തി തുടങ്ങുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇതുവരെയും ഒന്നും ആരംഭിച്ചിട്ടില്ല. കഴിഞ്ഞ 13 വർഷമായി അജാനൂർ കടപ്പുറത്തുകാർ ഹാർബറിനായി കാത്തിരിക്കുന്നു. നേരത്തെ ഫിഷറീസ് മന്ത്രിയായിരുന്ന മേഴ്സിക്കുട്ടിയമ്മയും ഇപ്പോൾ ഫിഷറീസ് മന്ത്രിയായ സജി ചെറിയാനും പ്രഖ്യാപനം നടത്തുതല്ലാതെ ഇതുവരെയും അതു യഥാർഥ്യത്തിലേക്ക് നീങ്ങിയിട്ടില്ല. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചടുത്തോളം അജാനൂർ കടപ്പുറത്ത് ഹാർബറില്ലാത്തതിനാൽ മത്സ്യബന്ധനം അപകടപ്പെടുത്തുന്ന പണിയായി മാറിയിട്ടുണ്ട്. ഹാർബറില്ലാത്തതിനാൽ ബോട്ടുകൾക്ക് വരാനും പോകാനുമുള്ള ഇടമില്ലാത്തതിനാൽ നിരവധി അപകടങ്ങളാണ് ഇവിടെയുണ്ടായിട്ടുള്ളത്. നിരവധി ജീവനകളും പോയി.

അറബി കടലിൽ കാലാവസ്ഥ വ്യതിയാനം മൂലമുണ്ടായ കാറ്റുകൾ അജാനൂർ കടപ്പുറത്തെ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചടുത്തോളം വലിയ പ്രയാസമാണുണ്ടാക്കിയിട്ടുള്ളത്. ചിത്താരി പുഴയുടെ ഗതി മാറ്റമടക്കമുള്ളവ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച് കഴിഞ്ഞാൽ 101.33 കോടി രൂപയുടെ പ്രോജക്ട് ഇവിടെ വരുമെന്ന ഉറപ്പാണ് സംസ്ഥാന സർക്കാർ നൽകുന്നത്. എന്നാൽ ഇതുവരെയും പല തവണകളായി സർക്കാർ പറ്റിച്ചതിനാൽ അവരെ വിശ്വസിക്കാൻ കഴിയാത്ത അവസ്ഥയിലാണ് അജാനൂർ കടപ്പുറത്തെ തീരദേശ വാസികൾ. അവരുടെ അണപ്പൊട്ടിയ രോഷമാണ് ഇന്നലെ കാഞ്ഞങ്ങാട് നഗരം കണ്ടത്. ഭരണകക്ഷിയിലടക്കമുള്ള സി.പി.എം പ്രവർത്തകരടക്കം സമരത്തിൽ പങ്കാളികളായിരുന്നു. തങ്ങളുടെ സമരത്തിന് രാഷ്ട്രീയമില്ലെന്നാണ് ഇതിന് നേതൃത്വം നൽകുന്ന ശ്രീ കുറുംബ ക്ഷേത്ര കമ്മിറ്റി ഭാരവാഹികളുടെ പക്ഷം. അതിനിടയിൽ സമരം മുറുകുന്ന സമയം അജാനൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ സബീഷിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തെത്തി മന്ത്രി സജി ചെറിയാനെ കണ്ട അജാനൂർ കടപ്പുറം തുറുമുഖത്തെ ഡി.പി.ആർ മുപ്പതിനകം സമർപ്പിക്കുമെന്ന ഉറപ്പു നൽകിയ കാര്യം മാധ്യമങ്ങൾക്കും വാട്ടസാപ്പിലും സി.പി.എം പ്രവർത്തകർ പ്രചരിപ്പിച്ചിരുന്നു. അതിപ്പോഴും അവിടെത്തെ ആളുകൾ മുഖവില കൊടുത്ത് കാണുന്നില്ല.

## മത്സ്യത്തൊഴിലാളി മാർച്ചിൽ പ്രതിഷേധമിരമ്പി




അജാനൂർ ഹാർബർ യഥാർഥ്യമാക്കണമെന്നാവശ്യപ്പെട്ട് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇന്നലെ കാഞ്ഞങ്ങാട് സിവിൽ സ്റ്റേഷനിലേക്ക് നടത്തിയ മാർച്ച് പൊലിസ് തടഞ്ഞപ്പോൾ

കാഞ്ഞങ്ങാട്: അജാനൂർ കടപ്പുറത്ത് ഫിഷറീസ് ഹാർബർ യഥാർഥ്യമാക്കുന്നതിൽ പ്രതിഷേധിച്ച് ശ്രീ കുറുംബ ഭാഗവതി ക്ഷേത്ര കമ്മിറ്റിയുടെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികൾ സിവിൽ സ്റ്റേഷൻ ഓഫിസിലേക്ക് നടത്തിയ മാർച്ചിൽ പ്രതിഷേധമിരമ്പി. ആയിരക്കണക്കിനാളുകൾ സംബന്ധിച്ച മാർച്ച് ഇന്നലെ രാവിലെ 11 മണിക്ക് കോട്ടച്ചേരി മേൽപ്പാലം പരിസരത്ത് നിന്നാണ് ആരംഭിച്ചത്. നഗരത്തെ അക്ഷരാർഥത്തിൽ ഞെട്ടിച്ച് നടന്ന സമരം സിവിൽ സ്റ്റേഷൻ പരിസരത്ത് എത്താൻ രണ്ടു മണിക്കൂർ സമയമെടുത്തു. സമരക്കാർ ഹാർബർ യഥാർഥ്യമായില്ലെങ്കിൽ സമരത്തിൽ നിന്നും പിൻമാറില്ലന്ന് പ്രഖ്യാപിച്ച് ഒരുവിഭാഗം റോഡ് ഉപരോധിച്ചു. ഇതിനെ തുടർന്ന് പുതിയ കോട്ടയിൽ ഒരു മണിക്കൂർ റോഡുപരോധം നടന്നു.

ജില്ലാ കലക്ടർ ഇമ്പശേഖരൻ ഇടപെട്ടതിനെ തുടർന്ന് ഹോസ്ദുർഗ് തഹസിൽദർ മായ മത്സ്യത്തൊഴിലാളികളുമായി ചർച്ച നടത്തി. ഒരു മാസത്തിനകം ഹാർബർ യഥാർഥ്യമാക്കാനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുമെന്ന ഉറപ്പിൽ ഉച്ചക്ക് 12.45ഓടെയാണ് സമരം അവസാനിപ്പിച്ചത്. ക്ഷേത്രക്കമ്മിറ്റി പ്രസിഡന്റ് സുരേഷ് മാർച്ച് ഉദ്ഘാടനം ചെയ്തു. ശ്രീ കുറുംബ ക്ഷേത്ര മുഖ്യ സ്ഥാനികരായി അമ്പാടി കാരണവർ, കണ്ണൻ കാരണവർ, ക്ഷേത്ര ഭാരവാഹികളായി കെ.പി രാജേഷ്, വി.വി സുഹാസ്, പി. മനോജ്, സജീവൻ ചിത്താരി, ശ്രീകുടുംബ ക്ഷേത്രത്തിന്റെ മാതൃസമിതി പ്രസിഡന്റ് ബിന്ദു ഉണ്ണികൃഷ്ണൻ, സെക്രട്ടറി സുമ രാജൻ സംബന്ധിച്ചു. മാർച്ച് ഡി.വൈ.എസ്.പി വി.വി ലതീഷ്, എസ്.ഐ പി.വി അഖിൽ എന്നിവരുടെ നേതൃത്വത്തിൽ വൻപൊലിസ് സന്നാഹമുണ്ടായിരുന്നു.

### ഫണ്ട് നിലച്ച് നാലു മാസം

# അങ്കണവാടിയിൽ മുട്ടയും പാലുമില്ല



കാഞ്ഞങ്ങാട്: അങ്കണവാടിയിലേക്ക് കുട്ടികൾക്കായി നൽകുന്ന മുട്ടയും പാലും കിട്ടുന്നില്ലന്ന് പരാതി. മാർച്ച് മുതലാണ് ഫണ്ട് കിട്ടാതെ അങ്കണവാടി അധ്യാപകർ പ്രതിസന്ധിയിലായത്. ആറു രൂപയ്ക്ക് മുട്ടയും അമ്പത്തിരണ്ട് രൂപ പാലിനുമായി നൽകുന്നതാണ് ഇപ്പോൾ മാർച്ച് മുതൽ കിട്ടാതെയായത്.

ഇതോടെ തുച്ഛമായ ഹോണറിയം മാത്രം കിട്ടി ജീവിക്കുന്ന അങ്കണവാടി അധ്യാപികമാർക്കും ജീവനകാർക്കും കുട്ടികൾക്ക് ഇതു നൽകാൻ സ്വന്തം കൈയിൽ നിന്നും പണം നൽകേണ്ട അവസ്ഥയാണുണ്ടായത്.

ഇതുകുടാതെ അങ്കണവാടിയിൽ നടക്കുന്ന പരിപാടികൾക്കായി അനുവദിക്കുന്ന പണവും കിട്ടാത്ത അവസ്ഥയുണ്ട്. ഇതിന്റെ കൂടെ കറിക്കായുള്ള പലവ്യഞ്ജനങ്ങളുടെ തുകയും അങ്കണവാടികൾക്ക് കിട്ടുന്നില്ല. ഇതെല്ലാം അനുവദിക്കേണ്ടത് ഐ.സി.ഡി.എസ് ജീവനക്കാരാണ്. ഇതു സംബന്ധിച്ച് ഇവരുമായി ബന്ധപ്പെടുമ്പോൾ നേരത്തെ കരാർ മുഖേനയാണ് ഇവ വിതരണം ചെയ്ത് എത്തിച്ചതെന്നും പുതുതായി അങ്ങനെ കരാറില്ലായെന്നും ഇതിന്റെ ബില്ല് കൊണ്ടുവന്നാൽ തുക നൽകുന്നുണ്ടെന്നുമാണ് അവരുടെ പക്ഷം.

എന്നാലും അങ്കണവാടിയിലേക്കുള്ള മുട്ടയും പാലിന്റെയും പണം നിലച്ചതോടെ പ്രയാസത്തിലായിരിക്കുകയാണ് അങ്കണവാടി അധ്യാപികമാരും ജീവനക്കാരും.

## റിയൽ എസ്റ്റേറ്റ് കൺസൾട്ടന്റ്സ് അസോ; ജില്ലാ കൺവൻഷൻ 14ന്

കാഞ്ഞങ്ങാട്: റിയൽ എസ്റ്റേറ്റ് മേഖലയിൽ പ്രവർത്തിക്കുന്നവരെ സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച റിയൽ എസ്റ്റേറ്റ് കൺസൾട്ടന്റ്സ് അസോസിയേഷൻ ജില്ലാ കൺവൻഷൻ 14ന് ഉച്ചക്ക് 2.30ന് കാഞ്ഞങ്ങാട് പോർട്ട് വിഹാർ ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. കൺവൻഷൻ സംസ്ഥാന പ്രസിഡന്റ് സലീം മാറ്റപള്ളി ഉദ്ഘാടനം ചെയ്യും. മുഖ്യപ്രഭാഷണവും ഐ.ഡി കാർഡ് വിതരണവും സംസ്ഥാന ഓർഗ നൈസിംഗ് സെക്രട്ടറി ജോസ് വിക്ടർ നിർവഹിക്കും. പത്രസമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് വി.വി ചന്ദ്രൻ, വൈസ് പ്രസിഡന്റ് ടോമി ജോർജ്, ട്രഷറർ അബ്ദുൽ ഖാദർ സംബന്ധിച്ചു.



നീലേശ്വരം കിഴക്കൻ കൊഴുവൽ എൻ.എസ്.എസ് ഓഡിറ്റോറിയത്തിന് സമീപത്തെ കുഞ്ഞമ്മാർ അമ്മയുടെ വീട്ടുമുറ്റത്തെ കിണർ താഴ്ന്ന നിലയിൽ

## വിഴിഞ്ഞം പദ്ധതി ഉമ്മൻചാണ്ടിയുടെ ബേബി യുഡിഎഫിന്റെ ജില്ലാതല പ്രകടനം ഇന്ന്

കണ്ണൂർ: മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നിശ്ചയദാർഢ്യത്തിൽ യഥാർത്ഥ്യമായ വിഴിഞ്ഞം തുറമുഖത്ത് ചരക്ക് കപ്പലടുക്കുമ്പോഴുള്ള ഔദ്യോഗിക ചടങ്ങിൽ പ്രതിപക്ഷ നേതാവിനെയും യുഡിഎഫ് എംപിയേയും അവഗണിച്ചതിൽ പ്രതിഷേധിച്ചും പദ്ധതി നടപ്പാക്കിയ ഉമ്മൻചാണ്ടിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചും ഇന്ന് വൈകിട്ട് അഞ്ചിന് കണ്ണൂർ നഗരത്തിൽ യുഡിഎഫ് പ്രകടനം നടത്തും. കാൽടെക്സിൽ നിന്ന് ആരംഭിക്കുന്ന പ്രകടനം പഴയ ബസ്സ്റ്റാന്റ് പരിസരത്ത് സമാപിക്കും.യുഡിഎഫ് സർക്കാരിന്റെ കാലത്ത് പ്രതിപക്ഷത്തെ കൂടി സഹകരിപ്പിച്ചിരുന്ന സാമാന്യ മര്യാദ മുഖ്യമന്ത്രി പ്രകടിപ്പിക്കാത്തത് നെറികേടാണെന്ന് ജില്ലാ ചെയർമാൻ പി.ടി. മാത്യുവും കൺവീനർ അഡ്വ. അബ്ദുൽ കരീം ചേലേരിയും പറഞ്ഞു.



പാവപ്പെട്ട രോഗികളുടെ ചികിത്സയ്ക്കായി കേരളാ വ്യാപാരി വ്യവസായി ഏകോപന സമിതി ചെറുപുഴ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ജീവകാരുണ്യനിധി യൂണിറ്റ് പ്രസിഡന്റ് ജെ. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു. സെക്രട്ടറി എ.ടി.വി. രാജേഷ് അധ്യക്ഷത വഹിച്ചു.

## ഫിറ്റ്നസ് ടെസ്റ്റ്

കണ്ണൂർ: ഇരിട്ടി സബ് ആർടി ഓഫീസിലെ ഫിറ്റ്നസ് ടെസ്റ്റ് ഇനി മുതൽ ബുധൻ, വെള്ളി ദിവസങ്ങളിൽ നടക്കുമെന്ന് ജോ: റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു. ടെസ്റ്റിനായി വാഹനങ്ങൾ ഹാജരാക്കുന്നവർ മുൻ കൂട്ടി ഓൺലൈനായി സ്ലോട്ട് ബുക്ക് ചെയ്യണം.ഫോൺ 0490 2490001

# കണ്ണൂർ വാർത്തകൾ

## തദ്ദേശീയം ശിൽപശാല നാളെ

പയ്യന്നൂർ: തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി കണ്ണൂർ ജില്ലാ മുസ് ലിം ലീഗ് കമ്മിറ്റി തീരുമാനിച്ച തദ്ദേശീയം 2025 ശിൽപശാല നാളെ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ പയ്യന്നൂർ ജൂജു ഇന്റർ നാഷണൽ ഹോട്ടൽ ഓഡിറ്റോറിയത്തിൽ നടക്കും. മണ്ഡലം മുനിസിപ്പൽ പഞ്ചായത്ത് മുസ് ലിം ലീഗ് ഭാരവാഹികൾ, മണ്ഡലത്തിൽ നിന്നുള്ള ജില്ലാ മുസ് ലിം ലീഗ് പ്രവർത്തക സമിതി അംഗങ്ങൾ, പയ്യന്നൂർ മണ്ഡലത്തിലെ മുസ് ലിം ലീഗ് ജനപ്രതിനിധികൾ, വിവിധ പോഷക സംഘടനകളുടെ മണ്ഡലം പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, വാർഡ് വിഭജനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മുൻ പരിചയവും അവഗാഹവുമുള്ള വിദഗ്ധർ എന്നിവർ പങ്കെടുക്കുമെന്ന് പ്രസിഡന്റ് കെ.കെ.അഷ്റഫും ജനറൽ സെക്രട്ടറി ഇഖ്ബാൽ കോയിപ്രയും അറിയിച്ചു.

## സ്വർണാഭരണം കവർന്ന സൈനികൻ അറസ്റ്റിൽ

കണ്ണൂർ: ആശുപത്രിയിലെത്തിയ വയോധികയുടെ മാല കവർന്ന സൈനികൻ അറസ്റ്റിൽ. കരസേനയിലെ സൈനികൻ കതിരൂരിലെ ശരത്താണ് അറസ്റ്റിലായത്. കഴിഞ്ഞ ദിവസം രാവിലെ പത്ത് മണിയോടെ ആശുപത്രിയിലെത്തിയ മഞ്ഞോടി സ്വദേശിനിയുടെ കഴുത്തിൽ നിന്ന് അര പവൻ മാലയാണ് സൈനികൻ കവർന്നത്. സി.സി.ടി.വി ദൃശ്യം പരിശോധിച്ചാണ് പൊലീസ് പ്രതിയെ തിരിച്ചറിഞ്ഞത്. തുടർന്ന് തലശ്ശേരി എസ്ഐ ദീപ്തി വിവിയുടെ നേതൃത്വത്തിലുള്ള സംഘമാണ് അറസ്റ്റ് ചെയ്തത്. കരസേനയിൽ ജോലിചെയ്യുന്ന ഇയാൾ നാട്ടിൽ അവധിക്ക് എത്തിയതാണ്.

## തളിപ്പറമ്പിൽ അലഞ്ഞി തിരിയുന്ന കന്നുകാലികളെ പിടികൂടി

തളിപ്പറമ്പ: തളിപ്പറമ്പ നഗരത്തിൽ അലഞ്ഞി തിരിയുന്ന കന്നുകാലികളെ പിടികൂടി തുടങ്ങി. നഗരസഭയുടെ നേതൃത്വത്തിൽ കന്നുകാലികളെ പിടികൂടാൻ തുടങ്ങിയത്. ഇന്നലെ മൂന്ന് പശുക്കളെയാണ് പിടിച്ചെടുത്തത്. 24 മണിക്കൂർ കഴിഞ്ഞ് ഉടമസ്ഥർ വരുന്നില്ലെങ്കിൽ ലേലം ചെയ്തു വിൽക്കാനാണ് തീരുമാനം. ഉടമ എത്തിയാൽ ഫൈൻ അടച്ച് തിരികെ നൽകും. തിരികെ ലഭിക്കുന്ന പശുക്കൾ വീണ്ടും നഗരത്തിൽ എത്തിയാൽ കർശന നടപടി സ്വീകരിക്കും. ഹെൽത്ത് ഇൻസ്പെക്ടർ പി പ്രദീപ്കുമാർ ജെ.എച്ച്.ഐ ലതീഷ് പികെ എന്നിവർ നേതൃത്വം നൽകി. നഗര സഭ ലൈസൻസ് നൽകിയ കരാറുകാരുടെ നേതൃത്വത്തിലാണ് പശുക്കളെ പിടികൂടിയത്.

## തലശ്ശേരി സ്റ്റേഡിയം നഗരസഭയ്ക്ക് കൈമാറാൻ തീരുമാനം

### പാട്ട വ്യവസ്ഥയിലാണ് കൈമാറ്റം

കണ്ണൂർ:തലശ്ശേരി സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയ്ക്ക് കൈമാറും തലശ്ശേരി:വി.ആർ കൃഷ്ണയ്യർ സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം പാട്ട വ്യവസ്ഥയിൽ നഗരസഭയ്ക്ക് കൈമാറാൻ തീരുമാനം. സ്പീക്കർ എ.എൻ ഷംസീറിന്റെ അധ്യക്ഷതയിൽ റവന്യൂ, കായിക വകുപ്പുമന്ത്രിമാരുടെ സാന്നിധ്യത്തിൽ ചർച്ചയിലാണ് തീരുമാനം. കായിക ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കണമെന്ന വ്യവസ്ഥയോടെയാണ് സ്റ്റേഡിയം കൈമാറുന്നത്. ഇതു സംബന്ധിച്ച അപേക്ഷ നഗരസഭ റവന്യൂ വകുപ്പിന് സമർപ്പിക്കണം. കായിക വകുപ്പിന്റെ പരിപാടികൾക്ക് സ്റ്റേഡിയം സൗജന്യ നിരക്കിൽ നൽകും.

റവന്യൂ, സ്പോർട്സ് വകുപ്പുകളുടെ പ്രതിനിധികളെ സ്റ്റേഡിയം മാനേജ്മെന്റ് കമ്മിറ്റിയിൽ ഉൾപ്പെടുത്തും.സ്വാതന്ത്ര്യ സമരത്തിന്റെ സ്മരണ ഉയർത്തുന്ന ജവഹർഘട്ടിന്റെ പുനരുദ്ധാരണത്തിനും, ടൂറിസത്തിന്റെ സാധ്യതകൾക്കും ഭൂമി ലഭ്യമാക്കുന്ന വിഷയത്തിൽ കലക്ടറോട് വിശദാംശങ്ങൾ ആവശ്യപ്പെടുമെന്ന് റവന്യൂ മന്ത്രി പറഞ്ഞു. ഉപയോഗശൂന്യമായി കിടക്കുന്ന വെയർ ഹൗസിന്റെ 80 സെന്റ് സ്ഥലം ഉപയുക്തമാക്കുന്നതിൽ ഒരു മാസത്തിനകം തീരുമാനമെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.റവന്യൂ വകുപ്പുമന്ത്രി കെ രാജൻ, കായിക വകുപ്പുമന്ത്രി വി. അബ്ദുറഹിമാൻ,റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, സ്പോർട്സ് വകുപ്പ് ഡയറക്ടർ വിഷ്ണുരാജ്, ലാന്റ് റവന്യൂ കമ്മീഷണർ കൗശികൻ, ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണർ അനു എസ് നായർ തുടങ്ങിയവർ പങ്കെടുത്തു.

## സീറ്റൊഴിവ്

നെരുവമ്പ്രം:അപ്ലൈഡ് സയൻസ് കോളജിൽ ഒന്നാംവർഷ ബിഎസ്സി കമ്പ്യൂട്ടർ സയൻസ്, ബികോം കോ-ഓപ്പറേഷൻ, ബികോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ബി.എ ഇംഗ്ലീഷ് വിത്ത് ജേർണലിസം, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.കോം കോഴ്സുകളിൽ സീറ്റുകൾ ഒഴിവുണ്ട്. ഫോൺ : 0497 2077600, 8547005059, 9567086541

കണ്ണൂർ: ഒണ്ടേൻ റോഡിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2024-25 -അധ്യയന വർഷ ഹോട്ടൽ മാനേജ്മെന്റ് കോഴ് സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. 09895880075, 0497 2706904

## വൈദ്യുതി മുടങ്ങും

കണ്ണൂർ കാനച്ചേരി, കാനച്ചേരി പള്ളി, ചാപ്പ,ഇടയിൽപ്പീടിക ട്രാൻസ്ഫോർമർപരിധിയിൽ ഇന്ന് 9മുതൽ ഒരുമണിവരെ വൈദ്യുതി മുടങ്ങും.

## കുറുമാത്തൂർ ഭൂപ്രശ്നം അടിയന്തര പരിഹാരത്തിന് നിർദേശം

തളിപ്പറമ്പ്: കുറുമാത്തൂർ വില്ലേജിലെ 177 ഏക്കർ സർക്കാർ ഭൂമി കൈവശപ്പെടുത്തി അനധികൃത പട്ടയം ഉണ്ടാക്കി മറിച്ചുവിറ്റുവെന്ന പരാതിയിൽ അടിയന്തര പരിഹാരമുണ്ടാക്കാൻ നിർദേശം. എം.വി ഗോവിന്ദൻ എംഎൽഎ വിളിച്ചുചേർത്ത ഉദ്യോഗസ്ഥരുടെയും ആക്ഷൻ കൗൺസിൽ ഭാരവാഹികളുടെയും യോഗത്തിലാണ് നിർദേശം നൽകിയത്. നിലവിൽ ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് പ്രശ്നം പരിഹരിക്കാനാണ് നിർദേശം. ഇവിടെ അനുവദിച്ച പട്ടയങ്ങളുടെ നിജസ്ഥിതി പരിശോധിക്കാൻ ജനകീയ സമിതിയുടെ ഹർജി അപലറ്റ് അതോറിറ്റിയുടെ പരിഗണനയിലാണ്. ലാന്റ് ബോർഡ് ചെയർമാൻ പി.ആർ രജീഷ്, ആർഡിഒ അജയകുമാർ, തഹസിൽദാർമാരായ കല ഭാസ്കർ, കെ ചന്ദ്രശേഖരൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.എം കൃഷ്ണൻ, ആന്തൂർ നഗരസഭാ ചെയർമാൻ പി മുകുന്ദൻ, കെ കൃഷ്ണൻ പങ്കെടുത്തു.

## സ്റ്റെപ്പ്സ് വിത്ത് ദി മേയർ; മിടുക്കർക്ക് സൗജന്യ സി.എ പരിശീലനവുമായി കോർപ്പറേഷൻ

കണ്ണൂർ: പ്ലസ് ടു വിദ്യാർഥികൾക്ക് ചാർട്ടേഡ് അക്കൗണ്ടന്റ്, കോസ്റ്റ് അക്കൗണ്ടന്റാകാൻ കോർപ്പറേഷൻ അവസരം ഒരുക്കുന്നു.

കോർപ്പറേഷൻ പരിധിയിലെ ഹയർസെക്കന്ററി വിദ്യാലയങ്ങളിലെ പ്ലസ് ടു വിദ്യാർഥികൾക്കാണ് സൗജന്യമായി സി.എ പരിശീലനം നൽകുന്നത്. ഓരോ വിദ്യാലയത്തിൽ നിന്നും തെരഞ്ഞെടുത്ത രണ്ട് വിദ്യാർഥികൾക്കാണ് പരിശീലനം നൽകുക. കേരളത്തിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനം ഐഎഐയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുക.

വിദ്യാഭ്യാസ മേഖലയിൽ മത്സരവും മത്സര പരീക്ഷകളും വർധിക്കുമ്പോൾ പഠിക്കാൻ മിടുക്കരായ വിദ്യാർഥികൾക്ക് സാമ്പത്തിക ശേഷിയില്ലാത്തതിനാൽ പിന്തള്ളപ്പെടുന്ന സാഹചര്യം ഒഴിവാക്കാനാണ് ഇത്തരം പദ്ധതി നടപ്പാക്കുന്നതെന്ന് മേയർ മുസ്‌ലിഹ് മഠത്തിൽ അറിയിച്ചു.

## വോട്ടർമാർക്ക് നന്ദി പറഞ്ഞ് സുധാകരൻ എം.പിയുടെ പര്യടനം



കെ സുധാകരൻ എം പിയുടെ പര്യടനം അഡ്വ: അബ്ദുൽ കരീം ചേലേരി ഉദ്ഘാടനം ചെയ്യുന്നു.

തളിപ്പറമ്പ് : ലോക്സഭ തെരഞ്ഞെടുപ്പിൽ ഉജ്വല വിജയം നൽകിയ വോട്ടർമാർക്ക് നന്ദി രേഖപ്പെടുത്തി കെ സുധാകരൻ എം പി തളിപ്പറമ്പ് മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ പര്യടനം നടത്തി. ധർമ്മശാലയിൽ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് അഡ്വ: അബ്ദുൽ കരീം ചേലേരി ഉദ്ഘാടനം ചെയ്തു.ഒ പി ഇബ്രാഹിം കുട്ടി മാസ്റ്റർ അധ്യക്ഷത വഹിച്ചു.

മുഹമ്മദ് ബ്ലാത്തൂർ,ടി ജനാർദനൻ,സി പി വി അബ്ദുല്ല,സമദ് കടമ്പേരി,എ എൻ ആന്തൂരാൻ,നൗഷാദ് പുതുക്കണ്ടം,കെ പി ആദം കുട്ടി,എം.വി രവീന്ദ്രൻ,മനോജ് കൂവേരി,എം എൻ പൂമംഗലം സംസാരിച്ചു. തളിപ്പറമ്പിൽ യു ഡി എഫ് മുൻസിപ്പൽ ചെയർമാൻ പി മുഹമ്മദ് ഇഖ്ബാൽ പൊന്നാടയണിയിച്ചു.അഡ്വക്കറ്റ് ടി ആർ മോഹൻദാസ്,രജനി രമാനന്ദ്, കൊടിയിൽ സലീം,ഇ ടി രാജീവൻ, നാസർ തളിപ്പറമ്പ്, ഗാന്ധി സിദ്ദീഖ്,പി പി ഇസ്മായിൽ,ജാബിർ തങ്ങൾ,എം വി ഫാസിൽ, ഓലിയൻ ജാഫർ പങ്കെടുത്തു. വിവിധയിടങ്ങളിൽ മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ഇബ്രാഹിം കുട്ടി തിരുവട്ടൂർ,അബൂബക്കർ വായാട്,അഡ്വ : മുജീബ് റഹ്മാൻ, അസൈനാർ മാസ്റ്റർ സംബന്ധിച്ചു. സി പൊയിൽ, പെരുമ്പടവ്,ചപ്പാരപ്പടവ്, പൂവ്വം, കുറുമാത്തൂർ,പറശ്ശിനിക്കടവ്,മയ്യിൽ ടൗൺ, മലപ്പട്ടം എന്നിവിടങ്ങളിലെ പര്യടനത്തിന് ശേഷം ചൂളിയാട് കടവിൽ സമാപിച്ചു.

## കൊക്കോതോട്ടത്തിൽ നിന്നു ലഭിച്ച രാജവെമ്പാല മുട്ടകൾ വിരിയിച്ച് ഷാജി



തളിപ്പറമ്പ് ബക്കളത്തെ വീട്ടിൽ ഷാജിയുടെ പരിചരണത്തിൽ വിരിഞ്ഞ രാജവെമ്പാലകുഞ്ഞുങ്ങൾ

കണ്ണൂർ:കൊക്കോതോട്ടത്തിൽ നിന്നു കണ്ടെത്തിയ രാജവെമ്പാലയുടെ മുട്ടകൾ വിരിയിച്ചെടുത്ത് വനംവകുപ്പ് വാച്ചർ. കുടിയാൻമലയിലെ കൊക്കോതോട്ടത്തിൽ നിന്ന് കണ്ടെത്തിയ 30 മുട്ടകളിൽ 16 എണ്ണമാണ് കൃത്യമായ പരിചരണത്തോടെ വനംവകുപ്പ് വാച്ചർ ഷാജി ബക്കളം വിരിയിച്ചെടുത്തത്. കഴിഞ്ഞ ഏപ്രിൽ 20നാണ് കുടിയാൻമല കനകകുന്നിലെ ലോനപ്പന്റെ കൊക്കോതോട്ടത്തിൽ നിന്ന് 31 മുട്ടകൾ കണ്ടെത്തിയത്.

രാജവെമ്പാലയെ കണ്ടതിനെ തുടർന്ന് നാട്ടുകാർ വിവരം അറിയിച്ചതിനെ തുടർന്ന് കരുവഞ്ചാൽ സെക്ഷൻ ഫോറസ്റ്ററുടെ നിർദേശപ്രകാരമാണ് മാർക്ക് അംഗമായ ഷാജി ബക്കളം സ്ഥലത്ത് എത്തിയത്. പാമ്പിനെ കണ്ടെത്തിയ സ്ഥലത്ത് പരിശോധിച്ചപ്പോഴാണ് മുട്ടകൾ കണ്ടെത്തിയത്. അവിടെ തന്നെ മുട്ടകൾ സംരക്ഷിച്ച് വിരിയിക്കാൻ ശ്രമിച്ചെങ്കിലും നാട്ടുകാരുടെ പ്രതിഷേധം കാരണം റെയിഞ്ച് ഓഫീസറുടെ വീട്ടിലേക്ക് എത്തിക്കുകയായിരുന്നു. കൂട്ടിൽകൊക്കോ തോട്ടത്തിൽ നിന്നെടുത്ത ചപ്പുചവറുകൾക്ക് താഴെ ഐസ് ട്യൂബുകൾ വെച്ചാണ് കൃത്രിമ ആവാസ വ്യവസ്ഥ ഒരുക്കിയത്. 24-28 ഡിഗ്രി സെൽഷ്യസ് അന്തരീക്ഷ താപനിലയും 55-85 ശതമാനം വരെയുള്ള ഈർപ്പവും ആവശ്യമാണ്. സാധാരണയായി 90 മുതൽ 110 ദിവസം വരെയാണ് രാജവെമ്പാല വിരിയാനുള്ള കാലാവധി.എന്നാൽ 80 ദിവസമാണ് ഷാജിയുടെ പരിചരണത്തിൽ മുട്ട വിരിഞ്ഞത്.കുഞ്ഞുങ്ങളെ പഴയ അകാാറിയത്തിലേക്ക് മാറ്റിയാണ് സംരക്ഷിക്കുന്നത്. പൊതുവെ പുറത്ത് സംരക്ഷിക്കുന്ന രാജവെമ്പാലമുട്ടകൾ വിരിയാറില്ലെന്നും അന്തരീക്ഷ താപനിലയും ഈർപ്പവും സംരക്ഷിക്കാൻ കഴിഞ്ഞതാണ് പകുതിമുട്ടകളെങ്കിലും വിരിയാൻ കാരണമെന്ന് ഷാജി പറഞ്ഞു.പാമ്പുകളെ അടുത്ത ദിവസം വനം വകുപ്പ് മേൽനോട്ടത്തിൽ ആവാസ വ്യവസ്ഥയിൽ വിടും.



കേരള പൊലീസ് അസോസിയേഷൻ ജില്ലാ സമ്മേളനം എഡിജിപി എസ് ശ്രീജിത്ത് ഉദ്ഘാടനം ചെയ്യുന്നു

## പൊലീസിലെ സമൂഹമാധ്യമ അതിപ്രസരം പ്രതാപത്തിന് മങ്ങലേൽപ്പിച്ചു: എസ്. ശ്രീജിത്ത്

കണ്ണൂർ: പൊലീസുകാർക്കിടയിലെ സമൂഹമാധ്യമ അതിപ്രസരവും മൂല്യച്യുതിയും പഴയ പ്രതാപത്തിന് മങ്ങലേൽപ്പിച്ചിട്ടുണ്ടെന്ന് അഡീഷണൽ ഡയറക്ടർ ജനറൽ എസ് ശ്രീജിത്ത്. പൊലീസുകാരിൽ ജനങ്ങൾക്ക് വാനോളം പ്രതീക്ഷയുണ്ട്. അത് കാത്ത് സൂക്ഷിക്കാനാകണമെന്നും അദ്ദേഹം പറഞ്ഞു.

കേരള പൊലീസ് അസോസിയേഷൻ 38-ാം സിറ്റി ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീജിത്ത്. പൊലീസ് അസോസിയേഷന്റെ ശ്രദ്ധ പതിഞ്ഞിട്ടില്ലാത്ത നിരവധി കാര്യങ്ങൾ ഇപ്പോഴുമുണ്ട്. പൊലീസുകാരുടെ വിശ്വാസ്യത വീണ്ടെടുത്താകണം അവകാശങ്ങൾക്ക് വേണ്ടി അസോസിയേഷൻ ശ്രദ്ധചെലുത്തേണ്ടത്.

പൊലീസ് സേനയിൽപോലും ലിംഗ സമത്വം നിലനിൽക്കുകയാണ്. ഡിജിപി എടുക്കുന്ന സ്റ്റേറ്റ്മെന്റിന് കോടതിയിൽ വിലയില്ലാത്ത അവസ്ഥയാണ് പുതിയ നിയമത്തിൽ സംജാതമാവുന്നതെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ പ്രസിഡന്റ് വി.വി സന്ദീപ് കുമാർ അധ്യക്ഷനായി. സിറ്റി പൊലീസ് കമ്മീഷണർ അജിത്ത്കുമാർ,അഡീഷണൽ സൂപ്രണ്ടന്റ് കെ.വി വേണുഗോപാൽ, തലശ്ശേരി എഎസ്പി ഷഹൻഷാ, എസിപിമാരായ എം കൃഷ്ണൻ, സിബി ടോം, കെ.വി പ്രമോദൻ, കെ.പി.എ സംസ്ഥാന ജനറൽ സെക്രട്ടറി ഇ.വി പ്രദീപൻ, സെക്രട്ടറി എം.എം അജിത്ത് കുമാർ, കെ.പി.ഒ.എ സംസ്ഥാന സെക്രട്ടറി പി രമേശൻ, നിർവാഹക സമിതി അംഗം പി.വി രാജേഷ്, ജില്ലാ സെക്രട്ടറി കെ രാജേഷ്, സംസ്ഥാന നിർവാഹക സമിതി അംഗം ഷൈജു മാച്ചാത്തി, പൊലീസ് സഹകരണ സംഘം പ്രസിഡന്റ് ടി പ്രജീഷ്, സംഘാടക സമിതി ജനറൽ കൺവീനർ പി സുനോജ് കുമാർ, ചെയർമാൻ വിജേഷ് ചെല്ലട്ടൻ പങ്കെടുത്തു.



ലോക്കൽ ഗവ.മെമ്പേഴ്സ് ലീഗ് ഒപ്പുമതിൽ തളിപ്പറമ്പ് നഗരസഭ ഓഫീസിന് മുന്നിൽ മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി മഹമൂദ് അള്ളാംകുളം ഉദ്ഘാടനം ചെയ്യുന്നു. നഗരസഭാധ്യക്ഷ മുർഷിദ കൊങ്ങായി, പ്രവാസിലീഗ് ജില്ലാ പ്രസിഡന്റ് സി.പി.വി അബ്ദുല്ല, കെ മുഹമ്മദ് ബഷീർ, എം.കെ ഷബിത, മെമ്പേഴ്സ് ലീഗ് ജില്ലാ സെക്രട്ടറി പി റജില, പി മുഹമ്മദ് ഇഖ്ബാൽ, പി.പി മുഹമ്മദ് നിസാർ, കൊടിയിൽ സലീം, പി.എ ഇർഫാൻ,എൻ.എ സിദ്ദീഖ്, ഇഖ്ബാൽ അള്ളാംകുളം,ഗാന്ധി സിദ്ദീഖ്, ജാബിർ തങ്ങൾ, പി.പി ഇസ്മായിൽ, എം.വി ഫാസിൽ, അജ്മൽ പാറാട്, പി.പി റഹ്മത്ത്, എം സജ്ന, കെ.പി ഖദീജ പങ്കെടുത്തു.



ലോക്കൽ ഗവ.മെംബേർസ് ഒപ്പുമതിൽ ആലക്കോട് പഞ്ചായത്ത് ഓഫീസിന് മുന്നിൽ മുസ്‌ലിംലീഗ് മണ്ഡലം സെക്രട്ടറി വി.വി അബ്ദുല്ല ഉദ്ഘാടനം ചെയ്യുന്നു. എൽ.ജി.എം.എൽ മണ്ഡലം ചെയർമാൻ എം.എ ഖലീൽറഹ്മാൻ, ജോജി കന്നിക്കാട്ട്, ജോസ് വട്ടമല, പി.എം മുഹമ്മദ് കുഞ്ഞി, കെ.എസ് അഹമ്മദ് ഹാജി, മാത്യു പുതിയേടത്, സോണിയ നൈജു, മേഴ്സിക്കുട്ടി, പി.സി ആയിഷ, കെ.കെ നൗഷാദ് പങ്കെടുത്തു.



ചപ്പാരപ്പടവ് പഞ്ചായത്ത് ലോക്കൽ ഗവ. മെമ്പേഴ്സ് ഒപ്പ് മതിൽ മുസ് ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ഇബ്രാഹിം കുട്ടി തിരുവട്ടൂർ ഉദ്ഘാടനം ചെയ്യുന്നു. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അബ്ദുറഹ്മാൻ പെരുവണ അധ്യക്ഷത വഹിച്ചു. മുസ് ലിം ലീഗ് പഞ്ചായത്ത് പ്രസിഡന്റ് പി. അബ്ദുൽ ലതീഫ് ഹാജി, യു.ഡി എഫ് പഞ്ചായത്ത് കമ്മിറ്റി ചെയർമാൻ ഒ.കെ ഇബ്രാഹിം കുട്ടി,ഫസീല ഷംസീർ, നസീറ പി, എം.എം അജ്മൽ, എം മൈമൂനത്ത് സംബന്ധിച്ചു.



തലശ്ശേരി നഗരസഭാ ഓഫീസിന് മുന്നിൽ ലോക്കൽ ഗവ.മെംബേഴ്സ് ലീഗ് ഒപ്പുമതിൽ മുസ്‌ലിംലീഗ് സംസ്ഥാന കൗൺസിലർ കെ.സി അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു



ശ്രീകണ്ഠപുരം നഗരസഭാ ഓഫീസിന് മുന്നിൽ നടന്ന ഒപ്പ് മതിൽ മുസ്‌ലിം ലീഗ് ഇരിക്കൂർ നിയോജക മണ്ഡലം പ്രസിഡന്റ് പി.ടി.എ. കോയ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു. നഗരസഭാ പ്രസിഡന്റ് എൻ പി.സിദ്ദീഖ് അധ്യക്ഷത വഹിച്ചു. നഗരസഭാ ചെയർപേഴ്സൺ ഡോ.കെ.വി. ഫിലോമിന മുഖ്യഭാഷണം നടത്തി. വൈസ് ചെയർമാൻ കെ.ശിവദാസൻ,ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വി.പി നസീമ, മുസ്‌ലിം ലീഗ് നേതാക്കളായ കെ.സലാഹുദ്ദീൻ,എൻ.പി. റഷീദ് മാസ്റ്റർ, ഒ.വി.ഹുസൈൻ, സി. അബു മാസ്റ്റർ,ഷുക്കൂർ ബി.പി., വി.കെ നജീബ്, നൂറുദ്ദീൻ, ഇബ്രാഹിം മൗലവി, വി.പി. മൂസാൻ, ബി.പി. ഇബ്രാഹിം, സ്ഥിരം സമിതി അധ്യക്ഷരായ ജോസഫീന, ത്രേസ്യാമ്മ മാത്യു, കൗൺസിലർമാരായ നിഷിത റഹ്മാൻ, കെ.വി കുഞ്ഞിരാമൻ മാസ്റ്റർ, സിജോ മറ്റപ്പള്ളി പങ്കെടുത്തു.

### സ്വാതന്ത്ര്യദിനാഘോഷം

## പരേഡ് കലക്ടറേറ്റ് മൈതാനത്ത് 22 പ്ലാറ്റൂണുകൾ അണിനിരക്കും

കണ്ണൂർ: പൊലീസ് പരേഡ് ഗ്രൗണ്ടിൽ സിന്തറ്റിക് ട്രാക്കിന്റെ ജോലികൾ നടക്കുന്നതിനാൽ ഇത്തവണത്തെ ആഘോഷം കലക്ടറേറ്റ് മൈതാനത്ത് നടത്തും. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ എഡിഎം കെ നവീൻ ബാബുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. 22 പ്ലാറ്റൂണുകൾ സ്വാതന്ത്ര്യദിന പരേഡിൽ അണിനിരക്കും. പൊലീസ്-നാല് , എൻസിസി -നാല്,സ്കൗട്ട് ആന്റ് ഗൈഡ്- ആറ്, സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ്- നാല്, ജൂനിയർ റെഡ് ക്രോസ്- രണ്ട്, എക്സൈസ്- ഒന്ന്, വനം വകുപ്പ്- ഒന്ന് എന്നിങ്ങനെയാണ് പ്ലാറ്റുണുകൾ തയാറാകുന്നത്. പരേഡിന്റെ പരിശീലനം ആഗസ്ത് ഒമ്പത്, 12,13 ന് നടക്കും. അഡീഷണൽ എസ്പി കെവി വേണുഗോപാൽ, ലെഫ്റ്റനന്റ് കേണൽ അരുൺകുമാർ, തളിപ്പറമ്പ് ആർഡിഒ ടിഎം അജയകുമാർ,ഹുസൂർ ശിരസ്തദാർ പി പ്രേംരാജ്, തഹസിൽദാർ പ്രമോദ് പി ലാസറസ്, ഉദ്യോഗസ്ഥർ പങ്കെടുത്തു.

## അഭിമുഖം 15ന്

പെരിങ്ങോം: സർക്കാർ കോളജിൽ മാത്തമാറ്റിക സ് വിഷയത്തിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നു. 15ന് രാവിലെ പത്തിന് അഭിമുഖം നടത്തും. ഫോൺ 04985 295440, 9188900211



മാലിന്യമുക്തം നവകേരളം കോർപറേഷൻ, നഗരസഭ തല ദ്വിദിന ശിൽപശാലകാട്ടാമ്പള്ളി കൈരളി ഹെറിറ്റേജിൽ മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്യുന്നു

## മാലിന്യമുക്തം നവകേരളം ദ്വിദിന ശിൽപശാല തുടങ്ങി

കണ്ണൂർ: മാലിന്യമുക്തം നവകേരളം കോർപ്പറേഷൻ, നഗരസഭ തല ദ്വിദിന ശിൽപശാലക്ക് തുടക്കം. കാട്ടാമ്പള്ളി കൈരളി ഹെറിറ്റേജിൽ നടന്ന ശില്പശാല കണ്ണൂർ കോർപറേഷൻ മേയർമുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ സെറീന റഹ്മാൻ അധ്യക്ഷത വഹിച്ചു. ജില്ലയിലെ നഗരസഭാ സെക്രട്ടറിമാർ, ക്ലീൻ സിറ്റി മാനേജർമാർ, ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, കില റിസോഴ്സ് പേഴ്സൺമാർ ഹരിത കർമ്മസേനാ കൺസോർഷ്യം ഭാരവാഹികൾ എന്നിവരാണ് ജില്ലാതല ശിൽപശാലയിൽ പങ്കെടുക്കുന്നത്. തദ്ദേശ ഭരണ വകുപ്പ്, കി, ഹരിത കേരളം മിഷൻ ശുചിത്വ മിഷൻ, കെ.എസ്. ഡബ്ല്യു. എം.പി., കുടുംബശ്രീ,ക്ലീൻ കേരള കമ്പനി, എന്നിവയുടെ നേതൃത്വത്തിലാണ് ശിൽപശാല സംഘടിപ്പിക്കുന്നത്. ശിൽപശാല ഇന്നും തുടരും.

## കൊളച്ചേരിയിൽ കമ്പിലും പന്ന്യങ്കണ്ടിയും പാമ്പുരുത്തിയും

കൊളച്ചേരി; ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് പദ്ധതിയിൽ കൂടുതൽ വരിക്കാരെ ചേർത്തവർക്ക് മുസ്‌ലിംലീഗ് കൊളച്ചേരി പഞ്ചായത്ത് പ്രചാരണസമിതി ഏർപ്പെടുത്തിയ പുരസ്കാരം കമ്പിൽ ശാഖയ്ക്ക്. പന്ന്യകണ്ടിയാണ് രണ്ടാമത്. പാമ്പുരുത്തി മൂന്നാം സ്ഥാനവും നേടി. 5001, 3001, 2001 കാഷ് അവാർഡും പ്രത്യേക ഉപഹാരങ്ങളുമാണ് മികവിന് സമ്മാനിക്കുക.

ജൂൺ ഒന്ന് മുതൽ 25 വരെ നടന്ന ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് പദ്ധതിയിൽ കൂടുതൽ വരിക്കാരെ ചേർത്ത് ജില്ലയിൽ രണ്ടാം സ്ഥാനം നേടിയത് കൊളച്ചേരി പഞ്ചായത്താണ്. മതഭൗതിക വിദ്യാഭ്യാസ പാഠശാലകളിൽ അറിവിൻ തിളക്കം, നൂറുൽ മആരിഫ് പദ്ധതികളും ഏറ്റവും കൂടുതൽ നടപ്പിലാക്കി വിജയത്തിലെത്തിച്ചതും കൊളച്ചേരിയാണ്. ജില്ലയിൽ ഹാട്രിക് നേട്ടമാണ് ഈ പഞ്ചായത്ത് കൈവരിച്ചത്. അനുമോദന പരിപാടി 15ന് വൈകുന്നേരം ഏഴ് മണിക്ക് പന്ന്യകണ്ടി ശിഹാബ് തങ്ങൾ സ്മാരക കോൺഫറൻസ് ഹാളിൽ നടക്കും.

അവലോകന യോഗത്തിൽ മുസ്‌ലിംലീഗ് പഞ്ചായത്ത് പ്രസിഡന്റ് എം അബ്ദുൽ അസീസ് അധ്യക്ഷനായി. തളിപ്പറമ്പ് മണ്ഡലം ജനറൽ സെക്രട്ടറി മുസ്തഫ കോടിപ്പോയിൽ, പഞ്ചായത്ത് ജനറൽ സെക്രട്ടറി ആറ്റക്കോയ തങ്ങൾ പാട്ടയം, പഞ്ചായത്ത് ചന്ദ്രിക പ്രചാരണസമിതി കൺവീനർ മൻസൂർ പാമ്പുരുത്തി, പഞ്ചായത്ത് സെക്രട്ടറിമാരായ പി.കെ.പി നസീർ, അന്തായി നൂഞ്ഞേരി, യൂത്ത് ലീഗ് പഞ്ചായത്ത് ജനറൽ സെക്രട്ടറി ജാബിർ പാട്ടയം പങ്കെടുത്തു.

## കഞ്ചാവും എം.ഡി.എം.എയുമായി രണ്ടു പേർ അറസ്റ്റിൽ

ഉപ്പള: കഞ്ചാവും എം.ഡി.എം.എയുമായി ഉപ്പളയിൽ രണ്ടുപേരെ പൊലീസ് അറസ്റ്റ് ചെയ്തു. ഉപ്പളയിലെ അബ്ദുൽ നവീദ് (30), സമീർ (29) എന്നിവരെയാണ് കഴിഞ്ഞ ദിവസം രാത്രി ഉപ്പളയിൽ അറസ്റ്റ് ചെയ്തത്. മഞ്ചേശ്വരം സ്റ്റേഷൻ ഹൗസ് ഓഫീസർ രാജീവ് കുമാർ, എസ്.ഐ. നിഖിൽ എന്നിവരുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘം നടത്തിയ പരിശോധനയിലാണ് പ്രതികൾ പിടിയിലായത്. സമീറും നവീദും ഉപ്പളയിലേക്കും പരിസര പ്രദേശങ്ങളിലേക്കും മയക്കുമരുന്ന് എത്തിക്കുന്ന പ്രധാന ഏജന്റുമാരാണെന്ന് പൊലീസ് പറഞ്ഞു.

## പട്ടാപ്പകൽ മോഷണശ്രമം; ഒരാൾ പിടിയിൽ

പരപ്പ: പട്ടാപ്പകൽ മോഷണശ്രമം നടത്തിയ ഒരാളെ പിടികൂടി. രണ്ടുപേർ ഓടി രക്ഷപ്പെട്ടു. വ്യാഴാഴ്ച വൈകിട്ട് നാലു മണിയോടെ എടത്തോട് പാലത്തിന് സമീപം മുൻ പ്രവാസിയായ ബി. മുഹമ്മദ് അലിയുടെ വീട്ടിലാണ് മോഷണശ്രമം നടന്നത്. വീട്ടുകാർ വീടുപൂട്ടി പുറത്തുപോയ നേരത്ത് അപരിചിതരായ മൂന്നുപേർ മുഹമ്മദ് അലിയുടെ വീട്ടിൽ കയറുന്നത് ശ്രദ്ധയിൽപെട്ട അയൽവാസിയായ എംഎ കുഞ്ഞാമദും ഭാര്യ മിസ്‌രിയയും മുഹമ്മദലിയെ വിവരം അറിയിക്കുകയായിരുന്നു. ഇതിനിടെ നാട്ടുകാർ എത്തുമെന്ന് മനസിലാക്കിയ മൂന്നുപേരും ഓടി രക്ഷപ്പെട്ടു. ഒരാളെ പിടികൂടി. വിവരമറിഞ്ഞെത്തിയ വെള്ളരിക്കുണ്ട് പൊലീസ് പ്രതിയെ കസ്റ്റഡിയിലെടുത്തു. ഇയാളെ ചോദ്യം ചെയ്തുവരികയാണ്. മറ്റു രണ്ടുപേർക്കായി വ്യാപക തിരച്ചിൽ നടത്തുകയാണ്.

# പ്രാദേശിക വാർത്തകൾ

## പനത്തടിയിൽ പുലി; കാൽപാടുകൾ കണ്ടെത്തി



പനത്തടിയിൽ കണ്ടെത്തിയ പുലിയതായി സംശയിക്കുന്ന കാൽപാടുകൾ

കാഞ്ഞങ്ങാട്: പനത്തടിയിൽ പുലിയിറങ്ങിയതായി സംശയം. പനത്തടി പെരുത്തടിയിലെ ദിലീപ് എന്നയാളുടെ നായയെ കാണാതായിരുന്നു. ഇതു പുലി പിടിച്ചതാണ് എന്ന സംശയത്തിൽ പുലിയുടെ കാൽപാടുകൾ കണ്ടെത്തി. തുടർന്ന് ഫോറസ്റ്റ് പരിശോധനയിൽ പുലിയുടെതെന്ന് സംശയിക്കുന്നതായി സ്ഥിരീകരിച്ചു. കൂടുതൽ പരിശോധനകൾക്ക് ശേഷം ഇവിടെ കാമറ സ്ഥാപിക്കാനുള്ള ഒരുക്കത്തിലാണ് വനം വകുപ്പ്. പുലി സാന്നിധ്യം സാധാരണയായുള്ള മേഖലയാണിത്.

## അനുസ്മരണം ഇന്ന്

തൃക്കരിപ്പൂർ: അൽമുജമ്മഉൽ ഇസ്‌ലാമിയുടെ ശില്പിയും പ്രമുഖ പണ്ഡിതനുമായിരുന്നു സി. കുഞ്ഞഹമ്മദ് മുസ്‌ലിയാരുടെ (സി ഉസ്താദ്) ആണ്ടും സയ്യിദ് ഫള്ൽ കോയമ്മ തങ്ങൾ എന്ന കുറാ തങ്ങൾ, വളപട്ടണം ഖാളിയായിരുന്ന സയ്യിദ് ജലാലുദ്ധീൻ ബുഖാരി തങ്ങൾ എന്നിവരുടെ അനുസ്മരണവും ഇന്ന് തൃക്കരിപ്പൂർ സി ഉസ്താദ് ഓപ്പൺ ഓഡിറ്റോറിയത്തിൽ നടക്കും. അനുമരണ പരിപാടി അഞ്ചു മണിക്ക് സി ഉസ്താദ് മഖാം സിയാറത്തോടെ ആരംഭിക്കും. വൈകിട്ട് ഏഴിന് സമാപന സമ്മേളനം ഐസിഎഫ് നാഷണൽ ചെയർമാൻ മുസ്തഫ ദാരിമി കടാങ്കോട് ഉദ്ഘാടനം ചെയ്യും. മുജമ്മഉ പ്രസിഡന്റ് സയ്യിദ് ത്വയ്യിബ് അൽബുഖാരി അധ്യക്ഷത വഹിക്കും. പ്രോഗ്രാം കൺവീനർ സ്വാദിഖ് അഹ്സനി സ്വാഗതം പറയും. തുടർന്ന് നടക്കുന്ന ദിക്ർ ഹൽക്കക്ക് സ്വാലിഹ് സഅദി നേതൃത്വം നൽകും. സയ്യിദ് ശിഹാബുദ്ധീൻ അൽബുഖാരി അനുസ്മരണ പ്രഭാഷണവും കൂട്ടപ്രാർഥനക്ക് നേതൃത്വവും നൽകും. പത്രസമ്മേളനത്തിൽ എംടിപി ഇസ്മായിൽ സഅദി, സാദിഖ് അഹ്സനി, ജലീൽ സഖാഫി പങ്കെടുത്തു.

## കർണാടക മദ്യം; 2 പേർ അറസ്റ്റിൽ

ബദിയടുക്ക: രണ്ടിടങ്ങളിൽ നിന്നായി 92 പായ്ക്കറ്റ് കർണാടക മദ്യം എക്സൈസ് പിടികൂടി. രണ്ടുപേരെ അറസ്റ്റ് ചെയ്തു. ബദിയടുക്ക മൂക്കംപാറയിലെ പി.എസ് മനു(53), കുമ്പഡാജെ കല്ലക്കളയിലെ കെ ഹേമചന്ദ്ര (40) എന്നി വരെയാണ് എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ കെ. സുബിൻരാജിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. മനു പൂമാണി-കിന്നിമാണി റോഡിലൂടെ കർണ്ണാടക മദ്യവുമായി നടന്നു പോകുമ്പോഴാണ് എക്സൈസിന്റെ പിടിയിലായത്. 60 പായ്ക്കറ്റുകളിൽ സൂക്ഷിച്ച 10.800 ലിറ്റർ മദ്യമാണ് മനുവിൽ നിന്ന് പിടിച്ചെടുത്തത്. ചെന്നാർക്കട്ടയിൽ ബൈക്കിൽ കടത്തുകയായിരുന്ന 32 പായ്ക്കറ്റുകളിലായി സൂക്ഷിച്ച 5.76 ലിറ്റർ മദ്യവുമായാണ് ഹേമചന്ദ്രയെ എക്സൈസ് പിടികൂടിയത്. ബൈക്കും കസ്റ്റഡിയിലെടുത്തു.മനുവും ഹേമചന്ദ്രയും നേരത്തെ അബ്കാരി കേസുകളിൽ പ്രതിയാണ്. മനു മുമ്പ് വീട്ടിൽ വ്യാജ ചാരായ നിർമ്മാണത്തിനിടെ എക്സൈസിന്റെ പിടിയിലായിരുന്നു. നേരത്തെ ഓട്ടോറിക്ഷയിൽ മദ്യം കടത്തുന്നതിനിടെയാണ് ഹേമചന്ദ്രയെ എക്സൈസ് അറസ്റ്റ് ചെയ്തത്.



മൊഗ്രാൽ പുത്തൂർ സ്കൂളിലെ അധ്യാപകൻ റിഷാദിന്റെ കുടുംബത്തിനുള്ള പൂർവ വിദ്യാർഥി കൂട്ടായ്മയുടെ സാമ്പത്തിക സഹായം ഉപ്പി കല്ലങ്കൈ ഹെഡ്മിസ്ട്രസ് സി.ടി ബീനക്ക് കൈമാറുന്നു

## റിഷാദ് മാഷിന്റെ കുടുംബത്തെ ചേർത്തുപിടിച്ച് പൂർവ വിദ്യാർഥി കൂട്ടായ്മയും

മൊഗ്രാൽ പുത്തൂർ: ചികിത്സയ്ക്കിടയിൽ മരിച്ച മൊഗ്രാൽ പുത്തൂർ ഗവ: ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപകന്റെ കുടുംബത്തിന് സാമ്പത്തിക സഹായവുമായി പൂർവ വിദ്യാർഥി കൂട്ടായ്മ. സ്കൂളിലെ ഹൈസ്കൂൾ വിഭാഗം അധ്യാപകനും കോഴിക്കോട് മുക്കം സ്വദേശിയുമായ റിഷാദ് മാഷാണ് ശസ്ത്രക്രിയയെ തുടർന്നുണ്ടായ ചികിത്സക്കിടയിലാണ് മരണപ്പെട്ടത്. റിഷാദ് മാഷിന്റെ കുടുംബ സഹായ നിധിയിലേക്ക് 10,000 രൂപയാണ് പൂർവ വിദ്യാർഥി കൂട്ടായ്മ നൽകിയത്. 2000 എസ്എസ്എൽസി ബാച്ചായ 10സി കൂട്ടായ്മയാണ് സഹായവുമായി എത്തിയത്. തുക ഉപ്പി കല്ലങ്കൈ ഹെഡ്മിസ്ട്രസ് സി.ടി ബീനക്ക് കൈമാറി. പി.ടി.എ പ്രസിഡന്റ് നെഹ്റു കടവത്ത്, എസ്.എം.സി.വൈ ചെയർമാൻ മാഹിൻ കുന്നിൽ, പി.ടി.എ.വൈ പ്രസിഡന്റ് കാദർ കടവത്ത്, ഫൗസിയ, സ്റ്റാഫ് സെക്രട്ടറി അലി അക്ബർ, അധ്യാപകരായ രാഘവൻ, ജനാർദ്ധനൻ, പൂർവ വിദ്യാർഥികളായ അൻവർ കടവത്ത്, അസ്ക്കർ പടിഞ്ഞാർ, നവാസ് പടിഞ്ഞാർ, മുനീർ അക്കരക്കുന്ന് സംബന്ധിച്ചു.

# ഹൃദയം നിറഞ്ഞ നന്ദി...

## തൃക്കരിപ്പൂരിൽ വോട്ടർമാരെ നേരിൽ കണ്ട് ഉണ്ണിത്താന്റെ മണ്ഡലം പര്യടനം




ചരിത്ര വിജയം നേടിയ രാജ്മോഹൻ ഉണ്ണിത്താൻ എംപിയുടെ നന്ദി യാത്ര വെള്ളാപ്പ് ലീഗ് ഓഫീസ് പരിസരത്തെത്തിയപ്പോൾ

തൃക്കരിപ്പൂർ: ചരിത്ര വിജയം നേടി പാർലമെന്റ് അംഗമായ രാജ്മോഹൻ ഉണ്ണിത്താൻ വോട്ടർമാർക്ക് നന്ദി അറിയിക്കുന്നതിന് ഇന്ന് മണ്ഡലത്തിലെ തൃക്കരിപ്പൂർ മേഖലയിൽ പര്യടനം നടത്തി. തുറന്ന വാഹനത്തിൽ യു.ഡി.എഫ് നേതാക്കളോടൊപ്പമായിരുന്നു പര്യടനം. രാവിലെ പത്തു മണിയോടെ വലിയപറമ്പ് മാവിലാകടപ്പുറത്ത് നിന്നാരംഭിച്ച പര്യടനം തൃക്കരിപ്പൂർ കടപ്പുറം, ഇടയിലെക്കാട് എന്നിവിടങ്ങളിലെ സ്വീകരണത്തിന് ശേഷം തൃക്കരിപ്പൂർ പഞ്ചായത്തിലെ ആദ്യ പരിപാടിയായ വെള്ളാപ്പിൽ എത്തിച്ചേർന്നു. വനിതാ ലീഗ് പ്രവർത്തകരടക്കം നിരവധി നാട്ടുകാർ എം.പിയെ സ്വീകരിക്കാനെത്തിയിരുന്നു. തുടർന്ന് ഉദിനൂർ ലീഗ് ഓഫീസ് പരിസരത്തും ബീരിച്ചേരിയിലും മെട്ടമ്മൽ വഴി കൈക്കോട്ടുകടവിലും കാരോളത്തും പര്യടനം നടത്തി.

ഉച്ചക്ക് ശേഷം മാടക്കാൽ, ഉടുമ്പുന്തല, തലിച്ചാലം, തങ്കയം, അലുംവളപ്പ്, എടാട്ടുമ്മൽ, കൊയോങ്കര, നടക്കാവ്, ഉദിനൂർ, എടച്ചാക്കൈ, തെക്കേക്കാട് എന്നിവിടങ്ങളിലെ പര്യടനത്തിന് ശേഷം പടന്ന മൂസ ഹാജി മുക്കിൽ സമാപിച്ചു. യു.ഡി.എഫ് നേതാക്കളായ എ.ജി.സി ബഷീർ, പി. കുഞ്ഞിക്കണ്ണൻ, വി.കെ.പി ഹമീദലി, പി.കെ ഫൈസൽ, അഡ്വ. കെ.കെ രാജേന്ദ്രൻ, വി.വി അബ്ദുല്ല ഹാജി, വി.കെ ബാവ, അഡ്വ. എം.ടി.പി കരീം, ഉസ്മാൻ പാണ്ഡ്യാല, പി.കെ.സി കുഞ്ഞബ്ദുല്ല, കെ.വി വിജയൻ, കെ.പി പ്രകാശൻ, കെ.പി ദിനേശൻ, ടി.പി അഹമ്മദ് ഹാജി, ടി.എസ് നജീബ്, പി.കെ.എം കുട്ടി, എം. രജീഷ് ബാബു, എം.പി ജോസഫ്, സി. രവി വിവിധ കേന്ദ്രങ്ങളിൽ സംബന്ധിച്ചു.

## കാസർകോട് മണ്ഡലം നന്ദി പര്യടനം 14,19ന്

കാസർകോട്: രാജ്മോഹൻ ഉണ്ണിത്താൻ എം.പിയുടെ കാസർകോട് മണ്ഡലത്തിലെ മുനിസിപ്പൽ പഞ്ചായത്ത്തല നന്ദി പര്യടനം ഈ മാസം 14,19 തിയതികളിലായി നടക്കുമെന്ന് ചെയർമാൻ മാഹിൻ കേളോട്ട്, ജനറൽ കൺവീനർ കെ. ഖാലിദ് അറിയിച്ചു. ഈമാസം 14ന് ബെള്ളൂർ പഞ്ചായത്ത് കിന്നിങ്കാറിൽ നിന്ന് ഒമ്പതു മണിക്ക് ആരംഭിക്കും. പള്ളപ്പാടി 10, നാട്ടക്കൽ 10:30, ബളിഞ്ച 11.00, മാർപ്പനടുക്ക 11:30, ബദിയടുക്ക 12, കന്യപ്പാടി 1.00, നീർച്ചാൽ 1:30, മാവിനക്കട്ട 2:30, നാരമ്പാടി 2:45, ചന്ദ്രൻ പാറ 3.00, ബാലടുക്ക 3:30, നെല്ലിക്കട്ട 4.00, എടനീർ 4:30, തൈവളപ്പ്, ആലംപാടി 5:15, പടിഞ്ഞാർ മൂല 5:30, നയന്മാർമൂല 5:45, സന്തോഷ് നഗർ 6.00, ചെങ്കള 6:30, ചേരൂർ 7.00, ബേവിഞ്ച 7:30, ബേർക്ക 7:45, 8.00 മണിക്ക് ചെർക്കളയിൽ സമാപിക്കും..

## ഭക്ഷ്യ കിറ്റുകൾ വിതരണം നടത്തി

കാസർകോട്: ബി.സി.എഫ് നൽകുന്ന മാസന്ത കിറ്റിന്റെ ഈമാസത്തെ മാസത്തെ കിറ്റ് വിതരണോദ്ഘാടനം എ.ഐ.കെ.എം.സി.സി ഗോവ സംസ്ഥാന പ്രസിഡന്റും സുന്നി മഹൽ ഫെഡറഷന്റെ മണ്ഡലം പ്രസിഡന്റുമായ മുഹമ്മദ് ഹാജി ചെർക്കള നിർവഹിച്ചു. ചെയർമാൻ ബഷീർ ബാബ് അധ്യക്ഷത വഹിച്ചു. അബ്ദുൽ ഖാദർ കിറ്റുകൾ ഏറ്റുവാങ്ങി. ബി.സി.എഫ് ജനറൽ സെക്രട്ടറി ആമു സ്റ്റോർ, കോഡിനേറ്റർ ബേവി മുഹമ്മദ് കുഞ്ഞി, ട്രഷറർ നവാസ് സന ഉസ്മാൻ, ചരക്കടവ് അസീസ് ബേർക്ക, മനാഫ് പള്ളത്തടുക്ക, അത്താക്ക് ബേർക്ക സംസാരിച്ചു.

## ഇബ്രാഹിം ഫൈസി ജെഡിയാർ അനുസ്മരണ സമ്മേളനം ഇന്ന്

കാസർകോട്: സമസ്ത ജില്ലാ മുശാവറ അംഗമായിരിക്കെ മരണപ്പെട്ട യുവപണ്ഡിതൻ ഇബ്രാഹിം ഫൈസി ജെഡിയാറിന്റെ അഞ്ചാം ആണ്ടിന്റെ ഭാഗമായി എസ്.കെ.എസ്.എസ്.എഫ് ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനവും പ്രാർഥനയും ഇന്ന് രാത്രി എട്ടിന് എസ്.പി നഗർ മദ്രസ പരിസരത്ത് നടക്കും. സംസ്ഥാന മുൻ സെക്രട്ടറി ഹാരിസ് ദാരിമി ബെദിര ഉദ്ഘാടനം ചെയ്യും. ജില്ലാ വൈസ് പ്രസിഡന്റ് യൂനുസ് ഫൈസി കാക്കടവ് അധ്യക്ഷത വഹിക്കും. സംസ്ഥാന വൈസ് പ്രസിഡന്റ് താജുദ്ധീൻ ദാരിമി പടന്ന മുഖ്യപ്രഭാഷണം നടത്തും. ജില്ലാ ജനറൽ സെക്രട്ടറി ഇർഷാദ് ഹുദവി ബെദിര ആമുഖ പ്രഭാഷണം നടത്തും.



അന്തരിച്ച മുസ്‌ലിം ലീഗ് മഞ്ചേശ്വരം മണ്ഡലം വൈസ് പ്രസിഡന്റ് അന്തുഞ്ഞി ഹാജിയുടെ നിര്യാണത്തിൽ പൈവളികെ നഗറിൽ നടന്ന സർവകക്ഷി അനുശോചന യോഗത്തിൽ മണ്ഡലം ലീഗ് പ്രസിഡന്റ് അസീസ് മരിക്കെ പ്രസംഗിക്കുന്നു

## അന്തുഞ്ഞി ഹാജിക്ക് കണ്ണീരിൽ കുതിർന്ന യാത്രാമൊഴി

പൈവളികെ: കഴിഞ്ഞ ദിവസം അന്തരിച്ച മുസ്‌ലിം ലീഗ് മഞ്ചേശ്വരം മണ്ഡലം വൈസ് പ്രസിഡന്റും പൗരപ്രമുഖനുമായ അന്തുഞ്ഞി ഹാജിക്ക് കണ്ണീരിൽ കുതിർന്ന യാത്രയയപ്പ്. മുസ്‌ലിം ലീഗ് രാഷ്ട്രീയ രംഗത്ത് അവസാന ശ്വാസംവരെയും തന്റെ കർമ മണ്ഡലം സജീവമാക്കിയ അന്തുഞ്ഞി ഹാജിയെ അവസാനമായി ഒരു നോക്കുകാണാൻ ജാതി മത രാഷ്ട്രീയ ഭേദമന്യേ നൂറുകണക്കിനാളുകളാണ് സിറന്തടുക്ക ബദിമൂലയിലെ വസതിയിലെത്തിയത്.

അരനൂറ്റാണ്ട് കാലത്തെ രാഷ്ട്രീയ പ്രവർത്തന കാലയളവിൽ ഒരിക്കൽ പോലും ജനപ്രതിനിധി ആയിട്ടില്ലെങ്കിലും ഏവരാലും ആദരിക്കപ്പെടുന്ന വ്യക്തിത്വത്തിന് ഉടമയും വികസന കാര്യങ്ങളിൽ അടക്കം നാടിന്റെ സർവ മേഖലകളിലും വ്യക്തിമുദ്ര പതിപ്പിക്കുവാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. മുസ്‌ലിം ലീഗിന്റെ പൂർവികരായ തലമുതിർന്ന നേതാക്കളുമായി ആത്മബന്ധം സ്ഥാപിച്ച അന്തുഞ്ഞി ഹാജി തന്റെ വീട്ടിൽ എന്നും ഒരു നല്ല സൽക്കാര പ്രിയനായിരുന്നു.

മുസ്‌ലിം ലീഗ് സംസ്ഥാന ട്രഷറർ സി.ടി അഹമ്മദലി, ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി, ജനറൽ സെക്രട്ടറി എ. അബ്ദുൽ റഹ്മാൻ, ട്രഷറർ പി.എം മുനീർ ഹാജി, ജില്ലാ ഭാരവാഹികളായ എം.ബി യൂസഫ്, ടിഎ മൂസ, എ.എം കടവത്ത്, എം. അബ്ബാസ്, അബ്ദുള്ള കുഞ്ഞി ചെർക്കള, എ.ബി. ശാഫി, ഹാരിസ് ചൂരി, മുൻ എം.എൽ.എ എം.സി ഖമറുദ്ദീൻ, മഞ്ചേശ്വരം മണ്ഡലം മുസ്‌ലിം ലീഗ് നേതാക്കളായ അസീസ് മരിക്കെ, എകെ ആരിഫ്, സൈഫുള്ള തങ്ങൾ, പിഎം സലീം, ടിഎം മൂസക്കുഞ്ഞി ഹാജി ത്വാഖ, ടി.എം ഷുഹൈബ്, എം.പി ഖാലിദ്, സിദ്ദീഖ് ഒളമുഗർ, അഷ്റഫ് എടനീർ, അഷ്റഫ് കർള, പി.എച്ച് അബ്ദുൽ ഹമീദ് മച്ചമ്പാടി, ഗോൾഡൻ അബ്ദുൽ റഹ് മാൻ, ബി.എം മുസ്തഫ, സിദ്ദീഖ് ദണ്ഡഗോളി, സെഡ്.എ കയ്യാർ, സാലി ഹാജി, അസീസ് കളായി, കലീൽ മരിക്കെ തുടങ്ങിയ നേതാക്കൾ വീട്ടിലെത്തി അനുശോചനം അറിയിച്ചു.

മയ്യത്ത് വൻ ജനാവലിയുടെ സാന്നിധ്യത്തിൽ സിറന്തടക്കയിലെ ജുമാ മസ്ജിദ് അങ്കണത്തിൽ കബറടക്കി. പൈവളികെ ടൗണിൽ നടന്ന സർവകക്ഷി അനുശോചന യോഗത്തിൽ മുസ്‌ലിം ലീഗ് മണ്ഡലം പ്രസിഡന്റ് അസീസ് മരിക്കെ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എ.കെ ആരിഫ് സ്വാഗതം പറഞ്ഞു. വിവിധ രാഷ്ട്രീയ മത സാമൂഹിക രംഗത്തെ നേതാക്കളായ യുകെ സൈഫുള്ള തങ്ങൾ, സാലി ഹാജി കളായ്, സെഡ്.എ കയ്യാർ, അസീസ് കളായി, റസ്സാക്ക് ചിപ്പാർ, ലോറൻസ്, ലോകേഷ് നന്ദ, ശ്രീധർ ഹൊള്ള, സച്ചിദാനന്ദ റൈ, സുനിത വൾട്ടി, ഗോൾഡൻ റഹ്മാൻ, അബ്ദുല്ല, കലീൽ മരിക്കെ, അസീസ് പെർമുദെ, ശാഫി ഹാജി, ആദം ബള്ളൂർ, അശ്വത്ത്, ഹുസൈൻ, ശ്യാം ഭട്ട്, സിദ്ധീഖ് ദണ്ഡഗോളി, മജീദ് പച്ചമ്പള, അശോക് ഭണ്ഡാരി, എ.ആർ കണ്ടത്താട്, ബദ്റുദ്ധീൻ കണ്ടത്തിൽ, അബ്ദുല്ല ഹാജി, അമീർ പെർമുദെ, ഹമീദ് മാസിമാർ, അഷ്റഫ് ബായാർ, ഫാറുക് പല്ലകുടൽ സംസാരിച്ചു.



ദളിത് ലീഗ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണ സംഗമം മുസ്‌ലിം ലീഗ് കാസർകോട് മണ്ഡലം പ്രസിഡന്റ് മാഹിൻ കേളോട്ട് ഉദ്ഘാടനം ചെയ്യുന്നു

## എ.പി ഉണ്ണികൃഷ്ണൻ പൊതുസമൂഹത്തിൽ അംഗീകാരമുള്ള നേതാവ്

കാസർകോട്: ദളിത് ലീഗ് നേതാവും മലപ്പുറം മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന എ.പി ഉണ്ണികൃഷ്ണൻ പൊതുസമൂഹത്തിൽ അംഗീകാരമുള്ള നേതാവും ദളിത് പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയിലും അദ്ദേഹം വഹിച്ച പങ്ക് വിലമതിക്കാനാവാത്തതാണെന്നും മുസ്‌ലിം ലീഗ് കാസർകോട് നിയോജക മണ്ഡലം പ്രസിഡന്റ് മാഹിൻ കേളോട്ട് പറഞ്ഞു. ദളിത് ലീഗ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് രാജു കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജനറൻ സെക്രട്ടറി രമേശൻ മുതലപ്പാറ സ്വാഗതം പറഞ്ഞു. കലാഭവൻ രാജു, രാഘവേന്ദ്ര, ധർമ്മപാലൻ, അശോകൻ, പ്രഭാകരൻ, രമേശൻ കൊപ്പൽ, ഉമേഷഹൊണ്ണ മൂല, ശിവൻ ചേനക്കോട് പ്രസംഗിച്ചു.



എം.എസ്.എഫ്, അജ്മാൻ കെ.എം.സി.സി തൃക്കരിപ്പൂർ മണ്ഡലം കമ്മിറ്റികൾ സംയുക്തമായി നടത്തുന്ന ഇഖ്റഅ് കാമ്പയിന്റെ തൃക്കരിപ്പൂർ പഞ്ചായത്ത്തല ഉദ്ഘാടനം ജി.സി.എസ് ജിഎച്ച്എസ്എസ് ഇളമ്പച്ചിയിൽ മുസ്‌ലിം ലീഗ് തൃക്കരിപ്പൂർ പഞ്ചായത്ത് ട്രഷറർ ടിപി അഹമ്മദ് ഹാജി സ്കൂൾ അധ്യാപിക വിദ്യക്ക് ചന്ദ്രിക പത്രം നൽകി നിർവഹിക്കുന്നു

## ഇഖ്റഅ് കാമ്പയിൻ ഉദ്ഘാടനം നടത്തി

തൃക്കരിപ്പൂർ: എം.എസ്.എഫ്, അജ്മാൻ കെഎംസിസി തൃക്കരിപ്പൂർ നിയോജക മണ്ഡലം കമ്മിറ്റികൾ സംയുക്തമായി നടത്തുന്ന ഇഖ്റഅ് കാമ്പയിന്റെ തൃക്കരിപ്പൂർ പഞ്ചായത്ത്തല ഉദ്ഘാടനം ജിസിഎസ്ജി എച്ച്.എസ്.എസ് ഇളമ്പച്ചിയിൽ മുസ്‌ലിം ലീഗ് തൃക്കരിപ്പൂർ പഞ്ചായത്ത് ട്രഷറർ ടി.പി അഹമ്മദ് ഹാജി സ്കൂൾ അധ്യാപിക വിദ്യക്ക് ചന്ദ്രിക പത്രം നൽകി നിർവഹിച്ചു. വായനയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഇഖ്റഅ് കാമ്പയിനിന്റെ ഭാഗമായി മണ്ഡലം പരിധിയിലെ മുഴുവൻ ഹയർ സെക്കന്ററി സ്കൂളുകളിലേക്കും ചന്ദ്രിക ദിനപത്രവും പുസ്തകങ്ങളും സമ്മാനിക്കും. എം.എസ്.എഫ് സംസ്ഥാന പ്രവർത്തക സമിതി അംഗം അസ്ഹറുദ്ധീൻ മണിയനോടി, എംഎസ്എഫ് തൃക്കരിപ്പൂർ പഞ്ചായത്ത് പ്രസിഡന്റ് വിപിപി സുൻസുനു, ജനറൽ സെക്രട്ടറി നിബ്രാസ് പെരിയോത്ത്, വൈസ് പ്രസിഡന്റ് ഫഹദ് കൈക്കോട്ടുകടവ്, ജോ. സെക്രട്ടറി നസ്റുദ്ധീൻ ആയിറ്റി, ഫായിസ്, സഹദ്, അക്ബർ സംബന്ധിച്ചു.

പടന്ന: പടന്ന പഞ്ചായത്ത്തല ഉദ്ഘാടനം ഉദിനൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ അജ്മാൻ കെ.എം.സി.സി തൃക്കരിപ്പൂർ മണ്ഡലം ജനറൽ സെക്രട്ടറി ഇഖ്ബാൽ അബ്ദുള്ള സ്കൂൾ ഹെഡ്മിസ്ട്രസ് കെ. സുബൈദക്ക് പത്രവും പുസ്തകങ്ങളും നൽകി നിർവഹിച്ചു. കെഎംസിസി നേതാവ് അബൂബക്കർ പടന്ന, എം.എസ്.എഫ് പടന്ന പഞ്ചായത്ത് പ്രസിഡന്റ് സാജിൽ, വൈസ് പ്രസിഡന്റ് സാമിൽ, മണ്ഡലം പ്രവർത്തക സമിതി അംഗം റവാസ്, വിദ്യാർഥി പ്രതിനിധി അനിരുദ് എസ് നായർ സംബന്ധിച്ചു.



ഇഖ്റഅ് കാമ്പയിൻ പടന്ന പഞ്ചായത്ത്തല ഉദ്ഘാടനം ഉദിനൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ അജ്മാൻ കെ.എം.സി.സി തൃക്കരിപ്പൂർ മണ്ഡലം ജനറൽ സെക്രട്ടറി ഇഖ്ബാൽ അബ്ദുള്ള ഹെഡ്മിസ്ട്രസ് കെ. സുബൈദക്ക് ചന്ദ്രിക പത്രം നൽകി നിർവഹിക്കുന്നു



ചെമ്മനാട് ഗ്രാമപഞ്ചായത്ത് പുത്തിരിയടുക്കം എട്ടാം വാർഡിൽ നിർമിക്കുന്ന വയോജന കേന്ദ്രം 'പകൽവീട്'ന്റെ ശിലാസ്ഥാപന കർമ്മം പഞ്ചായത്ത് പ്രസിഡന്റ് സുഫൈജ അബൂബക്കർ നിർവഹിക്കുന്നു. വൈസ് പ്രസിഡന്റ് മൻസൂർ കുരുക്കൾ, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ ഷംസുദ്ദീൻ തെക്കിൽ, ആയിഷ അബൂബക്കർ, രാമാ ഗംഗാധരൻ, സ്ഥലം മെമ്പർ ടി.പി നിസാർ, മറ്റു മെമ്പർമാരായ മറിയാ മാഹിൻ, അമീർ ബി. പാലോത്ത്, രാജൻ പൊയിനാച്ചി, ഡോ. അനിൽ സംസാരിച്ചു

## അഞ്ജിതയെ കലക്റ്റർ അഭിനന്ദിച്ചു

കാസർകോട്: ഇന്ത്യയിലെ ആദ്യ വനിത ഫുട്ബോൾ വീഡിയോ അനലിസ്റ്റായി തിരഞ്ഞെടുക്കപ്പെട്ട കേരള ഫുട്ബോൾ താരം കാസർകോട് മടിക്കൈ ബങ്കളം സ്വദേശിനി എം. അഞ്ജിതയുടെ നേട്ടം ശ്രദ്ധേയമാണെന്ന് ജില്ലാ കലക്ടർ കെ. ഇമ്പശേഖർ അഭിനന്ദിച്ചു. കളിക്കളത്തിൽ സ്വന്തം കളിക്കാരുടെയും എതിരാളികളുടെയും ശക്തി ദൗർബല്യങ്ങളും എവിടെയാണ് മെച്ചപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ച് കോച്ചിന് ശരിയായ റിപ്പോർട്ട് നൽകുന്ന വീഡിയോ അനലിസ്റ്റുകൾ പ്രൊഫഷണൽ ഫുട്ബോളിനെ സംബന്ധിച്ച് അനിവാര്യമാണ്. ഈമേഖലയിൽ ആദ്യവനിത വിഡിയോ അനലിസ്റ്റായി ചരിത്രം സൃഷ്ടിക്കുന്ന അഞ്ജിതയ്ക്ക് എല്ലാ ആശംസകളും അഭിനന്ദനങ്ങളും നേരുന്നതായി കലക്ടർ പറഞ്ഞു.

## കെൽ ഇ.എം.എൽ തൊഴിലാളികൾ അവകാശ ദിനം ആചരിച്ചു



കെൽ ഇ.എം.എൽ കമ്പനിക്ക് മുന്നിൽ എസ്.ടി.യു തൊഴിലാളികൾ അവകാശദിനം ആചരിച്ചപ്പോൾ

കാസർകോട്: ജില്ലയിലെ ഏക പൊതുമേഖല വ്യവസായ സ്ഥാപനമായ കെൽ- ഇ.എം.എൽ കമ്പനിയിലെ തൊഴിലാളികൾ അവകാശ ദിനം ആചരിച്ചു. ഭെല്ലിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കെൽ ഇ.എം.എൽ എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞെങ്കിലും പുനരുദ്ധാരണത്തിനായി സർക്കാർ പ്രഖ്യാപിച്ച തുക പൂർണമായും ലഭിക്കാത്ത തിനാൽ ഓർഡറുകൾ ഉണ്ടായിട്ടും പ്രവർത്തന മൂലധനത്തിന്റെ അഭാവം കാരണം കമ്പനിയുടെ പ്രവർത്തനം താളംതെറ്റിയിരിക്കുകയാണ്. കമ്പനി തുറന്നുപ്രവർത്തനം ആരംഭിച്ചത് മുതൽ പിരിഞ്ഞുപോയ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഉൾപ്പടെ ആനുകൂല്യങ്ങൾ ഒന്നും നൽകാൻ സാധി ച്ചിട്ടില്ല. വളരെ തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കൃത്യമായി ശമ്പളം നൽകുന്നതിന് സാധിക്കുന്നില്ലെന്ന് മാത്രമല്ല, പ്രോവിഡൻ ഫണ്ട് വിഹിതമായും മറ്റു ധനകാര്യ സ്ഥാപനങ്ങളിലേക്ക് വായ്പാ തിരിച്ചടവിനും ശമ്പളത്തിൽ നിന്ന് പിടിച്ച പണം പോലും അടക്കാത്ത തിനാൽ ജീവനക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും പിരിഞ്ഞുപോയ ജീവനക്കാർ പെൻഷനു പോലും അപേക്ഷിക്കാൻ സാധിക്കാതെ ബുദ്ധിമുട്ടുകയുമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെയും ജീവനക്കാരെയും സംരക്ഷിക്കുക, ശമ്പളവും അനുകൂലങ്ങളും യഥാസമയം നൽകുക, പുനരുദ്ധാരണത്തിന് പ്രഖ്യാപിച്ച തുക ഉടൻ നൽകുക, സംസ്ഥാന സർക്കാർ വാക്കുപാലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ജീവനക്കാർ ബാഡ്ജ് ധരിച്ച് ജോലി ചെയ്തു. കമ്പനിക്ക് മുന്നിൽ വിശദീകരണ യോഗം നടത്തി. പബ്ലിക് സെക്ടർ എംപ്ലോയീസ് കോൺഫെഡറേഷൻ-എസ്.ടി.യു സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാന പ്രകാരം സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും തൊഴിലാളികൾ നടത്തിയ അവകാശദിന പരിപാടികളുടെ ഭാഗമായി കെൽ ഇഎംഎൽ ഇൻഡിപെൻഡന്റ് എംപ്ലോയീസ് യൂണിയൻ- എസ്.ടി.യു നടത്തിയ പരിപാടിയിൽ ടിഎ മുനീർ, ബിഎസ് അബ്ദുല്ല, ബിഎ മുഹമ്മദ് പ്രസംഗിച്ചു. സയ്യിദ് ഹുസൈൻ തങ്ങൾ, കെഎംഎ സലീം, പിഅബ്ദുൽ കരീം, എൻവി മുഹമ്മദ് ഇൻസാഫ്, എൻവി മുഹമ്മദ് റഫീഖ്, സി മുഹമ്മദ് ഹനീഫ, പി ഉമ്മർ ഷാഫി നേതൃത്വം നൽകി.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 12 വെള്ളി
ഗൾഫ് ചന്ദ്രിക

## ചുങ്കം ജംഗ്ഷനിൽ ട്രാഫിക് ഐലൻഡ് സ്ഥാപിക്കണം

കൽപ്പറ്റ: ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ അടിക്കടി ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ചുങ്കം ജംഗ്ഷനിൽ ട്രാഫിക് ഐലൻഡ് സ്ഥാപിക്കണമെന്ന് കൽപ്പറ്റ പൗരസമിതി ആവശ്യപ്പെട്ടു. കൽപ്പറ്റയിൽ പാസ്പോർട്ട് ഓഫീസ് അനുവദിക്കുന്നതിനു പ്രയത്നിച്ച ജനപ്രതിനിധികളെ അഭിനന്ദിച്ചു. ജോണി കൈതമറ്റം അധ്യക്ഷത വഹിച്ചു. സി.പി. ഉമ്മർ, സുബൈർ ഓണിവയൽ, സലാം അമ്പിലേരി, ഷമീർ വൈത്തിരി പ്രസംഗിച്ചു.

## എം.ഡി.എം.എയുമായി യുവാവ് പിടിയിൽ

തോൽപ്പെട്ടി: വിപണിയിൽ 8 ലക്ഷത്തോളം വില മതിക്കുന്ന കാൽ കിലോയിലധികം അതിമാരക മയക്കുമരുന്നായ എം.ഡി.എം.എയുമായി കാസർഗോഡ് സ്വദേശി പിടിയിൽ. കാസർഗോഡ് കാഞ്ഞങ്ങാട് പുല്ലൂർ പാറപ്പള്ളി വീട്ടിൽ മുഹമ്മദ് സാബിർ (31)നെയാണ് തോൽപ്പെട്ടി പൊലീസ് ചെക്ക്പോസ്റ്റിൽ വെച്ച് തിരുനെല്ലി പോലീസ് പിടികൂടിയത്. ഇയാളിൽ നിന്നും കാൽ കിലോയിലധികം എം.ഡി.എം.എ പിടിച്ചെടുത്തു. ഇയാൾ സഞ്ചരിച്ച വാഹനവും പോലീസ് പിടിച്ചെടുത്തു.

## അപേക്ഷ ക്ഷണിച്ചു

കൽപ്പറ്റ: കാര്യക്ഷമമായ ഊർജ്ജോപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കേരള സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജ സംരക്ഷണ അവാർഡിന് അപേക്ഷ ക്ഷണിച്ചു. വൻകിട-ഇടത്തരം -ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ, ഊർജ്ജ കാര്യക്ഷമതാ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹകർ, ആർകിടെക്ചറൽ സ്ഥാപനങ്ങൾ ഗ്രീൻ ബിൽഡിംഗ് കൺസൾട്ടൻസികൾ വിഭാഗങ്ങളിലായാണ് അപേക്ഷ ക്ഷണിച്ചത്. ഫോൺ-0471 2594922.

വയനാട് വാർത്തകൾ

## ആകാശ് തില്ലങ്കേരി സഞ്ചരിച്ച വാഹനം പൊലീസ് കസ്റ്റഡിയിലെടുത്തു

മാനന്തവാടി: കൊലക്കേസ് പ്രതി ആകാശ് തില്ലങ്കേരി നിയമ ലംഘനം നടത്തി പനമരം ടൗണിലൂടെ സഞ്ചരിച്ച വാഹനം പനമരം

പോലീസ് ഇൻസ്പെക്ടർ വി സിജിത്ത് കസ്റ്റഡിയിലെടുത്തു. മോട്ടോർ വാഹന നിയമങ്ങൾ ലംഘിച്ചുകൊണ്ട് ഓടിച്ച വാഹനം മോട്ടോർ വാഹന വകുപ്പിന്റെ നിർദേശപ്രകാരമാണ് പോലീസ് കസ്റ്റഡിയിൽ എടുത്തത്. എന്നാൽ വാഹനത്തിലുണ്ടായിരുന്ന വലിയ നാല് ടയറുകളും,

മറ്റ് എക്സ്ട്രാ ഫിറ്റിംഗ്സുകളും അഴിച്ചുമാറ്റിയ നിലയിലാണുണ്ടായത്. എന്നാൽ ഇളക്കി മാറ്റിയ വാഹനത്തിന്റെ റൂഫ് പുനഃസ്ഥാപിച്ചിട്ടില്ല. വാഹനം ആർ.ടി.ഒ യ്ക്ക് കൈമാറുമെന്ന് പോലീസ് വ്യക്തമാക്കി. നിയമ ലംഘനത്തെ തുടർന്ന് മോട്ടോർ വാഹന വകുപ്പ് പ്രസ്തുത വാഹനത്തിന്

പിഴയീടാക്കുകയും, വാഹനം കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.



പൊലീസ് കസ്റ്റഡിയിലെടുത്ത ആകാശ് തില്ലങ്കേരി സഞ്ചരിച്ച വാഹനം

## ആരോഗ്യ കുടുംബക്ഷേമ സെമിനാർ

കൽപ്പറ്റ: ആരോഗ്യ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, മാനന്തവാടി ഗവ. കോളേജിന്റെയും ആഭിമുഖ്യത്തിൽ ലോക ജനസംഖ്യാ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു. ജില്ലാതല ഉദ്ഘാടനവും ആരോഗ്യ കുടുംബക്ഷേമ ബോധവൽക്കരണ സെമിനാറും മാനന്തവാടി ഗവ.കോളേജിൽ ബ്ലോക് പഞ്ചായത്ത് പ്രസിഡൻറ് ജസ്റ്റിൻ ബേബി ഉദ്ഘാടനം ചെയ്തു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് അഹമ്മദ് കുട്ടി ബ്രാൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ അബ്ദുൽ സലാം കെ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ ആർ സി എച്ച് ഓഫീസർ ജെറിൻ എസ് ജെറോഡ് പ്രമേയ പ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് അംഗം കെ വിജയൻ, എടവക ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ ലിസി ജോൺ,

ജില്ലാ എജ്യുക്കേഷൻ ആൻറ് മീഡിയ ഓഫീസർ ഹംസ ഇസ്മാലി, ഡെപ്യൂട്ടി ജില്ലാ എജ്യുക്കേഷൻ ആൻറ് മീഡിയ ഓഫീസർ കെ.എം മുസ്തഫ, എൻ സി സി കോഓഡിനേറ്റർ ലെഫ്റ്റനൻറ്റ് ഡോ സായ്റാം, ഐക്യുഎസി കോഓഡിനേറ്റർ ഡോ.ശരത് എസ്, എടവക കുടുംബാരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ മഞ്ജുനാഥ് പി, പബ്ലിക് ഹെൽത്ത് നഴ്സ് ലിസി മാത്യു തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് 'അമ്മയുടെയും കുഞ്ഞിന്റെയും ക്ഷേമത്തിനായി ഗർഭധാരണത്തിന്റെ സമയവും ഇടവേളയും ഉചിതമായി ക്രമീകരിക്കാം' എന്ന പ്രമേയത്തിൽ ആരോഗ്യ കുടുംബക്ഷേമ ബോധവൽക്കരണ സെമിനാർ നടത്തി.

ഇന്ത്യൻ ജനസംഖ്യ: വസ്തുതകൾ, പ്രശ്നങ്ങൾ, പോളിസി എന്ന വിഷയത്തിൽ ഷിജി, പുഷ്പ കെ സി, ജാസ്മിൻ ബേബി എന്നിവർ അവതരണങ്ങൾ നടത്തി. എൻ.എസ്.എസ്, എൻ.സി.സി ഉൾപ്പെടെ നൂറിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു.

## മെഡിക്കൽ കോളജിലെ ദുരിതം തീരുന്നില്ല

# വരി നിന്ന് വലഞ്ഞ് രോഗികൾ

**ഒ.പി ചീട്ടെടുക്കുന്നത് മുതൽ മരുന്ന് വാങ്ങിക്കുന്നത് വരെ നീണ്ട ക്യൂവാണ് ഇപ്പോൾ രോഗികൾ താണ്ടേണ്ടി വരുന്നത്**

മാനന്തവാടി: വയനാട് മെഡിക്കൽ കോളേജിൽ ചികിത്സ തേടിയെത്തുന്നവർ മണിക്കൂറുകളോളം ക്യൂവിൽ കാത്ത് നിന്ന് ദുരിതമനുഭവിക്കുന്നു. പകർച്ച പനികൾ വ്യാപിച്ചതോടെ ഒ.പി ചീട്ടെടുക്കുന്നത് മുതൽ മരുന്ന് വാങ്ങിക്കുന്നത് വരെ നീണ്ട ക്യൂവാണ് ഇപ്പോൾ രോഗികൾ താണ്ടേണ്ടി വരുന്നത്.

ഇവിടങ്ങളിലൊന്നും ടോക്കൺ സമ്പ്രദായമേർപ്പെടുത്താതാണ് രോഗികൾക്ക് ദുരിതമാവുന്നത്. നിത്യേന ആയിരക്കണക്കിന് രോഗികളാണ് വയനാട് മെഡിക്കൽ കോളേജിലെ ഒ പി വിഭാഗത്തിൽ ചികിത്സ തേടിയെത്തുന്നത്. ഇവരിൽ വയോവൃദ്ധർ മുതൽ കൈക്കുഞ്ഞുമായെത്തുന്ന അമ്മമാർ വരെയുണ്ട്.ഒ പി ചീട്ടെടുക്കാനുള്ള ക്യൂവിൽ നിൽക്കുന്നത് മുതൽ ആരംഭിക്കും ഇവരുടെ ദുരിതം.

നീണ്ടക്യൂവിനൊടുവിൽ ഒ പി ചീട്ട് കിട്ടിക്കഴിഞ്ഞാൽ അടുത്ത ഊഴം ഡോക്ടറുടെ മുറിക്ക് മുമ്പിലാണ്.കൈക്കുഞ്ഞുമായി വരുന്നവരും വാർദ്ധക്യ സഹജമായ അസുഖവുമായി വരുന്നവരും ക്യൂവിൽ നിന്ന് ഏറെ പ്രയാസപ്പെട്ടാണ് പരിശോധനക്കായി ഡോക്ടറുടെ മുന്നിലെത്തുന്നത്.

പരിശോധനക്ക് ശേഷം മരുന്നിനുള്ള ചീട്ട് ലഭിച്ചാൽ ഫാർമസിക്ക് മുമ്പിലും മണിക്കൂറുകൾ ക്യൂവിൽ തന്നെ നിൽക്കണം.ഇടുങ്ങിയ ഇടവഴയിലാണ് ഫാർമസി സൗകര്യമുള്ളത്.അവശത അനുഭവപ്പെടുന്നർക്കിരിക്കാനാവശ്യമായ ഇരിപ്പിടം പോലും ഇവിടമില്ല.ചുരുക്കത്തിൽ പനിപിടിപെട്ട് മെഡിക്കൽ കോളേജിലെത്തിയാലും മരുന്ന് വാങ്ങി പുറത്തിറങ്ങണമെങ്കിൽ മണിക്കൂറുകൾ ക്യൂവിൽ

നിന്നേ മതിയാവൂ.താലൂക്ക് സി എച്ച് സികളിൽ പോലും ടോക്കൺ സമ്പ്രദായമേർപ്പെടുത്തുമ്പോഴാണ് മെഡിക്കൽ കോളേജിൽ മാത്രം ഇത്തരം സംവിധാനമേർപ്പെടുത്താൻ അധികൃതർ തയ്യാറാവാത്തത്.ടോക്കൺ സമ്പ്രദായമാക്കിയാൽ രോഗികൾ അവശതയോടെ ക്യൂവിൽ മണിക്കൂറുകളോളമുള്ള കാത്ത് നിൽപ്പ് ഒഴിവാക്കാനാവും.



വയനാട് മെഡിക്കൽ കോളേജിലെ പതിവ് കാഴ്ചയായ നീണ്ട ക്യൂ

## മഡ്ഡ് ഫെസ്റ്റ് സീസൺ 2; കാക്കവയൽ വേദിയിലെ പരിപാടികൾക്ക് തുടക്കം

കൽപ്പറ്റ: മഴക്കാല വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സംഘടിപ്പിക്കുന്ന മഡ്ഡ് ഫെസ്റ്റ് സീസൺ 2 ന്റെ കാക്കവയൽ വേദിയിലെ പരിപാടികൾ ആരംഭിച്ചു. വൈത്തിരി താലൂക്ക് തല ഫുട്ബോൾ മത്സരത്തിൽ ബുദ്ധ ഫുട്ബോൾ ക്ലബ്- മൂതിമൂല ഒന്നാം സ്ഥാനവും മഡ്ഡി ബൂട്ട്സ് വെക്കേഷൻ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മത്സരം മുട്ടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീദേവി ബാബു ഉദ്ഘാടനം ചെയ്തു. വിജയികൾക്ക് യഥാക്രമം 5000, 3000 രൂപ ക്യാഷ് പ്രൈസുകൾ വിതരണം ചെയ്തു. പതിനാലാം തിയതി വരെയാണ് കാക്കവയൽ വേദിയിലെ പരിപാടികൾ നടക്കുന്നത്. ഡിടിപിസി സെക്രട്ടറി അജേഷ് കെജി, ഡിടിപിസി മാനേജർമാരായ പ്രവീൺ പി.പി, രതീഷ് ബാബു, വയനാട് ഡെസ്റ്റിനേഷൻ മേക്കേഴ്സ് പ്രസിഡന്റ് പ്രവീൺ രാജ്, മഡ്ഡ് ഫുട്ബോൾ കോഡിനേറ്റർ ലുക്ക ഫ്രാൻസിസ് എന്നിവർ സംസാരിച്ചു. ഇന്ന് വിവിധ സർക്കാർ വകുപ്പുകൾ, ടൂറിസം മേഖലയിലെ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവർക്കുള്ള മഡ്ഡ് ഫുട്ബോൾ മത്സരം നടക്കും. 13, 14 തിയതികളിലായി ജില്ലാതല മഡ്ഡ് ഫുട്ബോൾ, മഡ്ഡ് കബടി, മഡ്ഡ് വടം വലി, മഡ്ഡ് പഞ്ച ഗുസ്തി എന്നീ മത്സരങ്ങളും കാക്കവയൽ വേദിയിൽ നടക്കും. മഡ്ഡ് ഫെസ്റ്റ് സീസൺ 2 ജൂലൈ 14 ന് വൈകീട്ട് അവസാനിക്കും.




## വയനാട് മെഡിക്കൽ കോളേജിന് ദേശീയ മുസ്കാൻ സർട്ടിഫിക്കേഷൻ

കൽപ്പറ്റ: സംസ്ഥാനത്തെ ഒരു സർക്കാർ ആശുപത്രിയ്ക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വയനാട് മെഡിക്കൽ കോളേജ് (മാനന്തവാടി ജില്ലാ ആശുപത്രി) 95 ശതമാനം സ്കോറോടെ മുസ്കാൻ സർട്ടിഫിക്കേഷൻ നേടിയെടുത്തു.

നേരത്തെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് മാതൃശിശു സംരക്ഷണ കേന്ദ്രത്തിന് 96 ശതമാനം സ്കോറോടെ മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചിരുന്നു. ഇതോടെ സംസ്ഥാനത്തെ 2 ആശുപത്രികൾക്കാണ് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചത്. നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു

സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുന്നതിനുമാണ് മുസ്കാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികാസം ഉൾപ്പെടെ വളർച്ചയുടെയും വികാസത്തിന്റെയും എല്ലാ സുപ്രധാന വശങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. എസ്.എൻ.സി.യു., എൻ.ബി.എസ്.യു., പ്രസവാനന്തര വാർഡ്, പീഡിയാട്രിക് ഒപിഡി,

എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയാണ് മുസ്കാൻ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സിൽ (എൻക്യുഎഎസ്) ഏറ്റവും ഉയർന്ന സ്കോർ നേടിയ (99) മലപ്പുറം കോട്ടയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രത്തെ അടുത്തിടെ രാജ്യത്തെ

മികച്ച പ്രാഥമികാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്തിരുന്നു. സംസ്ഥാനത്ത് ഇതുവരെ ആകെ 175 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരവും 76 ആശുപത്രികൾക്ക്

പുന:അംഗീകാരവും ലഭിച്ചിട്ടുണ്ട്. ജനപ്രതിനിധികളുടെയും തദ്ദേശ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ താലൂക്ക്, ജില്ലാ ആശുപത്രികളിൽ കൂടി ഗുണനിലവാരം ഉറപ്പാക്കാനായുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

## ഇൻഡോർ സ്റ്റേഡിയം കായിക താരങ്ങൾക്ക് തുറന്ന് കൊടുക്കണം: ടി.സിദ്ധിഖ് എം.എൽ.എ

കൽപ്പറ്റ: അമ്പിലേരി സി.കെ ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം കായിക താരങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് കൽപ്പറ്റ നിയോജകമണ്ഡലം എം.എൽ.എ അഡ്വ. ടി. സിദ്ധിഖ് കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാനുമായി കൂടിക്കാഴ്ച നടത്തുകയും,

നിവേദനം നൽകുകയും ചെയ്തു. 35 കോടി രൂപ കിഫ്ബി ഫണ്ട് വകയിരുത്തി പ്രവൃത്തി ആരംഭിച്ച സി.കെ ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയത്തിലെ ബഹുഭൂരിപക്ഷ പ്രവൃത്തിയും പൂർത്തിയായി. കൂടാതെ സ്റ്റേഡിയത്തിലെ രണ്ട് സ്വിമ്മിംപൂളുകളുടെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

അവശേഷിക്കുന്ന പ്രവൃത്തിയായ വുഡൻ ഫ്ളോറിംഗ് വേഗത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തി സ്പോർട്സ് കേരളാ ഫൗണ്ടേഷനെ ഏൽപ്പിച്ച് ഓർഡറായിട്ടുണ്ട്. സ്റ്റേഡിയം കായിക താരങ്ങൾക്ക് വേണ്ടി തുറന്ന് കൊടുക്കുകയാണെങ്കിൽ താരങ്ങൾക്ക്

വളരെ ഉപകാരപ്രദമാകും. നേരത്തെ ഇതുമായി ബന്ധപ്പെട്ട് കൽപ്പറ്റയിൽ കായിക മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുകയും ഈ കാര്യം എം.എൽ.എ അറിയിച്ചതുമാണ്. വേഗത്തിൽ സ്റ്റേഡിയം കായിക താരങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് വേണ്ടിയാണ് എം.എൽ.എ വീണ്ടും മന്ത്രിയെ നേരിൽ കണ്ട് നിവേദനം നൽകിയത്.



അഡ്വ. ടി. സിദ്ധിഖ് എം.എൽ.എ കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാനുമായി കൂടിക്കാഴ്ച നടത്തുന്നു

# കാട്ടാനപ്പേടിയിൽ ഇരുളം ഓർക്കടവ് നിവാസികൾ

## ബൈക്ക് തകർത്തു; വ്യാപകമായി കൃഷി നശിപ്പിച്ചു

പുൽപ്പള്ളി: ഇരുളം ഓർക്കടവിൽ കാട്ടാന ബൈക്ക് തകർത്തു. ഓർക്കടവ് ചാരുപറമ്പിൽ ശ്യാമിന്റെ ബൈക്കാണ് വ്യാഴാഴ്ച രാവിലെ ആറരയോടെയെത്തിയ കാട്ടാന തകർത്തത്. കാട്ടാനയുടെ ആക്രമണത്തിൽ ബൈക്കിന്റെ ഒരു ഭാഗം പൂർണമായി തകർന്നു. പ്രദേശത്ത് കാട്ടാനശല്യം അതിരൂക്ഷമായി തുടരുന്ന സാഹചര്യമാണുള്ളതെന്ന് പ്രദേശവാസികൾ പറയുന്നു. രാപകൽ വ്യത്യാസമില്ലാതെ കാട്ടാനകൾ കൂട്ടത്തോടെയിറങ്ങാൻ തുടങ്ങിയതോടെ അത്യാവശ്യ കാര്യങ്ങൾക്ക് പോലും പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് പ്രദേശവാസിയായ ബാലൻ പറയുന്നു. കാട്ടാനകൾ പതിവായെത്തി പ്രദേശത്തെ കൃഷിയിടങ്ങളെല്ലാം വ്യാപകമായി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കമുക്, തെങ്ങ് അടക്കമുള്ള കാർഷികവിളകളാണ് വ്യാപകമായി നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. കാട്ടാനകളെ ഭയന്ന് പ്രദേശവാസികൾ നേരത്തെ നിരവധി പ്ലാവുകളിലെ ചക്കകൾ നശിപ്പിച്ചിരുന്നു. സന്ധ്യ മയങ്ങുന്നതോടെ പല ദിക്കുകളിൽ നിന്നെത്തുന്ന കാട്ടാനകൾ പ്രദേശത്ത് തമ്പടിക്കുകയും നേരം വെളുത്താൻ പോലും പോകാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ഇവിടുത്തെ വിദ്യാർഥികളും മറ്റും ഏറെ പ്രയാസപ്പെട്ടാണ് സ്കൂളുകളിലും മറ്റും പോയി വരുന്നത്. സർക്കാരിന്റെ പുനരധിവാസ പദ്ധതിയിൽപ്പെട്ട പ്രദേശമാണ് ഇരുളം ഓർക്കടവ്. ഏതാനം കുടുംബങ്ങളെ ഇവിടെ നിന്നും മാറ്റി പാർപ്പിച്ചുവെങ്കിലും, ഭൂരിഭാഗം കുടുംബങ്ങളും ഇപ്പോഴും ഇവിടെ തന്നെയാണ് താമസിക്കുന്നത്. പല കാരണങ്ങൾ നിരത്തി അധികൃതർ പദ്ധതി നീട്ടിക്കൊണ്ടുപോകുകയാണ്. ഏറ്റവുമൊടുവിൽ ലഭിക്കുന്ന വിവരങ്ങൾ അനുസരിച്ച് ആവശ്യമായ ഫണ്ടില്ലാത്തതാണ് പദ്ധതി അനന്തമായി നീളാൻ കാരണമെന്നാണ് പറയുന്നത്. യാത്രാ സൗകര്യമില്ലാത്ത പ്രദേശമായതിനാൽ നാട്ടുകാർ കാൽനടയായും മറ്റുമാണ് ഇരുളത്തേക്കും മറ്റും പോകാറുള്ളത്. വനപാതയിലൂടെയുള്ള യാത്ര പോലും സുരക്ഷിതമല്ലാത്ത അവസ്ഥയാണ്. ബുധനാഴ്ച രാത്രിയെത്തിയ കാട്ടാന രാവിലെയാണ് പ്രദേശത്ത് നിന്നും മടങ്ങിപ്പോയത്. ഇതിനിടയിലാണ് ബൈക്ക് തകർത്തത്. ബൈക്ക് നന്നാക്കുന്നതിനാവശ്യമായ തുക അനുവദിക്കാമെന്ന് വനംവകുപ്പ് ഉറപ്പു നൽകിയതായി ശ്യാം പറഞ്ഞു. കാട്ടാനശല്യം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ വനംവകുപ്പ് പട്രോളിംഗ് ശക്തമാക്കണമെന്നും, പുനരധിവാസ പദ്ധതി വേഗത്തിലാക്കണമെന്നുമാണ് നാട്ടുകാരുടെ ആവശ്യം.



കാട്ടാന തകർത്ത ബൈക്ക്



കാട്ടാന നശിപ്പിച്ച കൃഷിയിടം

## റോഡ് പുനരുദ്ധാരണം: സബ്മിഷൻ ഉന്നയിച്ച് ഐ.സി എം.എൽ.എ

പുൽപ്പള്ളി: സുൽത്താൻ ബത്തേരി-പുൽപ്പള്ളി -പെരിക്കല്ലൂർ സംസ്ഥാന പാതയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ധനകാര്യ വകുപ്പിന്റെ അനുമതി കിട്ടിയാൽ ഉടൻ നടത്തുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി നിയമസഭയിൽ പറഞ്ഞു.ഇതു സംബന്ധിച്ച് സുൽത്താൻ ബത്തേരി എം.എൽ.എ. ഐ.സി. ബാലകൃഷ്ണൻ ഉന്നയിച്ച സബ്മിഷനിലാണ് മന്ത്രിയുടെ മറുപടി ഉണ്ടായത്. ഒ.പി.ബി.ആർ.സി നാല് വിഭാഗത്തിൽപെട്ട റോഡാണ് ഈ സംസ്ഥാന പാത. നിർമ്മാണം പൂർത്തിയായാൽ ഏഴുവർഷം ഇതിന്റെ അറ്റകുറ്റപ്പണികളും കരാറുകാരൻ നടത്തണം എന്നതാണ് വ്യവസ്ഥ. ഈ വ്യവസ്ഥ പ്രകാരം റോഡ് ടെന്റർ ചെയ്തില്ലെങ്കിലും ആരും ഏറ്റെടുക്കുവാൻ ഉണ്ടായില്ല. ഇതേ തുടർന്നാണ് റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ. ഇതു സംബന്ധിച്ച് നിയമസഭയിൽ സബ്മിഷൻ ഉന്നയിച്ചത്. പുതുക്കിയ ടെൻറർ തുക പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാൽ ഉടൻ ടെൻഡർ ചെയ്തു റോഡിന്റെ പ്രവർത്തികൾ തുടങ്ങുമെന്ന് മന്ത്രി എം.എൽ.എ.യുടെ ചോദ്യത്തിന് മറുപടി നൽകി.

## ലോഡ്ജിൽ അതിക്രമിച്ചു കയറി ജീവനക്കാരനെ മർദിച്ചയാൾ പിടിയിൽ

കൽപ്പറ്റ: ലോഡ്ജിൽ അതിക്രമിച്ചു കയറി ജീവനക്കാരനെ മർദിച്ച് മൊബൈൽ ഫോൺ പിടിച്ചു പറിച്ച സംഭവത്തിൽ യുവാവ് അറസ്റ്റിൽ. കൽപ്പറ്റ മെസ്സ് ഹൗസ് റോഡ് മാട്ടിൽ വീട്ടിൽ നൗഷിർ എന്ന അങ്കു(37)വിനെയാണ് കല്പറ്റ പോലീസ് സബ് ഇൻസ്പെക്ടർ അനീഷിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. സംഭവത്തിന് ശേഷം ഒളിവിലായിരുന്ന ഇയാളെ ബുധനാഴ്ച്ച പുലർച്ചെ കൽപ്പറ്റയിൽ വെച്ചാണ് പിടികൂടിയത്. മോഷണം, എൻ. ഡി. പി.എസ്, അടിപിടി തുടങ്ങി നിരവധി കേസുകളിൽ പ്രതിയാണ്. കേസിൽ ഇനിയും രണ്ടുപേരെക്കൂടി പിടികൂടാനുണ്ട്.



കേരള മാപ്പിള കലാഭവന്റെ നവരത്ന തൂലിക പുരസ്കാരം നേടിയ നസീറ ബക്കർ കോഴിക്കോട്

# വേണ്ടത് 37 ബാച്ചുകൾ; അനുവദിച്ചത് പൂജ്യം

# അവഗണന 100%



അവകാശങ്ങൾ നേടിയെടുക്കാൻ... പ്ലസ് ടു വിഷയത്തിൽ സർക്കാർ കോഴിക്കോടിനെ അവഗണിച്ചതിനെതിരെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് ഉപരോധിച്ച എം.എസ്.എഫ് ജില്ലാ ജനറൽ സെക്രട്ടറി സ്വാഹിബ് മുഹമ്മദിനെ പൊലീസ് ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്ത് വലിച്ചിഴച്ച് കൊണ്ടുപോകുന്നു

കോഴിക്കോട്: വിദ്യാഭ്യാസ വകുപ്പ് പ്ലസ് വൺ അധിക ബാച്ചുകൾ അനുവദിച്ചപ്പോൾ കോഴിക്കോട് ജില്ലയോട് കാണിച്ചത് പൂർണ്ണണായ അവഗണന. ഒരു ബാച്ച് പോലും കോഴിക്കോട് ജില്ലയിൽ അനുവദിക്കുകയുണ്ടായില്ല. വിജയിച്ച പത്ത് ശതമാനത്തോളം കുട്ടികൾ ഇത്തവണ പുറത്താകുമെന്നുറപ്പായി. 2250 വിദ്യാർഥികൾ ജില്ലയിൽ പറത്താണ്. 37 ബാച്ചുകൾ അനുവദിക്കേണ്ടിടത്താണ് ഒന്നു പോലും അനുവദിക്കാതെ സർക്കാർ ക്രൂരത കാണിച്ചത്. ലാബ് സൗകര്യങ്ങളൊന്നും വേണ്ടാത്ത ഹ്യൂമാനിറ്റീസ് ബാച്ച് പോലും അനുവദിക്കാൻ വിദ്യഭ്യാസ വകുപ്പിന് കനിവുണ്ടായില്ല.

കോഴിക്കോട് ജില്ലയിൽ ഇത്തവണ 43799 പേർ പരീക്ഷയെഴുതിയതിൽ 43721 പേരാണ് ഉപരിപഠനത്തിന് യോഗ്യത നേടിയത്. 78 പേർ മാത്രമാണ് ജയിക്കാതെ പോയത്. 8563 പേർക്ക് എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിക്കുകയുണ്ടായി. വലിയ തോതിലുള്ള വിജയം ജില്ലയിലെ വിദ്യാർഥികൾ നേടിയിട്ടും അത് പരിഗണിക്കാൻ സർക്കാർ ഒന്നും ചെയ്തില്ല. എല്ലാ വിഷയത്തിലും എ പ്ലസ് നേടിയ വിദ്യാർഥികൾക്ക് പോലും ഇഷ്ടപ്പെട്ട സ്കൂളുകളിൽ പഠിക്കാൻ കഴിയുന്നില്ല. വിദൂര പ്രദേശങ്ങളിലെ സ്കൂളുകളിലാണ് അഡ്മിഷൻ കിട്ടിയ കുട്ടികൾക്ക് പോലും സീറ്റുകൾ ലഭിച്ചിട്ടുള്ളത്.

അധിക ബാച്ചുകൾ അനുവദിക്കാനുള്ള നീക്കം സർക്കാറിന്റെ ഭാഗത്ത് നിന്നുണ്ടായപ്പോൾ തന്നെ കോഴിക്കോട്ടും ബാച്ചുകൾ വരുമെന്ന പ്രതീക്ഷയിലായിരുന്നു എം.എസ്.എഫ് ഉൾപ്പെടെയുള്ള വിദ്യാർഥി സംഘടനകൾ. കോഴിക്കോട് രണ്ടായിരത്തിനു മുകളിൽ സീറ്റുകൾ വേണം എന്ന് ഉന്നത ഉദ്യോഗസ്ഥർക്ക് വിദ്യാർഥി സംഘടനകൾ എഴുതി നൽകുകയും ചെയ്തിരുന്നു. എന്നാൽ മലപ്പുറത്തും കാസർകോടും മാത്രമാണ് അധിക ബാച്ചുകൾ അനുവദിച്ചത്. പാലക്കാട്, വയനാട് തുടങ്ങിയ ജില്ലകളെയും അവഗണിച്ചു.

കോഴിക്കോട് ജില്ലയിലെ സീറ്റുകളുടെ അപര്യാപ്തതയിൽ പ്രതിഷേധിച്ച് എം.എസ്.എഫും കെ.എസ്.യുവും ഉൾപ്പെടെയുള്ള സംഘടനകൾ പ്രതിഷേധവുമായി രംഗത്തു വരികയുണ്ടായി. സമരം ചെയ്ത വിദ്യാർഥികൾ പൊലീസിന്റെ കൈയ്യേറ്റത്തിന് വിധേയരായി. സീറ്റ് ക്ഷാമം ഭാഗികമായെങ്കിലും പരിഹരിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും ഒരു അധിക ബാച്ച് പോലും അനുവദിക്കാതിരിക്കുന്നത് വലിയ തോതിലുള്ള പ്രതിഷേധമാണുണ്ടാക്കിയിരിക്കുന്നത്.

അതേസമയം അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കാനാണ് ജില്ലയിൽ ബാച്ചുകൾ അനുവദിക്കാതിരുന്നതെന്ന് വ്യക്തമാണ്. ഇത്തരത്തിൽ റിപോർട്ട് നൽകാനാണ് ഉദ്യോഗസ്ഥരോട് വിദ്യാഭ്യാസ വകുപ്പ് നിർദേശം നൽകിയിരുന്നത്. മലപ്പുറത്ത് പ്രതിസന്ധി കൂടുതൽ രൂക്ഷമായതിനാൽ മാത്രമാണ് ബാച്ചുകൾ അനുവദിച്ചത്. ജില്ലയിൽ സീറ്റ് ലഭിക്കാത്ത രണ്ടായിരത്തോളം വിദ്യാർഥികൾ പ്രൈവറ്റ് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരും. ചിലർ പഠനം തന്നെ ഉപേക്ഷിക്കാൻ നിർബന്ധിതരാവും. ഉന്നത പഠനത്തിന് പ്ലസ് ടു നിർബന്ധമായിരിക്കെ സർക്കാറിന്റെ ഭാഗത്തു നിന്നുണ്ടായ അവഗണന പൊറുക്കാനാവാത്ത പാതകമാണെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

## ആർ.ഡി.ഡി ഓഫീസ് എം.എസ്.എഫ് ഉപരോധിച്ചു

കോഴിക്കോട്: പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത പരിഹരിക്കാൻ ജില്ലയിൽ അധിക ബാച്ചുകൾ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് എംഎസ്എഫ് കോഴിക്കോട് ആർഡിഡി ഓഫീസ് ഉപരോധിച്ചു. സമാധാനപരമായി പ്രതിഷേധിക്കാനെത്തിയ നേതാക്കളെ ആർഡീഡി ഓഫീസ് പൂട്ടിയിട്ട് അകത്ത് കയറാൻ അനുവദിക്കാതെ പോലീസ് പ്രകോപനം സൃഷ്ടിക്കുകയായിരുന്നു. ആർഡിഡി ഓഫീസ് ഉപരോധിച്ച എംഎസ്എഫ് ജില്ലാ ജന.സെക്രട്ടറി സ്വാഹിബ് മുഹമ്മദ് ട്രഷറർ ഷമീർ പാഴൂർ, ഭാരവാഹികളായ നിയാസ് കക്കാട്, അജ്മൽ കൂനഞ്ചേരി, സി.എം മുഹാദ്, ഫുആദ് തേയറമ്പത്തിൽ, ജുനൈദ് പെരിങ്ങൊളം, സാജിദ് റഹ്മാൻ, ഷാഫി എൻ.പി, ഹർഷിദ് നൂറാംതോട്, യാസീൻ കൂളിമാട്, ആദിൽ കെടി എന്നിവരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി. പിന്നീട് ജാമ്യത്തിലിറങ്ങിയ നേതാക്കൾക്ക് ജില്ലാ ലീഗ് ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ, സംസ്ഥാന സെക്രട്ടറിയേറ്റംഗം എൻ.സി അബൂബക്കർ, ജില്ലാ എംഎസ്എഫ് പ്രസിഡന്റ് അഫ്നാസ് ചോറോട്, അർഷുൽ അഹമ്മദ്, എം.പി കോയട്ടി, അഫ്‌ലു പട്ടോത്ത്, സമീർ കല്ലായി, നവാസ് മൂഴിക്കൽ എന്നിവർ സ്വീകരിച്ചു.

## തുടർ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുമെന്ന് മുസ്‌ലിം ലീഗ്

കോഴിക്കോട്: പ്ലസ് വൺ പ്രവേശനം ലഭിക്കാതെ ജില്ലയിലെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഉപരി പഠനം നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ ജില്ലയിലും പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കണമെന്ന് മുസ് ലിം ലീഗ് കോഴിക്കോട് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. മലബാറിലെ പ്ലസ് വൺ കുറവ് മലപ്പുറത്തിന്റെത് മാത്രമായി ചുരുക്കരുത്. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയ വിദ്യാർത്ഥികൾക്ക് പോലും ഇഷ്ടപ്പെട്ട സ്കൂളോ കോമ്പിനേഷനോ ലഭിച്ചിട്ടില്ല. ഏകജാലകത്തിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യത്തിൽ പല വിദ്യാർത്ഥികളും ആശങ്കയിലാണ്. ജില്ലയിൽ ഏറ്റവും കുറഞ്ഞത് 37 ബാച്ചുകളെങ്കിലും അധികമായി അനുവദിക്കണം. സർക്കാർ അനുകൂലമായ തീരുമാനം എടുത്തിട്ടില്ലെങ്കിൽ ഇനിയും പ്രക്ഷോഭ സമരങ്ങൾക്ക് നേതൃത്വം നൽകുമെന്ന് മുസ് ലിം ലീഗ് കോഴിക്കോട് ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ, ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ എന്നിവർ അറിയിച്ചു.



പ്ലസ് ടു വിഷയത്തിൽ സർക്കാർ കോഴിക്കോടിനെ അവഗണിച്ചതിനെതിരെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് ഉപരോധിച്ച എം.എസ്.എഫ് പ്രവർത്തകരെ പൊലീസ് തള്ളി മാറ്റുന്നു >>>

## വനിത ഫുട്ബോൾ കണ്ണൂർ, എറണാകുളം ഫൈനലിൽ

കോഴിക്കോട്: കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാന ജൂനിയർ വനിത ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കണ്ണൂരും, എറണാകുളവും ഫൈനലിൽ ഏറ്റുമുട്ടും. ഇന്നലെ നടന്ന ആദ്യ സെമിയിൽ എറണാകുളം എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തൃശൂരിനെ പരാജയപ്പെടുത്തി. മത്സരത്തിലെ പ്ലയർ ഓഫ് ദി മാച്ചായി ഭാഗ്യ വിനോദിനെ തിരഞ്ഞെടുത്തു. കാസർഗോഡും കണ്ണൂരും തമ്മിൽ നടന്ന വാശിയേറിയ രണ്ടാം സെമിഫൈനലിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് കാസർഗോഡിനെ പരാജയപ്പെടുത്തി. കളിയിലെ താരമായി കണ്ണൂരിന്റ ആൻമരിയയെ തിരഞ്ഞെടുത്തു. ഇന്ന് രാവിലെ 7 മണിക്ക് നടക്കുന്ന ലൂസേഴ്സ് ഫൈനലിൽ കാസർഗോഡ് തൃശൂരിനെ നേരിടും. വൈകുന്നേരം 4 മണിക്കാണ് ഫൈനൽ.



കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാന ജൂനിയർ വനിത അന്തർ ജില്ല ഫുട്ബോൾ സെമിയിൽ കണ്ണൂരിന്റെ ഹേമയുടെ മുന്നേറ്റം തടയുന്ന കാസർക്കോടിന്റെ മീനാക്ഷി. മത്സരത്തിൽ കണ്ണൂർ 2-1 ന് കാസർക്കോടിനെ പരാജയപ്പെടുത്തി ഫൈനലിൽ പ്രവേശിച്ചു

## ഏവിയേഷൻ കൊള്ളക്കെതിരെ നാളെ മുസ്‌ലിം ലീഗ് ഹെഡ് പോസ്റ്റ് ഓഫീസ് ധർണ

കോഴിക്കോട്: കേന്ദ്ര സർക്കാരിന്റെ ഏവിയേഷൻ കൊള്ളക്കെതിരായും, എയർ ഇന്ത്യയുടെ വിമാനം റദ്ദാക്കൽ ഉൾപ്പടെയുള്ള പ്രവാസി ദ്രോഹ നടപടികൾക്കെതിരെയും മുസ്‌ലിം ലീഗ് ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന പ്രതിഷേധ ധർണ നാളെ രാവിലെ പത്തിന് കോഴിക്കോട് ഹെഡ് പോസ്റ്റ് ഓഫീസിന് മുമ്പിൽ ആരംഭിക്കും. നേരത്തെ എയർ ഇന്ത്യ ഓഫീസിന് മുമ്പിൽ പ്രഖ്യാപിച്ച പ്രതിഷേധ ധർണയാണ് ഹെഡ് പോസ്റ്റ് ഓഫീസിന് മുമ്പിലേക്ക് മാറ്റിയത്. മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി കെ.എം ഷാജി സമരം ഉദ്ഘാടനം ചെയ്യും. മുസ്‌ലിം ലീഗിന്റെയും, കെ.എം.സി.സിയുടേയും മുഴുവൻ നേതാക്കളും പ്രവർത്തകും കൃത്യ സമയത്ത് എത്തിച്ചേരണമെന്ന് ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ, ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ എന്നിവർ അറിയിച്ചു.

## അഡ്വ. ഹാരിസ് ബീരാന് പൗര സ്വീകരണം നാളെ

കോഴിക്കോട്. മുസ്‌ലിം ലീഗ് പ്രതിനിധിയായി രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അഡ്വ ഹാരിസ് ബീരാൻ എം.പിക്ക് മുസ്‌ലിം ലീഗ് ജില്ലാ കമ്മിറ്റി നൽകുന്ന പൗര സ്വീകരണം നാളെ ഉച്ചക്ക് ശേഷം ടൗൺഹാളിൽ നടക്കും. വൈകിട്ട് മൂന്നിന് പരിപാടി ആരംഭിക്കും. മുഴുവൻ പ്രവർത്തകരും 2.30 ന് മുമ്പായി തന്നെ ടൗൺ ഹാളിൽ എത്തിച്ചേരണമെന്ന് ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ, ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ എന്നിവർ അറിയിച്ചു.

## ലോട്ടറി കടയിൽ പരിശോധന; പിടിവീണത് ഒറ്റനമ്പർ ലോട്ടറിക്ക്

ഫറോക്ക്: ഒറ്റനമ്പർ ലോട്ടറി വിൽപന നടത്തിയ സംഭവത്തിൽ ബന്ധുക്കളായ രണ്ട് പേരെ പൊലീസ് പിടികൂടി. കോഴിക്കോട് അരക്കിണർ അങ്ങാടിയിൽ ലോട്ടറി കച്ചവടം നടത്തുന്ന മാത്തോട്ടം ഉള്ളിശ്ശേരിക്കുന്ന് സ്വദേശികളായ മണ്ണിൽ വീട്ടിൽ എം സിജു (42), പിതൃസഹോദരിയുടെ മകളായ പുളിക്കൽ വീട്ടിൽ പി മിനി(49) എന്നിവരാണ് ബേപ്പൂർ പൊലിസിന്റെ പിടിയിലായത്.കേരള ലോട്ടറി നിയമങ്ങൾ ലംഘിച്ച് സർക്കാറിലേക്ക് നികുതി അടയ്ക്കാതെ അനധികൃതമായി ഒറ്റനമ്പർ ലോട്ടറി ചൂതാട്ടം നടത്തി സർക്കാറിനെ വഞ്ചിച്ചതിനാണ് കേസ്. ഇരുപതിനായിരം രൂപയും, മൊബൈൽ ഫോണും, ഒറ്റ നമ്പറുകൾ എഴുതിയ പേപ്പറുകളും പൊലീസ് ഇവരിൽ നിന്നും പിടിച്ചെടുത്തു. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഫറോക്ക് എസിപി സജു എബ്രഹാമിന്റെ നിർദ്ദേശത്തെ തുടർന്ന് ഏതാനും ദിവസങ്ങളായി ഇവർ നിരീക്ഷണത്തിലായിരുന്നു. ബേപ്പൂർ എസ്ഐ ഷുഹൈബിന്റെ നേതൃത്വത്തിൽ എസ്ഐ സുധീഷ്, സിപിഒ രഞ്ജിത്ത്, ജിതിൻ, സുധീഷ്, നിതിൻ തുടങ്ങിയവർ ഉൾപ്പെട്ട സംഘം ഇവരെ ലോട്ടറി കടയിലെത്തി അറസ്റ്റ് ചെയ്യുകയായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.



അറസ്റ്റിലായ പ്രതികൾ

## പി.എസ്.സി വിൽപനക്കോ; 15 ന് മുസ്‌ലിം യൂത്ത് ലീഗ് കുറ്റ വിചാരണ

കോഴിക്കോട്: പിഎസ്‌സി മെംബർമാരെ കോഴ വാങ്ങി നിയമനം നടത്താനുള്ള സിപിഎം നേതാക്കളുടെ ശ്രമം ഞെട്ടിക്കുന്നതാണെന്നും സമഗ്രമായ അന്വേഷണങ്ങൾ നടത്തി പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരണമെന്നും മുസ്‌ലിം യൂത്ത് ലീഗ് ജില്ല ഭാരവാഹികളുടെ യോഗം ആവശ്യപ്പെട്ടു. ജില്ലയിലെ സിപിഎം നേതാക്കളുടെ പിന്തുണയോടെയാണ് ഈ അഴിമതി നടക്കുന്നത്. പിഎസ്‌സി ഉദ്യോഗാർത്ഥികളിൽ നിന്ന് ഇന്റർവ്യൂ അട്ടിമറിച്ച് പണം സ്വരൂപിക്കാൻ ഈ രീതിയിൽ നിശ്ചയിക്കപ്പെടുന്ന മെമ്പർമാർക്ക് സൗകര്യമൊരുക്കുക കൂടിയാണ് ഭരിക്കുന്ന പാർട്ടിയുടെ നേതാക്കളുടെ നേതൃത്വത്തിൽ നടക്കുന്നത്. ഇത്തരം അഴിമതികൾ പാർട്ടി അന്വേഷണം നടത്തി അവസാനിപ്പിക്കാൻ അനുവദിക്കില്ലെന്നും യൂത്ത് ലീഗ് മുന്നറിയിപ്പ് നൽകി.

ജില്ല കേന്ദ്രീകരിച്ച് ഈ രീതിയിലുള്ള അനധികൃതമായ പ്രവണതകൾ തുടരുമ്പോൾ പാർട്ടിയുടെ സമുന്നത നേതാക്കന്മാരുടെ പങ്കുകൂടി അന്വേഷിക്കണം. തുടർഭരണത്തിന്റെ മറവിൽ കേരളത്തിലെ സാധാരണക്കാരെ വഞ്ചിക്കുന്ന സമീപനത്തെ തുറന്നുകാട്ടാൻ യൂത്ത് ലീഗ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 15 ന് വൈകിട്ട് നാലിന് കോഴിക്കോട് മൊഫ്യൂഷൻ ബസ് സ്റ്റാൻഡിൽ വച്ച് കുറ്റ വിചാരണ സംഘടിപ്പിക്കുന്നു. പ്രമുഖ നേതാക്കൾ പങ്കെടുക്കും. ജില്ല പ്രസിഡന്റ് മിസ്ഹബ് കീഴരിയൂർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി മൊയ്തീൻ കോയ സ്വാഗതവും സീനിയർ വൈസ് പ്രസിഡണ്ട് സി ജാഫർ സാദിഖ് നന്ദിയും പറഞ്ഞു. എ സിജിത്ത് ഖാൻ, എസ്‌വി ശൗലിക്ക്, ഷഫീക്ക് അരക്കിണർ, സൈദ് ഫസൽ, ഹാരിസ് കുത്തിക്കൊടി, എംപി ഷാജഹാൻ, ശുഹൈബ് കുന്നത്ത്, ഒ.എം നൗഷാദ്, വി അബ്ദുൽ ജലീൽ, സിറാജ് ചിറ്റേടത്ത്, കെപി സുനീർ സംസാരിച്ചു.

## സി.പി.എമ്മിൽ നിന്നും രാജി വെച്ചവർ മുസ്‌ലിം ലീഗിൽ ചേർന്നു

താമരശ്ശേരി: മാർക്സിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകനായിരുന്ന ഒ.പി ഫൈസൽ കുന്നുംപുറം മുസ്‌ലിം ലീഗിൽ ചേർന്നു. കൊടുവള്ളി മണ്ഡലം മുസ്‌ലിം ലീഗ് വൈസ് പ്രസിഡന്റ് സയ്യിദ് അഷ്റഫ് തങ്ങൾ തച്ചംപൊയിൽ ഫൈസലിന് മെമ്പർഷിപ്പ് നൽകി സ്വീകരിച്ചു. പള്ളിപ്പുറം വാടിക്കൽ ടൗൺ ലീഗ് പ്രസിഡന്റ് അബ്ദുൽ റഹീം കെ.പി അധ്യക്ഷത വഹിച്ചു. സെക്രട്ടറി അബ്ദുള്ള കെ.കെ, അബ്ദുൽ നാസർ കെ.പി, നൗഫീഖ് വാടിക്കൽ, അബ്ദു റഹ്മാൻ കെ.പി, സമീർ ഓനി കെ.പി, നവാസ് വാടിക്കൽ. റാഫി നെല്ലിപ്പൊയിൽ, ജഈസ് കെ.പി, നാസർ ബാവി സംസാരിച്ചു.

## കരാറുകാർക്കായി കൂട്ടായ്മ

കോഴിക്കോട്: നിർമാണ മേഖലയിൽ മികച്ച കരാറുകാരെ വാർത്തെടുക്കുന്നതിനായി പുതിയ കൂട്ടായ്മ രൂപമായി. എമിനെന്റ് കോൺട്രാക്ടേഴ്സ് ആന്റ് കൺസൽട്ടന്റ് ഇന്റർനാഷണൽ (ഇ.സി.സി.ഐ) എന്ന പേരിലാണ് പുതിയ ട്രസ്റ്റ് രൂപം കൊണ്ടത്. ഇസിസിഐയുടെ പ്രഥമ ചാപ്റ്ററിന് വടകരയിൽ തുടക്കമായി. വടകര ക്രിസ്റ്റൽ പാലസിൽ നടന്ന ചടങ്ങിൽ അനിൽ കൃഷ്ണ (പ്രസിഡന്റ്), രവീന്ദ്രനാഥ് (വൈസ് പ്രസിഡന്റ്) സജീഷ് കെ.ടി. (സെക്രട്ടറി) എന്നിവർ സ്ഥാനമേറ്റു. ക്ലസ്റ്റർ കോച്ച് ഷൗക്കത്തലി സി.പി. അധ്യക്ഷത വഹിച്ചു. വടകര മുൻസിപ്പൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സുദീപ് തൊടുപുഴ മുഖ്യാതിഥിയും പുറമേരി പഞ്ചായത്ത് ഓവർസിയർ പ്രവീൺ കുമാർ വിശിഷ്ടാതിഥിയുമായിരുന്നു. വിവേക് പി.പി, നിഷാൻ എം, ഷൗക്കത്തലി എരോത്ത്, ദിപേഷ് പി.ടി സംസാരിച്ചു.

## റാഗിംഗ് നടന്നിട്ടില്ലെന്ന് സ്കൂൾ അധികൃതർ

ബാലുശ്ശേരി: പാവണ്ടൂർ ഹയർസെക്കൻഡറി സ്കൂളിൽ വിദ്യാർത്ഥികൾ തമ്മിലുണ്ടായ നിസാര സംഭവത്തെ റാഗിങ്ങായി ചിത്രീകരിക്കുന്ന വാർത്തകൾ വസ്തുതാ വിരുദ്ധമാണെന്ന് സ്കൂൾ പി.ടി.എയും മാനേജ്മെന്റ് കമ്മിറ്റിയും അറിയിച്ചു. സ്കൂളിൽ വെച്ച് നടന്നുവെന്ന് പറയുന്ന വിഷയം പർവതീകരിച്ചും വിഷയത്തിന്റെ നിജസ്ഥിതി ബന്ധപ്പെട്ടവരുമായി അന്വേഷിക്കാതെയുമാണ് ചില പത്രങ്ങൾ നൽകിയത്. ഇതിന്റെ പേരിൽ സോഷ്യൽ മീഡിയകളിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്നും സ്കൂളിന്റെ സൽപേരിന് കളങ്കമുണ്ടാക്കുന്ന ഇത്തരം വാർത്തകളുമായി സ്കൂൾ അധികൃതർക്ക് യാതൊരു ബന്ധവുമില്ലെന്നും പ്രിൻസിപ്പൽ ലതിക കെ, പി.ടി.എ പ്രസിഡണ്ട് ടി ജയരാജൻ, മാനേജർ ഉദയരാജ് എന്നിവർ വാർത്താ കുറിപ്പിലൂടെ അറിയിച്ചു.

## മാട്ടുമുറി ഉപതെരഞ്ഞെടുപ്പ്; 9 പേർ രംഗത്ത്

മുക്കം: കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡായ മാട്ടുമുറിയിൽ 30 ന് നടക്കുന്ന തിരഞ്ഞെടുപ്പിലേക്ക് 9 പേർ മത്സര രംഗത്ത്. യുഡിഎഫ്, എൽഡിഎഫ്, ബിജെപി, എസ്.ഡി.പി.ഐ സ്ഥാനാർത്ഥികൾക്ക് പുറമെ 5 സ്വതന്ത്രരും മത്സര രംഗത്തുണ്ട്. ഇതിൽ രണ്ട് പേർ യു.ഡി.എഫ് സ്ഥാനാർത്ഥി യു.പി മമ്മദിന്റെ പേരിനോട് സാമ്യമുള്ളവരും ഒരാൾ ഇടത് സ്ഥാനാർത്ഥി കബീർ കണിയാത്തിന്റെ പേരിനോട് സാമ്യമുള്ളവരുമാണ്. കോൺഗ്രസ് അംഗമായിരുന്ന ശിഹാബ് മാട്ടുമുറി രാജിവെച്ചതിനെ തുടർന്നാണ് മൂന്നാം വാർഡിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടക്കും. ഈ മാസം 15നാണ് പിൻവലിക്കാനുള്ള അവസാന തിയ്യതി .15 ഓടെ യഥാർത്ഥ ചിത്രം വ്യക്തമാവും. ഡമ്മി സ്ഥാനാർത്ഥികൾ പത്രിക പിൻവലിച്ചാലും 7 പേർ മത്സര രംഗത്തുണ്ടാവും. ഇതിൽ അപര സ്ഥാനാർത്ഥികളുടെ പത്രിക പിൻവലിപ്പിക്കാനുള്ള ശ്രമവും രാഷ്ട്രീയ പാർട്ടികളും മുന്നണികളും നടത്തുന്നുണ്ട്.

## കണ്ണ് അടിച്ചു പൊട്ടിക്കുമെന്ന് പാർട്ടിക്കാരന് സി.പി.എം ഏരിയാസെക്രട്ടറിയുടെ ഭീഷണി

കുന്ദമംഗലം: സോഷ്യൽ മീഡിയ വഴി സി.പി.എം കുന്ദമംഗലം ഏരിയ സിക്രട്ടറിയുടെ വഴിവിട്ട നടപടികളെ കുറിച്ചും അഴിമതിക്കെതിരെയുംപോസ്റ്റിട്ട സി.പി.എം പ്രവർത്തകനും സീനിയർ സീറ്റിസണുമായ ആൾക്കെതിരെയാണ് എഴുത്ത് നിറുത്തിയില്ലെങ്കിൽ കണ്ണടിച്ചു പൊട്ടിക്കുമെന്ന് ഭീഷണി. ഏരിയ സെക്രട്ടറി പി. ഷൈപും പ്രവർത്തകൻ ബാലകൃഷ്ണൻറെയും വീഡിയോ ക്ലിപ്പുകൾ സമൂഹ മാധ്യമത്തിൽ വൈറലായിരിക്കയാണ്. ഇതേ ഏരിയാ സെക്രട്ടറി ദിവസങ്ങൾക്ക് മുമ്പ് മറ്റൊരു പ്രവർത്തകനായ മോഹനന് എതിരെയും സംസാരിച്ചിരുന്നു. സാമ്പത്തിക ഇടപാടുമായി ബന്ധപെട്ട തർക്കമാണ് ഏറ്റുമുട്ടലി നയിച്ചെതെന്ന് പറയപെടുന്നു.

## മഡ്ഫുട്ബോൾ നാളെ ഓമശ്ശേരിയിൽ

ഓമശ്ശേരി: സംസ്ഥാന ടൂറിസം വകുപ്പിന്റെയും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെയും മേൽനോട്ടത്തിൽ നടക്കുന്ന മലബാർ റിവർ ഫെസ്റ്റിവൽ അന്താരാഷ്ട്ര കയാക്കിംഗ് ചാമ്പ്യൻഷിപ്പിന്റെ മുന്നോടിയായി നാളെ ഓമശ്ശേരിയിൽ മഡ് ഫുട്ബോൾ ടൂർണ്ണമെന്റ് അരങ്ങേറും.

ഓമശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒയിസ്ക ഇന്റർനാഷണൽ ഓമശ്ശേരി ചാപ്റ്ററാണ് ടൂർണമെന്റ് സംഘടിപ്പിക്കുന്നത്. നാളെ വൈകിട്ട് മൂന്നിന് ഓമശ്ശേരി റൊയാഡ് ഫാം മഡ് ഗ്രൗണ്ടിൽ ഡോ:എം.കെ മുനീർ എംഎൽഎ ഉദ്ഘാടനം ചെയ്യും.

## ബിഗിനേഴ്സ് കയാക്കിങ് റേസ് 14 ന്

കോഴിക്കോട്: സാഹസികത ഇഷ്ടപ്പെടുന്നവർക്കായി കയാക്കിങ് ബിഗിനേഴ്സ് റേസ് സംഘടിപ്പിക്കുന്നു. ജെല്ലിഫിഷ് വാട്ടർ സ്പോർട്സ് ക്ലബ്ബാണ് 14 ന് കൊളത്തറയിലെ ചാലിയാർ പുഴയിൽ മൽസരം സംടിപ്പിക്കുന്നത്. പത്താമത് മലബാർ റിവർ ഫെസ്റ്റിവലിനോടനുബന്ധിച്ച് നടക്കുന്ന അന്താരാഷ്ട്ര കയാക്കിങ് ചാമ്പ്യൻഷിപ്പിന്റെ ഭാഗമായാണ് ബിഗിനേഴ്സ് കയാക്കിങ് റേസ്. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നൂറോളം ആളുകൾ പരിപാടിയിൽ പങ്കെടുക്കും. പുഴയുമായുള്ള ബന്ധം പുനസ്ഥാപിക്കുക, ജല സാഹസിക കായിക വിനോദങ്ങളിലേക്ക് ജനങ്ങളെ കൂടുതൽ ആകർഷിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് തുടക്കകാർക്കായി മൽസരം സംഘടിപ്പിക്കുന്നതെന്ന് ജെല്ലിഫിഷ് വാട്ടർ സ്പോർട്സ് സ്ഥാപകൻ കൗശിക്ക് കൊടിത്തോടിക പറഞ്ഞു. ഞായറാഴ്ച്ച രാവിലെ 8ന് ജെല്ലിഫിഷ് വാട്ടർ സ്പോർട്സിന്റെ മുഖ്യ പരിശീലകൻ പ്രസാദ് ടിയുടെ നേതൃത്വത്തിൽ തുടക്കകാർക്കായി സിറ്റ് ഓൺ ടോപ്പ് സിംഗിൾ കയാക്കിങ്ങിൽ പരിശീലനം നൽകും. രാവിലെ 9ന് കോഴിക്കോട് കലക്ടർ സ്നേഹിൽകുമാർ സിങ് പരിപാടി ഉദ്ഘാടനം ചെയ്യും. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെയാണ് മൽസരം. ഫോൺ: 9400893112, 9288004944.

## സൗജന്യ തിമിര രോഗ നിർണയവും ചികിത്സയും

കോഴിക്കോട്: ജില്ലാ ആരോഗ്യ വകുപ്പിന്റെയും ജില്ലാ അന്ധത നിയന്ത്രണ സൊസൈറ്റിയുടെയും സംയുക്ത നേതൃത്വത്തിൽ തിമിരരോഗ ചികിത്സ ലഭ്യമാക്കുന്ന സൗജന്യ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഇന്ന് രാവിലെ 10.30 മുതൽ ഉച്ച ഒരു മണി വരെ ചാത്തമംഗലം, കട്ടാങ്ങൽ ഇഎംഎസ് ഹാളിൽ നടക്കുന്ന ക്യാമ്പിൽ, കോഴിക്കോട് ഗവൺമെന്റ് ജനറൽ ഹോസ്പിറ്റലിലെ നേത്രരോഗ വിദഗ്ദരുടെ സേവനം ലഭ്യമായിരിക്കും. ക്യാമ്പിൽ സൗജന്യ തിമിര രോഗ നിർണയവും, ചികിത്സയും, മരുന്ന് വിതരണവും ഉണ്ടായിരിക്കും.

## മൂടാടി പഞ്ചായത്ത് ഓഫീസിലേക്ക്

# യൂത്ത് ലീഗ് ഉപരോധം സംഘർഷം, അറസ്റ്റ്

നന്തിബസാർ: ജനവാസ കേന്ദ്രത്തിലെ മാലിന്യം എടുത്തു മാറ്റുക, ജലനിധി പൈപ്പിന് വേണ്ടി കീറിമുറിച്ച റോഡുകൾ പുനസ്ഥാപിക്കുക, നന്തി ടൗണിലെ വെള്ളക്കെട്ടിനു ശാശ്വത പരിഹാരം കാണുക, ദുരിതമനുഭവിക്കുന്ന നന്തിയിലെ വ്യാപാരികളെ സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് മുസ്ലിം യൂത്ത് ലീഗ് മൂടാടി പഞ്ചായത്ത് കമ്മിറ്റി മൂടാടി പഞ്ചായത്ത് ഓഫീസിലേക്ക് നടത്തിയ ഉപരോധ സമരത്തിൽ സംഘർഷം. നേതാക്കളെ പോലീസ് അറസ്റ്റ് ചെയ്തു.

ഉപരോധ സമരം മണ്ഡലം പ്രസിഡണ്ട് കെ.കെ റിയാസ് ഉൽഘാടനം ചെയ്തു. പി.കെ.മുഹമ്മദലി അധ്യക്ഷനായി.സാലിം മുചുകുന്ന് ടി.കെ നാസർ,റഷീദ് എടത്തിൽ,റഫീഖ് ഇയ്യത്ത് കുനി, സിഫാദ് ഇല്ലത്ത്, ജിഷാദ് വിരവഞ്ചേരി,റബീഷ് പുളിമുക്ക്,ഫൈസൽ മൊകേരി,സമദ് വരിക്കോളി,റഫീഖ് വരിക്കോളി,സിനാൻ ഇല്ലത്ത് ഉപരോധ സമരത്തിന് നേതൃത്വം നൽകി. തുടർ ദിവസങ്ങളിൽ പഞ്ചായത്ത് ഭരണ സിമിതിക്കെതിരെ സമരം ശക്തമാക്കുമെന്ന് യൂത്ത്ലീഗ് ഭാരവാഹികൾ പറഞ്ഞു.



മുടാടി പഞ്ചായത്ത് ഓഫീസ് ഉപരോധിച്ച യൂത്ത് ലീഗ് പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യുന്നു


## വിഴിഞ്ഞം; യു.ഡി.എഫ് പ്രതിഷേധം ഇന്ന്

മലപ്പുറം: വിഴിഞ്ഞം ട്രയൽ റൺ ചടങ്ങിൽ പ്രതിപക്ഷ പാർട്ടികളെയും നേതാക്കളെയും പങ്കെടുപ്പിക്കാത്തതിൽ പ്രതിഷേധിച്ച് യു.ഡി.എഫ് സംസ്ഥാന കമ്മിറ്റി ജില്ലാ തലങ്ങളിൽ ആഹ്വാനം ചെയ്ത പ്രതിഷേധ സംഗമം ഇന്ന് മലപ്പുറത്ത് നടക്കും. പ്രവർത്തകർ ഇന്ന് വൈകുന്നേരം 4 മണിക്ക് ഡി.സി.സി ഓഫീസ് പരിസരത്ത് എത്തിച്ചേരണമെന്ന് ചെയർമാൻ പി.ടി അജയ് മോഹൻ, കൺവീനർ അഷ്റഫ് കോക്കൂർ അറിയിച്ചു.

## വിദേശ മെഡിക്കൽ വിദ്യാഭ്യാസം: ചന്ദ്രിക സെമിനാർ ഇന്ന് മഞ്ചേരിയിൽ

മഞ്ചേരി: എം.ബി.ബി.എസ് അടക്കമുള്ള വിദേശ മെഡിക്കൽ വിദ്യാഭ്യസവുമായി ബന്ധപ്പെട്ട് ചന്ദ്രിക ദിനപത്രവും സീക്കോ ഇന്റർ നാഷണലും എ.ബി.സി സ്റ്റഡിപാത്തും സംഘടിപ്പിക്കുന്ന സെമിനാർ നാളെ മഞ്ചേരിയിൽ നടക്കും. പാണ്ടിക്കാട് റോഡിൽ വിബ്ജിയോർ ബിസിനസ് സെന്ററിലെ കെയ്സാൻ ഹാളിൽ വെച്ചാണ് പരിപാടി നടക്കുക. വൈകീട്ട് 3ന് തുടങ്ങുന്ന പരിപാടിയിൽ ഡോ.ജസീർ അബ്ദുൽ ഖാദർ പ്രസംഗിക്കും.

## അറസ്റ്റിലായി



മുഹമ്മദ് മുസ്തഫ

കൊണ്ടോട്ടി: ഒരു ഗ്രാം എം.ഡി.എം.എയുമായി യുവാവ് പിടിയിലായി. പുളിക്കൽ, ആന്തിയൂർകുന്ന് കെ.പി മുഹമ്മദ് മുസ്തഫ(22)യാണ് പിടിയിലായത്. നാട്ടുകാരുടെ സഹായത്തോടെ ഒളവട്ടൂരിൽ നിന്നാണ് കൊണ്ടോട്ടി പൊലീസും ഡാൻസാഫും ചേർന്ന് ഇയാളെ പിടിച്ചത്. അറസ്റ്റ് ചെയ്ത ഇയാളെ കോടതി റിമാന്റ് ചെയ്തു.

## പാണക്കാട് പൂക്കോയ തങ്ങൾ സ്മരണാ സംഗമം ഇന്ന്

മലപ്പുറം: പാണക്കാട് പൂക്കോയ തങ്ങൾ സ്മരണാ സംഗമം ഇന്ന് വൈകുന്നേരം 4 മണിക്ക് മലപ്പുറം കോട്ടക്കുന്നിലെ ഭാഷാസമര സ്മാരകത്തിൽ നടക്കും.

### മലപ്പുറം വാർത്തകൾ



അരീക്കോട് വാലില്ലാപുഴയിൽ ക്വാറി കുളത്തിൽ കുളിക്കുന്നതിനിടെ മുങ്ങിമരിച്ച സഹപാഠികളുടെ ഭൗതികശരീരം പൊതുദർശനത്തിന് വെച്ചപ്പോൾ സല്യൂട്ട് ചെയ്യുന്ന എസ്.പി.സി കേഡറ്റുകൾ

# അന്ത്യയാത്രയിലും ഒന്നിച്ച് ആര്യയും അഭിനന്ദയും

അരീക്കോട്: വാലില്ലാപുഴയിലെ ക്വാറി കുളത്തിൽ കുളിക്കുന്നതിനിടെ വെള്ളത്തിൽ മുങ്ങി ചികിത്സയിലായിരുന്ന വിദ്യാർഥിനി അഭിനന്ദയുടെ മരണത്തിന് പിന്നാലെ കൂട്ടുകാരി ആര്യയും യാത്ര പറഞ്ഞു. ഇരുവരും അരീക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു.

കീഴുപറമ്പ് കുനിയിൽ പാലാപറമ്പിൽ സന്തോഷിന്റെ മകളും കീഴുപറമ്പ് ജി.വി.എച്ച്.എസ്.എസിലെ ഏഴാം ക്ലാസ് വിദ്യാർഥിനിയുമായ അഭിനന്ദ(12) ബുധനാഴ്ച രാത്രിയോടെയാണ് അഭിനന്ദ മരണത്തിന് കീഴടങ്ങിയത്.

പിന്നാലെ വ്യാഴാഴ്ച രാവിലെ അയൽവാസി ചെറുവാലക്കൽ പാലാപറമ്പിൽ ഗോപിനാഥന്റെ മകളും ജി.വി.എച്ച്.എസ്.എസിലെ പ്ലസ് വൺ വിദ്യാർഥിനിയുമായ ആര്യ(16)യും വിടവാങ്ങുകയായിരുന്നു.

ഇവരുടെ ചികിത്സക്ക് ലക്ഷങ്ങൾ ചിലവ് ആവശ്യമായി വന്നിരുന്നു. ഇതിനായി നാട്ടുകാർ ചികിത്സാസഹായ സമിതി രൂപവൽക്കരിച്ച് പ്രവർത്തനം തുടങ്ങിയിരുന്നു. സന്മനസ്സുള്ള നിരവധി ആളുകൾ സഹായങ്ങൾ നൽകിവരുന്നതിനിടയിലാണ് ഇരുവരും യാത്ര പറഞ്ഞത്.



ആര്യ, അഭിനന്ദ

കൂട്ടുകാരോടൊപ്പം അവധി ദിവസമായ ഞായറാഴ്ച ഉച്ചയ്ക്ക് കുളിക്കുന്നതിനിടെയാണ് അഭിനന്ദയും അയൽവാസി ആര്യയും ക്വാറി കുളത്തിലെ വെള്ളത്തിൽ മുങ്ങിത്താണത്. മുങ്ങിത്താഴുന്നത് കണ്ട കൂടെയുണ്ടായിരുന്ന സ്ത്രീ ബഹളംവച്ചതിനെ തുടർന്ന് പ്രദേശത്തുള്ളവർ ഓടിവന്ന് കുട്ടികളെ പുറത്തെത്തിക്കുകയായിരുന്നു. ആശുപത്രിയിലേക്ക് എത്തിക്കാൻ അരീക്കോട് പൊലീസിന്റെ വാഹനത്തിൽ കയറ്റിയെങ്കിലും വാഹനം കേടാവുകയായിരുന്നു. തുടർന്ന് മുക്കം ഫയർഫോഴ്സിന്റെ വാഹനത്തിലാണ് ഇരുവരെയും അരീക്കോടുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിച്ചത്.

ഇതിനിടെ ബുധനാഴ്ച രാത്രിയോടെ ഏറെ ഞെട്ടലോടെയാണ് അഭിനന്ദയുടെ മരണ വാർത്ത അറിയുന്നത്. അകാലത്തിൽ പൊലിഞ്ഞ പ്രിയ വിദ്യാർഥിയുടെ മരണത്തിന്റെ ദുഃഖത്തിൽ പങ്കുചേർന്ന് ദുഃഖസൂചകമായി വ്യാഴാഴ്ച സ്കൂളിന് അവധി പ്രഖ്യാപിച്ചിരുന്നു.

മഞ്ചേരി മെഡിക്കൽ കോളജിൽ നിന്ന് പോസ്റ്റ്മോർട്ടം നടപടികൾക്ക് ശേഷം വീടിന് സമീപത്ത് പ്രത്യേകം തയ്യാറാക്കിയ പന്തലിൽ ഭൗതികശരീരം പൊതുദർശനത്തിന് വെച്ചു. തേങ്ങലോടെയാണ് ആര്യയുടെയും, അഭിനന്ദയുടെയും ഭൗതിക ശരീരത്തിൽ അധ്യാപകരും സഹപാഠികളും, ബന്ധുക്കളും നാട്ടുകാരും അന്തിമോപചാരം അർപ്പിച്ചത്. അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റുഖിയ ഷംസു, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൗഷാർ കല്ലട തുടങ്ങിയ പൗരപ്രമുഖരും അന്തിമോപചാരം സമർപ്പിച്ചു. മണിക്കൂറുകൾ നീണ്ട പൊതുദർശനത്തിനു ശേഷം കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് പൊതുശ്മശാനത്തിൽ സംസ്കരിച്ചു. ആര്യയുടെ മാതാവ് : സ്നേഹ. സഹോദരൻ ജിഷ്ണുനാഥ്. അഭിനന്ദയുടെ മാതാവ് ജിഷി, സഹോദരി: അഹല്യ.

## പ്ലസ് വൺ 120 താൽകാലിക ബാച്ച്

# പോരാട്ട വിജയം

### 7,200 പേർക്കു കൂടി സീറ്റ് ലഭിക്കും; വീണ്ടും 2,582 പേർ സീറ്റില്ലാതെ പുറത്തു തന്നെ

മലപ്പുറം: ജില്ലയുടെ ഒറ്റക്കെട്ടായുള്ള സമരവീര്യത്തിന്റെ ഫലമാണ് നിയമസഭയിൽ ഇന്നലെ മുഴങ്ങികേട്ടത്. പ്ലസ് വൺ സീറ്റ് വിഷയത്തിൽ സർക്കാർ താൽക്കാലിക ബാച്ചുകൾ അനുവദിച്ചുള്ള വിദ്യാഭ്യാസ മന്ത്രിയുടെ പ്രഖ്യാപനം മുസ്‌ലിം ലീഗിന്റെയും പോഷക സംഘടനകളുടെയും, മറ്റു പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുടെയും, വിദ്യാർഥി സംഘടനകളുടെയും മുറവിളികളുടെ പ്രതിധ്വനികൂടിയാണ്. പിണറായി പൊലീസിന്റെ ലാത്തിക്കുമുന്നിൽ മുട്ടുമടക്കാതെ പോരാട്ടത്തിന്റെ തീപന്തങ്ങളായി ജ്വലിച്ചു നിന്ന എം.എസ്.എഫ് ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകൾ ഒരുനാടിന്റെ തീരാദുരിതം തീർക്കാനായ് മുറവിളികൂട്ടിയതിന്റെ ഫലം കൂടിയാണ് ഈ വിജയം. ജില്ലയിൽ നിന്നുള്ള എം.എൽ.എമാർ നിയമസഭയിൽ നടത്തിയ ചോദ്യങ്ങളും ബഹളങ്ങളും, ജില്ലാ പഞ്ചായത്ത് അടക്കമുള്ള തദ്ദേശസ്ഥാപനങ്ങളുടെ സമ്മർദവും കൂടി ചേർന്നപ്പോൾ ആയിരക്കണക്കിന് വിദ്യാർഥികളുടെ അവകാശമാണ് നേടിയെടുക്കാനായത്.

120 താൽക്കാലിക ബാച്ചുകളാണ് മലപ്പുറത്തിനായി അനുവദിച്ചിട്ടുള്ളത്. ജില്ലയിലെ 74 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലായി 58 ഹ്യൂമാനിറ്റീസ് ബാച്ചുകളും 62 കൊമേഴ്സ് ബാച്ചുകളുമാണ് വരിക. ഒരു ബാച്ചിൽ 60 പേർക്ക് പ്രവേശനം നൽകുമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇതുവഴി 7,200 പേർക്കു കൂടി സീറ്റ് ലഭിക്കും. ഹ്യൂമാനിറ്റീസിന് 3480 സീറ്റുകളും കൊമേഴ്സിനു 3720 സീറ്റുകളും ലഭിക്കും. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് കണക്കുപ്രകാരം ജില്ലയിൽ 9882 പേരാണു പുറത്തുള്ളത് 60 സീറ്റുകൾ നൽകിയാൽ ഇവരിൽ ഇനി 2,582 പേരാണു സീറ്റില്ലാതെ പുറത്താകുക.

അനുവദിച്ച ബാച്ചുകളിൽ സയൻസ് ബാച്ചുകൾ ഇല്ലെന്നത് പ്രതിഷേധത്തിന് വകനൽകുന്നതാണ്. എന്നാൽ ജില്ലയിൽ ഏറ്റവും കൂടുതൽ സയൻസ് ബാച്ചുകളാണു നിലവിലുള്ളതെന്നും ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകളുടെ കുറവുണ്ടെന്നുമാണ് സമിതി നൽകിയ റിപ്പോർട്ടിലുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ രണ്ടു സബ്ജക്റ്റുകളിൽ ബാച്ചുകൾ അനുവദിച്ചത്. നിലവിൽ മലപ്പുറത്ത് 352 സയൻസ് ബാച്ചുകളാണു നിലവിലുള്ളത്. ഹ്യുമാനിറ്റീസ് -210, കൊമേഴ്സ് -277 ബാച്ചുകൾ വീതവും പുതുതായി വരുന്ന ബാച്ചുകൾ കൂടി ചേരുമ്പോൾ ഹ്യൂമാനിറ്റീസ്-268 ഉം കൊമേഴ്സ് -339 ഉം ബാച്ചുകളാകും.

ജില്ലയിലെ 85 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ ഭൗതിക സാഹചര്യം പരിശോധിച്ചതിൽ 74 എണ്ണത്തിൽ പുതിയ ബാച്ചുകൾ തുടങ്ങുന്നതിനുള്ള ഭൗതിക സാഹചര്യമുണ്ടെന്നാണു സമിതുയുടെ കണ്ടെത്തൽ. നിലവിൽ ഹയർ സെക്കന്ററി സ്കൂളുകളില്ലാത്ത ഹൈസ്കൂളുകളിൽ പ്ലസ് വൺ ആരംഭിക്കുമെന്ന പ്രതീക്ഷ ആദ്യഘട്ടത്തിലുണ്ടായിരുന്നു. എന്നാൽ അവിടെ സമിതി പരിശോധന നടത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ ഇവ ഹയർസെക്കന്ററിയായി അപ്ഗ്രേഡ് ചെയ്യുന്ന വിഷയം പരിഗണിച്ചിട്ടില്ല. താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നതിനു സർക്കാർ സ്കൂളുകളെ മാത്രമേ പരിഗണിച്ചിട്ടൊള്ളു. ഏതൊക്കെ താലൂക്കുകളിൽ ഏതൊക്കെ സ്കൂളുകളിൽ ബാച്ചുകൾ അനുവദിച്ചെന്ന വിവരങ്ങളെല്ലാം കാബിനറ്റ് മീറ്റിങ്ങിനു ശേഷം ഉത്തരവിറങ്ങുമെന്നാണ് പ്രതീക്ഷ.

# കടുങ്ങാത്തുക്കുണ്ട് സപ്ലൈകോ ഗോഡൗണിൽ വൻ തട്ടിപ്പ്

### എട്ട് ജീവനക്കാർക്കെതിരെ കേസ്; സസ്പെന്റ് ചെയ്തു

കൽപകഞ്ചേരി: തിരൂർ കടുങ്ങാത്തുക്കുണ്ടിലെ സപ്ലൈകോ എൻ.എഫ്.എസ്.എ ഗോഡൗണിൽ 2.78 കോടിയുടെ ഭക്ഷ്യധാന്യങ്ങൾ തട്ടിപ്പ് നടന്നതായി കണ്ടെത്തൽ. റേഷൻ വിതരണത്തിന് എത്തിച്ച അരി ഉൾപ്പടെ 2.78 കോടിയുടെ സാധനങ്ങളാണ് കാണാനില്ലെന്ന് പരാതിയിൽ പറയുന്നത്. ഡിപ്പോ മാനേജറുടെ പരാതിയിൽ പൊലീസ് എട്ട് ജീവനക്കാർക്കെതിരെ കേസെടുക്കുകയും ചെയ്തു. ഡിപ്പോയിലെ ഒ.എ.സി ഉൾപ്പടെയുള്ള എട്ടു ജീവനക്കാരെ സസ്പെന്റ് ചെയ്തു. മലപ്പുറത്തെ 269 റേഷൻ കടകളിലേക്ക് വിതരണം ചെയ്യേണ്ട മട്ട അരി, പുഴുങ്ങലരി എന്നിവയാണ് കാണാതായത്. 2022-23 വർഷങ്ങളിലെ ഇന്റേർണൽ ഓഡിറ്റിങ്ങിലാണ് ക്രമക്കേട് മനസിലായത്. കഴിഞ്ഞ ഏപ്രിൽ നടത്തിയ സ്റ്റോക് വേരിഫിക്കേഷനിൽ സംഭവം സ്ഥിരീകരിക്കുകയും ചെയ്തു. സപ്ലൈക്കോ കോഴിക്കോട് സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ക്രമക്കേട് തെളിയുകയും ചെയ്തു .

തുടർന്ന് തിരൂർ ഡിപ്പോ മാനേജർ സാധനങ്ങൾ കാണാനില്ലെന്നും ജീവനക്കാരുടെ പങ്ക് അന്വേഷിക്കണമെന്ന് കാണിച്ച് കൽപകഞ്ചേരി പൊലീസിൽ പരാതി നൽകി . ജീവനക്കാരെയും ഇവിടെ നിന്നും റേഷൻ എത്തിക്കുന്ന കരാറുകാരെയും കേന്ദ്രീകരിച്ചാണ് അന്വേഷണം നടക്കുന്നത്. കൽപകഞ്ചേരി പൊലീസിന് പരാതി ലഭിച്ച ഉടനെ മലപ്പുറം ജില്ലാ മേധാവിയെ അറിയിക്കുകയും തുടർന്ന് സംഭവം അന്വേഷിക്കാൻ താനൂർ ഡി.വൈ.എസ്.പി ബെന്നിയുടെ നേതൃത്വത്തിലുള്ള സംഘത്തെ നിയോഗിച്ചു. ജില്ല പൊലീസ് മേധാവിയുടെ നിർദേശപ്രകാരം താനൂർ ഡി.വൈ.എസ്.പി വി.വി. ബെന്നിയുടെ നേതൃത്വത്തിൽ എസ്.ഐമാരായ സന്തോഷ്, ദാസൻ എന്നിവർ ചേർന്നാണ് ഡിപ്പോയിൽ പരിശോധന നടത്തിയത്.

അതേസമയം കൈകാര്യ കിഴിവ് സംഭവിച്ചതാകുമെന്നാണ് ജീവനക്കാർ പറയുന്നത്. 100 കിലോ ധാന്യത്തിൽ നിന്ന് ശരാശരി 200 ഗ്രാമെങ്കിലും റേഷൻ കടയിൽ എത്തുന്നതിന് മുമ്പായി നഷ്ടപ്പെടും. ഒരു വർഷം ഏകദേശം പതിനായിരത്തിലധികം ലോഡിൽ നിന്ന് വലിയ ഒരു അളവ് ധാന്യം നഷ്ടപ്പെട്ടേക്കാം. ഇത് കണക്കിൽപ്പെടാറില്ലെന്നും ജീവനക്കാർ പറഞ്ഞു. കഴിഞ്ഞ ദിവസം പ്രാഥമിക അന്വേഷണം നടന്നു. ഗോഡൗണിൽ നിന്ന് ഏകദേശം ഒരു വർഷത്തിൽ പതിനായിരത്തിലധികം ലോഡ് പുറത്തുപോകുന്നുണ്ട്. രണ്ടുവർഷത്തെ പുറത്തുപോയ പതിനായിരത്തോളം ലോഡിന്റെ വിവരങ്ങൾ ശേഖരിച്ചാൽ മാത്രമേ ക്രമക്കേട് കണ്ടെത്താനാകൂ എന്ന് പൊലീസ് വ്യക്തമാക്കി.



കോടികളുടെ ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് യൂത്ത് ലീഗ് പ്രവർത്തകർ ഡിവിഷൻ മാനേജരെ പൂട്ടിയിട്ട് ഉപരോധിക്കുന്നു

## കോടികളുടെ ക്രമക്കേട്; സപ്ലൈകോ ഉപരോധിച്ച് യൂത്ത് ലീഗ്

കൽപകഞ്ചേരി: കടുങ്ങാത്തുക്കുണ്ടിലെ സപ്ലൈകോ എൻ.എഫ്.എസ്.എ ഗോഡൗണിൽ 2.78 കോടിയുടെ ഭക്ഷ്യധാന്യങ്ങൾ തട്ടിപ്പ് നടത്തിയതായി തെളിഞ്ഞ മുഴുവൻ കുറ്റക്കാർക്കെതിരെയും നടപടി എടുക്കണമെന്നും കൂട്ടു നിന്ന ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് സപ്ലൈകോ ഓഫീസും ഡിവിഷൻ മാനേജരേയും പൂട്ടിയിട്ട് ഉപരോധിച്ച് മുസ്‌ലിം യൂത്ത് ലീഗ്. കടുങ്ങാത്തുക്കുണ്ട് ടൗൺ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രവർത്തകർ ഉപരോധ സമരം നടത്തിയത്.

തിരൂർ മണ്ഡലം യൂത്ത് ലീഗ് പ്രസിഡന്റ് എ.പി സബാഹ്, മണ്ഡലം സെക്രട്ടറി റിയാസ് പാറക്കൽ ,വളവന്നൂർ പഞ്ചായത്ത് യൂത്ത് ലീഗ് പ്രസിഡന്റ് ജൗഹർ കുറുക്കോളി,നസീബ്, ടൗൺ മുസ്‌ലിം ലീഗ് നേതാക്കന്മാരായ ഉബൈദ് ചാരത്ത്, മൻസൂർ, ടി.പി ജാബിർ, ഷംസു കുണ്ടംപിടാവ്, റഹീസ് സി.ടി നേതൃത്വം നൽകി. പൂട്ടിയിട്ട് ഉപരോധിച്ച എ.പി സബാഹ് ,റിയാസ് പാറക്കൽ , ജൗഹർ കുറുക്കോളി,മൻസൂർ പാറമ്മൽ ,ജാബിർ ടിപി,ഉബൈദ് ചാരത്ത്, നസീബ് റഹ്മാൻ കുറുക്കോളി ,ഷിഹാബ് തുടങ്ങിയവരെ കൽപകഞ്ചേരി പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി. വരും ദിവസങ്ങളിലും ശക്തമായ സമര പരിപാടികൾ മുസ്‌ലിം ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കും.

# മുസ്‌ലിം യൂത്ത് ലീഗ് സാമൂഹിക പഠന കേന്ദ്രം ലോഗോ പ്രകാശനം ചെയ്തു

മലപ്പുറം: മുസ്‌ലിം യൂത്ത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റിയുടെ കീഴിൽ ആരംഭിക്കുന്ന സാമൂഹിക പഠനകേന്ദ്രത്തിന്റെ ലോഗോ പ്രകാശനം മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിച്ചു. ജില്ലാ മുസ്‌ലിം യൂത്ത് ലീഗ് ആസ്ഥാനമായ ഭാഷാ സമര സ്മാരകത്തിൽ പ്രവർത്തിക്കുന്ന സീതി സാഹിബ് ലൈബ്രറി സെന്റർ ഫോർ ഡെവലപ്മെന്റൽ സ്റ്റഡീസ് ആന്റ് റിസെർച്ചിന് കീഴിൽ ആരംഭിക്കുന്ന സാമൂഹിക പഠന കേന്ദ്രത്തിൽ രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ വിഷയങ്ങളിൽ പഠനവും ഗവേഷണവും ലക്ഷ്യമിട്ടു കൊണ്ടുള്ള ഡിപ്ലോമ കോഴ്സാണ് പ്രഥമ ഘട്ടത്തിൽ ആരംഭിക്കുക. ഇതിനാവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും പൂർത്തീകരിച്ചു.178 പേർ ഇതിനകം കോഴ്സിൽ ചേരുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്ന് പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ 40 പേർക്കാണ് കോഴ്സിൽ അഡ്മിഷൻ നൽകുക. ലോക രാഷ്ട്രങ്ങളിലും ഇന്ത്യയിലും നടക്കുന്ന ന്യൂനപക്ഷ രാഷ്ട്രീയ ചലനങ്ങളെ കുറിച്ചുള്ള പഠനം, രാജ്യത്തെ ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ ഭാവി, വർത്തമാനം, രാഷ്ട്രീയവുമായി ബന്ധപ്പെട്ട വ്യത്യസ്ത തലങ്ങളിൽ നിന്നു കൊണ്ടുള്ള നിരീക്ഷണങ്ങൾ, മുസ്‌ലിം ലീഗ് രാഷ്ട്രീയത്തെയും അതിന്റെ ഘടനയെയും കുറിച്ചുള്ള സമ്പൂർണ പഠനം, ഭരണഘടനാ പഠനം, വ്യക്തി എന്ന നിലയ്ക്ക് ആർജ്ജിച്ചിരിക്കേണ്ട രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ ബോധ്യങ്ങൾ, പുസ്തകങ്ങളെയും ഗവേഷണങ്ങളെയും സംബന്ധിച്ചുള്ള ചർച്ചകളും സംവാദങ്ങളും, അതത് സമയങ്ങളിലുണ്ടാകുന്ന രാഷ്ട്രീയവും അല്ലാത്തതുമായ വിഷയങ്ങളെ സംബന്ധിച്ചുള്ള അന്വേഷണവും പഠനവും, സംഘടനയെയും സംഘാടനത്തെയും സംബന്ധിച്ച് ആഴത്തിലുള്ള വിജ്ഞാനം, ആധുനിക കാലത്തെ കുറിച്ചുള്ള കൃത്യമായ നിരീക്ഷണം, വ്യക്തിത്വ വികാസം, ലീഡർഷിപ്പ് എന്നീ വിഷയങ്ങളിൽ പഠിതാക്കളെ പ്രാപ്തമാക്കുന്ന വിധമാണ് കോഴ്സ് രൂപകൽപന ചെയ്തിരിക്കുന്നത്. ചടങ്ങിൽ യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് ശരീഫ് കുറ്റൂർ, ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ്, ട്രഷറർ ബാവ വിസപ്പടി, വൈസ് പ്രസിഡന്റ് മാരായ എൻ കെ ഹഫ്സൽ റഹ്മാൻ, കെ.എം അലി, സെക്രട്ടറിമാരായ ടി.പി ഹാരിസ്, സി അസീസ്, കെ.സി ശിഹാബ് പുറങ്ങ്, യൂസുഫ് വല്ലാഞ്ചിറ, നിസാജ് എടപ്പറ്റ, സാമൂഹിക പഠന കേന്ദ്രം ഡയറക്ടർ ഷെരീഫ് സാഗർ, നൗഷാദ് തൂമ്പത്ത് പങ്കെടുത്തു.



മുസ്‌ലിം യൂത്ത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റിയുടെ കീഴിൽ ആരംഭിക്കുന്ന സാമൂഹിക പഠനകേന്ദ്രത്തിന്റെ ലോഗോ പ്രകാശനം സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു.

## പീഡനം; പൂജാരിക്ക് എട്ടു വർഷം കഠിന തടവും പിഴയും

മഞ്ചേരി: പതിനാറുകാരിയെ മാനഭംഗപ്പെടുത്തിയ പൂജാരിയെ മഞ്ചേരി സ്പെഷൽ പോക്സോ കോടതി എട്ടു വർഷം കഠിന തടവിനും ഒരു ലക്ഷം രൂപ പിഴയടക്കാനും ശിക്ഷിച്ചു. എടക്കര ബാർബർമുക്ക് പുല്ലഞ്ചേരി വീട്ടിൽ പി.ബി ഷിജു (36)വിനെയാണ് ജഡ്ജി എ.എം അഷ്റഫ് ശിക്ഷിച്ചത്. പരാതിക്കാരിയുടെ കുടുംബത്തിൽ നിരന്തരമായി സംഭവിച്ചു കൊണ്ടിരിക്കുന്ന ദുർമരണങ്ങൾക്ക് നിർബന്ധമായും പൂജ ചെയ്യണമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ചാണ് പ്രതി വീട്ടിലെത്തിയത്. 2023 മെയ് 30ന് പൂജ ചെയ്യാനെത്തിയ പ്രതി വീടിന്റെ ഡൈനിങ് ഹാളിൽ വെച്ച് കുട്ടിയെ മാനഭംഗപ്പെടുത്തുകയായിരുന്നു. പൂജാകർമ്മങ്ങൾക്കിടെ കുടുംബത്തിൽ മറ്റ് അംഗങ്ങളെ വീടിന്റെ വിവിധ ഭാഗങ്ങളിലേക്ക് മാറ്റി നിർത്തിയായിരുന്നു പീഡനം. സംഭവം പുറത്തുപറഞ്ഞാൽ പൂജ കൊണ്ട് ഫലം ലഭിക്കില്ലെന്ന് കുട്ടിയെ പറഞ്ഞു വിശ്വസിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടി വീട്ടുകാരോട് വിവരം പറഞ്ഞിരുന്നില്ല. എന്നാൽ ജൂൺ ആറിന് സ്കൂളിലെത്തിയ കുട്ടി ഫോൺ വഴി ചൈൽഡ് ലൈനിൽ വിവരമറിയിച്ചു. ചൈൽഡ് ലൈൻ നിർദേശപ്രകാരം ജൂൺ എട്ടിന് കുട്ടിയുടെ മൊഴിയെടുക്കുകയും കേസ് രജിസ്റ്റർ ചെയ്യുകയുമായിരുന്നു. എടവണ്ണ പൊലീസ് സബ് ഇൻസ്പെക്ടറായിരുന്ന വി വിജയരാജൻ ആണ് കേസന്വേഷിച്ചത്. പോക്സോ ആക്ടിലെ രണ്ട് വകുപ്പുകൾ പ്രകാരമാണ് ശിക്ഷ. വകുപ്പ് എട്ട് പ്രകാരം അഞ്ച് വർഷവും 12 പ്രകാരം മൂന്ന് വർഷവുമാണ് കഠിന തടവ്. ഇരു വകുപ്പുകളിലും അമ്പതിനായിരം രൂപ വീതം പിഴയടക്കണം. പിഴയടച്ചില്ലെങ്കിൽ ഓരോ വകുപ്പിലും രണ്ടു മാസം വീതം അധിക തടവും അനുഭവിക്കണം. തടവ് ശിക്ഷ ഒരുമിച്ചനുഭവിച്ചാൽ മതി. പ്രതി പിഴയടക്കുന്ന പക്ഷം തുക പീഡനത്തിനിരയായ പെൺകുട്ടിക്ക് നൽകണമെന്നും കോടതി ഉത്തരവിട്ടു.



ഷിജു

## കെ.എം.സി.സികളുടെ പ്രവർത്തനം മാതൃകാപരം: എം.എ സമദ്

പട്ടാമ്പി: ജീവിതത്തിൽ അവശത അനുഭവിക്കുന്നവരെയും രോഗം കൊണ്ട് പ്രയാസപ്പെടുന്നവരെയും സഹായിക്കാൻ പ്രവാസി സംഘടനകളിലെ ഏറ്റവും വലിയ പ്രസ്ഥാനമായ കെ.എം.സി.സി നടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ തുല്യതയില്ലാത്തതാണെന്നും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് വലിയ സഹായകരമാണെന്നും മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എം.എ സമദ് പറഞ്ഞു. പാലക്കാട് ജില്ലാ കെ.എം.സി.സി ജില്ലയിലെ വിവിധ മണ്ഡലങ്ങളിലെ റിലീഫ് പ്രവർത്തനത്തിന്റെ ഉദ്ഘാടനം പട്ടാമ്പി സി.എച്ച് സൗധത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കെ.എം.സി.സി ജില്ലാ വൈസ് പ്രസിഡന്റ് അബ്ദുൽഫത്താഹ് തൃത്താല അധ്യക്ഷത വഹിച്ചു. മുസ്‌ലിംലീഗ് ജില്ലാ വൈസ് പ്രസിഡന്റ് പി.ടി മുഹമ്മദ് മാസ്റ്റർ, പട്ടാമ്പി നിയോജകമണ്ഡലം മുസ്‌ലിംലീഗ് പ്രസിഡന്റ് ഇ.മുസ്തഫ മാസ്റ്റർ, ജനറൽസെക്രട്ടറി അഡ്വ.മുഹമ്മദ് അലി മാറ്റാംതടം, വാപ്പു കുന്നുമ്മൽ, അഡ്വ.ജമാൽ, കുളക്കാട്ടിൽ കുഞ്ഞാപ്പു, ഫിറോസ് ഒറ്റപ്പാലം, കെ.ടി അബ്ദു,മുജീബ് കുറ്റിപ്പുറം, കുവൈത്ത് കെ.എം.സി.സി സെക്രട്ടറി സലാം പട്ടാമ്പി, അനസ് കൊടല്ലൂർ ,അബ്ദുസലാം വല്ലപ്പുഴ, ഹുസൈൻ കണ്ടേങ്കാവ്, സി.പി മുസ്തഫ, ടി.കെ അബുബക്കർ മൗലവി പ്രസംഗിച്ചു



സലാല പാലക്കാട് ജില്ലാ കെ.എം.സി.സി.യുടെ സഹായവിതരണം മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എം.എ സമദ് ഉദ്ഘാടനം ചെയ്യുന്നു

## കുരുത്തിച്ചാൽ വിനോദസഞ്ചാര പദ്ധതി നടപ്പാക്കണം - ഷംസുദ്ദീൻ എം.എൽ.എ

മണ്ണാർക്കാട്: കുരുത്തിച്ചാൽ വിനോദ സഞ്ചാര പദ്ധതി അടിയന്തിരമായി നടപ്പിലാക്കണമെന്ന് അഡ്വ.എൻ ഷംസുദ്ദീൻ എം.എൽ.എ നിയമസഭയിൽ ആവശ്യപ്പെട്ടു. കാട്ടിൽ നിന്ന് കൊണ്ട് കുന്തിപ്പുഴയുടെ സൗന്ദര്യം ആസ്വദിക്കാവുന്ന മനോഹരമായ സ്ഥലമായ കുരുത്തിച്ചാൽ പ്രദേശത്ത് ഡി.ടി.പി.സിയുടെ പ്രൊപ്പോസലുണ്ട്. ഇത് റവന്യൂ വകുപ്പിന്റെ ഭൂമി പാട്ടത്തിന് കിട്ടേണ്ട പ്രശ്നത്തിൽ തങ്ങി നിൽക്കുകയാണ്. അടിയന്തിരമായി മന്ത്രി ഇടപെടണമെന്നും കേവലം ഒരു ചോദ്യമായി മാത്രം ഇതിനെ കാണരുതെന്നും പദ്ധതി യാഥാർത്ഥ്യമാക്കണമെന്നും എം.എൽ.എ പറഞ്ഞു. ഭംഗി കണ്ട് പുഴയിലേക്ക് ഇറങ്ങുമ്പോൾ മഴവെള്ളം വരുന്നത് വഴി നീന്തി രക്ഷപ്പെടാൻ കഴിയാതെ ഒരുപാട് ജീവനുകൾ ഇവിടെ നഷ്ടമായിട്ടുണ്ട്. അതിൽ ഏറെയും ചെറുപ്പക്കാരാണെന്നും ഡി.ടി.പി.സിയുടെ പദ്ധതി വന്നാൽ നല്ല സുരക്ഷ ക്രമീകരണമുണ്ടാവുമെന്നും എം.എൽ.എ കൂട്ടിച്ചേർത്തു. സഭയിൽ പുതിയ വിനോദ സഞ്ചാര ചർച്ചയിലെ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു ഷംസുദ്ദീൻ എം.എൽ.എ. ഇത് പ്രത്യേകം പരിശോധിച്ച് ഇടപെടാമെന്ന് പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് മറുപടി പറഞ്ഞു.

## പ്രവാസിലീഗ് ജില്ലാ നേതൃസംഗമം നാളെ

മണ്ണാർക്കാട്: പ്രവാസിലീഗ് പാലക്കാട് ജില്ല സൈകതം രണ്ട് നേതൃസംഗമം 13ന് രാവിലെ 10മണിക്ക് ജില്ലാ മുസ്ലിംലീഗ് സൗധത്തിൽ നടക്കും. മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് മരക്കാർ മാരായമംഗലം ഉദ്ഘാടനം ചെയ്യും. പ്രവാസിലീഗ് സംസ്ഥാന പ്രസിഡന്റ് ഹനീഫ മുന്നിയൂർ മുഖ്യപ്രഭാഷണം നടത്തും. മുസ്‌ലിംലീഗ് ജില്ലാ ജനറൽസെക്രട്ടറി അഡ്വ.ടി.എ സിദ്ദീഖ്, പ്രവാസിലീഗ് ദേശീയ കൺവീനർ എം.എസ് അലവി, എം.എം ഹമീദ്, കെ.വി മുസ്തഫ, ഐ.മുഹമ്മദ് മണ്ണാർക്കാട്, കെ.ടി കുഞ്ഞി മുഹമ്മദ്, എം.പി ബക്കർ മാസ്റ്റർ, എം.വീരാൻഹാജി, ചോലയിൽ അബ്ദു, പാലക്കൽ വാപ്പുട്ടിഹാജി, സൈതലവി പൂളക്കാട് സംസാരിക്കും. പ്രവാസിലീഗ് ജില്ലാ പ്രവർത്തകസമിതി അംഗങ്ങൾ, ജില്ലാ കൗൺസിലർമാർ, മണ്ഡലം ഭാരവാഹികൾ എന്നിവർ കൃത്യസമയത്ത് പങ്കെടുക്കണമെന്ന് ജനറൽസെക്രട്ടറി ബഷീർ തെക്കൻ അറിയിച്ചു.

## പോളിപ്രവേശനം: രണ്ടാം അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

പാലക്കാട്: ഗവ.പോളിടെക്നിക്ക് കോളജിലെ 2024-25 അധ്യയനവർഷം പ്രവേശനം ലഭിക്കുന്ന വിദ്യാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും 8000 രൂപയും സഹിതം ജൂലൈ 17 വരെ തിയ്യതികളിൽ രാവിലെ 10നും വൈകീട്ട് മൂന്നിനും മുൻപായി കോളജിലെത്തി പ്രവേശനം നേടണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. അർഹതയുള്ള വിദ്യാർഥികൾക്ക് ഫീസിളവ് അനുവദിക്കും. മെക്കാനിക്കൽ, ഇലക്ട്രോണിക്സ് എന്നീ വിഭാഗങ്ങൾക്ക് ഇന്നും(ജൂലൈ 12), ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ വിഭാഗങ്ങൾക്ക് ജൂലൈ 15നും അഡ്മിഷൻ നടക്കും. ആദ്യ മൂന്നു ദിവസങ്ങളിൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർഥികൾ ജൂലൈ 17ന് മൂന്ന് മണിക്ക് മുൻപായി പ്രവേശനം നേടണം. വിശദവിവരങ്ങൾക്ക് ഹെൽപ് ഡെസ്ക്കുമായി ബന്ധപ്പെടാം. അഡ്മിഷന് പൊള്ളാച്ചി റോഡിലുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ എത്തിച്ചേരണം. ഫോൺ: 9249725241.

**പാലക്കാട് വാർത്തകൾ**



വനം വകുപ്പ് ഉദ്യോഗസ്ഥർ പുള്ളിപ്പുലിയെ പറമ്പിക്കുളം ടൈഗർ റിസർവ്വിലേക്ക് തുറന്നുവിടുന്നു

## പുള്ളിപുലിയെ പറമ്പിക്കുളം ടൈഗർ റിസർവ്വിലേക്ക് തുറന്നുവിട്ടു

പാലക്കാട്: വട്ടലക്കി ഭാഗത്ത് അവശനിലയിൽ കണ്ടെത്തിയ പുള്ളിപുലിയുടെ ആരോഗ്യനില മെച്ചപ്പെട്ടതോടെ മാനദണ്ഡങ്ങൾ പാലിച്ച് പറമ്പിക്കുളം ടൈഗർ റിസർവ്വിലേയ്ക്ക് തുറന്നുവിട്ടു. മണ്ണാർക്കാട് വനം ഡിവിഷൻ അഗളി റേഞ്ചിൽ ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ വട്ടലക്കി ഭാഗത്ത് ജൂൺ പത്തിനാണ് പുലിയെ കണ്ടെത്തിയത്. കഴുത്തിൽ പരിക്കേറ്റ നിലയിൽ കണ്ടെത്തിയ പുലിയെ അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്റിനറി സർജൻ ഡോ.ഡേവിഡ് എബ്രഹാമിന്റെ നേതൃത്വത്തിൽ പരിശോധിച്ചു. തുടർന്ന് മണ്ണുത്തി വെറ്റിനറി സർവ്വകലാശാലയിൽ നിന്നും ഡോക്ടർമാരുടെ വിദഗ്ദ്ധ സംഘമെത്തി പരിശോധിച്ചു. വിദഗ്ദ്ധ ചികിത്സക്കായി ജൂൺ 15ന് ധോണിയിലെ വന്യജീവി ആരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റി. തുടർചികിത്സയുടെ ഫലമായി പുലിയുടെ ആരോഗ്യനില തൃപ്തികരമായതിനാൽ അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്റിനറി സർജൻ ഡോക്ടർ ഡേവിഡ് എബ്രഹാമിന്റെ നിർദ്ദേശപ്രകാരം പുലിയെ കാട്ടിലേക്ക് തുറന്നുവിടുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡന് അപേക്ഷ സമർപ്പിച്ചു. ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് വന്നതിനെതുടർന്ന് ഈസ്റ്റേൺ സർക്കിൾ സി.ഒ.എഫിന്റെ(കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്) നിർദ്ദേശപ്രകാരം വ്യാഴാഴ്ച (ജൂലൈ 11) പുള്ളിപുലിയെ പറമ്പിക്കുളം ടൈഗർ റിസർവ്വിലേക്ക് തുറന്നുവിടുകയായിരുന്നു.

## ഈ മാസം 15 കേസ്; ഒരു മരണം

# എലിപ്പനിക്കെതിരെ ജാഗ്രത വേണം

പാലക്കാട്: കാലവർഷത്തിനൊപ്പം പകർച്ചപ്പനിയും പിടിച്ചുകെട്ടാനാവാതെ വ്യാപിക്കുകയാണ്. കഴിഞ്ഞ 10 ദിവസത്തിനിടെ 10000 പേരാണ് പകർച്ചപ്പനിയുമായി ചികിത്സ തേടിയത്. എലിപ്പനി കേസിൽ ഒരു മരണം റിപ്പോർട്ട് ചെയ്തതോടെ ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനം ഊർജിതമാക്കിയിട്ടുണ്ട്. പത്ത് ദിവസം കൊണ്ട് 277 പേരാണ് ഡെങ്കി ലക്ഷണവുമായി ചികിത്സ തേടിയത്. ഇതിൽ 66 പേർക്ക് ഡെങ്കി സ്ഥിരീകരിക്കുകയും ചെയ്തു. സമീപ വർഷങ്ങളിൽ കേരളത്തിൽ മരണ നിരക്ക് ഏറ്റവും കൂടുതൽ ഉള്ളതിലൊന്ന് എലിപ്പനി മൂലമാണ്. ജില്ലയിൽ ഈ മാസം 15 കേസാണ് റിപ്പോർട്ട് ചെയ്തത്. ഇതിൽ പറളി സ്വദേശി 50 വയസ്സുകാരനാണ് ജൂലൈ ഒന്നിന് മരണപ്പെട്ടത്. ഒമ്പത് കേസുകൾ എലിപ്പനി സ്ഥിരീകരിച്ച കേസുകളാണുള്ളത്. ഇതിന് പുറമെ നാല് എച്ച് വൺ എൻവൺ കേസുകളും രണ്ട് മലമ്പനി കേസും ഒരു മസ്തിഷ്ക ജ്വരം കേസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### പനിയുമായി ചികിത്സ തേടിയത് 10,000 പേർ
### 277 ഡെങ്കി കേസുകൾ; നാല് എച്ച് 1 എൻ 1 കേസുകളും

പാലക്കാട്: ജില്ലയിൽ എലിപ്പനി മരണം പ്രതിരോധിക്കുന്നതിന് മഴക്കാലത്തെ തുടർന്ന് ശുചീകരണകാർഷിക പ്രവൃത്തികൾ നടപ്പാക്കുന്ന സാഹചര്യത്തിൽ എലിപ്പനിക്കെതിരെ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വിദ്യ അറിയിച്ചു.

#### രോഗം വരുന്ന വഴി

എലി, പട്ടി, പൂച്ച, കന്നുകാലികൾ തുടങ്ങിയവയുടെ മൂത്രവും വിസർജ്യങ്ങളും വഴി പകരുന്ന രോഗമാണ് എലിപ്പനി. ഇവയുടെ മൂത്രവും വിസർജ്യവും വഴി മണ്ണിലും വെള്ളത്തിലും എത്തുന്ന രോഗാണുക്കൾ മുറിവുകൾ വഴി ശരീരത്തിൽ എത്തിയാണ് രോഗം ഉണ്ടാവുന്നത്.

#### തൊഴിലിടത്ത് ജാഗ്രത വേണം

വയലിൽ പണിയെടുക്കുന്നവർ, തോട്, കനാൽ, കുളങ്ങൾ, വെള്ളക്കെട്ടുകൾ വൃത്തിയാക്കുന്നവർ തുടങ്ങിയവരിൽ രോഗം കൂടുതലായി കണ്ടുവരുന്നു.

#### ലക്ഷണങ്ങൾ

ക്ഷീണത്തോടെയുള്ള പനിയും തലവേദനയും പേശിവേദനയും ആണ് ലക്ഷണങ്ങൾ. കണ്ണിൽ ചുവപ്പ്, മൂത്രക്കുറവ്, മഞ്ഞപ്പിത്ത ലക്ഷണങ്ങൾ എന്നിവയും കണ്ടേക്കാം.

#### പ്രതിരോധ മാർഗങ്ങൾ

കാർഷിക പ്രവൃത്തികളിലോ ശുചീകരണ പ്രവർത്തനങ്ങളിലോ ഏർപ്പെടുന്നവർ കട്ടിയുള്ള ഗംബൂട്ടുകൾ, കൈയുറകൾ എന്നിവ ധരിക്കുക. കൈകാലുകളിലും മറ്റ് ശരീരഭാഗങ്ങളിലും മുറിവുള്ളവർ മുറിവ് ഉണങ്ങുന്നതുവരെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടരുത്. ജോലി ചെയ്യുന്ന കാലയളവിൽ എലിപ്പനിക്കെതിരെയുള്ള രോഗപ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ ഗുളികകൾ ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശാനുസരണം കഴിക്കുക. കെട്ടിക്കിടക്കുന്ന ജലത്തിൽ കുട്ടികൾ വിനോദത്തിനോ മറ്റ് ആവശ്യങ്ങൾക്കോ ഇറങ്ങുന്നത് കഴിവതും ഒഴിവാക്കുക, പ്രത്യേകിച്ചും മുറിവുള്ളപ്പോൾ. ഭക്ഷണസാധനങ്ങൾ അലക്ഷ്യമായി വലിച്ചെറിഞ്ഞ് എലികളെ ആകർഷിക്കാതിരിക്കുക, എലി നശീകരണത്തിന് കൂട്ടായ നടപടി എടുക്കുക

പട്ടി, പൂച്ച തുടങ്ങിയ ജീവികളുടെയും കന്നുകാലികളുടെയും മലമൂത്രാദികൾ വ്യക്തി സുരക്ഷയോടെ കൈകാര്യം ചെയ്യുക, സംഭരണ ടാങ്കുകളിലെ ജലത്തിൽ എലിക്കാഷ്ഠം, മൂത്രം എന്നിവ വീഴുന്നില്ല എന്ന് ഉറപ്പുവരുത്തുക,

മൃഗപരിപാലന ജോലികൾ ഏർപ്പെടുന്നവരും കട്ടിയുള്ള റബ്ബർ ബൂട്ടുകളും (ഗം ബൂട്ടുകൾ) കൈയുറകളും ഉപയോഗിക്കുക, കന്നുകാലിത്തൊഴുത്തിലെ മൂത്രം ഒലിച്ചിറങ്ങി വെള്ളം മലിനമാകാതെ നോക്കുക, ഇത് പ്രത്യേകം തയ്യാറാക്കിയ കുഴിയിലേക്ക് ഒഴുക്കുക, ആഹാരസാധനങ്ങളും കുടിവെള്ളവും എലികളുടെ വിസർജ്യവസ്തുക്കൾ വീണ് മലിനമാകാതിരിക്കാൻ എപ്പോഴും മൂടിവയ്ക്കുക.

#### സ്വയം ചികിത്സ വേണ്ട

എലിപ്പനിക്ക് മഞ്ഞപ്പിത്ത രോഗലക്ഷണങ്ങൾ കൂടി കാണിക്കും എന്നുള്ളതിനാൽ മഞ്ഞപ്പിത്തം ആണെന്ന് തെറ്റിദ്ധരിച്ച് നാടൻ ചികിത്സകളും മറ്റും ചെയ്യുന്നത് അപകടകരമാണ്. സ്വയം ചികിത്സ ചെയ്യാതെ ഉടൻതന്നെ ഡോക്ടറെ കണ്ട് ചികിത്സ തേടുവാൻ ശ്രദ്ധിക്കേണ്ടതാണ്. പനിയും മറ്റുമായി ചികിത്സ തേടുമ്പോൾ മലിനജലവുമായി സമ്പർക്കമുണ്ടായിട്ടുണ്ടെങ്കിൽ അത് ആരോഗ്യപ്രവർത്തകരെ പ്രത്യേകം അറിയിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

## തത്തമംഗലത്ത് തെരുവുനായ മൂന്ന് പേരെ കടിച്ചു

തത്തമംഗലം: മേട്ടുപ്പാളയത്ത് പേയിളകിയ നായ നിരവധിപേരെ കടിച്ചു പരിക്കേൽപ്പിച്ചു. മീൻ വിൽപ്പനക്കാരൻ കാരികുളം കൃഷ്ണൻ ഉൾപ്പടെ മൂന്നുപേർക്കാണ് ഇന്നലെ പുലർച്ചെ മേട്ടുപ്പാളയത്ത് വെച്ച് കടിയേറ്റത്. വലിപ്പം കുറഞ്ഞ നായയാണ് മുവരെയും അക്രമിച്ചിരിക്കുന്നത്. ഇതിന് ശേഷം തത്തമംഗലം ടൗണിലെത്തിയ നായ യാത്രക്കാരായ മൂന്നുപേരേയും കടിച്ചിട്ടുണ്ട്. പല തെരുവുനായകൾക്കും കുട്ടിനായയുടെ കടിയേറ്റിട്ടുണ്ട് ഇന്നലെ തത്തമംഗലത്ത് തെരുവുനായ പ്രശ്നം നാട്ടുകാരിൽ വലിയതോതിൽ ഒച്ചപ്പാടുകൾക്ക് ഇടവെച്ചു. പ്രത്യേകിച്ച് വിദ്യാർത്ഥികൾ സ്കൂളിൽ പോയി വരുന്നത് ആശങ്കാജനകമായിരിക്കുന്നതായും ബന്ധപ്പെട്ട നഗരസഭാഅധികൃതർ വിഷയത്തിൽ ഇടപെണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. വീടുകളിൽ ആട്, കോഴി ഒന്നും വളർത്താൻ കഴിയാത്തവിധം തെരുവനായ പരാക്രമം കൂടിയിട്ടുണ്ട്. തെരുവുനായ പ്രശ്നത്തിൽ അധികൃതർ അടിയന്തര ഇടപെടൽ വേണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭം നടത്തുമെന്നും ജനം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. തത്തമംഗലം ടൗൺ, കോഴിക്കട, ചെന്താമര നഗർ, മേട്ടുപ്പാളയം, ഹൈസ്ക്കൂൾ റോഡ്, കുറമ്പ്ക്കാവ് യു.പി സ്ക്കൂൾ പരിസരം ഉൾപ്പടെ മിക്കസ്ഥലങ്ങളിലും നായകൂട്ടം ഭീകരത പരത്തുകയാണെന്നും നാട്ടുകാർ ആരോപിക്കുന്നുണ്ട്.

## വിഴിഞ്ഞം; ഉമ്മൻചാണ്ടിക്ക് അഭിവാദ്യ പ്രകടനം ഇന്ന്

പാലക്കാട്: യു.ഡി.എഫ് സർക്കാർ ആരംഭിച്ച വിഴിഞ്ഞം പദ്ധതി യാഥാർഥ്യമാവുകയാണ്. മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി യുടെ പേരിൽ 5000കോടി രൂപയുടെ അഴിമതി ആരോപിക്കുകയും, റിയൽ എസ്റ്റേറ്റ് മാഫിയയാണെന്ന് ആക്ഷേപിക്കുകയും ചെയ്തത് അന്നത്തെ സി.പി.എം സെക്രട്ടറി യായിരുന്ന പിണറായി വിജയനാണ്. വിഴിഞ്ഞം പദ്ധതി ആരംഭം കുറിക്കുന്ന ഇന്ന് വൈകീട്ട് 5മണിക്ക് നിയോജകമണ്ഡലം യു.ഡി.എഫ് കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ ഉമ്മൻചാണ്ടിക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് പ്രകടനം നടത്തുമെന്ന് യു.ഡി.എഫ് ജില്ലാ ചെയർമാൻ മരക്കാർ മാരായമംഗലം, കൺവീനർ പി.ബാലഗോപാൽ എന്നിവർ അറിയിച്ചു.


ശ്രീകൃഷ്ണപുരം സ്കൂളിൽ നടന്ന ഷൂട്ടൗട്ട് മത്സരം ഇൻസ്പെക്ടർ നന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു

## ഷൂട്ടൗട്ട് മത്സരം

ശ്രീകൃഷ്ണപുരം: ഹയർ സെക്കന്ററി സ്കൂളിൽ വച്ച് 13 മുതൽ 15 വരെ നടക്കുന്ന സംസ്ഥാന സുബ്രതോ ഫുട്ബോൾമത്സരത്തെ വരവേൽക്കാൻ സ്കൂളിലെ വിവിധ ക്ലബ്ബുകൾ അണിചേർന്ന് ഷൂട്ടൗട്ട് മത്സരം നടത്തി. ലഹരിക്കെതിരെ ഗോളടിക്കാം, സുബ്രതോയെ വരവേൽക്കാം എന്ന മുദ്രാവാക്യവുമായി വിവിധ സന്നദ്ധ സംഘടനകൾ പങ്കെടുത്ത ഷൂട്ടൗട്ട് പ്രോഗ്രാം ശ്രീകൃഷ്ണപുരം ഇൻസ്പെക്ടർ നന്ദകുമാർ ഉദ്ഘാടനം ചെയ്തു. സ്കൂൾ പി.ടി.എ പ്രസിഡന്റ് എ.മുരളീധരൻ അധ്യക്ഷനായി. ഉപജില്ലാ സ്പോർട്സ് കോഡിനേറ്റർ എം.ബി അനിൽകുമാർ, ഹെൽത്ത് ഇൻസ്പെകറ്റർ പി.ജയകൃഷ്ണൻ, കായികാധ്യാപകൻ പി.ആർ.റോഷൻ, പി.ജി മോഹനകൃഷ്ണൻ,പി.ആർ.സന്തോഷ്,കെ.ബി.സത്യനാരായണൻ,ബി.ബിജു കൃഷ്ണൻ,സിബി മോൾ,കെ.രത്നകുമാരി എന്നിവർ സംസാരിച്ചു. പി.ഷംസുദ്ധീൻ പി സ്വാഗതവും ഇ.ബാലകൃഷ്ണൻ ഇ നന്ദിയും പറഞ്ഞു.

## പുല്ലിശ്ശേരി എൻ.സി.പിയിൽ കൂട്ടരാജി

കാരാകുറുശ്ശി: കാരാകുറുശ്ശി പഞ്ചായത്ത് പുലശ്ശേരിയിൽ എൻ.സി.പിയിൽ നിന്നും കൂട്ട രാജി. എൻ.സി.പി പഞ്ചായത്ത് സെക്രട്ടറി എൻ. ഹമീദിന്റെ നേതൃത്വത്തിൽ പത്തോളം കുടുംബങ്ങൾ എൻ.സി.പിയിൽ നിന്നും രാജിവെച്ചു. പാർട്ടിയുടെ തെറ്റായ നയത്തിലും എൽ.ഡി.എഫ് പഞ്ചായത്ത് ഭരണസമിതിയുടെ ജനദ്രോഹ നടപടിയിലും പ്രതിഷേധിച്ചാണ് പാർട്ടിയിൽ നിന്നും രാജിവെച്ചത്. മുസ്‌ലിംലീഗ് സംഘടനമായി യോജിച്ചു പ്രവർത്തിച്ചു മുന്നോട്ടുപോകാൻ രാജിവെച്ചവർ തീരുമാനിച്ചു. എൻ.സി.പിയിൽ നേതൃത്വം വഹിക്കുന്ന എൻ.സുബൈർ, ഹനീഫ സ്രാമ്പിക്കൽ, എൻ.സിദ്ദീക്ക് എന്നിവരുടെ നേതൃത്വത്തിലാണ് കുടുംബങ്ങൾ രാജിവച്ചത്.

## ഫാർമാ കമ്പനിയിൽ ഒഴിവ്

പാലക്കാട്: സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കേരള നോളജ് ഇക്കോണമി മിഷൻ പദ്ധതിയുടെ ഭാഗമായി തമിഴ്നാട്ടിലെ ഹുസൂരിൽ പ്രവർത്തിക്കുന്ന ഫാർമാ കമ്പനിയായ മൈലാൻ ലബോറട്ടറീസ് (എം.എൻ.സി) എന്ന സ്ഥാപനത്തിലെ വിവിധ ഒഴിവിലേക്കുള്ള അഭിമുഖം ഒറ്റപ്പാലം ലക്കിടി കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ 15 ന് രാവിലെ 9.30ന് നടക്കും. 2022, 2023 വർഷങ്ങളിൽ ഡിപ്ലോമ ഇൻ ഫാർമസി, ബീഫാം കോഴ്സുകൾ പൂർത്തിയാക്കിയവർക്കും മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്, കെമിക്കൽ, മെക്കാട്രോണിക്സ് വിഭാഗങ്ങളിൽ ത്രിവത്സര ഡിപ്ലോമ പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്കും അഭിമുഖത്തിൽ പങ്കെടുക്കാം. ഫോൺ: 89434 30653.

## പാർട്ട് ടൈം ട്യൂട്ടർ നിയമനം

പാലക്കാട്: കൊല്ലങ്കോട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പ്രവർത്തന പരിധിയിൽ വരുന്ന മുതലമട പ്രീമെട്രിക് (ആൺ), സുങ്കം പ്രീമെട്രിക് (ആൺ), അയലൂർ പ്രീമെട്രിക് (പെൺ) എന്നീ ഹോസ്റ്റലുകളിലേക്ക് പാർട്ട് ടൈം ട്യൂട്ടർ ഒഴിവുകളിലേക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, കണക്ക്, സയൻസ്, സോഷ്യൽ എന്നീ വിഷയങ്ങളിൽ ജൂലൈ 18ന് രാവിലെ 11 ന് കൊല്ലങ്കോട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ അഭിമുഖം നടത്തും. ടി.ടി.സി, ബിരുദം ആണ് യോഗ്യത. ബന്ധപ്പെട്ട വിഷയത്തിലുള്ള ബി.എഡ്, ബിരുദാനന്തര ബിരുദം എന്നിവ അധിക യോഗ്യതയായി കണക്കാക്കും. സംശയങ്ങൾക്ക് 04923 291155 ഫോൺ നമ്പറിൽ ബന്ധപ്പെടണമെന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചു.

### പിണറായി സർക്കാർ പൗരാവകാശങ്ങൾ ലംഘിക്കുന്നു

## മുസ്‌ലിം യൂത്ത് ലീഗ് പട്ടാമ്പി താലൂക്ക് ഓഫീസ് മാർച്ച്



പട്ടാമ്പി നിയോജക മണ്ഡലം മുസ്‌ലിം യൂത്ത്‌ലീഗ് താലൂക്ക് ഓഫീസ് മാർച്ച് മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം.എ സമദ് ഉദ്ഘാടനം ചെയ്യുന്നു

പട്ടാമ്പി: മുസ്‌ലിം യൂത്ത് ലീഗ് പട്ടാമ്പി നിയോജക മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച താലൂക്ക് ഓഫീസ് മാർച്ച് മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം.എ സമദ് ഉദ്ഘാടനം ചെയ്തു. പിണറായി സർക്കാർ പൗരാവകാശങ്ങൾ ലംഘിക്കുന്നുവെന്ന് മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം.എ സമദ്. പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം സർക്കാറിനുണ്ട്. ഇടതുഭരണത്തിൽ മാഫിയകൾക്കും ഗുണ്ടകൾക്കുമാണ് പരിഗണന. പിണറായിയെ സി.പി.എമ്മുകാർക്കും ഡിവൈ.എഫ്.ഐകാർക്കും പേടിയുണ്ടാകും. ആ പേടി എല്ലാവർക്കും വേണമെന്നത് മനസ്സിൽ വെച്ചാൽ മതി. ജനവിരുദ്ധതക്കെതിരെ ശക്തമായി പ്രതികരിക്കും സമദ് പറഞ്ഞു.

മാർച്ച് മേലെപട്ടാമ്പി കൽപക ജങ്ഷനിൽ നിന്ന് ആരംഭിച്ചു. താലൂക് ഓഫീസ് പരിസരത്ത് പൊലീസ് തടഞ്ഞു. ഇസ്മായിൽ വിളയൂർ അധ്യക്ഷത വഹിച്ചു. മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി സി.എ സാജിത്, പി.ടി മുഹമ്മദ് മാസ്റ്റർ, ഇ.മുസ്തഫ മാസ്റ്റർ, അഡ്വ.മുഹമ്മദലി മാറ്റാംതടം, കെ.എ റഷീദ്, കെ.എം മുജീബുദ്ധീൻ, പി.എം സൈഫുദ്ധീൻ, കെ.ഹംസ, എ.കെ.എം ഹനീഫ, ടി.പി ഹസൻ, ഷബീർ തോട്ടത്തിൽ, പി.കെ.എം ഷഫീഖ്, ഷഫീഖ് പുഴക്കൽ, ശിഹാബ് കരിമ്പുള്ളി, വി.കെ ജാസിർ, മൻസൂർ പാലത്തിങ്ങൽ, വി.പി ഇഹ്സാൻ പ്രസംഗിച്ചു. സുഹൈൽ തച്ചൊടി, പി.ഉമർ ഫാറൂഖ്, ഷാഫി വരമംഗലം, എസ്.പി റഹീസ്, പി.ടി.എം ഷഫീഖ്, സുഹൈൽ മുളയങ്കാവ്, റിയാസ് പപ്പടപ്പടി, ഹസീബ് മാട്ടായ, റാഷിദ് കാരക്കാട്, ഫാസിൽ നമ്പ്രം, ഫൈസൽ പൂതാനിയിൽ, സി.പി മുസ്തഫ, പി.നസ്റുദ്ധീൻ, കെ.ടി.എ സമദ്, കെ.എം അബ്ദുറഹ്മാൻ, യുസുഫ് കരിമ്പുള്ളി, ഷാഫി യാറം, എസ്.പി റിയാസ്, റിയാസ് നമ്പ്രം, ആസിഫ് എരവത്ര, ടി.ഹനീഫ, സഹീറലി, ഇ.എം അലി, ഷാക്കിർ കൊടലൂർ, ഡാനിഷ് സിയാദ്, സഫറുല്ല നേതൃത്വം നൽകി.

## ഗതാഗതം തടസ്സപ്പെടും

പാലക്കാട്: ചിറ്റൂർപ്പുഴ പദ്ധതിയുടെ മൂലത്തറ ഇടതുകര മെയിൻ കനാലിന്റെ ഭാഗമായ വിളയഞ്ചാത്തനൂർ ബ്രാഞ്ച് കനാലിലെ പൈപ്പ് കൾവർട്ട് മാറ്റി സ്ലാബ് കൾവർട്ട് ആക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിനാൽ മാനാംകുളമ്പ്പോത്തുകാട് റോഡിൽ ഗതാഗതം ഭാഗികമായി തടസ്സപ്പെടുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

പാലക്കാട്: മരുതറോഡ് ബി.പി.എൽ കൂട്ടുപാതയ്ക്ക് സമീപമുള്ള പാലക്കാട് ഗവ ടെക്നിക്കൽ ഹൈസ്കൂളിൽ ട്രേഡ് ഇൻസ്ട്രക്ടർ ഇൻ റഫ്രിജറേഷൻ ആൻഡ് എയർ കണ്ടീഷണിങ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽകാലിക നിയമനം നടത്തും. ബന്ധപ്പെട്ട വിഷയത്തിൽ ടി.എച്ച്.എസ്.എൽ. സി/ഐ.ടി.ഐ/തത്തുല്യം ആണ് യോഗ്യത. ഉദ്യോഗാർത്ഥികൾ തിരിച്ചറിയൽ രേഖയും അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം ജൂലൈ 15ന് രാവിലെ 11ന് പാലക്കാട് ഗവ ടെക്നിക്കൽ ഹൈസ്കൂളിൽ നടക്കുന്ന അഭിമുഖത്തിന് എത്തണമെന്ന് സൂപ്രണ്ട് അറിയിച്ചു. ഫോൺ: 9447522338, 0491 2572038.

## കുമരനല്ലൂർ എഫ്.എച്ച്.സി യു.ഡി.എഫ് മാർച്ച് 22 ന്

കുമരനല്ലൂർ: കുമരനല്ലൂർ സർക്കാർ കുടുംബ ആരോഗ്യേ കേന്ദ്രത്തിത്തിന്റെ കെട്ടിട തകർച്ചക്ക് പരിഹാരം തേടി 22 ന് മാർച്ച് നടത്താൻ കപ്പൂർ പഞ്ചായത്ത് യു.ഡി.എഫ് കൺവൻഷൻ തീരുമാനിച്ചു. മേൽകൂര ദ്രവിച്ച് ചോർച്ച മൂലം കെട്ടിടം അപകടാവസ്ഥയിലാണ്. ജീവനക്കാർക്ക് സുരക്ഷിത്വം ഇല്ലാതായ സാഹചര്യത്തിൽ ആണ് മാർച്ച്. കൺവൻഷൻ കെ.പി.സി.സി നിർവ്വാഹക സമിതി അംഗം സിവി ബാലചന്ദ്രൻ ഉദ്ഘഘാടനം ചെയ്തു. നാസർ കപ്പൂർ അധ്യക്ഷത വഹിച്ചു. സി എം അലി, സുബൈർ കൊഴിക്കര,റഷീദ് കൊഴിക്കര, പി. ഇബ്രാഹീം കുട്ടി,പത്തിൽ മൊയ്തുണ്ണി, സി.എം. അബ്ദുൽ ഖാദർ, സി.കെ. കുഞ്ഞഹമ്മദ്, കെ.വി.ആമിന കുട്ടി, ഹസൈനാർകണിക്കരത് വി.പി. ഫാതിമ . ഷനോജ് കണ്ടലായിൽ ,കെ.കെ. കാതർ ഹാജി, എം.എം മജീദ്, അഡ്വ.സുബ്രമണ്യൻ, പി.എം സുധീർ, എ.അബൂബക്കർ, എ.എം മൊയുണ്ണി കുട്ടി പ്രസംഗിച്ചു.

## റോഡുകളുടെ തകർച്ച; പ്രതിഷേധം

തൃത്താല: നിയോജകമണ്ഡലത്തിലെ റോഡുകളുടെ തകർച്ച അതിരൂക്ഷമാണെന്നും മന്ത്രിയുടെ ഇടപെടലുകൾ ഉണ്ടാകണമെന്നും മുൻ എംഎൽഎ വി.ടി ബൽറാം ആവശ്യപ്പെട്ടു. റോഡ് തകർച്ച, വെള്ളക്കെട്ട്, യാത്രാദുരിതം എന്നിവക്കെതിരെ തൃത്താല ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പി.ഡബ്ല്യൂ.ഡി ഓഫീസിന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കെ.വിനോദ് അദ്ധ്യക്ഷത വഹിച്ചു. സിടി സൈതലവി, പി.വി മുഹമ്മദ്അലി, പി.ബാലൻ, വി.അബ്ദുള്ളകുട്ടി, പി.റഷീദ പ്രസംഗിച്ചു.

## യുവാവിനെ വെട്ടിപരിക്കേൽപ്പിച്ച കേസിൽ പ്രതിക്ക് കഠിനതടവും പിഴയും


മൊയ്തീൻ

മണ്ണാർക്കാട്: കുട്ടികൾക്ക് കഞ്ചാവ് വിൽക്കുന്നത് ചോദ്യം ചെയ്ത യുവാവിനെ വെട്ടിപരിക്കേൽപ്പിച്ച കേസിൽ പ്രതിക്ക് 10 വർഷം കഠിനതടവും 95,000 രൂപ പിഴയും ശിക്ഷ വിധിച്ചു. കൊല്ലങ്കോട് ചീക്കണാംപാറ തെക്കേപാവടി മൊയ്തീൻ (28)നെയാണ് മണ്ണാർക്കാട് പട്ടികജാതി പട്ടികവർഗ പ്രത്യേക കോടതി ജഡ്ജി ജോമോൻ ജോൺ ശിക്ഷിച്ചത്. ഗോവിന്ദാപുരം ചെമ്മണാംപതി വടക്കേഗ്രാമത്തിൽ പാർഥിപനെ (26) വെട്ടിപ്പരിക്കേൽപ്പിച്ച കേസിലാണ് വിധി. ഇന്ത്യൻ ശിക്ഷാനിയമം 307 വകുപ്പ് പ്രകാരം 10 വർഷം കഠിനതടവും 70,000 രൂപ പിഴയും പിഴയടച്ചില്ലെങ്കിൽ ഒരു വർഷം അധിക തടവും അനുഭവിക്കണം. 324 വകുപ്പ് പ്രകാരം മൂന്ന് വർഷം കഠിന തടവും 25000 രൂപ പിഴയും 341 വകുപ്പ് പ്രകാരം ഒരു മാസം തടവുമാണ് വിധിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതി. 2020ലാണ് കേസിനാസ്പദമായ സംഭവം നടന്നത്. മൊയ്തീൻ കുട്ടികൾക്ക് കഞ്ചാവ് വിൽക്കുന്നത് പാർഥിപൻ ചോദ്യം ചെയ്തതിന്റെ വിരോധത്തിലാണ് ആക്രമിച്ചത്. ബൈക്കിൽ പോവുകയായിരുന്ന പാർഥിപനെ വീടിനു സമീപം തടഞ്ഞുനിർത്തി വാളുകൊണ്ട് വെട്ടിപരിക്കേൽപ്പിക്കുകയായിരുന്നു എന്നാണ് കേസ്. യുവാവിന്റെ ശരീരത്തിൽ 12 മുറിവുകളുണ്ടായിരുന്നു. പ്രതി നിരവധി കേസുകളിലും പ്രതിയാണ്. കൊല്ലങ്കോട് പൊലീസ് രജിസ്റ്റർ ചെയ്ത കേസ് അന്നത്തെ ആലത്തൂർ ഡി.വൈ.എസ്.പി. കെ.എം ദേവസ്യയാണ് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്. സാമൂഹ്യപ്രതിബദ്ധത വെച്ച് ലഹരിവിൽപന ചോദ്യം ചെയ്ത വ്യക്തിയെ പരിക്കേൽപ്പിച്ച സംഭവത്തിൽ പ്രതി ശിക്ഷയിൽ യാതൊരു ദാക്ഷിണ്യവും അർഹിക്കുന്നില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. പിഴത്തുകയിൽ നിന്ന് 50,000 രൂപ ഇരക്ക് നൽകാനും കോടതി ഉത്തരവിട്ടു. കേസിൽ 14 സാക്ഷികളെ വിസ്തരിച്ചു. പ്രോസിക്യൂഷനുവേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. പി.ജയൻ ഹാജരായി.

## ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ ഗുരുവായൂരിൽ

ഗുരുവായൂർ: ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൻ രേഖാ ശർമ്മ ഗുരുവായൂർ ക്ഷേത്ര ദർശനം നടത്തി. ഇന്നലെ വൈകിട്ട് അഞ്ചു മണിയോടെയായിരുന്നു ക്ഷേത്രദർശനം. കൊടിമര ചുവട്ടിലെത്തി ദർശനം നടത്തിയ രേഖാ ശർമ്മ തുടർന്ന് നാലമ്പലത്തിൽ കടന്ന് സോപാനത്തിന് മുന്നിലെത്തി ശ്രീഗുരുവായൂരപ്പനെ കൺനിറയെ കണ്ടു. തൊഴുതു.പ്രാർത്ഥിച്ചു. കാണിക്കയർപ്പിച്ചു. തുടർന്ന് ഇടത്തരികത്ത് ഭഗവതി ക്ഷേത്രത്തിലെത്തി. ദർശനം പൂർത്തിയാക്കിയ വനിതാ കമ്മീഷൻ അധ്യക്ഷ രേഖാ ശർമ്മയ്ക്ക് ശ്രീഗുരുവായൂരപ്പന്റെ കളഭവും തിരുമുടി മാലയും പഴം പഞ്ചസാരയുമടങ്ങുന്ന പ്രസാദങ്ങൾ നൽകി. ക്ഷേത്രം അസി.മാനേജർ കെ.പ്രദീപ്കുമാർ, ദേവസ്വം ജീവനക്കാർ എന്നിവർ സന്നിഹിതരായി

## വീട്ടമ്മയായ യുവതിയെ അപമാനിക്കാൻ ശ്രമിച്ച കേസിൽ യുവാവ് അറസ്റ്റിൽ

മാള: വീട്ടമ്മയായ യുവതിയെ അപമാനിക്കാൻ ശ്രമിച്ച കേസ്സിൽ യുവാവ് അറസ്റ്റിലായി. അണ്ണല്ലൂർ സ്വദേശി കുറ്റിക്കാട്ട് വീട്ടിൽ പ്രവീണിനെയാണ് (40) ഇരിങ്ങാലക്കുട ഡി.വൈ.എസ്.പി. എം.സി. കുഞ്ഞിമോയിൻകുട്ടി അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ജൂൺ 19നാണ് കേസ്സിനാസ്പദമായ സംഭവം. ഗ്യാസ് സിലിണ്ടർ പിടിക്കാൻ സഹായത്തിനായി വിളിച്ച ശേഷം കയറിപ്പിടിക്കാൻ ശ്രമിച്ചതോടെ യുവതി ബഹളം വച്ച് ഓടി രക്ഷപ്പെടുകയായിരുന്നു.തുടർന്ന് പോലീസിൽ പരാതിയും നൽകി. സംഭവശേഷം സ്ഥലം വിട്ട ഇയാൾ പട്ടികജാതി പീഡന നിയമപ്രകാശം പോലീസ് കേസെടുത്തതോടെ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് മുങ്ങി. തുടർന്ന് ഇരിങ്ങാലക്കുട ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഇയാളെ അന്വേഷിച്ചു വരികയായിരുന്നു. പടിഞ്ഞാറേ ചാലക്കുടിയിൽ ആളൊഴിഞ്ഞ വീട്ടിൽ ഒളിച്ച് താമസിക്കുന്നിനിടെ കഴിഞ്ഞ ദിവസം ഉച്ചയോടെയാണ് പോലീസ് സംഘമെത്തി പിടികൂടിയത്. വിശദമായ അന്വേഷണത്തിൽ ലഭിച്ച സൂചനകളെത്തുടർന്നാണ് പൊലീസ് ഇവിടെ പരിശോധന നടത്തിയത്.



# കരുവന്നൂർ പുഴയിൽ വീണ്ടും ആത്മഹത്യ ശ്രമം

കരുവന്നൂർ: കരുവന്നൂർ പുഴയിൽ വീണ്ടും ആത്മഹത്യ ശ്രമം. കഴിഞ്ഞദിവസം രാത്രി 10 മണിയോടെയാണ് സംഭവം.

ഇരിങ്ങാക്കുട കൊരുമ്പിശ്ശേരി സ്വദേശി വലിയ വീട്ടിൽ വേണു മകൻ ഹരികൃഷ്ണൻ (20) എന്ന യുവാവാണ് ആത്മഹത്യ ശ്രമം നടത്തിയത്. സുഹൃത്തുക്കൾക്ക് ഫോണിൽ സന്ദേശം നൽകിയാണ് ഇയാൾ കരുവന്നൂർ വലിയ പാലത്തിന് മുകളിൽ നിന്നും പുഴയിലേയ്ക്ക് ചാടിയത്. കനത്ത മഴയിൽ കരുവന്നൂർ പുഴ നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്നതിനാൽ നല്ല അടിയൊഴുക്കും പുഴയിൽ ഉണ്ട്. ഇരിങ്ങാലക്കുട പൊലിസും ഫയർ ഫോഴ്സും സ്ഥലത്തെത്തി രാത്രി ഏറെ വൈകിയും തിരച്ചിൽ നടത്തിയെങ്കില്ലും കണ്ടെത്താനാകാത്തതിനെ തുടർന്ന് തിരച്ചിൽ നിർത്തിയിരുന്നു . കരുവന്നൂർ പുഴയിൽ ചാടിയ യുവാവിനായി തിരച്ചിൽ ഇന്നലെയും തുടർന്നു. ഇരിങ്ങാലക്കുട പുതുക്കാട് തൃശൂർ എന്നിവിടങ്ങളിൽ നിന്നുള്ള സ്കൂബാടീം അടക്കം എത്തിയാണ് ഇന്നലെ രാവിലെ പത്ത് മണിയോടെ പുഴയിൽ തിരച്ചിൽ തുടരുന്നത്. വലിയ പാലത്തിൽ സുരക്ഷാ സംവിധാനം ഒരുക്കുമെന്ന മന്ത്രിയുടെ വാഗ്ദാനം പാലിക്കാത്തതിനെതിരെ കോൺഗ്രസ് നേതൃത്വം രംഗത്തെത്തി. വരും ദിവസങ്ങളിൽ പ്രദേശത്ത് ശക്തമായ സമരപരിപാടികൾ സംഘടിപ്പിക്കുമെന്ന് കോൺഗ്രസ് നേതാക്കളായ ആന്റോ പെരുമ്പള്ളി, പി കെ ഭാസി, അബ്ദുള്ളക്കുട്ടി എന്നിവർ അറിയിച്ചു.ഇതിനിടയിൽ പുഴയിൽ ചാടിയ യുവാവിന്റെ സുഹൃത്ത് ലഹരിയിൽ രക്ഷാപ്രവർത്തനത്തിനായി പുഴയിലേയ്ക്ക് ചാടി. ഇയാളെ പിന്നീട് നാട്ടുകാർ അനുനയിപ്പിച്ച് കരയ്ക്ക് കയറ്റുകയായിരുന്നു.കരുവന്നൂർ വലിയ പാലത്തിൽ നിന്ന് ചാടി ആത്മഹത്യ ശ്രമം ചുരുങ്ങിയ കാലത്തിനുള്ളിൽ എട്ടോളം പേരാണ് നടത്തിയത്. പാലത്തിൽ ഫെൻസിങ് നടത്തുമെന്ന് അധികൃതർ പ്രഖ്യാപനം നടത്തിയെങ്കിലും ഇത് വരെ പ്രായോഗ്യത്തിലായിട്ടില്ല. ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് ചിലവഴിച്ച് പാലത്തിൽ ഫെൻസിംങ്ങ് സ്ഥാപിയ്ക്കുമെന്ന് മന്ത്രി ആർ ബിന്ദു പ്രഖ്യാപനം നടത്തിയിട്ട് നാല് മാസത്തോളം പിന്നിട്ടെങ്കിലും ഇത് വരെ നടപ്പിലാക്കിയിട്ടില്ല. കമ്പിവേലി സ്ഥാപിയ്ക്കുന്നത് നീളുകയാണെങ്കിൽ പകരം താൽക്കാലിക സംവിധാനം ഒരുക്കണമെന്ന നാട്ടുക്കാരുടെ ആവശ്യവും പരിഗണിച്ചിട്ടില്ല.



കരുവന്നൂർ പുഴയിൽ കാണാതായ യുവാവിനായി തൃശൂരിൽ നിന്നെത്തിയ സ്കൂബാ ടീം തിരച്ചിൽ തുടരുന്നു



കരുവന്നൂർ പുഴയിൽ കാണാതായ യുവാവിനായുള്ള തിരച്ചിൽ പാലത്തിൽ നിന്നും വീക്ഷിക്കുന്ന ജനങ്ങൾ

## കരുവന്നൂർ പാലത്തിൽ വയർ ഫെൻസിംഗ് രണ്ടാഴ്ചയ്ക്കകം: മന്ത്രി ആർ. ബിന്ദു

ഇരിങ്ങാലക്കുട: കരുവന്നൂർ പാലത്തിന്റെ അരികുവശങ്ങളിൽ വയർ ഫെൻസിംഗ് പ്രവൃത്തികൾ രണ്ടാഴ്ചക്കുള്ളിൽ പൂർത്തിയാക്കുമെന്ന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രിയും ഇരിങ്ങാലക്കുട എംഎൽഎയുമായ ഡോ. ആർ ബിന്ദു പറഞ്ഞു. പാലത്തിൽ നിന്നും പുഴയിലേക്ക് ചാടിയുള്ള ആത്മഹത്യകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ കെ.എസ്.ടി.പി ഉദ്യോഗസ്ഥർക്ക് നല്കിയെന്നും മന്ത്രി അറിയിച്ചു.

കരുവന്നൂർ പാലത്തിനെ ആത്മഹത്യാമുനമ്പാക്കാൻ അനുവദിക്കില്ലെന്ന് മന്ത്രി പറഞ്ഞു. പാലത്തിന്റെ അരികുവശങ്ങളിൽ വയർ ഫെൻസിംഗ് സ്ഥാപിച്ച് സുരക്ഷ ഉറപ്പാക്കാനുള്ള നടപടികളാണ് എത്രയും വേഗം പൂർത്തിയാക്കാൻ നടപടികൾ എടുത്തിട്ടുള്ളത്. ആത്മഹത്യകൾ കൂടിവരുന്നതിൽ പ്രദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് വളരെ ഗൗരവത്തോടെ കാണുകയാണ്. അവ പ്രത്യേകം പരിഗണിച്ചാണ് അടിയന്തിരമായി നടപടി സ്വീകരിക്കുന്നത് - മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു.

## പാർട്ട് ടൈം സ്വീപ്പർ; അഭിമുഖം മാറ്റി

തൃശൂർ: വനം- വന്യജീവി വകുപ്പിൽ ജില്ലയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് ജൂലൈ 17ന് തൃശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നടത്താനിരുന്ന അഭിമുഖം ഓഗസ്റ്റ് 12ലേക്ക് മാറ്റിയതായി ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു.



എസ്.കെ.എസ്.എസ്.എഫ് അബുദാബി തൃശ്ശൂർ ജില്ലാ കമ്മിറ്റി വടക്കാഞ്ചേരി കുമരനെല്ലുരിൽ നിർമ്മിച്ചു നൽകുന്ന ദാറു റഹ് മ ഭവനത്തിന്റെ തറക്കല്ലിടൽ കർമ്മം സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് ഹമീദലി ഷിഹാബ് തങ്ങൾ നിർവഹിക്കുന്നു.

## ദാറു റഹ്മ ഭവനത്തിന് തറക്കല്ലിട്ടു

വടക്കാഞ്ചേരി: പ്രവാസ ലോകത്ത് സാമൂഹിക സംസ്കരികാരിക മതപ്രബോധന രംഗത്തും സുന്നി സെന്ററിന്റെയും ഇസ്ലാമിക് സെന്ററിന്റെയും പ്രവർത്തനത്തിലും നിസ്തുലമായ സംഭാവനകൾ നൽകിയ തിരുവത്ര അബ്ദുൽ കരീം ഹാജിയുടെയും, പുന്നയൂർ ഉസ്മാൻ ഹാജിയുടെയും ഓർമ്മക്കായി എസ്.കെ.എസ്.എസ്.എഫ് അബുദാബി തൃശ്ശൂർ ജില്ലാ കമ്മിറ്റി വടക്കാഞ്ചേരി മേഖലയിലെ കാഞ്ഞിരക്കോട് മഹല്ല് നിവാസിയായ സൈനബക്ക് നിർമ്മിച്ചു നൽകുന്ന ദാറു റഹ്മ ഭവനത്തിന്റെ തറക്കല്ലിടൽ എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ നിർവഹിച്ചു.

ചടങ്ങിൽ ഭവന നിർമ്മാണ കമ്മിറ്റി ചെയർമാൻ സത്താർ ഒലീവ് അദ്ധ്യക്ഷനായി. സമസ്ത ജില്ലാ ജോയിന്റ് സെക്രട്ടറിയും, താലൂക് പ്രസിഡന്റുമായ പി.വൈ.ഇബ്രാഹീം അൻവരി വിശിഷ്ട അതിഥിയായി പങ്കെടുത്തു. സമസ്ത കേരള മദ്രസ മാനേജ്മെൻറ് അസോസിയേഷൻ ജില്ലാ സെക്രട്ടറി ഷഹീർ ദേശമംഗലം ആമുഖ പ്രഭാഷണം നടത്തി. വടക്കാഞ്ചേരി നഗരസഭാ കൗൺസിലർ അജി, എസ്.കെ.എസ്.എസ്.എഫ് ജില്ലാ ജനറൽ സെക്രട്ടറി മുനവ്വർ ഫൈറുസ് ഹുദവി, വർക്കിംഗ് സെക്രട്ടറി കെ.എം.ഹുസൈൻ സദ്ദു ദേശമംഗലം, സെക്രട്ടറിയേറ്റ് അംഗം ഹബീബ് വാഫി വരവൂർ, മേഖല പ്രസിഡന്റ് ഷെമിർ വളവ്, ട്രഷറർ ഇസ്മാഈൽ അറ്റൂർ, എസ്.കെ.ജെ.എം ഓട്ടുപ്പാറ റെയ്ഞ്ച് പ്രസിഡന്റ് ഹംസ അൻവരി ചേലക്കര, റെയ്ഞ്ച് സെക്രട്ടറി കമറുദ്ധീൻ മുസ്ലിയാർ, കുമരപ്പനാൽ ഒന്നാംകല്ല് മഹല്ല് ഖത്തീബ് അജ്മൽ ഫൈസി, എസ്.എം.ഫ് റെയ്ഞ്ച് സെക്രട്ടറി കോയ ഹസ്സൻ, എസ്.കെ.എം.എം.എ ജില്ലാ കൗൺസിലർ ജമാലുദ്ധീൻ ഹാജി,എസ്.കെ.എസ്.എസ്.എഫ് അബുദാബി തൃശ്ശൂർ ജില്ലാ കമ്മിറ്റി പ്രതിനിധികളായ നിയാസ് ചിറയൻകാട്, ഹൈദരലി അക്കിക്കാവ്, ജലാൽ കടപ്പുറം, അബ്ദുൽ ജലീൽ എടക്കഴിയൂർ, അഷറഫ് കുമരനെല്ലൂർ, ഷഫീർ കുമരനെല്ലൂർ, മുഹമ്മദ് കുട്ടി കുമരനെല്ലൂർ, ജമാൽ ഹാജി, അജ്മൽ ഫൈസി ഉദുവദി, ഹസൻ കുമരനെല്ലൂർ, സുലൈമാൻ തുടങ്ങിയവർ സംസാരിച്ചു. നിർമ്മാണ കമ്മിറ്റി കൺവീനർ സിദ്ധീഖ് ഫൈസി മങ്കര നന്ദി പറഞ്ഞു.

## പ്രവീൺകുമാർ ഫോട്ടോ പ്രദർശനം ഇന്നുമുതൽ

തൃശൂർ: മീഡിയ അക്കാദമി തൃശൂർ പ്രസ്ക്ലബുമായി സഹകരിച്ച് നടത്തുന്ന കെ എസ് പ്രവീൺകുമാർ പകർത്തിയ ചിത്രങ്ങളുടെ പ്രദർശനം വെള്ളിയാഴ്ച മുതൽ സാഹിത്യ അക്കാദമിയിൽ നടക്കും.

അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ ദേശാഭിമാനി ഫോട്ടോഗ്രാഫറായിരുന്ന കെ.എസ് പ്രവീൺകുമാർ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്തപ്പോൾ പകർത്തിയ മനോഹര ചിത്രങ്ങളും വാർത്താമൂല്യങ്ങളുള്ള ചിത്രങ്ങളുമാണ് പ്രദർശനത്തിനുണ്ടാകുക. കൂടാതെ പ്രവീൺകുമാറിന്റെ സ്മരണാർഥം തൃശൂർ പ്രസ് ക്ലബ് ഏർപ്പെടുത്തിയ പ്രഥമ ഫോട്ടോഗ്രഫി അവാർഡ് ദാനവും ചടങ്ങിൽ നടക്കും. ന്യൂ ഇന്ത്യൻ എക്സ്പ്രസിലെ എ സനേഷിന്റെ 'സീക്കിങ് സോലേസ് ഇൻ സോളിറ്റ്യൂഡ്' എന്ന ചിത്രത്തിനാണ് പുരസ്കാരം. അവാർഡ് ദാനം രാവിലെ 10.30ന് മന്ത്രി ആർ ബിന്ദുവും ഫോട്ടോ പ്രദർശനം സംവിധായകൻ പ്രിയനന്ദനനും ഉദ്ഘാടനം ചെയ്യും. കെ രാധാകൃഷ്ണൻ എംപി, പി ബാലചന്ദ്രൻ എംഎൽഎ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ്, മീഡിയ അക്കാദമി വൈസ് ചെയർമാൻ ഇ എസ് സുഭാഷ്, മീഡിയ അക്കാദമി സെക്രട്ടറി അനിൽ ഭാസ്ക്കർ എന്നിവർ പങ്കെടുക്കും.

## റിസോഴ്സ് ടീച്ചർ നിയമനം

തൃശൂർ: സർക്കാർ പ്രൈമറി സ്ക്കൂൾ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് സംവേദനാത്മക കഴിവ് മെച്ചപ്പെടുത്തുന്നതിനായി റിസോഴ്സ് ടീച്ചർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. ജില്ലയിലെ ഓരോ ഉപജില്ലയിലെയും ഒരു സർക്കാർ യു.പി. സ്ക്കൂളിലെ അഞ്ച്, ആറ് ക്ലാസ്സുകളിലാണ് നിയമനം നടത്തുക. അടിസ്ഥാന യോഗ്യത. ബി.എ. ഇംഗ്ലീഷ് (കമ്മ്യൂണികേറ്റീവ്/ ഫംങ്ഷണൽ/ ലിറ്ററേച്ചർ) ടി.ടി.സി./ ഡി.എഡ്/ ഡി.എൽ.എഡ്/ ബി.എഡ് ഇൻ ഇംഗ്ലീഷ്. താൽപര്യമുള്ളവർ ജൂലൈ 19 ന് രാവലെ 11 ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ: 0487 2360810.

## പ്രിസം അപേക്ഷ ക്ഷണിച്ചു

തൃശൂർ: ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പിന്റെ പ്രിസം പദ്ധതിയിൽ സബ് എഡിറ്റർ, കണ്ടന്റ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലുകളിൽ അപേക്ഷ ക്ഷണിച്ചു. careers.cdit.org പോർട്ടൽ മുഖേന ജൂലൈ 20 നകം അപേക്ഷ നൽകണം. പോർട്ടലിൽ കയറി രജിസ്റ്റർ ചെയ്ത് സൈൻ ഇൻ ചെയ്തു വേണം അപേക്ഷ സമർപ്പിക്കാൻ. വിവരങ്ങളെല്ലാം നൽകിയ ശേഷം നോട്ടിഫിക്കേഷനിലെ ചെക്ക് എലിജിബിലിറ്റി ക്ലിക് ചെയ്ത് അപ്ലൈ ചെയ്യുമ്പോൾ മാത്രമേ അപേക്ഷാ സമർപ്പണം പൂർത്തിയാകൂ. ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാല ബിരുദവും ജേണലിസം/ മാസ് കമ്മ്യൂണിക്കേഷൻ/ പബ്ളിക് റിലേഷൻസ് ഡിപ്ളോമയും അല്ലെങ്കിൽ ജേണലിസം/ മാസ് കമ്മ്യൂണിക്കേഷൻ/ പബ്ളിക് റിലേഷൻസ് ബിരുദവുമാണ് സബ് എഡിറ്ററുടെയും ഇൻഫർമേഷൻ അസിസ്റ്റന്റിന്റേയും യോഗ്യത. ജേണലിസം ബിരുദാനന്തര ബിരുദമുള്ളവർക്കും അപേക്ഷിക്കാം. സബ് എഡിറ്റർ പാനലിൽ അപേക്ഷിക്കുന്നവർക്ക് ഏതെങ്കിലും മാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി.ആർ, വാർത്താ വിഭാഗങ്ങളിലോ ഒരു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാവണം. ഇൻഫർമേഷൻ അസിസ്റ്റന്റിന് പ്രവൃത്തി പരിചയം നിർബന്ധമല്ല. പ്ളസ്ടുവും വീഡിയോ എഡിറ്റിങ്ങിൽ ഡിഗ്രി, ഡിപ്ളോമ, സർട്ടിഫിക്കറ്റ് കോഴ്സും പാസായവർക്ക് കണ്ടന്റ് എഡിറ്റർ പാനലിൽ അപക്ഷിക്കാം. പ്രായപരിധി 35 വയസ്സ് . ഒരാൾക്ക് ഒരു പാനലിലേക്ക് മാത്രമാണ് അപേക്ഷിക്കാൻ കഴിയുക. വിശദവിവരങ്ങൾക്ക്: 0471–2518637 എന്ന നമ്പറിൽ ബന്ധപ്പെടുക. വിശദമായ നോട്ടിഫിക്കേഷൻ www.prd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.



പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന് മുന്നിൽ ഒപ്പ് മതിൽ ഉദ്ഘാടനം ചെയ്ത് മന്ദലാംകുന്ന് മുഹമ്മദുണ്ണി സംസാരിക്കുന്നു

## പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന് മുന്നിൽ ഒപ്പ് മതിൽ

അണ്ടത്തോട്: തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട് തടഞ്ഞുവെച്ച സർക്കാരിന്റെ നടപടി ഭരണഘടന വിരുദ്ധമെന്ന് ലോക്കൽ ഗവണ്മെന്റ് മെംബേഴ്സ് ലീഗ് തൃശൂർ ജില്ലാ സെകട്ടറി മന്ദലംകുന്നു മുഹമ്മദുണ്ണി അഭിപ്രായപ്പെട്ടു ജൂലൈ 20 ന് സംസ്ഥാന വ്യാപകമായി നടക്കുന്ന കലക്രേറ്റ് ധർണ്ണക്ക് മുന്നോടിയായി ജൂലൈ 10 നു പഞ്ചായത്തുകൾക്ക് മുന്നിൽ നടത്തുന്ന ഒപ്പ് മതിൽ പുന്നയൂർക്കുളം പഞ്ചായത്താഫീസിനു മുന്നിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിന്നു

മെയിന്റനൻസ ഫണ്ട് ജനറൽ പർഫസ് ഫണ്ട് പ്ലാൻ ഫണ്ട് പോലും തടഞ്ഞു വെച്ചിരിക്കുകയാണ്. ഇത് വികസന പ്രവർത്തനങ്ങളെ ഗൗരവമായി ബാധിക്കുമെന്നും, അടിയന്തിരമായും പണം അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പഞ്ചായത്ത് മെമ്പർ കെ.എച്ച്.ആബിദ് അദ്ധ്യക്ഷത വഹിച്ചു. എ കെ മൊയ്തുണ്ണി, ടി. ഇല്യാസ് അശറഫ് ചോലയിൽ നിച്ചു കോൺഗ്രസ് നേതാവ് അശ്കർ എന്നിവർ സംസാരിച്ചു. പഞ്ചയത്ത് മെമ്പർ സജിത സ്വാഗതവും പി.എസ്. ഷരീഫ് നന്ദിയും പറഞ്ഞു.




ചാവക്കാട് നഗരസഭക്കെതിരെ പരപ്പിൽ താഴം ട്രഞ്ചിംഗ് ഗ്രൗണ്ടിന് മുന്നിൽ കോൺഗ്രസ് മണത്തല മേഖല കമ്മിറ്റി നടത്തിയ ധർണ്ണ കെപിസിസി സെക്രട്ടറി സി സി ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു

## പരപ്പിൽത്താഴം മാലിന്യ കുളമാക്കി; ചാവക്കാട് നഗരസഭക്കെതിരെ കോൺഗ്രസ് ധർണ്ണ

ചാവക്കാട്: നഗരസഭ അധികൃതരുടെ അനാസ്ഥ കാരണം നഗരസഭ വാർഡ് 27ൽ സ്ഥിതി ചെയ്യുന്ന പരപ്പിൽത്താഴം ഖര മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ പുറത്ത് നിക്ഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ കാരണം പരിസരവാസികളായ വൃദ്ധരും സ്ത്രീകളും കുട്ടികളും അടങ്ങുന്ന ഒരു വിഭാഗത്തിനെ രോഗശയ്യയിലേക്ക് തള്ളിവിടുന്ന ചാവക്കാട് നഗരസഭക്കെതിരെ പരപ്പിൽ താഴം ട്രഞ്ചിംഗ് ഗ്രൗണ്ട് മുന്നിൽ കോൺഗ്രസ് മണത്തല മേഖല കമ്മിറ്റി ധർണ്ണ നടത്തി.

ചാവക്കാട് നഗരസഭയുടെ അനീതിക്കെതിരെ ദേശീയ ഹരിത ട്രിബ്യൂണലിൽ കേസ് കൊടുക്കുമെന്ന് ധർണ്ണ ഉദ്ഘാടനം ചെയ്ത കെപിസിസി സെക്രട്ടറി സി സി ശ്രീകുമാർ പറഞ്ഞു. ഗുരുവായൂർ ബ്ലോക്ക് കോൺഗ്രസ് ജനറൽ സെക്രട്ടറി അഡ്വ തേർളി അശോകൻ അധ്യക്ഷനായി. ഗുരുവായൂർ ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് അരവിന്ദൻ പല്ലത്ത്, നഗരസഭാ പ്രതിപക്ഷ നേതാവ് കെ.വി സത്താർ, കൗൺസിലർമാരായ ഫൈസൽ കാണാംപുള്ളി , കബീർ , അസ്മത് അലി, ഷാഹിത പേല, സുപ്രിമ രാമചന്ദ്രൻ, ബേബി ഫ്രാൻസിസ്, മഹിളാ കോൺഗ്രസ് നേതാക്കൾ രേണുക ടീച്ചർ, കാർത്യായനി ടീച്ചർ, ബീന രവിചന്ദ്രൻ, ശൈലാ നാസർ, റുക്കിയ ഷൗക്കത്ത്, യൂത്ത് കോൺഗ്രസ് നേതാക്കളായ എച്ച്.എം നൗഫൽ, ഷിഹാബ് മണത്തല, സി.പി കൃഷണൻ മാസ്റ്റർ , രാജൻ പനക്കൽ, എം.എസ് ശിവദാസ് സംസാരിച്ചു . അബ്ദുൽ സലാം , ഇസഹാഹ് മണത്തല , അഷറഫ് മടക്കക്കടവ് , സക്കീർ ഹുസൈൻ എന്നിവർ നേതൃത്വം നൽകി.

## അസാപ്പ് കോഴ്സുകൾക്ക് സ്കോളർഷിപ്പ്

തൃശൂർ: ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയുടെ ന്യൂമീഡിയ കോഴ്സുകൾ സ്കോളർഷിപ്പോടു കൂടെ പഠിക്കുവാൻ അവസരം. വിവിധ കോഴ്സുകളിലായി 10 ശതമാനം മുതൽ 50 ശതമാനം വരെ സ്കോളർഷിപ്പ് ലഭിക്കും. ഗെയിം ഡെവലപ്പർ, വി.ആർ ഡെവലപ്പർ, ആർട്ടിസ്റ്റ്, പ്രോഗ്രാമർ, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ടെക്നിഷ്യൻ, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ എന്നീ കോഴ്സുകളിലാണ് സ്കോളർഷിപ്പോടു കൂടി പഠിക്കാൻ അവസരം. അസാപ്പിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ നടക്കുന്ന ഈ കോഴ്സുകളിൽ അതാത് മേഖലകളിലുള്ള ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളിൽ പരിശീലനവും ലഭിക്കും. ജൂലൈ 31 വരെ അപേക്ഷിക്കുന്നവരെ ഉൾപ്പെടുത്തി നടത്തുന്ന മത്സര പരീക്ഷയിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുക. അപേക്ഷ സമർപ്പിക്കുന്നതിനായി https://link.asapcsp.in/scholarship എന്ന ലിങ്ക് സന്ദർശിക്കുക. ഫോൺ: 9495422535, 9495999620, 7012394449.




എം.എസ്.എഫിന്റെ പതാകയെ ബഹുമാനിച്ച അസ്‌ലഹ മോൾക്ക് മസ്കറ്റ് കെ.എം.സി.സി തൃശൂർ ജില്ലാ കമ്മറ്റിയുടെ ഉപഹാരവും ക്യാഷ് അവാർഡും മുൻ രക്ഷാധികാരി കബീർ നാട്ടിക സമ്മാനിക്കുന്നു

## അസ്‌ലഹ മോൾക്ക് സ്നേഹോപഹാരം നൽകി

കടപ്പുറം: എം.എസ്.എഫിന്റെ പതാകയെ ബഹുമാനിച്ചു സംഘടനയോട് അനുഭാവം പുലർത്തിയ അസ്‌ലഹ മോൾക്ക് മസ്കറ്റ് കെ.എം.സി.സി തൃശൂർ ജില്ലാ കമ്മറ്റി ഉപഹാരവും ക്യാഷ് അവാർഡും നൽകി.

കഴിഞ്ഞ ദിവസം കടപ്പുറം അഞ്ചങ്ങാടി ലീഗ് ഹൗസിൽ വെച്ച് നടന്ന പരിപാടിയിൽ മസ്കറ്റ് കെ.എം.സി. സി തൃശൂർ ജില്ലാ കമ്മറ്റി മുൻ രക്ഷാധികാരി കബീർ നാട്ടിക ഉപഹാരം നൽകി ആദരിച്ചു. ക്യാഷ് അവാർഡ് മുസ്ലിംലീഗ് കടപ്പുറം പഞ്ചായത്ത് പ്രസിഡന്റ് ബി.കെ സുബൈർ തങ്ങൾ സമ്മാനിച്ചു.യോഗത്തിൽ ഉപദേശക സമിതി അംഗം നാസർ മത്ര, കരീം ചേറ്റുവ, കടപ്പുറം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സാലിഹ ഷൗക്കത്ത്, ഷാർജ കെ.എം.സി.സി മുൻ പ്രസിഡന്റ് പി.കെ അലികുഞ്ഞി, യൂത്ത് ലീഗ് പഞ്ചായത്ത് കമ്മിറ്റി പ്രസിഡണ്ട് പി.എം അഷ്കറലി, സെക്രട്ടറി പി.കെ അലി, എം.എസ്.എഫ് പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറി ഷനാബ്, മുസ്ലിം ലീഗ്, യൂത്ത്ലീഗ് നേതാക്കളായ മുജീബ് പി.എം, ആസിഫ് വാഫി തുടങ്ങിയവർ പങ്കെടുത്തു

## സീറ്റ് ഒഴിവ്

തൃശൂർ: കോന്നിയിലെ കൗൺസിൽ ഫോർ റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ കോളജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജി നടത്തുന്ന ബി.എസ്.സി ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് (ഹോണേഴ്സ്) കോഴ്സിന്റെ മാനേജ്മെന്റ് ക്വാട്ടയിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഫോൺ: 0468 2240047, 9846585609.

## ഓർത്തഡോക്സ് സഭാ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ 14 മുതൽ

കുന്നംകുളം: ആധുനിക മലങ്കരസഭയുടെ ശിൽപി പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെ 115-ാം ഓർമ്മപ്പെരുന്നാളും, ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായുടെ 3-ാം ഓർമ്മ പെരുന്നാളും സംയുക്തമായി ജൂലൈ 14, 15 തിയ്യതികളിലായി ആർത്താറ്റ് സെന്റ് ഗ്രീഗോറിയോസ് അരമനചാപ്പലിൽ ഭക്തിനിർഭരമായി ആചരിക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.


14ന് വൈകിട്ട് 5ന് കുന്നംകുളം ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലേയും വിശ്വാസികൾ വൈശ്ശേരി സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ സംഗമിച്ച് പദയാത്ര ആരംഭിക്കും. 630 ന് പദയാത്രികർക്ക് ആർത്താറ്റ് അരമന ചാപ്പലിൽ സ്വീകരണം നൽകും. വൈകീട്ട് 7ന് സന്ധ്യാനമസ്കാരം, 8 ന് അനുസ്മരണ പ്രഭാഷണം, 8.30 ന് പ്രദക്ഷിണം തുടർന്ന് ശ്ലൈഹീക വാഴ് വ് ശേഷം സ്നേഹവിരുന്നും ഉണ്ടാകും. 15ന് രാവിലെ 6.15ന് പ്രഭാത നമസ്ക്കാരം 7 ന് വി.കുർബ്ബാന, പ്രദക്ഷിണം തുടർന്ന് ആശിർവാദം ശേഷം സ്നേഹവിരുന്നും ഉണ്ടാകും.

പെരുന്നാൾ ശുശ്രൂഷകൾക്ക് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ മുഖ്യ കാർമ്മികത്വം വഹിക്കും. കുന്നംകുളം ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തയും യു.കെ, യൂറോപ്പ്, ആഫ്രിക്ക ഭദ്രാസനാധിപൻ അഭിവന്ദ്യ എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്തായും സഹകാർമ്മികത്വം വഹിക്കും. പെരുന്നാളിനോടനുബന്ധിച്ച് അരമനയിൽ നിർമ്മിച്ചിരിക്കുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ സ്മാരക ലൈബ്രറി & മ്യൂസിയത്തിന്റെ കൂദാശ നടക്കുമെന്നും ഭാരവാഹികൾ അറിയിച്ചു.

വാർത്താ സമ്മേളനത്തിൽ ജന. കൺവീനർ ഫാ.ജോസഫ് ചെറുവത്തൂർ, പബ്ലിസിറ്റി ചെയർമാൻ ഫാ.സക്കറിയ കൊള്ളന്നൂർ, പബ്ലിസിറ്റി കൺവീനർ കെ. എഡ് വി സഖറിയ, ജോ. ജന.കൺവീനർ സി കെ മോഹൻ തുടങ്ങിയവർ പങ്കെടുത്തു.

## വനിതാ കമ്മീഷൻ അദാലത്ത് 19 ന്

തൃശൂർ: വനിതാ കമ്മീഷൻ തൃശൂർ ജില്ലാതല അദാലത്ത് ജൂലൈ 19 ന് രാവിലെ 10 മുതൽ തൃശൂർ ടൗൺ ഹാളിൽ നടക്കുമെന്ന് അധികൃതർ അറിയിച്ചു.



## ജില്ലാ വടംവലി ചാമ്പ്യൻഷിപ്പ് 13ന്

കൊച്ചി: ജില്ലാ വടംവലി അസോസിയേഷൻ സംഘടിപ്പിക്കുന്ന സബ്ജൂനിയർ, ജൂനിയർ, സീനിയർ വടംവലി ചാമ്പ്യൻഷിപ്പ് 13,15 തിയതികളിൽ നടക്കും.13ന് രാവിലെ 8 മണിക്ക് സബ് ജൂനിയർ വടംവലി ചാമ്പ്യൻഷിപ്പ് കാഞ്ഞൂർ സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിലും, 15ന് രാവിലെ 8 മണിക്ക് ജൂനിയർ, സീനിയർ കാറ്റഗറി വടംവലി ചാമ്പ്യൻഷിപ്പ് അങ്കമാലി മോർണിംഗ് സ്റ്റാർ കോളജിലുമാണ് നടക്കുക. കൂടുതൽ വിവരങ്ങൾക്ക് ഷാനവാസ് 95443 72045, റഷീദ് 73068 91589.

## മുത്തൂറ്റ് ഫിനാൻസ് ആംബുലൻസ് കൈമാറി

കൊച്ചി: വടവുകോട് ഹെൽത്ത് സെന്ററിന് മുത്തൂറ്റ് ഫിനാൻസ് ആംബുലൻസ് കൈമാറി. മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസിൽ നടത്തിയ ചടങ്ങിൽ പി വി ശ്രീനിജൻ എംഎൽഎ വടവുകോട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ കെ അശോകന് താക്കോൽ കൈമാറി. ജൂബി ജോർജ്ജ്, ടി ആർ വിശ്വപ്പൻ, ബേബി വർഗീസ്, എൽസി പൗലോസ്, ഉഷ വേണുഗോപാൽ, ശ്രീകല അജിത്ത്, വിഷ്ണു വിജയൻ, മുത്തൂറ്റ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ മാനേജർമാരായ ജോബിൻ ജോസഫ്, കെ എസ് സിമി തുടങ്ങിയവർ പങ്കെടുത്തു.

എറണാകുളം വാർത്തകൾ

# എടവനക്കാടിനെ കയ്യൊഴിഞ്ഞ് സർക്കാർ

■ ജില്ലയിലെ തീരദേശ മേഖല ദുരിതത്തിൽ
■ തീരത്തിന്റെ പ്രശ്നങ്ങൾ എണ്ണിപ്പറഞ്ഞ് വി.ഡി. സതീശൻ നിയമസഭയിൽ

കൊച്ചി: കടൽക്ഷോഭം രൂക്ഷമായ എടവനക്കാട് തീരപ്രദേശത്ത് കടൽഭിത്തി പുനർനിർമിക്കുന്നതിനും പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് നിയമസഭയിൽ സബ്മിഷൻ അവതരിപ്പിച്ചു. ജില്ലയിലെ എടവനക്കാട് ഗ്രാമപഞ്ചായത്തിന്റെ തീരദേശ മേഖലയിലെ ഇരുന്നൂറിൽപ്പരം കുടുംബങ്ങൾ സമാനതകളില്ലാത്ത ദുരിതം അനുഭവിക്കുകയാണ്.
രൂക്ഷമായ കടൽക്ഷോഭത്തെ തുടർന്ന് വീടുകളിൽ വെള്ളം കയറിയും റോഡുകൾ തകർന്നും ജനജീവിതം സാധ്യമാകാത്ത സാഹചര്യത്തിലേക്ക് ഈ പ്രദേശം മാറിയിരിക്കുന്നു. പി.ഡബ്ല്യു.ഡി റോഡ് പൂർണമായും മണ്ണ് മൂടിപ്പോയതിനാൽ ഗതാഗത സൗകര്യം ഇല്ലാതായിരിക്കുകയാണ്. അസുഖം വന്നാലോ എന്തെങ്കിലും അപകടം ഉണ്ടായാലോ വേഗത്തിൽ ആശുപത്രികളിലെത്തിക്കുവാൻ കഴിയുന്ന സാഹചര്യം പോലും നിലവിലില്ല. ഗർഭിണികളും മറ്റും എട്ട് മാസം ആകുമ്പോൾ ഈ പ്രദേശത്തു നിന്നും താമസം മാറി പോകുന്ന സാഹചര്യമാണുള്ളത്. പ്രായമായവരും കിടപ്പ് രോഗികളും വലിയ ദുരിതമനുഭവിക്കുകയാണ്. ഈ പ്രദേശം സന്ദർശിച്ച് ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ നേരിട്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.
എടവനക്കാട് പ്രദേശത്ത് ഉണ്ടായിരുന്ന കടൽഭിത്തി 2004ലെ സുനാമി ദുരന്തത്തിൽ തകർന്നു. തുടർന്ന് ഐ.ഐ.ടി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ, ഈ പ്രദേശത്ത് 13 പുലിമുട്ടുകൾ സ്ഥാപിച്ചുകൊണ്ട് കടൽഭിത്തി നിർമിക്കണമെന്ന് സർക്കാരിന് റിപ്പോർട്ട് നൽകി. എന്നാൽ തുടർ നടപടികളുണ്ടായില്ല. എടവനക്കാട് പഞ്ചായത്തിന് ലഭിച്ച 12.5 കോടിയുടെ സ്പെഷൽ പാക്കേജിൽ നിന്നുള്ള തുക വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് രണ്ടു പുലിമുട്ടുകൾ പണിതു. തുടർന്ന് ഉമ്മൻചാണ്ടി സർക്കാരിന്റെ കാലയളവിൽ നാല് പുലിമുട്ടുകൾ കൂടി പണിഞ്ഞു. പിന്നീട് ഇക്കാര്യത്തിൽ യാതൊരു നടപടിയും ഉണ്ടായില്ല. കടൽക്ഷോഭം രൂക്ഷമാകുമ്പോൾ വലിയ കുടിവെള്ളക്ഷാമവും തീരമേഖലയിൽ ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനും ഇത്തരം അടിയന്തര സാഹചര്യങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിനുമുള്ള നടപടികൾ കൂടി സർക്കാർ സ്വീകരിക്കണം. കടൽക്ഷോഭം തടയുന്നതിനായി ജലസേചന വകുപ്പ് ജിയോ ബാഗുകൾ സ്ഥാപിച്ചു എങ്കിലും ഇത് ഫലപ്രദമായിരുന്നില്ല. കടൽഭിത്തിയുള്ള സ്ഥലങ്ങളിൽ അതിനു പിന്നിലായി ജിയോ ബാഗുകൾ സ്ഥാപിക്കുമ്പോൾ വെള്ളം ഒഴുക്ക് തടയുവാൻ സാധിക്കും. എന്നാൽ കടൽഭിത്തി ഇല്ലാത്ത ഈ പ്രദേശത്ത് നേരിട്ട് ജിയോ ബാഗുകളിലേക്ക് കടൽ ഇരച്ചു കയറുമ്പോൾ ബാഗുകൾ പൊട്ടി പലവഴിക്ക് ഒഴുകി പോവുകയാണ്. ഈ മേഖലയിലെ ദ്വീപുകളുടെ വികസനത്തിനായി രൂപീകരിച്ചിട്ടുള്ള ഗോശ്രീ ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ഏതാണ്ട് നിലച്ചിരിക്കുന്നു. അതോറിറ്റിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷൻമാർക്ക് ഉണ്ടായിരുന്ന പ്രാതിനിധ്യം ഒഴിവാക്കി അതിനെ പൂർണമായും രാഷ്ട്രീയവൽക്കരിക്കുകയും ചെയ്തു. അതോറിറ്റിയുടെ ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചാൽ ഈ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും എന്നിരിക്കെ ജനങ്ങൾ ദുരിതക്കയത്തിൽ ആയിരിക്കുമ്പോഴും സർക്കാർ അത്തരത്തിൽ യാതൊരു പരിശ്രമവും നടത്തുന്നില്ല എന്നത് പ്രതിഷേധാർഹമാണ്. എടവനക്കാട് തീരമേഖലയിൽ ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി പുനർനിർമിക്കുന്നതിനും, ഐഐടി റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനും, കടൽക്ഷോഭത്തിൽ തകർന്ന വീടുകളും റോഡും പുനർ നിർമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## ബ്രഹ്മപുരം ഗവ. സ്കൂളിന് സിസിടിവി ക്യാമറ നൽകി

കൊച്ചി: സ്കൂളിന്റെ സുരക്ഷ വർധിപ്പിക്കുന്നതിന്റെ ഭാഗമായി ബ്രഹ്മപുരം ഗവ എൽ.പി സ്കൂളിന് പ്രമുഖ കമ്പനിയായ നോർഡൻ സിസിടിവി ക്യാമറ നൽകി.
കമ്പനിയുടെ സിഎസ്ആർ പദ്ധതിയുടെ ഭാഗമായാണ് ക്യാമറ സ്ഥാപിച്ചത്. നോർഡൻ സെയിൽസ് വിഭാഗം അസോസിയേറ്റ് ഡയറക്ടർ പരീക്ഷിത് തിവാരി പദ്ധതി ഉദ്ഘാടനം ചെയ്തു.
വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടിഎസ് നവാസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്കൂൾ എച്ച്.എം മിനി വർഗീസ്, പിടിഎ പ്രസിഡന്റ് ഫസലുദ്ദീൻ വി.ഐ, നോർഡൻ ഗ്ലോബൽ ബിസിനസ് ഡയറക്ടർ സജൻ എസ്, ഇൻഫോപാർക്ക് എസ്.ഐ സന്തോഷ്, ഇന്ത്യ ആൻഡ് സാർക്ക് ഡയറക്ടർ പ്രശാന്ത് ഒബെറോയ്, ഗ്ലോബൽ പ്രീ സെയിൽസ് മാനേജർ സുമിത് അഗർവാൾ, സിസിടിവി ക്യാമറ ഉത്പന്ന മേധാവി സരൺരാജ്, സി.എഫ്.ഒ വിജയ് എന്നിവർ പങ്കെടുത്തു.

## രണ്ടു പരാതികളിൽ ന്യൂനപക്ഷ കമ്മിഷൻ തീർപ്പാക്കി

കൊച്ചി: എറണാകുളം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടത്തിയ സിറ്റിങിൽ രണ്ടു പരാതികൾ തീർപ്പാക്കിയതായി സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ എ.എ റഷീദ് അറിയിച്ചു. സാക്ഷരതാ മിഷൻ നോഡൽ പ്രേരകായി പ്രവർത്തിച്ചുവന്ന ചുള്ളിക്കൽ സ്വദേശിനിക്ക് ഓഫീസ് ജീവനക്കാരിയുടെ ഭാഗത്തുനിന്നും മാനസിക പീഡനം ഉണ്ടായെന്ന പരാതിയിൽ ജീവനക്കാരിയെ സെക്ഷൻ മാറ്റി നിയമിച്ചെന്നും, ഇത്തരം കാര്യങ്ങളിൽ ഉൾപ്പെടെ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കോഓർഡിനേറ്റർക്ക് കർശന നിർദേശം നൽകിയിട്ടുണ്ടെന്നുമുള്ള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിയിൽ തുടർ നടപടികൾ അവസാനിപ്പിച്ചു.കൊച്ചി നഗരസഭയുടെ പരിധിയിൽ മുന്നൂറിൽപരം കുട്ടികൾ പഠനം നടത്തുന്ന ഷറഫുൽ ഇസ്‌ലാം മദ്രസയക്ക് ജലവിതരണവുമായി ബന്ധപ്പെട്ടുള്ള പരാതിയിൽ കമ്മീഷൻ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനും എതിർകക്ഷികളുമായി വിഷയം ചർച്ചചെയ്ത് പുതിയ കുടിവെള്ള കണക്ഷൻ അനുവദിച്ചുവെന്ന വാട്ടർ അതോറിറ്റി അധികൃതരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പരാതി തീർപ്പാക്കിയതെന്നും കമ്മീഷൻ അറിയിച്ചു. പുതുതായി ലഭിച്ച രണ്ട് പരാതികൾ ഫയലിൽ സ്വീകരിച്ചു.

## എ.കെ. ഷെമീർലാല സ്ഥാനാർത്ഥി



എ.കെ. ഷെമീർലാല

ആലുവ: ചൂർണിക്കര ഗ്രാമപഞ്ചായത്ത് ഒമ്പതാം വാർഡ് ഉപതിരഞ്ഞെടുപ്പിന് പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി അവസാനിച്ചപ്പോൾ യു.ഡി.എഫ്, എൽ.ഡി.എഫ്, എൻ.ഡി.എ സ്ഥാനാർത്ഥികൾ മാത്രമാണ് പത്രിക സമർപ്പിച്ചത്. എ.കെ. ഷെമീർലാല (യു.ഡി.എഫ്), ടി.എ. ജലീൽ (എൽ.ഡി.എഫ്), എൻ.ബി. വിനൂപ് (എൻ.ഡി.എ) എന്നിവരാണ് മത്സരിക്കുന്നത്. 30നാണ് വോട്ടെടുപ്പ്.
ഉപതിരഞ്ഞെടുപ്പ് ഫലം യുഡിഎഫ് ഭരിക്കുന്ന പഞ്ചായത്ത് ഭരണത്തെ ബാധിക്കില്ല. യു.ഡി.എഫ് മെമ്പർ സി.പി. നൗഷാദ് മരണപ്പെട്ടതിനെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സി.പി. നൗഷാദിന് 705 വോട്ടും എൽ.ഡി.എഫ് സ്ഥാനാർത്ഥിയ്ക്ക് 590 ഉം ബി.ജെ.പിയ്ക്ക് 72 വോട്ടുമാണ് ലഭിച്ചത്. 18 അംഗ പഞ്ചായത്ത് ഭരണസമിതിയിൽ യു.ഡി.എഫിന് പത്ത് സീറ്റുണ്ട്. എൽ.ഡി.എഫിന് ആറും ബി.ജെ.പിക്കും സ്വതന്ത്രനും ഒന്നു വീതവും സീറ്റുകളുമുണ്ട്. 1481 വോട്ടർമാരാണ് ഇക്കുറിയുള്ളത്. ജൂലായ് 31നാണ് വോട്ടെണ്ണൽ.




അമൃത സ്കൂൾ ഓഫ് മെഡിക്കൽ സയൻസ് പ്രിൻസിപ്പൽ ഡോ. ഗിരീഷ് കുമാറിൽ നിന്നും ചേരാനല്ലൂർ പൊലീസ് സ്റ്റേഷൻ അഡീഷണൽ എസ്ഐ സാം ലെസ്സി റെയിൻ കോട്ടുകൾ ഏറ്റുവാങ്ങുന്നു

## പൊലീസ് ഉദ്യോഗസ്ഥർക്ക് റെയിൻകോട്ടുകൾ വിതരണം ചെയ്തു

കൊച്ചി: മഴക്കാലത്ത് തടസമില്ലാതെ സേവനം നൽകാൻ പൊലീസ് ഉദ്യോഗസ്ഥർക്ക് റെയിൻകോട്ടുകൾ വിതരണം ചെയ്തു.
കൊച്ചി അമൃത ആശുപത്രിയും ഐഎംഎ ഇടപ്പള്ളി ബ്രാഞ്ചും സംയുക്തമായാണ് ചേരാനല്ലൂർ പൊലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്കായി ഉന്നത ഗുണനിലവാരത്തിലുള്ള 40 റെയിൻകോട്ടുകൾ നൽകിയത്. അമൃത സ്കൂൾ ഓഫ് മെഡിക്കൽ സയൻസ് പ്രിൻസിപ്പൽ ഡോ. ഗിരീഷ് കുമാർ കെപിയിൽ നിന്നും ചേരാനല്ലൂർ പൊലീസ് സ്റ്റേഷൻ അഡീഷണൽ എസ്ഐ സാം ലെസ്സി റെയിൻ കോട്ടുകൾ ഏറ്റുവാങ്ങി. ഡോ. ഗിരീഷ് കുമാർ കെ പി, ഐഎംഎ ഇടപ്പള്ളി ബ്രാഞ്ച് പ്രസിഡന്റ് ഡോ. സക്കറിയ പോൾ, ഐഎംഎ സംസ്ഥാന പ്രവർത്തക സമിതി അംഗം ഡോ. ശബരീഷ്, ഐഎംഎ ഇടപ്പള്ളി ബ്രാഞ്ച് ട്രഷറർ ഡോ. അമൃതരാജ് ചടങ്ങിൽ പങ്കെടുത്തു.

## ധാരണാപത്രം ഒപ്പിട്ടു

പറവൂർ: യുവാക്കൾക്ക് തൊഴിൽ നൽകാൻ ലക്ഷ്യമിട്ട് പറവൂർ ബ്ലോക്ക് പഞ്ചായത്തും ടെക്നോവാലി സോഫ്റ്റ് വെയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും ധാരണാപത്രത്തിൽ ഒപ്പിട്ടു.
യുവജനങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിന് ടെക്നോ വാലി ലോക്കൽ സെൽഫ് ഗവൺമെന്റ് യൂത്ത് എൻ പവർമെന്റ് പ്രോഗ്രാമിന്റെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട തൊഴിൽ അന്വേഷകരായ 200 പേർക്ക് അഞ്ചുദിവസത്തെ സൗജന്യ വെർച്ചൽ കരിയർ വർക്ക് ഷോപ്പുകൾ, സൈബർ സെക്യൂരിറ്റി, എ ഐ മിഷൻ ലേർണിംഗ് ഡാറ്റാ സയൻസ് തുടങ്ങിയ അത്യാധുനിക വിഷയങ്ങളിൽ വെബിനാറുകൾ സംഘടിപ്പിക്കും.
വ്യവസായം തുടങ്ങുന്നതിനാവശ്യമായ കഴിവും താൽപര്യവുമുള്ളവർക്ക് മാർഗനിർദേശങ്ങൾ, തൊഴിൽ അന്വേഷകർക്കായി സൗജന്യ കരിയർ കൗൺസിലിംഗ് എന്നിവയും നൽകും. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ എസ് സനീഷ്, സെക്രട്ടറി പി വി പ്രതീക്ഷ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ സിംന സന്തോഷ്, സി എം രാജഗോപാൽ, ആന്റണി കോട്ടക്കൽ, സജന സൈമൺ, പ്ലാൻ കോഡിനേറ്റർ പി കെ സുനിൽ, ടെക്നോ വാലി അസിസ്റ്റൻസ് ജനറൽ മാനേജർ ഡോ. കെ വി സുമിത്ര എന്നിവർ സംബന്ധിച്ചു.




റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ക്നൈറ്റ്സ് ഭാരവാഹികളായി ജിബ്രാൻ ആസിഫ് (പ്രസിഡന്റ്), റിങ്കു അലക്സാണ്ടർ (സെക്രട്ടറി) എന്നിവർ ചുമതലയേറ്റു.

## ജെൻ എഐയിൽ അത്ഭുതം സൃഷ്ടിച്ച് ഉദയ് ശങ്കർ എന്ന പതിനഞ്ചുകാരൻ




കൊച്ചിയിൽ നടക്കുന്ന ജെനറേറ്റീവ് എഐ കോൺക്ലേവിൽ 15 വയസിനുള്ളിൽ 15 എഐ ആപ്പുകൾ നിർമ്മിക്കുകയും പേറ്റന്റ് നേടുകയും ചെയ്ത ഉദയ് ശങ്കർ.

കൊച്ചി: തമ്മനം സ്വദേശിയായ പതിനഞ്ചുകാരൻ ഉദയ് ശങ്കറിന് നിർമ്മിത ബുദ്ധിയിൽ ആദ്യ പേറ്റന്റുൾപ്പെടെയുള്ള നേട്ടങ്ങൾ സ്വന്തമാക്കാൻ അച്ഛമ്മയ്ക്ക് ചെയ്ത ഒരു ഫോൺകോളാണ് കാരണമായത്. കുട്ടി ഫോൺ ചെയ്തപ്പോൾ എന്തോ തിരക്കിലായിരുന്ന അച്ഛമ്മ പിന്നെ വിളിക്കാമെന്ന് പറഞ്ഞു. എന്നാൽ നിർമ്മിതബുദ്ധി കൊണ്ട് അച്ഛമ്മയെ സൃഷ്ടിച്ച് തന്നെ സംസാരിക്കാമെന്ന് ഉദയ് ശങ്കറും തീരുമാനിച്ചു. ഉറവ് അഡ്വാൻസ്ഡ് ലേണിംഗ് സിസ്റ്റംസ് എന്ന സ്റ്റാർട്ടപ്പ് ഈ കുട്ടി തുടങ്ങുന്നത് ഇങ്ങനെയാണ്. വിവിധ ഭാഷകൾ കൈകാര്യം ചെയ്യാൻ സാധിക്കുന്ന ഭാഷിണി എന്ന ആപ്പിനാണ് ഉദയിന് ഇന്ത്യാ പേറ്റൻറ് ലഭിച്ചത്. കുട്ടിയായിരിക്കുമ്പോഴേ ഉദയ് ശങ്കറിന് ടെക്നോളജിയിലാണ് താത്പര്യം. അതിനാൽ തന്നെ എട്ടാം ക്ലാസിൽ പരമ്പരാഗത സ്കൂൾ വിദ്യാഭ്യാസം അവസാനിപ്പിച്ച് ഓപ്പൺ സ്കൂൾ വിദ്യാഭ്യാസത്തിലേക്കെത്തി. വീട്ടിലെ ഓഫീസിലിരുന്ന് ഈ കുട്ടി സൃഷ്ടിക്കുന്നത് അത്ഭുതങ്ങളാണ്. മൾട്ടിടോക്ക് അവതാർ എഐ സ്യൂട്ട് ഉപയോഗിച്ചുള്ള ക്ലിൻഅൽക്ക കൊണ്ട് ഏതു ഭാഷക്കാർക്കും മറ്റ് ഭാഷക്കാരുമായി സംസാരിക്കാം. വിമാനത്താവളങ്ങൾ പോലുള്ള പൊതുസ്ഥലങ്ങളിലാണ് ഇത് ഏറ്റവും ഗുണകരമാകുന്നതെന്ന് ഉദയ് പറഞ്ഞു. പകർച്ചവ്യാധികൾ പെട്ടെന്ന് കണ്ടെത്താനും അതിന്റെ പരിഹാരം ഉടനെ തന്നെ താഴെത്തട്ടിലേക്കെത്തിക്കാനും ഇതിലൂടെ കഴിയും. ഇതിനു പുറമെ അന്ധർക്ക് പൊതുസ്ഥലങ്ങൾ ഉപയോഗിക്കുന്നതിന് പറ്റുന്ന ആപ്പും ഉദയ് നിർമ്മിച്ചിട്ടുണ്ട്. തികച്ചും സൗജന്യമായാണ് ഈ ആപ്പിന്റെ സേവനം. ഏതൊരു ഫോട്ടോയിൽ നിന്നും നിർമ്മിതബുദ്ധി ഉപയോഗിച്ച് ഡിജിറ്റൽ ത്രിഡിരൂപം ഉണ്ടാക്കിയെടുക്കാൻ മൾട്ടിടോക്ക് അവതാറിലൂടെ സാധിക്കും. ആപ് ഡൗൺലോഡ് ചെയ്താൽ ഇഷ്ടമുള്ളയാളുടെ രൂപത്തിൽ എഐ ടോക്ക് ബോട്ടുമായി സംസാരിക്കാനാകും. ഡോ. രവികുമാറിന്റെയും ശ്രീകുമാരി വിദ്യാധരന്റെയും മകനാണ് ഉദയ് ശങ്കർ. വീട്ടിൽ പണിക്കെത്തുന്ന ബംഗാളികളുമായി സംസാരിക്കാൻ അച്ഛനും ഉദയ് ഒരു ആപ് ഉണ്ടാക്കി നൽകിയിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷനിൽ ഉദയിന്റെ സ്റ്റാർട്ടപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ത്രിഡിഫോർഓൾ, എഫ്എഐനാൻസ, എആർമിനിഗോൾഫ്, ഫാംസിം, ബോക്സ്ഫുൾവിആർ, മെഡ്അൽക്ക, മിസ് വാണി എഐ ടീച്ചർ, അഡൈ്വസ, ഹായ്ഫ്രണ്ട്, ഖോണോഝാ വിഎസ് ദി വൈറസ് വിആർ, കോഡ് ഭാഷ, എന്നിങ്ങനെ 15 ആപ്പുകൾ ഉദയ് ഇതിനകം നിർമ്മിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസത്തിൽ ധാർമികത അനിവാര്യം: ബെന്നി ബെഹനാൻ




കളമശേരി അൽ ഹിദായ സുറ്റഡൻസ് യൂണിയൻ ഉദ്ഘാടനം പാണക്കാട് സയ്യിദ് റാജിഹ് അലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു

കളമശ്ശേരി: വിദ്യാഭ്യാസത്തിൽ ധാർമികത അനിവാര്യമാണെന്നും ധർമബോധമില്ലാത്ത വിദ്യാഭ്യാസം പ്രഹസനമാണെന്നും ബെന്നി ബെഹ്നാൻ എം.പി . ദാറുൽ ഹുദാ ഇസ്ലാമിക് യൂണിവേഴ്സിറ്റിയുടെ സഹസ്ഥാപനമായ കളമശ്ശേരി ഞാലകം അൽ ഹിദായ ഇസ്ലാമിക് അക്കാദമി വിദ്യാർത്ഥി കൂട്ടായ്മ 'ഹുദ'യുടെ പ്രവർത്തനോദ്ഘാടനച്ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. പാണക്കാട് സയ്യിദ് റാജിഹ് അലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾ കഠിനാദ്ധ്വാനികളാകണമെന്നും അവസരങ്ങളുടെ പുതിയ ആകാശങ്ങൾ തേടി പറക്കാൻ സ്വയം പ്രാപ്തരാവണമെന്നും പഠനത്തോടൊപ്പം സർഗശേഷി വികസിപ്പിക്കുക കൂടി വേണമെന്നും തങ്ങൾ പറഞ്ഞു. മെമ്പർഷിപ്പ് ലോഞ്ചിങ്ങും വിവിധ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും തങ്ങൾ നിർവഹിച്ചു.ഞാലകം മുസ്‌ലിം ജമാഅത്ത് പ്രസിഡന്റ് അഡ്വ.കെ.കെ കബീർ അധ്യക്ഷനായി.
പ്രിൻസിപ്പൽ ജാബിർ ഹുദവി തൃക്കരിപ്പൂർ ആമുഖഭാഷണവും സി.ബി യൂസുഫ് ഫൈസി തിരുവനന്തപുരം പ്രാർത്ഥനയും നടത്തി. 'ബോധവത്കരണം' സെഷൻ ആലുവ നാർക്കോട്ടിക് സെൽ എ.എസ്.ഐ ശിഹാബ് ചേലക്കുളവും അക്കാദമിക് ഇന്ററാക്ഷൻ സെഷൻ നൈജീരിയയിലെ യോബേ സ്റ്റേറ്റ് യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. സഊദ് ഹുദവിയും നയിച്ചു. പ്രശസ്ത മജീഷ്യൻ മജീദ് മടവൂരിന്റെ മാജിക് മെന്റലിസം ഷോയും അരങ്ങേറി. അൽ ഹിദായ ജനറൽ സെക്രട്ടറി ഹമീദ് മണ്ണോപ്പിള്ളി, കോളേജ് കമ്മിറ്റി കൺവീനർ കെ.എസ് അസീസ്, എച്ച്.ഒ.ഡി അബൂബക്കർ സിദ്ദീഖ് വാഫി, സൽമാൻ വാഫി ഓണമ്പിള്ളി, ഹൈദരലി യസീദ് ഹുദവി പ്രസംഗിച്ചു. അൽ ഹിദായ ട്രഷറർ മുഹമ്മദ് കുഞ്ഞി ഹാജി, ഭാരവാഹികളായ റഫീഖ് കരിപ്പായി, മാഹിൻ മൂലയിൽ, ബക്കർ കുടിലിൽ, ശംസുദ്ദീൻ, അധ്യാപകരായ സുൽഫിക്കർ ഹുദവി, അബ്ദുൽ ബാസിത്ത് ഹുദവി, ഫവാസ് അഹമദ് ഹുദവി, ജസ്സാർ ഹുദവി, ബദറുദ്ദീൻ ഫൈസി, ഹിശാം അസ്ഹരി, ദുൽകിഫൽ ഹുദവി, സാദിഖ് നവവി, ഫായിസ് ഹസനി, ജംഷാദ് വാഫി, സുഹൈൽ വാഫി സംബന്ധിച്ചു. യൂണിയൻ പ്രസിഡന്റ് അബൂസൽമാൻ സ്വാഗതവും ജനറൽ സെക്രട്ടറി അദീബ് റഷ്ദാൻ നന്ദിയും പറഞ്ഞു.

## കുണ്ടന്നൂർ പാലം അടക്കും ഇന്ന് മുതൽ ഗതാഗത നിയന്ത്രണം



മരട്: കുണ്ടന്നൂർ തേവരപ്പാലം അറ്റകുറ്റപ്പണികൾക്കായി തുറന്നു നൽകുന്നതിനാൽ ഇന്ന് രാത്രി 11 മുതൽ അടച്ചിടും. ഈ ഭാഗത്ത് കർശനമായ ഗതാഗതനിയന്ത്രണവും ഏർപ്പെടുത്തി. പാലത്തിലേയ്ക്ക് യാതൊരുവിധ വാഹനങ്ങളും കയറ്റിവിടില്ല. പശ്ചിമകൊച്ചി ഭാഗത്തുനിന്നും കുണ്ടന്നൂർ ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ വിക്രാന്ത് ബ്രിഡ്ജ് (വെണ്ടുരുത്തിപ്പാലം) വഴി എം ജി റോഡിൽ പ്രവേശിച്ച് പള്ളിമുക്ക് ജംഗ്ഷനിലെത്തി സഹോദരൻ അയ്യപ്പൻ റോഡിൽ പ്രവേശിച്ച് വൈറ്റില വഴി കുണ്ടന്നൂർ ഭാഗത്തേയ്ക്ക് പോകേണ്ടതാണ്. ഇടക്കൊച്ചി ഭാഗത്തു നിന്നും കുണ്ടന്നൂർ ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ കണ്ണങ്ങാട്ട് പാലം വഴി എൻ എച്ച് 966ബി യിൽ പ്രവേശിച്ച് അലക്സാണ്ടർ പറമ്പിത്തറ പാലം വഴി തേവരഫെറി ജംഗ്ഷനിലെത്തി ഇടതുഭാഗത്തേക്ക് തിരിഞ്ഞ് പണ്ഡിറ്റ് കറുപ്പൻ റോഡ് വഴി എം.ജി റോഡിലെത്തി സഹോദരൻ അയ്യപ്പൻ റോഡിൽ പ്രവേശിച്ച് വൈറ്റില വഴി കുണ്ടന്നൂർ ഭാഗത്തേയ്ക്ക് പോകേണ്ടതാണ്. തൃപ്പൂണിത്തുറ കുണ്ടന്നൂർ ഭാഗത്തു നിന്നും പശ്ചിമകൊച്ചി ഭാഗത്തേക്ക് വരേണ്ട വാഹനങ്ങൾ വൈറ്റില ജംഗ്ഷനിലെത്തി സഹോദരൻ അയ്യപ്പൻ റോഡിലെത്തി എം.ജി റോഡ് വഴി സിറ്റിയിലേക്ക് പ്രവേശിക്കാവുന്നതാണ്.

## ജപ്പാൻ ഭാഷാ ക്ലാസുകൾ

കൊച്ചി: കളമശേരിയിലെ എ എസ് എ കേരളയുടെ നിപ്പോൺ കേരള സെന്ററിന്റെ ജപ്പാൻ ഭാഷാ ഓൺലൈൻ ക്ലാസുകൾ 22ന് ആരംഭിക്കും. ഇന്റർമീഡിയറ്റ് കോഴ്സിന്റെ ക്ലാസുകൾ ചൊവ്വ, വ്യാഴം ദിവസങ്ങളിലും നടക്കും. അഞ്ചുമാസം 100 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ ചേരാൻ പ്രായപരിധിയില്ല. ജപ്പാനിൽ പരിശീലനം നേടിയ സൊസൈറ്റി അംഗങ്ങളാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നുത്. ജാപ്പനീസ് സംഭാഷണം, എഴുത്ത്, വായന എന്നിവയിൽ പരിശീലനം നൽകുന്നു. ഹൈസ്കൂൾ വിദ്യാർഥികൾക്ക് ഫീസ് ഇളവ് ലഭിക്കും. രജിസ്ട്രേഷന് asanippon.kerala@gmail.com എന്ന ഇമെയിൽ വിലാസത്തിലോ 75580 81097 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടണം.

## കെഎസ്‌യു മാർച്ചിന് നേരെ പൊലീസ് അതിക്രമം

കൊച്ചി: ഇരുപതോളം വിദ്യാർഥികളുടെ ചിത്രങ്ങൾ അശ്ലീല സൈറ്റുകൾ വഴി പ്രചരിപ്പിച്ച എസ്എഫ്ഐ നേതാവ് രോഹിത്തിനെ ജാമ്യമില്ല വകുപ്പിൽ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് എറണാകുളം ജില്ലാ കമ്മിറ്റി പൊലീസ് സ്റ്റേഷനിലേക്ക് പ്രതിഷേധ മാർച്ചിന് നേരെ പൊലീസ് അതിക്രമം. ജെബി മേത്തർ എംപി മാർച്ച് ഉദ്ഘാടനം ചെയ്തു. എസ്എഫ്ഐക്ക് കൊടപിടിക്കുന്ന രീതിയിലാണ് പൊലീസ് മുന്നോട്ടുപോകുന്നതെന്നും, ശങ്കരാ കോളജിലെ പെൺകുട്ടികളുടെ മാനത്തിന് വില പറഞ്ഞ എസ്എഫ്ഐ നേതാവ് രോഹിത്തിനെ എത്രയും വേഗം ജാമ്യമില്ല വകുപ്പ് ചുമത്തി തുറങ്കിലടക്കണമെന്നും എംപി ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് കെ.എം കൃഷ്ണനാൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മുബാസ് ഓടക്കാലി, സംസ്ഥാന ഭാരവാഹികളായ സുദേവ്, അൽ അമീൻ അഷ്റഫ്, മിവാ ജോളി, ജില്ലാ വൈസ് പ്രസിഡന്റുമാരായ അനിസ കെ ജോയ്, മോൻസി കോട്ടപ്പുറം, ഫാസിൽ സൈനുദ്ദീൻ അമൽ, ജില്ലാ ഭാരവാഹികളായ ഗ്രിട്ടോ ടോമി, റോബിൻ ഫ്രാൻസിസ്, അജ്മൽ പട്ടേരി, ആഷിൻ പോൾ, സഫാൻ സി ബി എന്നിവർ നേതൃത്വം നൽകി. ബാരിക്കേഡ് മറികടന്ന് പ്രതിഷേധിച്ച പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്തു നീക്കി.





കെ.എസ്.യു നടത്തിയ മാർച്ചിന് നേരെ പൊലീസ് ജലപീരങ്കി പ്രയോഗിക്കുന്നു

## ഊർജ്ജസംരക്ഷണ അവാർഡിന് അപേക്ഷിക്കാം

കോട്ടയം: കേരള സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജസംരക്ഷണ അവാർഡിന് അപേക്ഷ ക്ഷണിച്ചു. വൻകിട ഊർജ്ജ ഉപയോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപയോക്താക്കാൾ, ചെറുകിട ഊർജ്ജ ഉപയോക്താക്കൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങളും സംഘടനകളും, ഊർജ്ജകാര്യക്ഷമ ഉല്പന്നങ്ങളുടെ പ്രോത്സാഹകർ, ആർക്കിടെക്ചറൽ സ്ഥാപനങ്ങളും ഗ്രീൻ ബിൽഡിങ് കൺസൾട്ടൻസികളും എന്നീ ഏഴ് വിഭാഗങ്ങളിലായാണ് അപേക്ഷ ക്ഷണിച്ചത്. കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷത്തെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡ് നൽകുക. അവാർഡ് ജേതാക്കൾക്ക് കാഷ് പ്രൈസും ഫലകവും കൂടാതെ ഐ.എസ്.ഒ. 50001, ഊർജ്ജ ഓഡിറ്റ് എന്നിവ നടപ്പാക്കുന്നതിനുള്ള ആനുകൂല്യങ്ങളും നൽകും. അപേക്ഷാ ഫോറം www.keralaenergy.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. . വിശദവിവരത്തിന് 0471 2594922

## കാപ്പ ചുമത്തി ജില്ലയിൽ നിന്നും പുറത്താക്കി

എരുമേലി: ചേനപ്പാടി ആലുംമൂട് ഭാഗത്ത് പായിക്കാട്ട് വീട്ടിൽ സച്ചു സത്യനെ (24) കാപ്പ നിയമപ്രകാരം കോട്ടയം ജില്ലയിൽ നിന്നും ആറു മാസത്തേക്ക് നാടുകടത്തി.
ജില്ലാ പോലീസ് മേധാവി കെ.കാർത്തിക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഇയാൾക്ക് കഴിഞ്ഞ കുറെ നാളുകളായി കാഞ്ഞിരപ്പള്ളി എരുമേലി എന്നീ സ്റ്റേഷനുകളിൽ അടിപിടി, കൊലപാതകശ്രമം, സ്ത്രീകളോട്


സച്ചു സത്യൻ

അപമാര്യാദയായി പെരുമാറൽ, കഞ്ചാവ് വില്പന തുടങ്ങിയ ക്രിമിനൽ കേസുകൾ നിലവിലുണ്ട്. നിരന്തര കുറ്റവാളികൾക്കെതിരെ ശക്തമായ നിയമനടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും കാപ്പാ പോലുള്ള ശക്തമായ നിയമനടപടികൾ സ്വീകരിക്കുമെന്നും ജില്ലാ പോലീസ് മേധാവി പറഞ്ഞു.

# കോട്ടയം വാർത്തകൾ

## പി.ആർ.ഡി. പ്രിസം പാനൽ:അപേക്ഷ ക്ഷണിച്ചു

കോട്ടയം: ഇൻഫർമേഷൻപബ്ളിക് റിലേഷൻസ് വകുപ്പിന്റെ പ്രിസം പദ്ധതിയിൽ സബ് എഡിറ്റർ, കണ്ടന്റ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലുകളിൽ അപേക്ഷ ക്ഷണിച്ചു. careers.cdit.org പോർട്ടൽ മുഖേന ജൂലൈ 20നകം അപേക്ഷ നൽകണം. പോർട്ടലിൽ കയറി രജിസ്റ്റർ ചെയ്ത് സൈൻ ഇൻ ചെയ്തു വേണം അപേക്ഷ സമർപ്പിക്കാൻ. വിവരങ്ങളെല്ലാം നൽകിയ ശേഷം നോട്ടിഫിക്കേഷനിലെ ചെക്ക് എലിജിബിലിറ്റി ക്ളിക് ചെയ്ത് അപ്ലൈ ചെയ്യുമ്പോൾ മാത്രമേ അപേക്ഷാ സമർപ്പണം പൂർത്തിയാകൂ. ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാല ബിരുദവും ജേണലിസം/ മാസ് കമ്മ്യൂണിക്കേഷൻ/ പബ്ളിക് റിലേഷൻസ് ഡിപ്ളോമയും അല്ലെങ്കിൽ ജേണലിസം/ മാസ് കമ്മ്യൂണിക്കേഷൻ/ പബ്ളിക് റിലേഷൻസ് ബിരുദവുമാണ് സബ് എഡിറ്ററുടെയും ഇൻഫർമേഷൻ അസിസ്റ്റന്റിന്റേയും യോഗ്യത. ജേണലിസം ബിരുദാനന്തര ബിരുദമുള്ളവർക്കും അപേക്ഷിക്കാം. സബ് എഡിറ്റർ പാനലിൽ അപേക്ഷിക്കുന്നവർക്ക് ഏതെങ്കിലും മാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ പി.ആർ, വാർത്താ വിഭാഗങ്ങളിലോ ഒരു വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാവണം. ഇൻഫർമേഷൻ അസിസ്റ്റന്റിന് പ്രവൃത്തിപരിചയം നിർബന്ധമല്ല. പ്ളസ് ടുവും വീഡിയോ എഡിറ്റിങ്ങിൽ ഡിഗ്രി, ഡിപ്ളോമ, സർട്ടിഫിക്കറ്റ് കോഴ്സും പാസായവർക്ക് കണ്ടന്റ് എഡിറ്റർ പാനലിൽ അപക്ഷിക്കാം. പ്രായപരിധി 35 വയസ് (2024 ജനുവരി 1ന്). ഒരാൾക്ക് ഒരു പാനലിലേക്ക് മാത്രമാണ് അപേക്ഷിക്കാൻ കഴിയുക. വിശദവിവരത്തിന് ഫോൺ: 0471 2518637. വിശദമായ നോട്ടിഫിക്കേഷൻ www.prd.kerala.gov.inൽ ലഭ്യമാണ്.

## ലാബ് ടെക്നീഷ്യൻ ഒഴിവ്

കോട്ടയം: പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ പൈക സാമൂഹികാരോഗ്യകേന്ദ്രം ലബോറട്ടറിയിലെ ലാബ് ടെക്നീഷ്യന്റെ താൽക്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. കേരള പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനോടുകൂടിയ ബി.എസ്.സി.എം.എൽ.റ്റി/ ഡി.എം.എൽ.റ്റി. യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 18ന് ഉച്ചകഴിഞ്ഞ് രണ്ടിന് പൈക സാമൂഹികാരോഗ്യകേന്ദ്രത്തിൽ നടക്കുന്ന അഭിമുഖത്തിന് എത്തണം. വിശദവിവരത്തിന് ഫോൺ: 04822 225347.

## ഫീൽഡ് സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഒഴിവ്

കോട്ടയം: ജില്ലാ മാനസികാരോഗ്യ പരിപാടിയിൽ ഫീൽഡ് സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നീ തസ്തികകളിൽ താൽക്കാലിക നിയമനത്തിന് ജൂലൈ 18 ന് രാവിലെ 11 ന്വോക്ഇൻഇന്റർവ്യൂ നടത്തുന്നു. കോട്ടയം എൻ.എച്ച്.എം. കോൺഫറൻസ് ഹാളിലാണ് ഇന്റർവ്യൂ.ഫീൽഡ് സൈക്യാട്രിസ്റ്റ്യോഗ്യത: ഡി.പി.എം./ എം.ഡി./ ഡി.എൻ.ബി ഇൻ സൈക്യാട്രി. വേതനം 57,525 രൂപ.ക്ലിനിക്കൽ സൈക്കോളജിസ്റ്റ്യോഗ്യത: എം.എ/എം.എസ് സി/ എം.ഫിലും (ക്ലിനിക്കൽ സൈക്കോളജി) ആർ.സി.ഐ. രജിസ്ട്രേഷനും. വേതനം 35,300 രൂപ. താത്പര്യമുള്ളവർ ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം പങ്കെടുക്കണം. ഫോൺ: 0481 2562778.

## എരുമേലി വാവർ സ്കൂളിൽ ശുചിമുറി സമുച്ചയം ഉദ്ഘാടനം ചെയ്തു

എരുമേലി :എരുമേലി വാവർമെമ്മോറിയൽ ഹൈസ്കൂളിൽ കോട്ടയം ജില്ലാ പഞ്ചായത്ത് അനുവദിച്ച ശുചിമുറി സമുച്ചയം ജില്ലാ പഞ്ചായത്ത് അംഗം ശുബേഷ് സുധാകരൻ ഉദ്ഘാടനം ചെയ്തു .പത്തു ലക്ഷം രൂപ അനുവദിച്ചാണ് നിർമ്മാണം പൂർത്തിയാക്കിയത് .മുഹമ്മദ് കുഞ്ഞ് പാടിക്കൽ ,അധ്യക്ഷത വഹിച്ചു .സ്കൂൾ മാനേജർ പി എ ഇർഷാദ് ,നാസർ പനച്ചി ,ഹെഡ്മാസ്റ്റർ ഫൗസിയ അസീസ് ,സി യൂ അബ്ദുൽകരീം ,ഷാഹുൽ ഹാരീസ് എന്നിവർ സംസാരിച്ചു .എരുമേലി ദേവസ്വം ബോർഡ് ഹൈസ്കൂൾ ,സെന്റ് തോമസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ 35 ലക്ഷം രൂപയുടെ സാനിട്ടറി കോംപ്ലെക്സ്കൾ നിർമ്മാണം പൂർത്തീകരിച്ചതായി ജില്ലാ പഞ്ചായത്ത് അംഗം ശുബേഷ് സുധാകരൻ അറിയിച്ചു .

## ഫെയ്സ് സംസ്ഥാന പ്രതിനിധി സമ്മേളനം നാളെ

കോട്ടയം :ഇരുപത് വർഷത്തിലേറെയായി കേന്ദ്ര ,സംസ്ഥാന സർക്കാരുകളുടെ ഓൺലൈൻ സേവനങ്ങൾ പൊതുജനത്തിന് നൽകിവരുന്ന അക്ഷയക്കും സംരംഭകർക്കും നിയമപരിരക്ഷ ഉറപ്പാക്കുവാൻ ഫോറം ഓഫ് അക്ഷയ സെന്റർ എന്റർപ്രെണ്ണേഴ്സ്ഫെയ്സ് സംസ്ഥാന പ്രതിനിധികൾ ഒത്തുചേരുന്നു .കോട്ടയം ദർശന ഓഡിറ്റോറിയത്തിൽ 13 ന് തുറുമുഖ രെജിസ്ട്രേഷൻ മന്ത്രി വി എൻ വാസവൻ സംസ്ഥാന പ്രതിനിധി സമ്മേളനം 10.30 ന് ഉദ്ഘാടനം ചെയ്യും .
ഫെയ്സ് സംസ്ഥാന പ്രസിഡന്റ് സ്റ്റീഫൻ ജോൺ അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ മുഖ്യപ്രഭാഷണം നടത്തും .അക്ഷയ കെയർ കുടുംബസഹായനിധി മരണപ്പെട്ട അക്ഷയ സംരംഭകരുടെ കുടുംബങ്ങൾക്ക് കൈമാറും .സംസ്ഥാന സെക്രട്ടറി സദാനന്ദൻ എ പി പ്രവർത്തന റിപ്പോർട്ടും .സംസ്ഥാന ട്രഷറർ നിഷാന്ത് സി വൈ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിക്കും

## വെള്ളച്ചാട്ടത്തിന്റെ ദൃശ്യവിരുന്നിൽ നൃത്തമാടി വിദേശികൾ

ഈരാറ്റുപേട്ട: ആയിരക്കണക്കിന് സഞ്ചാരികൾ കാഴ്ച ആസ്വദിച്ച് മടങ്ങുമ്പോൾ ദൃശ്യവിരുന്നിന് നന്ദി പറഞ്ഞ് വെള്ളച്ചാട്ടത്തിനു മുന്നിൽ നൃത്തമാടി ഒരുപറ്റം വിദേശികൾ.
ബാംഗ്ലൂരിൽ നടന്ന ആഫ്റോ ലാറ്റിൻ ഫെസ്റ്റ് ഏഷ്യ ആറാമത് എഡിഷനിൽ പങ്കെടുത്ത ഭൂമികയുടെ പൂഞ്ഞാർ ടൂറിസം പെർസ്പെക്ടീവിലെ 'മര്യാദകളുടെ ടൂറിസം' ലക്ഷ്യസ്ഥാനങ്ങളിലൊന്നായ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെ പാതാമ്പുഴയിലെ അരുവിക്കച്ചാലിൽ എത്തിയ പ്രമുഖ കലാകാരന്മാരും കലാകാരികളുമടങ്ങുന്ന സംഘമാണ് വെള്ളച്ചാടത്തിന് സമീപം നൃത്തമാടി നന്ദി പ്രകടിപ്പിച്ചത്.
അമേരിക്ക, കാനഡ, ഇംഗ്ലണ്ട്, റഷ്യ, ജർമ്മനി ഉൾപ്പെടെ ഏഴോളം രാജ്യങ്ങളിൽ നിന്നും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള 17 പേരായിരുന്നു സംഘത്തിലുണ്ടായിരുന്നത്. വെള്ളച്ചാട്ടത്തിൽ കുളിച്ചും പരിസരത്ത് നൃത്തം അവതരിപ്പിക്കും ഏറെ സമയം ചിലവഴിച്ച സംഘം ഭൂമിക നേറ്റീവ് കളക്ടീവായ അരുവിക്കച്ചാൽ നാട്ടുപച്ചയിലെ വനിതാ സംരംഭക ശോഭന തയ്യാറാക്കിയ ഭക്ഷണവും രുചിച്ചാണ് മടങ്ങിയത്. പാലപ്പവും മുട്ടക്കറിയും,


പൂഞ്ഞാറിലെ അരുവിക്കച്ചാൽ വെള്ളച്ചാട്ടത്തിന് മുന്നിൽ വിദേശ സഞ്ചാരികൾ

കൂടാതെ എരിവ് പറ്റാത്തവർക്ക് മുളക് ഇടാത്ത വെജിറ്റബിൾ കറിയും, കടുംകാപ്പിയും കടുംചായയുമൊക്കെ ഭൂമിക നേറ്റീവ് വിൻഡോയ്ക്ക് സമീപം കല്ലിലും കയ്യാലയിലുമൊക്കെയിരുന്ന് കഴിച്ചത് സംഘാംഗങ്ങൾക്ക് വേറിട്ട അനുഭവമായി.
പാതാമ്പുഴ ജംങ്ഷനിലെ ഓട്ടോറിക്ഷകളിൽ സംഘടിപ്പിച്ച സഞ്ചാരികളുടെ പ്രാദേശിക യാത്രയും മറക്കാനാവാത്ത അനുഭവമായതായി സംഘാംഗങ്ങൾ പറഞ്ഞു.
മര്യാദകളുടെ ടൂറിസത്തിന്റെ അർത്ഥവും ആവിഷ്കാരവും അനുഭവിച്ചാണ് സംഘം മടങ്ങിയത്. ആഫ്രോ ലാറ്റിൻ ഫെസ്റ്റ് ഏഷ്യയുടെ സംഘാടകരിൽ ഒരാളായ പാലാ സ്വദേശി ബോണി എം. അവന്നൂരാണ് സഹപ്രവർത്തകരെ പൂഞ്ഞാർ ടൂറിസം പെർസ്പെക്ടീവിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത്


ആരോഗ്യവകുപ്പും ആരോഗ്യകേരളവും ചേർന്ന് രാമപുരം മാർ അഗസ്തീനോസ് കോളജിൽ സംഘടിപ്പിച്ച ജില്ലാതല ലോകജനസംഖ്യ ദിനാചരണ പരിപാടി അഡ്വ. കെ. ഫ്രാൻസിസ് ജോർജ് എം.പി. ഉദ്ഘാടനം ചെയ്യുന്നു.

## സൂപ്പർമാർക്കറ്റിൽ നിന്ന് മദ്യം മോഷ്ടിച്ചയാൾ പിടിയിൽ

കോട്ടയം : ബിവറേജസ് കോർപ്പറേഷന്റെ മണിപ്പുഴയിലെ സൂപ്പർമാർക്കറ്റിൽ നിന്നും മദ്യം മോഷ്ടിച്ചയാളെ പോലീസ് അറസ്റ്റ് ചെയ്തു.
തിരുവനന്തപുരം പേരൂർക്കട സ്വദേശി (വാകത്താനം പുതുശ്ശേരി ഭാഗത്ത് അച്ഛൻപറമ്പിൽ വീട്ടിൽ ഇപ്പോൾ താമസം) റ്റി.എം വിഷ്ണുവിനെയാണ് (30) ചിങ്ങവനം പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ കഴിഞ്ഞ പല ദിവസങ്ങളിലായി കോട്ടയം കോടിമതയിൽ പ്രവർത്തിക്കുന്നബിവറേജസ് കോർപ്പറേഷന്റെ സൂപ്പർ മാർക്കറ്റിൽ നിന്നും 60,000 രൂപ വിലവരുന്ന പല ബ്രാൻഡിലുള്ള മദ്യം ഹെൽമെറ്റ് ധരിച്ച് ഇതിനുള്ളിൽ കടന്ന് മോഷ്ടിച്ചുകൊണ്ട് കടന്നു .


വിഷ്ണു റ്റി.എം

മദ്യം മോഷണം പോയതായി കണ്ടെത്തിയതിനെ തുടർന്ന് ജീവനക്കാർ ചിങ്ങവനം പോലീസിൽ പരാതി നൽകി.
തുടർന്ന് ചിങ്ങവനം പോലീസ് ശാസ്ത്രീയമായ പരിശോധനയിൽ ബൈക്കുമായെത്തിയ യുവാവിനെ തിരിച്ചറിഞ്ഞ് ഇയാളെ പിടികൂടുകയുമായിരുന്നു.
ചിങ്ങവനം സ്റ്റേഷൻ എസ്.ഐ സജീർ, സദക്കത്തുള്ള, എ.എസ്.ഐ അനിൽ, സി.പി.ഒ സത്താർ എന്നിവർ ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്.
ഇയാളെ കോടതിയിൽ ഹാജരാക്കി.


ജൽ ജീവൻ കുത്തിപ്പൊട്ടിച്ച റോഡുകൾ കോൺക്രീറ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് കുറിച്ചി പഞ്ചായത്ത് 1,2 വാർഡുകളിലെ സമര സമിതി നടത്തിയ പ്രക്ഷോഭ പദയാത്ര പുത്തൻ പള്ളി ജംഗ്ഷനിൽ സമര സമിതി ചെയർമാൻ വി ജെ ലാലി ഉത്ഘാടനം ചെയ്യുന്നു

## ജൽ ജീവൻ മിഷൻ പൊട്ടിച്ച റോഡുകൾ നന്നാക്കണം : പദയാത്ര

കുറിച്ചി :ജൽ ജീവൻ മിഷൻ കുത്തിപ്പൊട്ടിച്ച റോഡുകൾ കോൺക്രീറ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് സമര സമിതിയുടെ നേതൃത്വത്തിൽ കുറിച്ചി പഞ്ചായത്തിലെ 1,2 വാർഡുകളിൽ പ്രക്ഷോഭ പദയാത്ര നടത്തി.
ആങ്ങനാട് ജംഗ്ഷനിൽ നിന്നും ആരംഭിച്ച പദയാത്രയും വൈ. എം. എ. ജംഗ്ഷനിൽ നിന്നും ആരംഭിച്ച പദയാത്രയും പുത്തൻപള്ളി ജംഗ്ഷനിൽ സമാപിച്ചു.
ടോമി ഹൈലാൻഡ് കോട്ടജിന്റെ അധ്യക്ഷതയിൽ പുത്തൻ പള്ളി ജംഗ്ഷനിൽ നടന്ന സമ്മേളനം സമര സമിതി ചെയർമാൻ വി ജെ ലാലി ഉദ്ഘാടനം ചെയ്തു.
മണ്ഡലം ചെയർമാൻ ആർ രാജഗോപാൽ മുഖ്യപ്രസംഗം നടത്തി.
ജിക്കു കുര്യാക്കോസ്, ജെയിംസ് കാലാവടക്കൻ, സി ഡി വത്സപ്പൻ, എൻ ഡി ബാലകൃഷ്ണൻ, നിജു വാണിയപ്പുര, റോയ് ചാണ്ടി, സുശീല രാജൻ, അമ്മാൾ പി, ജയശ്രീ ആർ, സൂസൻ അമ്പലക്കടവിൽ, ഡെയ്സി മുക്കാട്ടുതറ, പുന്നൂസ് തോമസ് നായിക്കോട, പി ജി വർഗീസ് പാവത്തുശ്ശേരി, മാത്തുകുട്ടി പൂവക്കളം, തോമസ് രാജൻ, പി എസ് വർഗീസ്, രാജു കൊച്ചില്ലി,സജി കിഴക്കേടത്ത്, കുര്യാക്കോസ് പീടികപറമ്പിൽ,ഹരികുമാർ മുട്ടത്ത്, ബെന്നി പൊക്കത്തിൽ, സോമകുമാർ ഞങ്ങനാട്ട് എന്നിവർ പ്രസംഗിച്ചു.

## രൂക്ഷമായ വിലക്കയറ്റത്തിനെതിരെ സിഎസ്ഡിഎസ് മാർച്ച് ഇന്ന്

പത്തനംതിട്ട :സമസ്ത മേഖലയിലും തുടരുന്ന രൂക്ഷമായ വിലക്കയറ്റത്തിനെതിരെ ചേരമ സാംബവ ഡെവലപ്മെന്റ് സൊസൈറ്റി ( സി എസ് ഡി എസ് ) പത്തനംതിട്ട ജില്ലയിലെ താലൂക്ക് കമ്മിറ്റികളുടെ നേതൃത്വത്തിൽ പത്തനംതിട്ട കളക്ടറേറ്റിലേയ്ക്ക് ഇന്ന് മാർച്ചും ധർണ്ണയും നടത്തും.
രാവിലെ 10 മണിക്ക് സെന്റ് പീറ്റേഴ്സ് ജംഗ്ഷനിൽ നിന്നും മാർച്ച് ആരംഭിക്കും. തുടർന്ന് കളക്ടറേറ്റിന് പടിക്കൽ നടക്കുന്ന ധർണ്ണ സി എസ് ഡി എസ് സംസ്ഥാന ജനറൽ സെക്രട്ടറി സുനിൽ കെ തങ്കപ്പൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന സെക്രട്ടറി എംസി ചന്ദ്രബോസ് അധ്യക്ഷത വഹിക്കും. സംസ്ഥാന കമ്മിറ്റി അംഗം തോമസുകുട്ടി പെരുന്തുരുത്തി,താലൂക്ക് കമ്മിറ്റി ഭാരവാഹികളായ മാത്യു സൈമൺ, ബ്രില്ലിയന്റ് മാത്യു, ഒ കെ ശശി, കെ കെ ഷാജി, സാബു കുളമൺകുഴി, പിസി ജോൺസൺ, സുരേഷ് മണക്കാല, അടൂർ രാമകൃഷ്ണൻ തുടങ്ങിയവർ നേതൃത്വം നൽകും.

## എം.എസ്.എസ് ദക്ഷിണമേഖലാ സമ്മേളനം 14ന് കങ്ങഴയിൽ

കോട്ടയം: മുസ്‌ലീം സർവ്വീസ് സൊസൈറ്റി ( എം എസ് എസ് ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ അഞ്ചു ജില്ലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ദക്ഷിണ മേഖലാ സമ്മേളനം വിവിധ പരിപാടികളോടെ 14 ന് കങ്ങഴ എം.എസ്.എസ് കൾചറൽ സെന്ററിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.
14ന് രാവിലെ 9 മണിക്ക് എം. എസ്. എസ്. സംസ്ഥാന പ്രസിഡന്റ് ഡോ. പി. ഉണ്ണീൻ പതാക ഉയർത്തുന്നതോടുകൂടി സമ്മേളനം ആരംഭിക്കും. 10 മണിക്ക് ആന്റോ ആന്റണി എം. പി. സമ്മേളനം ഉദ്ഘാടനം ചെയ്യും. മുഖ്യാതിഥിയായി കൊടിക്കുന്നിൽ സുരേഷ് എം. പി. പങ്കെടുക്കും. സാമൂഹ്യമുന്നേറ്റം മാനവികതയിലൂടെ എന്ന വിഷയം സംസ്ഥാന ജനറൽ സെക്രട്ടറി എൻജിനീയർ പി. മമ്മദ് കോയ അവതരിപ്പിക്കും. 11 മണിക്ക് 'അവസര സമത്വവും ഇന്ത്യൻ ഭരണഘടനയും' സെമിനാർ മുസ്‌ലീം ലീഗ് സംസ്ഥാന സെക്രട്ടറി അഡ്വ. മുഹമ്മദ് ഷാ ഉദ്ഘാടനം ചെയ്യും.
സംസ്ഥാന വൈസ് പ്രസിഡന്റ് റ്റി. എസ്. നിസ്സാമുദ്ദീന്റെ അദ്ധ്യക്ഷതയിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുൻ ഡയറക്ടർ പ്രൊഫ. (ഡോ.) പി.നസീർ വിഷയം അവതരിപ്പിക്കും. 12 മണിക്ക് ഗവ.അഡീ. സെക്രട്ടറി (റിട്ട.) സി. പി. അജ്മലിന്റെ അദ്ധ്യക്ഷതയിൽ സാംസ്കാരിക സമ്മേളനം ചങ്ങനാശ്ശേരി പുതൂർപ്പള്ളി ചീഫ് ഇമാം ഡോ.അർഷദ് ബാഖവി ഉദ്ഘാടനം ചെയ്യും.
ഉച്ചകഴിഞ്ഞ് 2 മണിക്ക് വനിതാ വിഭാഗം കോട്ടയം ജില്ലാ പ്രസിഡന്റ് എം. എം. ഷീബാമോളുടെ അദ്ധ്യക്ഷതയിൽ വനിതാസംഗമം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. വി. ബിന്ദു ഉദ്ഘാടനം ചെയ്യും. കങ്ങഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. എസ്. റംല ബീഗം മുഖ്യാതിഥിയായി പങ്കെടുക്കും.
നിസാ അബ്ബാസ് മുഖ്യപ്രഭാഷണം നടത്തും. 3 മണിക്ക് സമാപന സമ്മേളനം ഗവ.ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഉദ്ഘാടനം ചെയ്യും. കോട്ടയം ജില്ലാ പ്രസിഡന്റ് ജമാലുദ്ദീൻ വാഴത്തറയിൽ അദ്ധ്യക്ഷത വഹിക്കും. വിവിധ സെക്ഷനുകളിൽ സംസ്ഥാന ജില്ലാ ഭാരവാഹികൾ പ്രസംഗിക്കും.
വാർത്താസമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി എൻ ഹബീബ് , ജില്ലാ പ്രസിഡന്റ്,ജമാലുദ്ദീൻ വാഴത്തറയിൽ, സെക്രട്ടറി കെ. എസ്. ഹലീൽ റഹിമാൻ , ട്രഷറർ എസ്. എ. ഷംസുദ്ദീൻ , കെ. എം. എ. സലിം, ഷാഹുൽ ഹമീദ് വണ്ടാനം എന്നിവർ പങ്കെടുത്തു.

## ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമ വാർഷികം ഡി.സി.സി വിപുലമായി ആചരിക്കും

കോട്ടയം: ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമ വാർഷികം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിപുലമായി ആചരിക്കും.
18നാണ് ഉമ്മൻചാണ്ടിയുടെ ഒന്നാം ചരമവാർഷികദിനം. രാവിലെ ഒമ്പതിന് 1564 ബൂത്തുകളിലും ഉമ്മൻചാണ്ടിയുടെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തും. ഉച്ചകഴിഞ്ഞു മൂന്നിനു മാമ്മൻ മാപ്പിള ഹാളിൽ ചേരുന്ന അനുസ്മരണസമ്മേളനം എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.
കെപിസിസി അധ്യക്ഷൻ കെ. സുധാകരൻ അധ്യക്ഷതവഹിക്കും. പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, രമേശ് ചെന്നിത്തല തുടങ്ങിയവർ പങ്കെടുക്കും.
ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി രൂപവത്കരിച്ച ഉമ്മൻ ചാണ്ടി ഫൗണ്ടേഷന്റെ ഉദ്ഘാടനവും നടക്കും. ജീവകാരുണ്യ പ്രവർത്തനങ്ങൾ കൂടി പ്രവർത്തനത്തിൽ ഉൾപ്പെടുത്താൻ ഡിസിസി തീരുമാനിച്ചു.
ഇതിനായി രൂപവത്കരിച്ച സൊസൈറ്റിയുടെ ഉദ്ഘാടനവും നിർവഹിക്കും. ഡിസിസിയുടെ പുതിയ ഓഫീസ് ഉമ്മൻ ചാണ്ടി സ്മാരക മന്ദിരമായി നിർമിക്കാനാണു തീരുമാനം. മന്ദിരനിർമാണത്തിന്റെ പ്രഖ്യാപനവും അന്നുണ്ടാകും. 18, 19 തീയതികളിൽ ഉമ്മൻചാണ്ടിയുടെ രാഷ്ട്രീയ, വ്യക്തിജീവിതത്തിലെ പ്രധാന നിമിഷങ്ങൾ ഉൾക്കൊള്ളിച്ചു 100 ചിത്രങ്ങളുടെ പ്രദർശനവും മാമ്മൻ മാപ്പിള സ്മാരക ഓഡിറ്റോറിയത്തിൽ നടത്തും. ജൂലൈ 30 വരെ മണ്ഡലം ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ അനാഥ മന്ദിരങ്ങളിൽ ഭക്ഷണവിതരണം, രക്തദാന ക്യാമ്പുകൾ, രക്തദാനസേന രൂപവത്കരണം തുടങ്ങി വിവിധ സാമൂഹിക ക്ഷേമ പരിപാടികളും നടത്തും.
പത്രസമ്മേളനത്തിൽ ഡിസിസി പ്രസിഡന്റ് നാട്ടകം സുരേഷ്, കെപിസിസി ജനറൽ സെക്രട്ടറിമാരായ ജോസി സെബാസ്റ്റ്യൻ, പി.എ. സലിം എന്നിവരും പങ്കെടുത്തു.



പത്തനംതിട്ടയിൽ നടത്തിയ സയ്യിദ് കുറാ തങ്ങൾ അനുസ്മരണ സമ്മേളനം കേരള മുസ്ലീം ജമാഅത്ത് ജില്ലാ പ്രസിഡന്റ് അഷ്റഫ് ഹാജി അലങ്കാർ ഉദ്ഘാടനം ചെയ്യുന്നു.

## സയ്യിദ് കുറാ തങ്ങൾ അനുസ്മരണവും പ്രാർത്ഥനാ സംഗമവും

പത്തനംതിട്ട: സമസ്ത കേന്ദ്ര മുശാവറ അംഗവും ദക്ഷിണ കന്നഡ സംയുക്ത ഖാളിയുമായ സയ്യിദ് ഫസൽ കോയമ്മ തങ്ങൾ(കുറാ തങ്ങൾ ) അനുസ്മരണവും പ്രാർത്ഥനാ സംഗമവും സംഘടിപ്പിച്ചു.
കേളരള മുസ്‌ലീം ജമാഅത്ത്,എസ് വൈ എസ് പത്തനംതിട്ട ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്, കേരള മുസ്‌ലീം ജമാഅത്ത് ജില്ലാ പ്രസിഡന്റ് അഷ്റഫ് ഹാജി അലങ്കാർ ഉദ്ഘാടനം ചെയ്തു. സുധീർ വഴിമുക്ക് അധ്യക്ഷത വഹിച്ചു.എസ് വൈ എസ് ജില്ലാ പ്രസിഡന്റ് സലാഹുദ്ദീൻ മദനി അനുസ്മരണ പ്രഭാഷണം നടത്തി, സയ്യിദ് ബാഫഖ്റുദ്ദീൻ ബുഖാരി കടലുണ്ടി പ്രാർത്ഥനാ സംഗമത്തിന് നേതൃത്വം നൽകി

## കോട്ടയം ജനറൽ ആശുപത്രി ഇ ഹെൽത്ത്പ്രവർത്തന പദ്ധതി ഉദ്ഘാടനം ഇന്ന്

കോട്ടയം: കോട്ടയം ജനറൽ ആശുപത്രിയിൽ ഇഹെൽത്ത് പദ്ധതി ആരംഭിക്കാനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാനായി തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 54.30 ലക്ഷം രൂപ ചെലവഴിച്ച് നടപ്പാക്കിയ പദ്ധതികളുടെ പ്രവർത്തന ഉദ്ഘാടനം ഇന്ന് നടക്കും.
രാവിലെ 10.30ന് ഒ.പി. കൗണ്ടറിന് സമീപം നടക്കുന്ന ചടങ്ങിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ പദ്ധതി ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു അധ്യക്ഷയാകും.
നോഡൽ ഓഫീസർ ഡോ. എം. മനു പദ്ധതി വിശദീകരിക്കും. പദ്ധതിയുടെ പൂർത്തീകരണത്തിന് മേൽനോട്ടം വഹിച്ച ഡോ. ലിന്റോ ലാസറിനെ ഉപഹാരം നൽകി ആദരിക്കും.
പൊതുജനങ്ങളുടെ ആരോഗ്യപരിരക്ഷ ഫലപ്രദമായി ഉറപ്പുവരുത്താനും ആരോഗ്യസംരക്ഷണ വിവരങ്ങളുടെ കേന്ദ്രീകൃത ഡാറ്റാ ബേസ് സൃഷ്ടിക്കാനുമായി ഐ.ടി. മേഖലയുടെ പരമാവധി സാധ്യത ഉപയോഗപ്പെടുത്തി സർക്കാർ വിഭാവനം ചെയ്തതാണ് ഇഹെൽത്ത് പദ്ധതി. വീട്ടിലിരുന്ന് ഒ.പി. ടിക്കറ്റ് ഓൺലൈനായി എടുക്കാനും ആശുപത്രി അപ്പോയ്മെന്റ് എടുക്കാനും ഇതിലൂടെ കഴിയും.
ഇഹെൽത്ത് പദ്ധതി നടപ്പാക്കുന്നതിനായി നെറ്റ് വർക്കിങ്, യു.പി.എസ്. വാങ്ങൽ, കേബിളിങ് ജോലികൾ എന്നിവയ്ക്കായാണ് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 54.30 ലക്ഷം രൂപ അനുവദിച്ചത്.

## പുരാവസ്തു വിൽപ്പന: രജിസ്റ്റർ ചെയ്യാം

കോട്ടയം: ജില്ലയിൽ പുരാവസ്തുക്കൾ വിൽപ്പന നടത്തുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനം/വ്യക്തികൾക്ക് ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്യാം. ജൂലൈ 31 വരെയാണ് അപേക്ഷ സ്വീകരിക്കുക. വിശദവിവരത്തിന് ഫോൺ: 0481 2524343, 9633992977.


സി ബി എസ് ഇ 10ാം ക്ലാസ്സ് പരീക്ഷയിൽ പുനർമൂല്യനിർണയത്തിൽ എല്ലാ വിഷയങ്ങൾക്കും എ വൺ നേടിയ ടെസ്സ ജോമോൻ (ലൂർദ് പബ്ലിക് സ്കൂൾ കോട്ടയം)

## അഭിമുഖം മാറ്റിവച്ചു

കോട്ടയം: ജില്ലയിലെ തെരഞ്ഞെടുത്ത സർക്കാർ പ്രൈമറി സ്കൂൾ വിദ്യാർഥികളുടെ ഇംഗ്ലീഷ് പരിജ്ഞാനം വർധിപ്പിക്കാനായി നടപ്പാക്കുന്ന ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം പദ്ധതിയിലേക്ക് റിസോഴ്സ് അധ്യാപകരെ തെരഞ്ഞെടുക്കുന്നതിന് 17ന് രാവിലെ 10.30 ന് നിശ്ചയിച്ചിരുന്ന വോക്ഇൻ ഇന്റർവ്യൂ സാങ്കേതിക കാരണങ്ങളാൽ ജൂലൈ 22 ന് രാവിലെ 10.30 ലേക്ക് മാറ്റിവച്ചു.

## സൗജന്യ കമ്പ്യൂട്ടർ പരിശീലനം

എരുമേലി എസ് എസ് എൽ സി പ്ലസ് ടു പരാജിതർക്കായി കേന്ദ്ര സർക്കാർ അംഗീകൃത സർട്ടിഫിക്കേഷനോട് കൂടിയ മൂന്നു മാസം ദൈർഘ്യമുള്ള അസിസ്റ്റന്റ്കമ്പ്യൂട്ടർ ഓപ്പറേറ്റർ കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9947973799, 9747319646

## സ്കിൽകമ്മിറ്റി യോഗം

കോട്ടയം: ജില്ലാ സ്കിൽ കമ്മിറ്റിയുടെ യോഗം ജൂലൈ 15ന് രാവിലെ 11ന് ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് വീഡിയോ കോൺഫറൻസ് ഹാളിൽ ചേരുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## ആയുഷ് കേന്ദ്രത്തിൽ ഒഴിവുകൾ

കോട്ടയം: നാഷണൽ ആയുഷ് മിഷന്റെ കീഴിൽ കോട്ടയം ജില്ലയിലെ വിവിധ ആയുഷ് സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ യോഗ ഡെമോൺസ്ട്രേറ്റർ, യോഗ ഇൻസ്ട്രക്ടർ, ലാബ് ടെക്നീഷ്യൻ, മൾട്ടിപർപ്പസ് വർക്കർ കം ക്ലീനർ തസ്തികകളിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ജൂലൈ 20 ന് വൈകിട്ട് അഞ്ചിനകം അപേക്ഷ നൽകണം. ഫോൺ: 0481 2991918.

## റെയിൽവെ ഗേറ്റ് അടച്ചിടും

ആലപ്പുഴ: ചേർത്തല ആലപ്പുഴ റെയിൽവെ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് ജൂലൈ 12ന് ഉച്ചയ്ക്ക് ഒരുമണി മുതൽ 13ന് വൈകുന്നേരം ആറ് വരെ അറ്റകുറ്റ പണികൾക്കായി അടച്ചിടും. വാഹനങ്ങൾ ലെവൽ ക്രോസ് നമ്പർ: 45 (പൂപ്പള്ളിക്കാവ് അമ്പല ഗേറ്റ്) വഴിയോ ലെവൽ ക്രോസ് നമ്പർ: 48 (പ്രീതികുളങ്ങര ഗേറ്റ്) വഴിയോ പോകണം.

ആലപ്പുഴ: ആലപ്പുഴഅമ്പലപ്പുഴ റെയിൽവെ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് നമ്പർ 84 (മാധവൻമുക്ക് ഗേറ്റ്) ജൂലൈ 15ന് വൈകുന്നേരം ആറ് വരെ അറ്റകുറ്റ പണികൾക്കായി അടച്ചിടും.

വാഹനങ്ങൾ ലെവൽ ക്രോസ് നമ്പർ: 87 (വളഞ്ഞവഴി ഗേറ്റ്) വഴി പോകണം.

ആലപ്പുഴ: കുമ്പളംചേർത്തല റെയിൽവെ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് ജൂലൈ 12ന് രാവിലെ എട്ട് മണി മുതൽ വൈകുന്നേരം ആറ് വരെ അറ്റകുറ്റ പണികൾക്കായി അടച്ചിടും. വാഹനങ്ങൾ ലെവൽ ക്രോസ് നമ്പർ: 21 (തഴപ്പ് ഗേറ്റ്) വഴിയോ ലെവൽ ക്രോസ് നമ്പർ: 24 (പുത്തൻചന്ത ഗേറ്റ്) വഴിയോ പോകണം.




## സ്പോട്ട് അഡ്മിഷൻ

ആലപ്പുഴ: കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക് കോളജിൽ രണ്ട് വർഷ ലാറ്ററൽ എൻട്രി വഴിയുള്ള ഡിപ്ലോമ എഞ്ചിനീയറിംഗ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്ലസ്ടു സയൻസ്/രണ്ട് വർഷ ഐ.ടി.ഐ. (50 ശതമാനം മാർക്ക്). എസ്.ഐ.ടി.ടി.ടി.ആർ. മുഖേന രജിസ്റ്റർ ചെയ്തവർക്കും അല്ലാത്തവർക്കും പങ്കെടുക്കാം. ഫോൺ 0476 2623597, 9447488348.

# ആലപ്പുഴ വാർത്തകൾ

# മാന്നാർ കൊലപാതകം പ്രതികൾ റിമാൻഡിൽ

മാന്നാർ: 15 വർഷം മുമ്പ് കാണാതായ ചെന്നിത്തല ഇരമത്തൂർ പായിക്കാട്ട് മീനത്തേതിൽ കലയെ കൊന്നു സെപ്റ്റിക് ടാങ്കിൽ കുഴിച്ചുമൂടിയ സംഭവത്തിൽ അറസ്റ്റ് ചെയ്ത പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

കേസിലെ രണ്ടും മൂന്നും നാലും പ്രതികളായ ചെന്നിത്തല ഇരമത്തൂർ കണ്ണമ്പള്ളിൽ ജിനു ഗോപി, കണ്ണമ്പള്ളിൽ സോമരാജൻ, കണ്ണമ്പള്ളിൽ പ്രമോദ് എന്നിവരെയാണ് റിമാൻഡ് ചെയ്ത് മാവേലിക്കര സബ്ജയിലിൽ ആക്കിയത്. ആറ് ദിവസത്തെ കസ്റ്റഡി കാലാവധി അവസാനിച്ചതിനെ തുടർന്ന് കഴിഞ്ഞ തിങ്കളാഴ്ച കോടതിയിൽ ഹാജരാക്കി വീണ്ടും മൂന്നു ദിവസത്തേക്ക് പൊലീസ് കസ്റ്റഡിയിൽ വാങ്ങിയ പ്രതികളുടെ കസ്റ്റഡി കാലാവധി ഇന്നലെ അവസാനിക്കുകയായിരുന്നു. തുടർന്ന് രാവിലെ 11 മണിയോടു കൂടി ചെങ്ങന്നൂർ ജുഡിഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് അനുപമ എസ്.പിള്ള മുമ്പാകെ ഹാജരാക്കിയ പ്രതികളെ 14 ദിവസത്തേക്ക് കൂടി കോടതി റിമാൻഡ് ചെയ്യുകയായിരുന്നു. പ്രതികൾക്ക് വേണ്ടി അഡ്വ.സുരേഷ് മത്തായി ഹാജരായി കോടതിയിൽ ജാമ്യാപേക്ഷ നൽകി. ജാമ്യ ഹർജി ഇന്ന് കോടതി പരിഗണിക്കും. ഒന്നാം പ്രതി കലയുടെ ഭർത്താവ് അനിലിനെ ഇസ്രാഈലിൽ നിന്നും നാട്ടിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കിയതായി പൊലീസ് പറഞ്ഞു.



ചെന്നിത്തല ഇരമത്തൂർ പായിക്കാട്ട് മീനത്തേതിൽ കലയെ കൊലപ്പെടുത്തിയ കേസിലെ പ്രതികളെ റിമാൻഡ് ചെയ്തതിനെ തുടർന്ന് ജയിലിലേക്ക് മാറ്റുന്നു

## ജലവിതരണം യുദ്ധകാല അടിസ്ഥാനത്തിൽ പുന:സ്ഥാപിക്കണം: കെ.സി

ആലപ്പുഴ: പൊട്ടിയ പൈപ്പുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി എത്രയും വേഗം ചേർത്തല നഗരസഭയിലേയും സമീപത്തെ ആറു പഞ്ചായത്തിലേയും മുടങ്ങിയ ജലവിതരണം പുനഃസ്ഥാപിപ്പിക്കണമെന്ന് കെ.സി.വേണുഗോപാൽ എംപി.

അറ്റകുറ്റപണികൾ അടിയന്തരമായി പൂർത്തിയാക്കി ജലവിതരണം സാധാരണ നിലയിലാക്കാൻ അടിയന്തര ഇടപെടൽ തേടി ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന് എം.പി. കത്തു നൽകി.

ചേർത്തല നഗരസഭയ്ക്ക് പുറമെ, പള്ളിപ്പുറം,ചേർത്തല തെക്ക്,തണ്ണീർമുക്കം,മുഹമ്മ,കഞ്ഞിക്കുഴി,മാരാരിക്കുളം വടക്ക് പഞ്ചായത്തുകളിലായി 80000ത്തോളം കുടുംബങ്ങൾക്കാണ് വെള്ളം കുടിമുട്ടിയത്.

തുടർച്ചയായി പൈപ്പ് പൊട്ടി ജലവിതരണം മുടങ്ങുന്നത് ഇവിടെത്തെ ജനജീവിതം ദുസ്സഹമാക്കി.ശുദ്ധജലം വിതരണം മുടങ്ങിയതോടെ ഈ പ്രദേശവാസികൾ മറ്റിടങ്ങളിലേക്ക് താമസം മാറ്റുന്ന സാഹചര്യമാണ്.

പള്ളിപ്പുറം, പാണാവള്ളി ഭാഗങ്ങളിൽ പ്രധാന പൈപ്പ് പൊട്ടിയിട്ട് അഞ്ച് ദിവസം ജലവകുപ്പ് ഉദ്യോഗസ്ഥർ തിരിഞ്ഞു നോക്കിയില്ല.യുദ്ധകാല അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണി തീർത്ത് ജലവിതരണം പുനഃസ്ഥാപിക്കുന്നതിൽ ഉണ്ടായ ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് ഈ പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കിയത്. ജനം പ്രതിഷേധിക്കുമ്പോൾ മാത്രമാണ് ഉദ്യോഗസ്ഥതലത്തിലുള്ള ഇടപെടലുണ്ടാകുന്നത്.

കരാറുകാരുടെ പേരിൽ കുറ്റം ചുമത്തി തടിതപ്പാനുള്ള ഉദ്യോഗസ്ഥരുടെ നടപടി പ്രതിഷേധാർഹമാണ്. എത്രയും വേഗം ജനങ്ങളുടെ ദുരിതത്തിന് അറുതിവരുത്താനുള്ള നടപടി സ്വീകരിക്കണമെന്നും കെ.സി.വേണുഗോപാൽ കത്തിൽ ആവശ്യപ്പെട്ടു.

## താറാവ് കർഷകരുടെ ആശങ്കകൾ പരിഹരിക്കണം: കൊടിക്കുന്നിൽ

കുട്ടനാട്: കുട്ടനാട്ടിലെ താറാവ് കർഷകരുടെ ആശങ്കകൾ പരിഹരിക്കണമെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി. കുട്ടനാട്ടിലെ പക്ഷിപ്പനി സംബന്ധിച്ച് വിദഗ്ധസമിതി നൽകിയ റിപ്പോർട്ട് വസ്തുത വിരുദ്ധം എന്ന് കുട്ടനാട് തലവടിയിൽ താറാവ് കർഷകരുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം കൊടിക്കുന്നിൽ സുരേഷ് അഭിപ്രായപ്പെട്ടു. രോഗമുള്ള താറാവിനെ മാത്രം കൊല്ലുന്നതിനു പകരം രോഗമില്ലാത്ത താറാവുകളെ അടക്കം കൊല്ലുന്നത് പ്രാകൃത നടപടിയും കുട്ടനാട്ടിലുള്ള ആയിരക്കണക്കിന് താറാവ് കർഷകരുടെ ഉപജീവനമാർഗ്ഗം ഇല്ലാതാക്കുന്ന നടപടിയും ആണെന്ന് അദ്ദേഹം ആരോപിച്ചു.പക്ഷിപ്പനി മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട കർഷകരുടെ സാമ്പത്തിക ബാധ്യതകൾ എഴുതി തള്ളണമെന്നും താറാവുകൾക്ക് രോഗം വരാതിരിക്കാനുള്ള മരുന്നുകൾ സർക്കാർതലത്തിൽ വിതരണം ചെയ്യണമെന്നും താറാവിനുള്ള തീറ്റ സബ്സിഡിയായി സർക്കാർ നൽകണമെന്നും കൊടിക്കുന്നിൽ ആവശ്യപ്പെട്ടു. അടുത്തയാഴ്ച മുഖ്യമന്ത്രി വിളിച്ചു ചേർക്കുന്ന എംപിമാരുടെ യോഗത്തിൽ കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ ഉന്നയിക്കുമെന്നും താറാവ് കർഷകരുമായുള്ള കൂടിക്കാഴ്ചയിൽ അദ്ദേഹം അറിയിച്ചു. ഐക്യ താറാവ് കർഷക സംഘം ആലപ്പുഴ ജില്ല സെക്രട്ടറി കെ. സാമുവൽ, താറാവ് കർഷകരായ നിധിൻ മാതു, പുഷ്പ കുട്ടപ്പൻ,കെ വി മാത്യുള്ള, കെ വി വർഗീസ്, ചന്ദ്രൻ ദാമോദരൻ, പി വി സാമുവേൽ, സജൻ പി വർഗീസ്, രാജു തോമസ്, ഗീവർഗീസ് നൈനാപാടം, ഡിസിസി വൈസ് പ്രസിഡന്റ് സജി ജോസഫ്, മണ്ഡലം പ്രസിഡന്റ്മാരായ ജോയി ചക്കനാട്, വർഗിസ് കോലത്തു പറമ്പിൽ, ജനപ്രധിനിധികളായ അജിത് കുമാർ പിഷാരത്,സുജാ സ്റ്റീഫൻ അലക്സ്, തങ്കച്ചൻ അട്ടിപറമ്പിൽ, പാപ്പച്ചൻ എക്കപ്പുറം,സിബി പാണ്ടിയിൽ,അലക്സ് മാത്യൂസ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## സഹകരണ ബാങ്കുകളിലെ നിക്ഷേപതുക അട്ടിമറി : ഭരണസമിതികൾക്കെതിരെ നടപടി വേണം

ചെങ്ങന്നൂർ : സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപതുക അട്ടിമറിച്ചതിലൂടെ സഹകരണ മേഖലയാകെ തകർത്ത ഭരണസമിതികൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ കേന്ദ്ര, സംസ്ഥാന ഗവണ്മെന്റു കൾ തയ്യാറാകണെമെന്ന് കോൺഗ്രസ് ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റ് കെ. ആർ. സജീവൻ ആവശ്യപ്പെട്ടു.സഹകരണമേഖലയിലെ നിക്ഷേപകൂട്ടായ്മ നിയോജക മണ്ഡലം കോ ഓർഡിനേഷൻ കമ്മിറ്റി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചെങ്ങന്നൂർ താലൂക്കിലെ വിവിധ സർവീസ് സഹകരണ ബാങ്കുകളിലെ കോടിക്കണക്കിനു രൂപയുടെ നിക്ഷേപ തുകയാണ് അട്ടിമറിക്കപ്പെട്ടത്. തങ്ങളുടെ നിക്ഷേപ തുക തിരിച്ചു ലഭിക്കാത്ത സാഹചര്യം പലർക്കും ആത്മഹത്യാപരമാണ്. നൂറുകണക്കിനു നിക്ഷേപകരാണ് തങ്ങളുടെ അടിയന്തരാവശ്യങ്ങൾക്കുപോലും പണം കിട്ടാതെ വലയുന്നത്.മക്കളുടെ വിദ്യാഭ്യാസം, വിവാഹം, വീടുപണികൾ, ചികിത്സാ ചെലവുകൾ എന്നിവയ്ക്കായി അവർ നെട്ടോട്ടമോടുയാണ്. ഈ ദയനീയാവസ്ഥയ്ക്കു നേരെ കണ്ണടയ്ക്കുന്നത് നീതി നിഷേധമാണെന്നും സജീവൻ ചൂണ്ടിക്കാട്ടി. കൂട്ടായ്മ കോഓർഡിനേഷൻ ചെയർമാൻ കെ.ബി.യശോധരൻ അധ്യക്ഷനായി. സുനിൽ കോംപ്രട്ട് (കൺവീനർ), പി.ഡി.വാസുദേവൻ, (വൈസ് ചെയർമാൻ)തോമസ്. എം. ജോർജ്. വി. സി.കൃഷ്ണൻ കുട്ടി, എന്നിവരെ വൈസ് ചെയർമാൻമാരായും, ഉണ്ണികൃഷ്ണപിള്ള, സുധർമ എന്നിവരെ ജോയിന്റ് കൺവീനർ മാരായും. ഡോ.സൈലസ്, കെ. ജെ.ജോൺസൺ, ജോയ് പി.ചാക്കോ, എം.കെ. പ്രസന്നൻ. വി.കലാധരൻ, എം.ജി.ഹരിദാസ് എന്നിവരെ കമ്മിറ്റി അംഗങ്ങളായും തെരെഞ്ഞെടുത്തു.

## പൊന്നോണത്തെ വരവേൽക്കാൻ വിഷരഹിത ജൈവകൃഷി

ആലപ്പുഴ: വിഷരഹിത പൊന്നോണത്തെ വരവേൽക്കാൻ ആലിശേരി ഒരുങ്ങുന്നു. ആലിശ്ശേരി വാർഡിലെ ഒരോ വീട്ടിലും പച്ചക്കറി തൈകളും ചെണ്ടുമല്ലിയും നട്ടുവളർത്തി ഓണത്തിനു വിളവെടുക്കുകയാണ് ലക്ഷ്യം. ഇതിനായി ജൈവ വളവും, ചകിരി ചോറും, മണ്ണും എല്ലുപൊടിയും നിറച്ച ഗ്രോ ബാഗും തൈകളും തയ്യാറാക്കി എല്ലാ വീടുകൾക്കും നൽകുന്ന പദ്ധതിക്ക് തുടക്കമായി. വെണ്ടയും വഴുതനയും പച്ചമുളകും തക്കാളിയും സാലഡറ വെള്ളരിയും കൂടാതെ ചെണ്ടുമല്ലിയും ഉൾപ്പടെ ഒരോ വീടിനും 25 തൈകൾ വീതമാണ് പദ്ധതിയുടെ ഭാഗമായി നൽകുക. പരിപാടിയുടെ ഉദ്ഘാടനം യുവ കർഷകൻ സുജിത്ത് നിർവഹിച്ചു. നഗരസഭ വൈസ് ചെയർമാൻ പി എസ് എം ഹുസൈൻ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി അധ്യക്ഷ ആർ വിനിത, കൗൺസിലർമാരായ എൽജിൻ റിച്ചാർഡ്, പ്രഭ ശശികുമാർ, സിമി ഷാഫി ഖാൻ, രാഖി രജികുമാർ, ക്ലാരമ്മ പീറ്റർ, വികസന സമിതി ഭാരവാഹികളായ എ ആർ രങ്കൻ, നൗഷാദ്, എന്നിവർ സംസാരിച്ചു. മുംതാസ്, ഹേമലത, നബീസ അക്ബർ, സുജിത്ത്, ഷാജി, നവ്യ എന്നിവർ നേതൃത്വം നൽകി.

## പ്രതിക്കായി അന്വേഷണം

അമ്പലപ്പുഴ: കടയിൽ മോഷണം നടത്തിയയാളെ തേടി പോലീസ്. കഴിഞ്ഞ ദിവസം വളഞ്ഞവഴി റെയിൽവെ ക്രോസിന് സമീപം ഗൗരൂസ് സ്റ്റേഷനറി കടയിലാണ് രാത്രിയിൽ മോഷണം നടന്നത്. കടയുടമ സുഷമ പുലർച്ചെ കട തുറക്കാനെത്തിയപ്പോഴാണ് മോഷണ വിവരമറിയുന്നത്. കടയുടെ ഷട്ടറിന്റെ താഴ് തകർത്ത് ഉടുപ്പ് ധരിക്കാത്ത ഒരാൾ ടോർച്ചുമായി കടക്കുള്ളിൽ കയറുന്നത് കടയിലെ സി സി ടി വിയിൽ പതിഞ്ഞിട്ടുണ്ട്.

## വന്നത് ബണ്ടി ചോറല്ല; സേന ഉദ്യോഗസ്ഥൻ

അമ്പലപ്പുഴ: കുപ്രസിദ്ധ മോഷ്ടാവ് ബണ്ടി ചോറിന്റെതെന്ന് സംശയിക്കുന്ന ദൃശ്യങ്ങൾ ഇൻഡോ ടിബറ്റൺ ബോർഡലിലെ സേനാ ഉദ്യോഗസ്ഥന്റേതെന്ന് പോലീസ് കണ്ടെത്തി. ബണ്ടി ചോറിന്റെ രൂപസാദൃശ്യമുള്ള ഇദ്ദേഹം മാവേലിക്കര സ്വദേശിയാണ്. ഇതോടെ ജനത്തിന്റെ ഭീതി വിട്ടൊഴിഞ്ഞു.

കഴിഞ്ഞ ദിവസമാണ് നീർക്കുന്നത്തെ ബാറിൽ നിന്ന് ബണ്ടി ചോറിന്റെതെന്ന് തോന്നിക്കുന്നയാൾ മദ്യപിക്കുന്ന ദൃശ്യങ്ങൾ ലഭിച്ചത്. ബാറിൽ നിന്ന് മദ്യപിച്ച ശേഷം യുവാക്കളോടൊപ്പം സംസാരിക്കുകയും കൈയിലുണ്ടായിരുന്ന പഴ്സ് കാണിക്കുകയും ചെയ്യുന്ന ദൃശ്യമാണ് പോലീസിന് ലഭിച്ചത്. സമീപത്തുണ്ടായിരുന്ന മറ്റ് യുവാക്കൾക്ക് സംശയം തോന്നിയതോടെ പോലീസിനെ വിവരം അറിയിക്കുകയായിരുന്നു.

തുടർന്ന് സി.സി.ടി.വി പരിശോധിക്കുകയായിരുന്നു. അന്വേഷണത്തിൽ ഇയാൾ ജയിൽ മോചിതനായെന്ന വിവരം പൊലീസിന് കിട്ടിയതോടെ ജില്ലയുടെ നാനാഭാഗത്തും വലവിരിച്ച് ജനത്തിന് സമൂഹമാധ്യമങ്ങളിലൂടെ മുന്നറിയിപ്പ് നൽകിയിരുന്നു. ഇതിന്റെ ഭാഗമായി വണ്ടാനത്തും സമീപ പ്രദേശങ്ങളിലെ ഹോട്ടലുകളിലും പൊലീസ് പരിശോധനയും നടത്തിയിരുന്നു.



എം.എസ്.എഫ് സ്കൂൾതല മെമ്പർഷിപ്പ് കാമ്പയിൻ ജില്ലാതല ഉദ്ഘാടനം ഹരിപ്പാട് ഗവൺമെൻറ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ പ്രസിഡന്റ് ഉവൈസ് ഫൈസി പതിയാങ്കര നിർവഹിക്കുന്നു

ഐക്യം, അതിജീവനം, അഭിമാനം

## എം.എസ്.എഫ് സ്കൂൾതല മെമ്പർഷിപ്പ് കാമ്പയിന് തുടക്കം

ഹരിപ്പാട്: ഐക്യം, അതിജീവനം, അഭിമാനം എന്ന പ്രമേയത്തിൽ എം.എസ്.എഫ് സ്കൂൾതല മെമ്പർഷിപ്പ് കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ഹരിപ്പാട് ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ പ്രസിഡന്റ് ഉവൈസ് ഫൈസി പതിയാങ്കര നിർവഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി അബ്ദുൽ ബാസിത്ത് അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗം സദ്ദാം ഹരിപ്പാട് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി സുഹൈൽ കുമാരപുരം, നജാദ് നജീം, തൗഫീഖ്, സഹിൽ, റിൻഷാദ്, ഷാഫി കുമാരപുരം, ആസിഫ് നാസറുദ്ദീൻ, ബിലാൽ, ഹസിൻ പങ്കെടുത്തു.


## ഖാദിയിൽ 30 ശതമാനം റിബേറ്റ്

ആലപ്പുഴ: മുഹററത്തോടനുബന്ധിച്ച് ജൂലൈ 15 വരെ (അവധി ദിവസമായ 14 ഒഴികെ) പ്രവർത്തി ദിവസങ്ങളിൽ ഖാദി തുണിത്തരങ്ങൾക്ക് 30 ശതമാനം പ്രത്യേക ഗവൺമെന്റ് റിബേറ്റ് ഉണ്ടാകും. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഖാദി ഗ്രാമസൗഭാഗ്യകളിലും ഖാദി സൗഭാഗ്യകളിലും പ്രത്യേക റിബേറ്റ് ലഭിക്കും.

## പൊലീസ് കംപ്ലയിന്റ് അതോറിറ്റി സിറ്റിംഗ് മാറ്റിവച്ചു

ആലപ്പുഴ: ജില്ലാ പൊലീസ് കംപ്ലയിന്റ് അതോറിറ്റി ജൂലൈ 22, 23, ഓഗസ്റ്റ് അഞ്ച്, ആറ്, 21, സെപ്റ്റംബർ രണ്ട്, മൂന്ന്, 18 തീയതികളിൽ നടത്താനിരുന്ന സിറ്റിംഗ് ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ മാറ്റിവച്ചതായി ജില്ല പൊലീസ് കംപ്ലയിന്റ് അതോറിറ്റി സെക്രട്ടറിയായ ഹുസൂർ ശിലസ്തദാർ അറിയിച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## 70മത് നെഹ്റുട്രോഫി: വഞ്ചിപ്പാട്ട് മത്സരത്തിന് അപേക്ഷിക്കാം



ആലപ്പുഴ:വഞ്ചിപ്പാട്ട് മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള മത്സരാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ജൂലൈ 15 മുതൽ 25 വരെ പേര് രജിസ്റ്റർ ചെയ്യാം. വിദ്യാർഥി, വിദ്യാർഥിനി വിഭാഗത്തിൽ ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി കുട്ടനാട് ശൈലിയിലും പുരുഷസ്ത്രീ വിഭാഗങ്ങളിൽ കുട്ടനാട് ശൈലി, വെച്ച് പാട്ട് എന്നീ ഇനങ്ങളിലും ആറൻമുള ശൈലിയിൽ പുരുഷൻമാർക്ക് മാത്രമായിട്ടുമാണ് മത്സരം സംഘടിപ്പിക്കുന്നത്. ആദ്യമെത്തുന്ന 50 ടീമുകളെ മാത്രമേ മത്സരത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ.കഴിഞ്ഞ വർഷം എവറോളിംഗ് ട്രോഫികൾ കരസ്ഥമാക്കിയ ടീമുകൾ ജൂലൈ 25ന് മുമ്പായി ആലപ്പുഴ, ബോട്ട് ജെട്ടിക്ക് എതിർ വശത്തുള്ള മിനി സിവിൽസ്റ്റേഷൻ അനക്സിന്റെ രണ്ടാം നിലയിലുള്ള ആലപ്പുഴ, ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ ട്രോഫികൾ എത്തിക്കണമെന്ന് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും എൻ.ടി.ബി.ആർ. ഇൻഫ്രാസ്ട്രെക്ചർ കമ്മറ്റി കൺവീനറുമായ എം.സി. സജീവ്കുമാർ അറിയിച്ചു.

## വള്ളങ്ങളുടെ രജിസ്ട്രേഷൻ ആരംഭിച്ചു

ആലപ്പുഴ: നെഹ്റു ട്രോഫി വള്ളംകളിക്ക് മുന്നോടിയായുള്ള വള്ളങ്ങളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. ജൂലൈ 20 വരെ രജിസ്റ്റർ ചെയ്യാം. ബുധനാഴ്ചയാണ് രജിസ്ട്രേഷൻ ആരംഭിച്ചത്. രണ്ട് ചുണ്ടൻ വള്ളങ്ങളും മൂന്ന് ചെറുവള്ളങ്ങളും ഉൾപ്പെടെ ഇതുവരെ അഞ്ചു വള്ളങ്ങളാണ് രജിസ്റ്റർ ചെയ്തത്. ചുണ്ടൻ വള്ളങ്ങൾക്ക് 1500 രൂപയും ചെറുവള്ളങ്ങൾക്ക് 750 രൂപയുമാണ് രജിസ്ട്രേഷൻ തുക. രജിസ്ട്രേഷൻ ഫോം ആലപ്പുഴ റവന്യൂ ഡിവിഷൻ ഓഫീസിൽ ലഭിക്കും.

## വിധികർത്താവാകാൻ അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: നെഹ്റു ട്രോഫി വള്ളംകളിക്ക് മുന്നോടിയായി നടത്തുന്ന വഞ്ചിപ്പാട്ട് മത്സരത്തിന്റെ വിധികർത്താവാകുവാൻ താൽപര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വഞ്ചിപ്പാട്ട് മത്സരത്തിൽ യൂണിവേഴ്സിറ്റി തലത്തിലും സ്കൂൾ തലത്തിലും വഞ്ചിപ്പാട്ട് വിധികർത്താവായി പ്രവർത്തിച്ച് പരിചയമുള്ളവർക്ക് ബയോഡേറ്റ സഹിതം അപേക്ഷിക്കാം.

## അരൂർ–തുറവൂർ എലിവേറ്റഡ് ഹൈവേ: റോഡ് നിർമാണത്തിനായി ഗതാഗതം ഇന്ന് തടയും

**കിഴക്കുഭാഗത്തെ റോഡ് സിങ്കിൾ ട്രാഫിക്കിനായി തുറന്നു**

ആലപ്പുഴ: തുറവൂർ അരൂർ എലിവേറ്റഡ് ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗതാഗത പ്രശ്നങ്ങൾ കുറയ്ക്കാൻ ആരംഭിച്ച കിഴക്കേ റോഡിന്റെ പണികൾ പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നുനൽകി. ഇവിടെ സിംഗിൾ ലൈൻ ട്രാഫിക്ക് ആണ് അനുവദിക്കുക. എലിവേറ്റഡ് ഹൈവേയുടെ പടിഞ്ഞാറുഭാഗത്തെ റോഡ് സഞ്ചാരയോഗ്യമാകുന്നതിനുള്ള

നിർമ്മാണ പ്രവർത്തികൾ വെള്ളിയാഴ്ച രാത്രി 10 മണിയോടെ ആരംഭിക്കും. ഈ റോഡിലൂടെയുള്ള ഗതാഗതം രാത്രിമുതൽ തടയും. വരുന്ന രണ്ടുമൂന്നു ദിവസങ്ങൾ അവധി ആയതിനാൽ അത് പരമാവധി ഉപയോഗപ്പെടുത്തി റോഡ് സഞ്ചാരയോഗ്യമാക്കുന്ന പ്രവർത്തികൾ നടത്താനാണ് ജില്ലാ കളക്ടർ അലക്സ് വർഗീസ് ദേശീയപാത അധികൃതരുമായി നടത്തിയ ചർച്ചയിൽ തീരുമാനമായത്. പടിഞ്ഞാറുഭാഗത്ത് റോഡ് ഗതാഗതം തടസ്സപ്പെടുന്നത് മൂലം വിദ്യാലയങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുന്നതിന് ഇത് സഹായകമാകും. നിലവിൽ രണ്ടു ദിവസത്തേക്കാണ് പടിഞ്ഞാറ് ഭാഗത്തെ റോഡ് ഗതാഗതം തടസ്സപ്പെടുത്തുക. ഫ്ലൈഓവറിന്റെ പടിഞ്ഞാറുഭാഗത്തെ റോഡ് ഗതാഗതം തടയുന്നതോടെ തുറവൂരുനിന്നും അരൂർ ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ പണി പൂർത്തിയാക്കിയ കിഴക്കേ റോഡിലൂടെ സിങ്കിൾ ലൈൻ ട്രാഫിക്കായി വടക്കോട്ട് പോകാൻ അനുവദിക്കും. നിലവിൽ അരൂരിൽ നിന്നും തുറവൂർ ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ നിലവിൽ ക്രമീകരിച്ചിട്ടുള്ളതുപോലെ അരൂർ ക്ഷേത്രത്തിന്റെ ഭാഗത്തുനിന്ന് വളഞ്ഞ് അരൂക്കുറ്റി വഴി തൈക്കാട്ടുശേരി വഴി തിരിഞ്ഞു തന്നെ പോകണം. തെക്ക് നിന്നുവരുന്ന വാഹനങ്ങൾ തുറവൂരുനിന്ന് കുമ്പളങ്ങി വഴി തിരിച്ചുവിടുന്നത് റെയിൽവേ ക്രോസ് ഉള്ളതിനാൽ പ്രായോഗികമല്ല എന്ന് കണ്ടതിനാലാണ് പുതിയ ക്രമീകരണം ഏർപ്പെടുത്തുന്നത്.

ദീർഘദൂര ഭാരമേറിയ വാഹനങ്ങൾ പരമാവധി ഈ കാലയളവിൽ തുറവൂർ അരൂർ ഹൈവേ ഭാഗത്തേക്ക് വരാതിരിക്കാനുള്ള നടപടികൾ കൂടുതൽ ശക്തിപ്പെടുത്താൻ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.കണ്ടെയ്നർ ഉൾപ്പെടെയുള്ള കൊല്ലം തിരുവനന്തപുരം ഭാഗത്തേക്ക് പോകേണ്ട വലിയ വാഹനങ്ങൾ അങ്കമാലിയിൽ നിന്ന് തന്നെ എം സി റോഡ് വഴിതിരിച്ചു വിടുന്നതിന് നടപടി സ്വീകരിക്കും. ആലുവ റൂറൽ എസ്.പിക്ക് ഇത് സംബന്ധിച്ച നിർദ്ദേശം ജില്ല കളക്ടർ നൽകിയിട്ടുണ്ട്. ഇതല്ലാതെ എത്തുന്ന വലിയ വാഹനങ്ങൾ കുണ്ടന്നൂർ ജങ്ഷനിൽ നിന്ന് തിരിഞ്ഞ് തൃപ്പൂണിത്തുറ വഴി എം.സി റോഡിലേക്കോ വൈക്കം വഴിയോ പോകാൻ ക്രമീകരണം ഏർപ്പെടുത്തും.

## എഴുത്ത് ശിൽപശാല

കായംകുളം: സുന്നി ബാലസംഘത്തിൻ കീഴിലായി സംസ്ഥാനത്തുടനീളം നടത്തുന്ന അക്ഷരപ്പൊയ്ക എഴുത്തുശില്പശാല അൽ അമീൻ മദ്റസയിൽ നടന്നു. വായിക്കാം,എഴുതാം നല്ലവരായി വളരാം എന്ന സെഷനിൽ ആർ എസ് സി നാഷണൽ എക്സിക്യൂട്ടീവ് കരുവിൽ അബ്ദുൽ റഹ്മാൻ കുട്ടികൾക്ക് ക്ലാസെടുത്തു.

രണ്ടാമത്തെ സെഷനിൽ മുത്തുനബി(സ)യും എന്റെ പൊന്നുമ്മയും എന്ന വിഷയത്തിൽ ലേഖനമൽസരം നടന്നു.

മദ്റസ സദർ അബ്ദുൽ വാഹിദ് മഹ്ളരി ,ഇമാം നിസാമുദ്ധീൻ നിസാമി എസ് ബി എസ് ഭാരവാഹികളായ മുഹമ്മദ്സഫ് വാൻ, മുഹമ്മദ് ഹാതിം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## നിരൂപണസാഹിത്യ ശിൽപശാല: തീയതി നീട്ടി

തൃശൂർ: പുതിയ തലമുറയിലെ എഴുത്തുകാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സാഹിത്യ അക്കാദമി 2024 ആഗസ്റ്റിൽ പാലക്കാട് സംഘടിപ്പിക്കുന്ന ത്രിദിന നിരൂപണസാഹിത്യ ശിൽപശാലയിലേക്ക് അപേക്ഷിക്കുന്നതിനുള്ള തീയതി ജൂലൈ 17 വരെ നീട്ടി. 40 വയസ്സിനു താഴെയുള്ള 30 പേർക്കാണ് അവസരം. നാല് പുറത്തിൽ കവിയാത്ത രണ്ട് സാഹിത്യ വിമർശനലേഖനങ്ങൾ, വയസ്സു തെളിയിക്കുന്ന രേഖ, വിലാസം, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ സഹിതം സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ- 680020 എന്ന വിലാസത്തിലോ office@keralasahityaakademi.org എന്ന ഇ-മെയിലിലോ അപേക്ഷിക്കണം.വിവരങ്ങൾക്ക് www.keralasahityaakademi.org ഫോൺ: 0487 2331069, 9349226526.

## രാജാ രവിവർമ്മ പുരസ്കാരം സമ്മാനിച്ചു

തിരുവനന്തപുരം: ദൃശ്യകലാരംഗത്ത് സംസ്ഥാന സർക്കാർ നൽകുന്ന പരമോന്നത ബഹുമതിയായ രാജാരവിവർമ്മ പുരസ്കാരം തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന ചടങ്ങിൽ പ്രശസ്ത ചിത്രകാരൻ സുരേന്ദ്രൻ നായർക്ക് മന്ത്രി സജി ചെറിയാൻ സമ്മാനിച്ചു.

മൂന്നുലക്ഷം രൂപയും കീർത്തിപത്രവും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവുമടങ്ങിയതാണ് രാജാ രവിവർമ്മ പുരസ്കാരം.ചടങ്ങിൽ വി.കെ. പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിച്ചു. കേരള ലളിതകലാഅക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത് പ്രശസ്തിപത്രം വായിച്ചു.

## നികുതി റിട്ടേണുകൾ ഫയൽ ചെയ്യാം

തിരുവനന്തപുരം: ആദായ നികുതി റിട്ടേൺ ഫയലിംഗ് ലളിതവും അനായാസവുമാക്കാൻ മൈ ഐടി റിട്ടേൺ മൊബൈൽ അപ്ലിക്കേഷൻ എത്തി. പേപ്പർ രേഖകൾ അപ്ലോഡ് ചെയ്യാതെ, സ്മാർട്ട്ഫോണിലൂടെ നേരിട്ട് എവിടെ നിന്നും അനായാസം ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യാൻ സൗകര്യമുള്ള ആദ്യ മൊബൈൽ ആപ്പാണിത്. മൈ ഐടി റിട്ടേൺ ഡോട്ട് കോം എന്ന നൂതന നികുതി സേവന പോർട്ടൽ അവതരിപ്പിച്ച സ്കോറിഡോവ് ആണ് മൈ ഐടി റിട്ടേൺ മൊബൈൽ ആപ്പും അവതരിപ്പിച്ചത്. ഈ ആപ്പ് ഐടി റിട്ടേൺ ഫയലിംഗ് പ്രക്രിയ കാര്യക്ഷമവും ലളിതവുമാക്കുന്നു. മാത്രമല്ല, വേഗത്തിൽ ഫയലിംഗ് പൂർത്തിയാക്കാനും കഴിയും

## നോർക്ക ട്രിപ്പിൾവിൻ: കോൺട്രാക്ട് കൈമാറി

തിരുവനന്തപുരം: നോർക്ക റൂട്ട്സ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമിന്റെ ആദ്യബാച്ചിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കുളളവർക്കുള്ള തൊഴിൽ കരാറുകൾ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി കൈമാറി. ആദ്യബാച്ചിലെ രേവതി കൃഷ്ണ, എലിസബത്ത് തോമസ്, ബെനിറ്റ പൗലോസ്, റോസ് മരിയ എന്നിവർക്കാണ് കരാർ കൈമാറിയത്. കഴിഞ്ഞ ഏപ്രിൽ 15 മുതൽ 18 വരെ നടന്ന അഭിമുഖങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 42 പേരിൽ എട്ട് പേരാണ് ആദ്യ ബാച്ചിൽ ജർമ്മനിയിലേയ്ക്ക് തിരിക്കുന്നത്. ഇവരുടെ ക്ലാസുകൾ സെപ്റ്റംബർ, ഒക്ടോബർ മാസത്തിൽ ആരംഭിക്കും. ഇവരിൽ നാലുപേർക്ക് ജൂലൈ ഒന്നിന് കൊച്ചിയിൽ വച്ച് വർക്ക് കോൺട്രാക്ട് കൈമാറിയിരുന്നു.





തള്ളൽ പൊലീസ്... സെക്രട്ടറിയേറ്റിന് മുന്നിൽ ബ്രേക്ക് ഡൗണായ കാറിനെ പൊലീസ് സഹായത്തോടെ തള്ളി മാറ്റുന്നു

## ഭർത്താവിനെ വെട്ടിയ ശേഷം ഭാര്യയുടെ ആത്മഹത്യാശ്രമം

കിളിമാനൂർ: മദ്യപിച്ച് വീട്ടിലെത്തി ബഹളംവെച്ച ഭർത്താവിനെ വെട്ടി പരിക്കേൽപ്പിച്ച ശേഷം കുളത്തിൽ ചാടി ഭാര്യയുടെ ആത്മഹത്യാശ്രമം. കിളിമാനൂർ കുമ്മിൾ വട്ടത്താമര തടത്തരികത്ത് വീട്ടിൽ ഷീല(52) യാണ് ഭർത്താവ് രാമചന്ദ്രനെ(62) വെട്ടിയശേഷംആത്മഹത്യക്ക് ശ്രമിച്ചത്. ഇരുവരേയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു.ഇന്നലെ ഉച്ചയോടെയാണ് സംഭവം.

## ഹിന്ദ്ലാബ്സിന്റെ നവീകരിച്ച പുതിയ കേന്ദ്രം കവടിയാറിൽ

തിരുവനന്തപുരം: രോഗനിർണയ സേവനങ്ങൾ മിതമായ നിരക്കിൽ നൽകി വരുന്ന ഹിന്ദ്ലാബ്സിന്റെ നവീകരിച്ച പുതിയ കേന്ദ്രം കവടിയാറിൽ ആരംഭിച്ചു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള പൊതുമേഖല സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന്റെ ഡയഗ്നോസ്റ്റിക് ശൃംഖലയാണ് ഹിന്ദ്ലാബ്സ്. ബ്ലഡ് കളക്ഷൻ സേവനം മാത്രം ഉണ്ടായിരുന്ന കവടിയാർ സെന്റർ, രോഗനിർണയത്തിന് ആവശ്യമായ അത്യാധുനിക സജീകരണങ്ങൾ ഉൾപ്പെടുത്തി വിപുലപ്പെടുത്തുകയായിരുന്നു. കവടിയാർ പബ്ലിക് ഹെൽത്ത് സെന്ററിന്റെ സമീപത്ത് ആരംഭിച്ച പുതിയ കേന്ദ്രത്തിന്റെ ഉദ്ഘാടനം ഇന്ന് കവടിയാർ കൊട്ടാരത്തിലെ ഗൗരി പാർവതി ഭായി നിർവ്വഹിച്ചു. എച്ച്എൽഎൽ സി&എംഡി (ഇൻചാർജ്) ഡോ. അനിത തമ്പി, ഡയറക്ടർ (മാർക്കറ്റിംഗ്) അജിത്.എൻ, ആദിത്യ വർമ്മ, തിരുവനന്തപുരം കവടിയാർ പാലസ് സെക്രട്ടറി എസ്. ബാബു നാരായണൻ എന്നിവർ സന്നിഹിതരായിരുന്നു. രക്ത പരിശോധനകൾക്ക് പുറമെ ഇസിജി പോലുള്ള രോഗ നിർണയ പരിശോധനകളും കവടിയാർ ഹിന്ദ്ലബസിലുണ്ട്.

## പൊന്നു ബനാന ഹെൽത്ത് മിക്സ് വിപണിയിലേക്ക്

തിരുവനന്തപുരം: കല്ലറ പഞ്ചായത്ത് മിതൃമ്മല വാർഡിലെ ശിവശക്തി കുടുംബശ്രീ യൂണിറ്റിന്റെ നേതൃത്വത്തിലുള്ള ശിവം ജെ.എൽ.ജി( കൃഷിക്കൂട്ടം) തയാറാക്കിയ 'പൊന്നു ബനാന ഹെൽത്ത് മിക്സ്' വിപണിയിലേക്ക്. പ്രാദേശികമായി ശേഖരിച്ചെടുക്കുന്ന ഏത്തക്കായ പ്രധാന അസംസ്കൃത വസ്തുവായി ഉപയോഗിച്ച്, മായം കലരാതെ പരമ്പരാഗത ശൈലിയിൽ തയാറാക്കുന്ന 'പൊന്നു ബനാന ഹെൽത്ത് മിക്സ്' കല്ലറ കൃഷിഭവനിൽ വച്ച് നടന്ന ചടങ്ങിൽ വെള്ളനാട് മിത്രനികേതനിലെ സീനിയർ സയന്റിസ്റ്റ് ഡോ.ബിനു ജോൺ സാം ആണ് പുറത്തിറക്കിയത്. സംയുക്ത കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ പുറത്തിറക്കിയ ഉൽപ്പന്നം കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉപയോഗിക്കാനാകും. കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.ജെ ലിസ്സി ചടങ്ങ് ഉദ്ഘാടനം ചെയ്തു. വാമനപുരം കൃഷി അസി ഡയറക്ടർ കെ. സ്മിത ആദ്യ വിൽപന നിർവഹിച്ചു. ശിവം ജെ.എൽ.ജി പ്രസിഡന്റ് തുളസി ജയപ്രകാശ് അധ്യക്ഷയായ ചടങ്ങിൽ വാർഡ് മെമ്പർ അഡ്വ. ബാലചന്ദ്രൻ, കല്ലറ കൃഷി ഓഫീസർ സുകുമാരൻ നായർ, തെങ്ങുംകോട് വാർഡ് മെമ്പർ എൽ.ശ്രീകല, കല്ലറ സി.ഡി.എസ് ചെയർ പേഴ്സൺ അഡ്വ.ദീപ തുടങ്ങിയവർ ആശംസകൾ നേർന്നു. ശിൽപ ജിത്തു സ്വാഗതം ആശംസിച്ചു. അതുല്യ ജ്യോതി ചടങ്ങിൽ നന്ദി രേഖപ്പെടുത്തി.

## മാരായമുട്ടം സർവീസ് സഹകരണ ബാങ്ക് വാർഷികം

പാറശ്ശാല: കേന്ദ്രസംസ്ഥാന സർക്കാരുകൾ പരസ്പരം മത്സരിച്ച് രാഷ്ട്രീയം കളിച്ചതിലൂടെ കേരളത്തിലെ സഹകരണ മേഖലകളുടെ വിശ്വസ്തത തകർന്നതായി സജീവ് ജോസഫ് എം.എൽ.എ പറഞ്ഞു. മാരായമുട്ടം സർവീസ് സഹകരണ ബാങ്കിന്റെ നൂറാമത് വാർഷിക ആഘോഷങ്ങളുടെ ഭാഗമായി സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികളും പരിഹാരവും എന്ന വിഷയത്തെ കുറച്ചു നടന്ന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സജീവ് ജോസഫ് എംഎൽഎ. ബാങ്ക് പ്രസിഡന്റ് എംഎസ് പാർവതിയുടെ അധ്യക്ഷയായി.

## രാഷ്ട്രീയ വിശദീകരണ യോഗം

വെള്ളറട: ഒറ്റശേഖരമംഗലം മണ്ഡലം കമ്മിറ്റി സംഘടിപ്പിടിച്ച രാഷ്ട്രീയ വിശദീകരണ യോഗം കെപിസിസി ജനറൽ സെക്രട്ടറി മരിയാപുരം ശ്രീകുമാർ ഉത്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് വട്ടകക്കുഴി സംകുട്ടി അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ഡിസിസി വൈസ് പ്രസിഡന്റ് വി സോമൻകുട്ടി നായർ, ഡിസിസി മെമ്പർ ബി. സുകുമാരൻ, ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് അഡ്വ ഗിരീഷ് കുമാർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെറുപുഷ്പം, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷിബു ബാലകൃഷ്ണൻ, ദളിത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി മിനിർവ സുകുമാരൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മേരി മെയ്ബൽ, യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് വിപിൻ നീരാഴി, ഗ്രാമപഞ്ചായത് മെമ്പർ സത്യനേശൻ, മഞ്ജു സുരേഷ്, ബിന്ദു തുടങ്ങിയവർ സംസാരിച്ചു.

## സ്ഥാനക്കയറ്റം അട്ടിമറിക്കരുത്: ചവറ ജയകുമാർ

തിരുവനന്തപുരം: ജീവനക്കാർക്ക് അർഹമായ സ്ഥാനക്കയറ്റം സമയബന്ധിതമായി നൽകാതെ അട്ടിമറിക്കുന്ന നടപടി അവസാനിപ്പിക്കണമെന്ന് കേരള എൻ ജി ഒ അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് ചവറ ജയകുമാർ ആവശ്യപ്പെട്ടു.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് മുൻപിൽ നടന്ന പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ജീവനക്കാരുടെ പ്രമോഷനുകൾക്കായി ഡി.പി.സി കൂടിയെങ്കിലും അതിന്റെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ വൈകുന്ന സാഹചര്യമാണുള്ളത്.ഇത് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റാൻ വിഴിഞ്ഞം തുറമുഖം

വിഴിഞ്ഞം: ബൃഹദ്കപ്പലെത്തിയതോടെ ഇന്ത്യയിലേക്കുള്ള ചരക്ക് ഗതാഗതത്തിന്റെ ഹബ്ബായി മാറുന്ന വിഴിഞ്ഞം സംസ്ഥാനത്തിന്റെ മുഖച്ഛായ തന്നെ മാറ്റിമറിക്കും. വിഴിഞ്ഞത്ത് മദർഷിപ്പുകൾ നേരിട്ടെത്തും. വിഴിഞ്ഞം വഴി ചരക്കുകൾ മറ്റിടങ്ങളിലേക്ക് പോകും. അന്താരാഷ്ട്രാ കപ്പൽ ചാലിന് അടുത്ത ആഴക്കടൽ ട്രാൻസ്ഷിപ്പ്മെൻറ് തുറമുഖാമായ വിഴിഞ്ഞം തുറമുഖ സർക്യൂട്ടിലെ നിർണ്ണായക കേന്ദ്രമാകും. ഇന്ത്യയിലേക്ക് കപ്പൽ വഴിയുള്ള ചരക്ക് ഗതാഗതമേറെയും സിംഗപ്പൂരും കൊളംബോയും വഴിയാണ്. കൂറ്റൻ ചരക്കുകൾ അവിടെ നിന്ന് ഫീഡർ കപ്പലിലൂടെ രാജ്യത്തേക്കെത്തിക്കുന്നത് വഴിയുള്ള സമയനഷ്ടവും ധനനഷ്ടവും ഇനി പഴങ്കഥയാവും.



സാൻ ഫെർണാണ്ടോ കപ്പലിനെ വിഴിഞ്ഞം ബെർത്തിലേക്ക് അടുപ്പിക്കുന്നു

ട്രയൽ റൺ ഘട്ടത്തിൽ ഒരു മദർ ഷിപ് അടുപ്പിക്കാനുള്ള ബെർത്ത് സൗകര്യമാണു വിഴിഞ്ഞത്തുള്ളത്. കമ്മിഷനിങ് ഘട്ടത്തിൽ 800 മീറ്റർ ബർത്ത് പൂർത്തിയാകുന്നതോടെ ഒരേ സമയം രണ്ടു ഷിപ്പുകൾ അടുപ്പിക്കാം. വിവിധ തുറമുഖങ്ങളിലേക്കുള്ള കണ്ടെയ്നറുകളുമായി പുറപ്പെടുന്ന വലിയ ചരക്കുകപ്പലാണു മദർ ഷിപ്. ഈ കപ്പലിലെ കണ്ടെയ്നറുകൾ ചെറിയ ഫീഡർ കപ്പലുകൾ എത്തിയാണു സമീപ തുറമുഖങ്ങളിലേക്കു കൊണ്ടുപോകുന്നത്. കപ്പൽ ഗതാഗതത്തിൽ ഏറ്റവും പ്രാധാന്യമുള്ളതും വരുമാനം ലഭിക്കുന്നതുമായ ട്രാൻസ്!ഷിപ്മെന്റ് എന്ന പ്രക്രിയയാണു നാളത്തെ ട്രയൽ റണ്ണിനു പിന്നാലെ വിഴിഞ്ഞത്തു നടക്കുക. 16.5 മീറ്റർ വീതം ആഴമുള്ള മുന്ദ്ര, വിശാഖപട്ടണം തുറമുഖങ്ങളിൽ മാത്രമാണ് ഇന്ത്യയിൽ ഇപ്പോൾ മദർ ഷിപ്പുകൾ അടുക്കുന്നത്. 20 മീറ്റർ ആഴമുള്ള വിഴിഞ്ഞം ആ നിലയ്ക്ക് ഇന്ത്യയിലെ ഏറ്റവും ആഴമുള്ള ട്രാൻസ്ഷിപ്മെന്റ് തുറമുഖം കൂടിയായി മാറുകയാണ്.

ആദ്യഘട്ടം കമ്മിഷൻ ചെയ്യുന്ന ഇക്കൊല്ലം തന്നെ രണ്ടാം ഘട്ടത്തിന്റെയും നിർമാണം തുടങ്ങും. അദാനി പോർട്സ് പൂർണമായി പണം മുടക്കുന്ന രണ്ടാംഘട്ടം 2028ൽ പൂർത്തിയാക്കും. നാലു വർഷംകൊണ്ട് 9600 കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് കേരളത്തിലെത്തുക. ഈ വർഷം മാത്രം ഏതാണ്ടു 3000 കോടി രൂപ ചെലവിടുന്നതോടെ ഇത് സംസ്ഥാനത്ത് ഒരു വർഷം ഒരു കമ്പനിയിൽ നിന്നുള്ള ഏറ്റവും വലിയ സ്വകാര്യ നിക്ഷേപമാകും. ആദ്യഘട്ടം പ്രവർത്തനം തുടങ്ങി, തുടർച്ചയായി രണ്ടു വർഷം 75% ശേഷി ഉപയോഗിക്കാനായാൽ രണ്ടാംഘട്ടം തുടങ്ങണമെന്നായിരുന്നു കരാറിലെ വ്യവസ്ഥ. എന്നാൽ, രണ്ടാംഘട്ടം ഉദ്ദേശിച്ചതിലും നേരത്തേ 2028ൽ പൂർത്തിയാക്കുന്നതോടെ 40 വർഷത്തിനു പകരം 45 കൊല്ലം അദാനിക്കു തുറമുഖം കൈവശം വയ്ക്കാം. പരിസ്ഥിതി അനുമതിക്കു വേണ്ടിയുള്ള പഠന റിപ്പോർട്ട് കേന്ദ്രസർക്കാരിനു മുൻപിലാണ്.

ഇപ്പോഴുള്ള 3 കിലോമീറ്റർ പുലിമുട്ട് 4 കിലോമീറ്ററായും 800 മീറ്റർ ബെർത്ത് 2 കിലോമീറ്ററായും രണ്ടാംഘട്ടത്തിൽ മാറും. ഒരു വർഷം 30 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാനുള്ള ശേഷിയാണ് ഇതോടെ ആർജിക്കുക. ആദ്യഘട്ടത്തിൽ 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാനാകും.

കരാർ പ്രകാരം 2019 ഡിസംബറിൽ പൂർത്തിയാകേണ്ടിയിരുന്ന ആദ്യഘട്ട നിർമാണം നിശ്ചയിച്ചതിലും അഞ്ചുവർഷം വൈകിയെങ്കിലും സർക്കാരിനു വരുമാനം നൽകിത്തുടങ്ങുന്നതിനെ ഇതു ബാധിക്കില്ല. 2034 മുതൽ സർക്കാരിനു വരുമാനം ലഭിച്ചുതുടങ്ങും.





കപ്പലിൽ നിന്ന് ഇറക്കിയ കണ്ടെയ്നറുമായി പോകുന്ന ലോറി





വിഴിഞ്ഞത്ത് എത്തിയ കണ്ടെയ്നർ സ്വീകരണത്തിൽ തുറമുഖ കമ്പനി എം.ഡി ദിവ്യാ എസ്. അയ്യർ മധുരം നൽകുന്നു

## പങ്കെടുക്കുന്നില്ലെന്ന് ശശി തരൂർ

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട തദ്ദേശവാസികളുടെ വിഷയങ്ങൾ പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ ഇന്ന് നടക്കുന്ന ട്രയൽ റണ്ണിന്റെ ആഘോഷത്തിൽ പങ്കെടുക്കുന്നത് അനുചിതമായിരിക്കുമെന്ന് ശശി തരൂർ എംപി. തുറമുഖത്തിന്റെ ഔദ്യോഗിക ഉദ്ഘാടനത്തിന് മുമ്പ് സർക്കാരിന് പരിഹരിക്കാൻ സാധിക്കുമെന്നാണ്. ആദ്യ കപ്പൽ വന്ന് പത്ത് മാസം കഴിഞ്ഞിട്ടും തീരദേശ സമൂഹത്തിന്റെ ദുരിതമകറ്റാൻ ഒരു ശ്രമവും നടത്തിയിട്ടില്ല എന്നത് വേദനാജനകമാണെന്ന് പറഞ്ഞ തരൂർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഉമ്മൻചാണ്ടിയുടെ പ്രതിബദ്ധതയ്ക്കും കാഴ്ചപ്പാടിനുമുള്ള ആദരവാണെന്നും ചൂണ്ടിക്കാട്ടി. അദ്ദേഹത്തിന്റെ ഒന്നാം ചരമവാർഷികം ആചരിക്കുമ്പോൾ ഓർക്കേണ്ടത് അദ്ദേഹത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത ഇല്ലായിരുന്നുവെങ്കിൽ, 2015 ഡിസംബറിൽ തുറമുഖത്തിന് തറക്കല്ലിടാൻ കഴിയുമായിരുന്നില്ല. തീരദേശ സമൂഹങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള ഒരു തുറമുഖം എന്നത് അദ്ദേഹത്തിന്റെയും സ്ഥലം എംപി എന്ന നിലയിൽ തന്റെയും ആദ്യം മുതലേ ഉള്ള ലക്ഷ്യമായിരുന്നെന്നും തരൂർ പറഞ്ഞു.

## പത്തു കുട്ടികളുണ്ടെങ്കിൽ ഐ.എൻ.എം കോഴ്സ് നടത്തണം: സ്വതന്ത്ര കർഷക സംഘം

സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് ന്യൂട്രീഷൻ മാനേജ്മെൻറ് കോഴ്സ് 30പേർ ഉണ്ടെങ്കിൽ മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്ന നിലവിലെ വ്യവസ്ഥ ഒഴിവാക്കി കുറഞ്ഞത് പത്തുപേർ ഉണ്ടെങ്കിൽ പ്രസ്തുത കോഴ്സ് ആരംഭിക്കണം എന്ന് സ്വതന്ത്ര കർഷകസംഘം തിരുവനന്തപുരം ജില്ലാ കമ്മിറ്റി കൃഷി വകുപ്പ് മന്ത്രി പി.പ്രസാദിന് നൽകിയ നിവേദനത്തിലൂടെ ആവശ്യപ്പെട്ടു. ജൈവവളം ഡിപ്പോകൾ ആരംഭിക്കാൻ സന്നദ്ധരായിട്ടുള്ള വ്യക്തികൾക്ക് നിർബന്ധമായും ഉണ്ടായിരിക്കേണ്ട ഈ യോഗ്യത നേടാൻ 30 പേർ തികയാത്ത കാരണത്താൽ താല്പര്യമുള്ള വ്യക്തികൾ വർഷങ്ങളോളം കാത്തിരിക്കേണ്ടിവരുന്നു.കാലതാമസം ഉണ്ടാകുന്നതിനാൽ പലരും ഈ സംരംഭം ഉപേക്ഷിക്കുന്നു. സംസ്ഥാനത്തെ ജൈവ മാലിന്യ സംസ്കരണത്തിൽ നിർണായക പങ്കുവഹിക്കാൻ കഴിയുന്ന



സ്വതന്ത്ര കർഷക സംഘം തിരുവനന്തപുരം ജില്ലാ കമ്മിറ്റി കുറുക്കോളി മൊയ്തീൻ എം.എൽ.എ യുടെ നേതൃത്വത്തിൽ കൃഷിമന്ത്രി പി. പ്രസാദിന് നിവേദനം നൽകുന്നു

ജൈവവള സംസ്കരണ യൂണിറ്റുകൾ വർധിക്കാത്തത് ഇക്കാരണത്താലാണ് എന്നും ആയതിനാൽ സംസ്ഥാനത്തെ ജൈവമാലിന്യ സംസ്കരണം ഫലപ്രദമായി നടക്കുന്നതിനു വേണ്ടി കുറഞ്ഞത് പത്ത് കുട്ടികൾ ഉണ്ടെങ്കിൽ എൻ എം കോഴ്സ് ആരംഭിക്കേണ്ടതുണ്ട് എന്നും നിവേദക സംഘത്തിന് നേതൃത്വം നൽകിയ സ്വതന്ത്ര കർഷകസംഘം സംസ്ഥാന പ്രസിഡൻറ് കുറുക്കോളി മൊയ്തീൻ എംഎൽഎ പറഞ്ഞു. സ്വതന്ത്ര കർഷകസംഘം തിരുവനന്തപുരം ജില്ലാ ജനറൽ സെക്രട്ടറി എം.മാഹീൻ അബൂബക്കർ കാട്ടാക്കട,ജില്ലാ ഭാരവാഹികളായ എം.കെ. എ റഹീം,വള്ളക്കടവ് ഗഫൂർ,സഫറുള്ള ഖാൻ ബീമാപ്പള്ളി,കാരാളി അബ്ദുൽ ഖാദർ എന്നിവർ നിവേദക സംഘത്തിൽ ഉണ്ടായിരുന്നു.

## വി.ആർ പ്രതാപൻ പത്രിക സമർപ്പിച്ചു

തിരുവനന്തപുരം: ജില്ലാ പഞ്ചായത്ത് ഡിവിഷൻ യുഡിഎഫ് സ്ഥാനാർത്ഥി കോൺഗ്രസിലെ വി.ആർ പ്രതാപൻ പത്രിക സമർപ്പിച്ചു. ജൂലൈ 30ന് നടക്കുന്ന ഉപതെരഞ്ഞെടുപ്പിൽ വരണാധികാരിയായ ജില്ലാ കളക്ടർ മുമ്പാകെപത്രക സമർപ്പിച്ചു. ആകെ 3 സെറ്റ് പത്രികകളാണ് സമർപ്പിച്ചത്.ഡിസിസി പ്രസിഡന്റ് പാലോട് രവി മുൻ സ്പീക്കറും കെപിസിസി വൈസ് പ്രസിഡന്റുമായ എൻ. ശക്തൻ, അഡ്വ.കരകുളം കൃഷ്ണപിള്ള, അഡ്വ. വിതുര ശശി, കെ.എസ് ശബരീനാഥൻ, തുടങ്ങിയവർ പങ്കെടുത്തു.



വെള്ളനാട് ജില്ലാ പഞ്ചായത്ത് ഡിവിഷൻ യുഡിഎഫ് സ്ഥാനാർത്ഥി വി.ആർ പ്രതാപൻ വരണാധികാരി ജില്ലാകളക്ടർ മുമ്പാകെ നാമനിർദേശ പത്രിക സമർപ്പിക്കുന്നു

## വർക്കലയിൽ തിരയിൽപ്പെട്ട് എഞ്ചിനീയറിങ് വിദ്യാർഥി മരിച്ചു

വർക്കല: വർക്കലയിൽ തിരയിൽപ്പെട്ട് തമിഴ്നാട് സ്വദേശിയായ എൻജിനീയറിങ് വിദ്യാർഥി മരിച്ചു. തമിഴ്നാട് അരിയന്നൂർ സ്വദേശിയായ സതീഷ് കുമാർ(19) ആണ് മരിച്ചത്.



തിരുവമ്പാടി ബ്ലാക്ക് ബീച്ചിന് സമീപം വ്യാഴാഴ്ച ഉച്ചയ്ക്ക് ഒന്നിനാണ് സംഭവം. സതീഷ് ഉൾപ്പെട്ട പത്തംഗ സംഘം ബുധനാഴ്ചയാണ് വർക്കലയിലെത്തിയത്. വ്യാഴാഴ്ച രാവിലെ പതിനൊന്നിന് തിരുവമ്പാടി തീരത്തെത്തിയ ഇവർ ഓടയം ഭാഗത്തേക്കാണ് പോയത്. കടലിൽ ഇറങ്ങരുതെന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ലൈഫ് ഗാർഡ് മുന്നറിയിപ്പ് നൽകിയെങ്കിലും അവഗണിക്കുകയായിരുന്നു.

സംഘം കടലിൽ ഇറങ്ങി കുളിക്കുന്നതിനിടെ സതീഷ് തിരയിൽപ്പെട്ട് മുങ്ങിത്താഴുകയായിരുന്നു. അടിയൊഴുക്കിൽപ്പെട്ട് തിരുവമ്പാടി ഭാഗത്തേക്ക് നീങ്ങിയ സതീഷിനെ ലൈഫ് ഗാർഡ് ലൈഫ് ഗാർഡ് ഏറെ പരിശ്രമിച്ച കരയ്ക്കെത്തിച്ചു.

തുടർന്ന്, വർക്കല താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും വിദ്യാർഥിയുടെ ജീവൻ രക്ഷിക്കാനായില്ല. രക്ഷാപ്രവർത്തനത്തിനിടെ ലൈഫ് ഗാർഡ് മനുവിനും പരിക്കേറ്റു. എസ്.ആർ. എം. എൻജിനീയറിങ് കോളേജിലെ ബി.ടെക് മൂന്നാം സെമസ്റ്റർ വിദ്യാർഥിയായിരുന്നു സതീഷ്. തമിഴ്നാട് അരിയന്നൂർ സ്വദേശികളായ രവിചന്ദ്രന്റെയും റാണിയുടെയും മകനാണ്.

## ഓട്ടിസം ബാധിതനായ വിദ്യാർത്ഥിയെ സർക്കാർ സ്കൂളിൽ നിന്ന് പുറത്താക്കി; മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

തിരുവനന്തപുരം: ഓട്ടിസം ബാധിതനായ വിദ്യാർത്ഥിയെ സർക്കാർ സ്കൂളിൽ നിന്ന് നിർബന്ധിച്ച് പുറത്താക്കിയ നടപടിയിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു.

തിരുവനന്തപുരം ഡി.ഇഒ രണ്ടാഴ്ചക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർ പേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജൂ നാഥ് ഉത്തരവിൽ ആവശ്യപ്പെട്ടു. തൈക്കാട് ഗവ. മോഡൽ സ്കൂളിലാണ് സംഭവം. പൊതുപരിപാടിക്കിടയിൽ കുട്ടി ശബ്ദമുണ്ടാക്കിയെന്ന് പറഞ്ഞാണ് കുട്ടിയെ പുറത്താക്കിയത്.

ടി.സി. വാങ്ങാൻ പ്രിൻസിപ്പൽ,അമ്മക്ക് നിർദ്ദേശം നൽകി. എന്നാൽ അമ്മ മൂന്നുമാസത്തെ സാവകാശം ചോദിച്ചു. എന്നാൽ പ്രിൻസിപ്പൽ ഒരാഴ്ച സമയം നൽകി. കുട്ടി സ്കൂളിൽ തുടർന്നാൽ മറ്റ് കുട്ടികൾ സ്കൂളിൽ വരില്ലെന്ന് പ്രിൻസിപ്പൽ പറഞ്ഞു. ദൂരപരിധി കാരണം കുട്ടിക്ക് ടി.സി. വാങ്ങുന്നു എന്ന് അപേക്ഷയിൽ എഴുതണമെന്ന് പ്രിൻസിപ്പൽ അമ്മക്ക് നിർദ്ദേശം നൽകിയതായി അമ്മ പറഞ്ഞു. മണക്കാട് സ്വദേശിയാണ് വിദ്യാർത്ഥി. ദൃശ്യമാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

## കടകളിൽ പരിശോധന: 11 കടകൾക്കെതിരെ നടപടി

ആറ്റിങ്ങൽ: കരിഞ്ചന്തയും പൂഴിവയ്ക്കും തടയുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ്, റവന്യൂ, ലീഗൽ മെട്രോളജി വകുപ്പുകൾ സംയുക്തമായി നടത്തിയ പരശോധനയിൽ 11 കടകളിൽ ക്രമക്കേടുകൾ കണ്ടെത്തി. ആറ്റിങ്ങൽ ടൗൺ, ആലംകോട്, നഗരൂർ മേഖലകളിലെ 29 കടകളിലാണ് സംഘം പരിശോധന നടത്തിയത്. ക്രമക്കേടുകൾ കണ്ടെത്തിയ കടകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ജില്ല സപ്ലൈ ഓഫിസർക്ക് റിപ്പോർട്ട് നൽകി. തൂക്കത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് 2 കടകൾക്ക് നോട്ടീസ് നൽകി. താലൂക്ക് സപ്ലൈ ഓഫിസർ എസ്. ഗീത, റേഷനിങ് ഇൻസ്പെക്ടർമാരായ ഡി.കെ ലത, വി എൻ സുജ, ആർ. അജിത്ത്. ഡപ്യൂട്ടി തഹസിൽദാർ ബി. അജിതകുമാരി, ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരായ എ. ഷാജഹാൻ, എ അമറുദ്ദീൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 12 വെള്ളി
ഗൾഫ് ചന്ദ്രിക

## ഉപതിരഞ്ഞെടുപ്പ്: വോട്ട് ചെയ്യുന്നതിന് അനുമതി നൽകണം

ആലപ്പുഴ: ജൂലൈ 30ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ആലപ്പുഴ ജില്ലയിലെ ജി59മാന്നാർ ഗ്രാമപഞ്ചായത്ത്11 കുട്ടംപേരൂർഅ നിയോജകമണ്ഡലം, ജി39 ചെറിയനാട് ഗ്രാമപഞ്ചായത്ത് 04 അരിയന്നൂർശ്ശേരി നിയോജകമണ്ഡലം, ജി37രാമങ്കരി ഗ്രാമപഞ്ചായത്ത്13വേഴപ്ര പടിഞ്ഞാറ് നിയോജക മണ്ഡലം എന്നിവിടങ്ങളിലെ വോട്ടർമാരായ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, നിയമാനുസൃത കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രസ്തുത വാർഡിലെ വോട്ടറാണെന്ന് തെളിയിക്കുന്നരേഖ സഹിതം അപേക്ഷിക്കുന്ന പക്ഷം സ്വന്തം പോളിംഗ് സ്റ്റേഷനിൽ പോയി വോട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ പ്രത്യേക അനുമതി നൽകേണ്ടതാണെന്ന് ജില്ല കലക്ടർ അറയിച്ചു.

## പ്രവേശന പരീക്ഷ പരിശീലന ധനസഹായം

ആലപ്പുഴ: പട്ടികജാതി വികസന വകുപ്പു നടപ്പാക്കി വരുന്ന പ്ലസ് വൺ പഠനത്തോടൊപ്പം മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം 202425 വർഷത്തേക്ക് അപേക്ഷ ക്ഷണിച്ചു. 2024 മാർച്ചിൽ നടത്തിയ എസ്.എസ്.എൽ.സി. പരീക്ഷയിൽ, എല്ലാ വിഷയങ്ങൾക്കും എപ്ലസിൽ കുറയാത്ത ഗ്രേഡു വാങ്ങി പാസ്സായവരും പ്ലസ് വണിന് സയൻസ് ഗ്രൂപ്പ് എടുത്ത് പഠിക്കുന്നവരുമായവർക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം ആറു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാനം, പഠിക്കുന്ന സ്കൂളിൽ നിന്നും സയൻസ് വിദ്യാർഥിയാണെന്നുള്ള പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം, പരിശീലനം നേടുന്ന സ്ഥാപനത്തിന്റെ കത്ത്, ഫീസ് അടച്ച രസീത്, വിദ്യാർഥിയുടെ പാസ്സ് ബുക്ക്, എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പ് സഹിതം ആലപ്പുഴ ജില്ല പട്ടികജാതി വികസന ഓഫീസിൽ ഓഗസ്റ്റ് 31 നകം അപേക്ഷിക്കണം. ഫോൺ: 9539502562.



# 19 നാൾ, കേരള നിയമസഭയിൽ പട നയിച്ച് മുസ്‌ലിംലീഗ്

## മുസ്‌ലിം ലീഗിന് ഇത് 'അപൂർവ സമ്മേളനം'

ഫിർദൗസ് കായൽപ്പുറം
തിരുവനന്തപുരം

നിയമനിർമ്മാണ സഭയിൽ ഒരു പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനം അതിന്റെ ധർമ്മവും കർമ്മവും നിറവേറ്റുമ്പോൾ വർത്തമാന കേരളത്തിന്റെ നാവായി മാറേണ്ടതുണ്ട്. മുസ്‌ലിം ലീഗ് പാർട്ടി ഇക്കാലമത്രയും മുന്നോട്ടുവെച്ച രാഷ്ട്രീയ ദർശനത്തിന്റെ പ്രതിഫലനമെന്നപോലെ പതിനഞ്ചാം കേരളനിയമസഭയുടെ പതിനൊന്നാം സമ്മേളനം പാർട്ടിയുടെ ചരിത്രത്തിൽ ഇനി തെളിച്ചമുള്ള ഒരധ്യായമാണ്. സമ്മേളനത്തിലുടനീളം മുസ്‌ലിം ലീഗ് അംഗങ്ങൾ നിറഞ്ഞുനിന്ന 19 ദിവസങ്ങളാണ് കടന്നുപോയത്. അവഗണിക്കപ്പെട്ടവർക്കും അരികുവൽക്കരിക്കപ്പെട്ടവർക്കും സഭയിൽ ശബ്ദിക്കാൻ ഇത്തവണ ലീഗിന് മുന്നിൽ അവസരങ്ങളേറെയായിരുന്നു.


പ്രസ് ഗ്യാലറി

ഈ സമ്മേളനത്തിൽ നാലു പ്രധാനപ്പെട്ട വിഷയങ്ങളിൽ നിയമസഭയിൽ അടിയന്തരപ്രമേയം കൊണ്ടുവന്നത് മുസ്‌ലിം ലീഗാണ്. മലബാർ മേഖലയിലെ പ്ലസ് വൺ പ്രതിസന്ധി അടിയന്തരപ്രമേയമായി അവതരിപ്പിച്ച എൻ. ഷംസുദ്ദീൻ, ഒരു തലമുറയുടെ വിദ്യാഭ്യാസ അവകാശങ്ങളെ ഹനിക്കുന്ന സർക്കാർ നടപടിയെ ശക്തമായി ചോദ്യം ചെയ്തു. സമ്മേളനം അവസാനിച്ച ഇന്നലെ ചട്ടം 300 പ്രകാരം വിദ്യാഭ്യാസമന്ത്രി, സഭയിൽ നടത്തിയ പ്രസ്താവനയിലൂടെ 138 താൽക്കാലിക പ്ലസ് വൺ ബാച്ചുകൾ അനുവദിച്ചത് നിയമസഭയിൽ നടത്തിയ മുസ്‌ലിം ലീഗ് പോരാട്ടത്തിന്റെ വിജയമായി.

പകർച്ചപ്പനിയുടെ കേന്ദ്രമായി കേരളം മാറുന്ന അതീവ ഗുരുതരമായ സാഹചര്യം സഭയിൽ ഉന്നയിച്ച് ഏറെ ശ്രദ്ധിക്കപ്പെട്ട അടിയന്തര പ്രമേയമായിരുന്നു ടി.വി ഇബ്രാഹിമിന്റേത്. കേരളം പനിച്ചുവിറക്കുകയും നാടുകടത്തിയ രോഗങ്ങൾ വീണ്ടും വ്യാപകമാകുകയും ചെയ്യുന്ന സാഹചര്യം ടി.വി ഇബ്രാഹിം നിയമസഭയിൽ അക്കമിട്ട് നിരത്തി. അടിയന്തര പ്രമേയം ചർച്ച ചെയ്യാൻ അനുമതി നൽകിയില്ലെങ്കിലും അടുത്തദിവസം തന്നെ പനിക്കണക്കുകൾ പുറത്തുവിടാൻ സർക്കാർ നിർബന്ധിതരായി.

വളരെപ്രധാനപ്പെട്ട മറ്റൊരു അടിയന്തരപ്രമേയമായിരുന്നു നജീബ് കാന്തപുരത്തിന്റേത്. സംസ്ഥാനത്ത് റോഡുകളിൽ മുൻപ് കുഴികൾ ആയിരുന്നെങ്കിൽ ഇപ്പോൾ കുളങ്ങളായി മാറിയ സാഹചര്യം അദ്ദേഹം നിയമസഭയിൽ തുറന്നുകാട്ടി. റോഡിലെ കുഴികളിൽ വീണ് ജീവൻ പൊലിഞ്ഞവർ, അംഗവൈകല്യം സംഭവിച്ചവർ, ജീവിതം ദുരിതത്തിൽ ആയവർ എന്നിങ്ങനെ സർക്കാർ അനാസ്ഥയിൽ കേരളം അനുഭവിക്കുന്ന ദുരന്തം സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നായിരുന്നു നജീബ് കാന്തപുരത്തിന്റെ ആവശ്യം. ചർച്ചക്ക് സർക്കാർ തയാറായില്ലെങ്കിലും പൊട്ടിപ്പൊളിഞ്ഞ റോഡുകൾ അടിയന്തരമായി നവീകരിക്കാൻ നടപടിയുണ്ടാകും എന്ന നിലയിലേക്ക് സർക്കാരിനെ എത്തിക്കാനായി.

കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് കാർഷിക മേഖലയോടുള്ള അവഗണന. സർക്കാരിനാൽ വഞ്ചിക്കപ്പെട്ട കർഷകരുടെ വിഷയങ്ങൾ ഇടിത്തീ പോലെ അവതരിപ്പിച്ചാണ് കുറുക്കോളി മൊയ്തീന്റെ അടിയന്തര പ്രമേയം ശ്രദ്ധിക്കപ്പെട്ടത്. കാർഷിക ഉൽപന്നങ്ങൾക്ക് വിലയില്ലാത്ത സാഹചര്യവും കൃഷിനാശവും കർഷകന്റെ കടബാധ്യതകളും വൈകാരികമായി തന്നെ അവതരിപ്പിച്ച് കേരളത്തിലെ ലക്ഷക്കണക്കിന് കർഷകരുടെ ശബ്ദമായി കുറുക്കോളി സഭയിൽ ആഞ്ഞടിച്ചു. രണ്ടാം പിണറായി സർക്കാരിനെ ഇത്രയധികം ചോദ്യശരങ്ങൾ കൊണ്ട് മൂടിയ മറ്റൊരു സന്ദർഭമുണ്ടായിട്ടില്ല. ലീഗ് അംഗങ്ങളുടെ അടിയന്തര പ്രമേയ നോട്ടീസുകൾ തത്വത്തിൽ കേരളത്തിന്റെ ഇപ്പോഴത്തെ സ്ഥിതി തുറന്നുകാട്ടുന്നതായി മാറി. ഓരോ വിഷയത്തിലും പ്രതിപക്ഷ നേതാവ് വി.ഡി സതീശനും ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടിയും സഭയിൽ നടത്തിയ വാക്കൗട്ട് പ്രസംഗങ്ങൾ മന്ത്രിമാരുടെ നാവടപ്പിക്കുന്നതായിരുന്നു. വളരെ അപൂർവമായി മാത്രമേ ഒരു സഭാസമ്മേളനത്തിൽ നാല് അടിയന്തര പ്രമേയ നോട്ടീസുകൾ അവതരിപ്പിക്കാൻ അവസരം ലഭിക്കാറുള്ളൂ. ബന്ധപ്പെട്ട മന്ത്രിമാരുടെ എതിർവാദങ്ങളെയെല്ലാം പൊളിച്ചടുക്കി കൃത്യമായ പഠനങ്ങളുടെയും കണക്കുകളുടെയും പിൻബലത്തിലായിരുന്നു മുസ്‌ലിം ലീഗ് അംഗങ്ങൾ അവതരിപ്പിച്ച അടിയന്തരപ്രമേയ നോട്ടീസുകൾ. ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുമ്പോൾ ആരോഗ്യമന്ത്രി കണക്കുകൾ നിരത്തുകയാണെന്നും അതുകേട്ട് സായൂജ്യമടയാനാവില്ലെന്നും പറഞ്ഞുകൊണ്ട് പ്രതിപക്ഷത്തിനാകെ ഊർജം നൽകുന്നതായിരുന്നു പി.കെ കുഞ്ഞാലിക്കുട്ടിയുടെ നിലപാട്. പ്ലസ്‌വൺ പ്രവേശനം ലഭിക്കാതെ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവമുൾപ്പെടെ സഭയിലുന്നയിച്ച കെ.പി.എ മജീദ്, മലബാർ പ്ലസ് വൺ വിഷയത്തിൽ ശക്തമായ പ്രതിഷേധമാണ് ഉയർത്തിയത്.

ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട് സഭയിൽ നടന്ന ചർച്ചകളിൽ മുസ്‌ലിം ലീഗിന്റെ എല്ലാ അംഗങ്ങൾക്കും ഒന്നിലേറെ പ്രാവശ്യം സംസാരിക്കാൻ അവസരം ലഭിച്ചു. വിഷയത്തിനുള്ളിൽ നിന്നും അല്ലാതെയും സംസാരിച്ച അംഗങ്ങൾ മുസ്‌ലിം ലീഗിന്റെയും യു.ഡി.എഫിന്റെയും രാഷ്ട്രീയ നിലപാട് വ്യക്തമാക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഇരട്ടത്താപ്പ് തുറന്നുകാട്ടുന്നതായിരുന്നു മഞ്ഞളാംകുഴി അലിയുടെ പ്രസംഗത്തിലെ പ്രസക്തഭാഗം. മുസ്‌ലിം ലീഗ് പാർട്ടിയും കേരളത്തിലെ ദലിത് സമൂഹവും തമ്മിലുള്ള ആത്മബന്ധത്തെ അഭിമാനപൂർവം ഓർത്തെടുത്ത എൻ.എ നെല്ലിക്കുന്ന് പട്ടികജാതി, പട്ടികവർഗം എന്നീ പേരുകൾ ഒഴിവാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു. ലീഗിനെ നിരന്തരം കുറ്റം പറയുന്ന സിപിഎമ്മിന് ചുട്ടമറുപടി നൽകാൻ ഇത്തവണ സജീവമായവരിൽ എം.കെ മുനീറായിരുന്നു മുന്നിൽ. സി.പി.എമ്മിന് നഷ്ടമായ ഇടത് സ്വഭാവത്തെ അദ്ദേഹം തുറന്നുകാട്ടി. പി.കെ ബഷീർ പതിവുപോലെ ഏറനാടൻ ശൈലിയിൽ സി.പി.എമ്മിനെ കടന്നാക്രമിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പ് വിജയത്തിൽ മുസ്‌ലിം ലീഗ് അഹങ്കരിക്കുന്നെന്ന് പറഞ്ഞ ഇടത് അംഗങ്ങൾ ബഷീറിന്റെ ചൂടറിഞ്ഞു. മലബാർ മേഖലയോട് പലകാര്യത്തിലും സർക്കാർ കാട്ടുന്ന അവഗണന ആരെയല്ലാം, എങ്ങനെയെല്ലാം ബാധിക്കുമെന്ന് വ്യക്തമായി പറഞ്ഞത് പി. ഉബൈദുള്ള. വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളും പ്രതിസന്ധികളും സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റ് വീഴ്ചകളും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ പ്രസംഗത്തിൽ വ്യക്തമായിരുന്നു. സഹകരണമേഖലയെ കുറിച്ചുള്ള ആശങ്കകൾ വർധിക്കുന്ന കാലത്ത് യു.എ ലത്തീഫ് മുന്നോട്ടുവെക്കുന്ന നിർദേശങ്ങൾ സർക്കാരിന് തള്ളിക്കളയാവുന്നതായിരുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആകെ നശിപ്പിച്ച സർക്കാരിനെതിരെ ശക്തമായ പ്രതിഷേധം പി. അബ്ദുൽ ഹമീദ് മാസ്റ്ററുടെ പ്രസംഗങ്ങളിൽ നിഴലിച്ചു. മാത്രമല്ല, മലബാർ മേഖലയിലെ ഓരോ വിഷയങ്ങളും അക്കമിട്ടുനിരത്താനും അദ്ദേഹത്തിന് കഴിഞ്ഞു.

പതിവുപോലെ ഭാഷാന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളും കാസർകോടിന്റെ പിന്നാക്കാവസ്ഥയും ആരോഗ്യമേഖയിൽ ആ നാട് അനുഭവിക്കുന്ന ദുരിതങ്ങളും എ.കെ.എം അഷ്റഫ് എണ്ണിപ്പറഞ്ഞു. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ കർണാടക സർക്കാരിന് കഴിയുന്നത് പലതും കേരള സർക്കാരിന് കഴിയാത്തത് എന്തുകൊണ്ടാണെന്ന മഞ്ചേശ്വരം അംഗത്തിന്റെ ചോദ്യത്തിനുമുന്നിൽ മന്ത്രിമാർക്ക് ഇനിയും മറുപടിയില്ല.

സാധാരണക്കാരെ ബാധിക്കുന്ന നിരവധി വിഷയങ്ങളാണ് മുസ്‌ലിം ലീഗ് അംഗങ്ങൾ സഭയിലുന്നയിച്ചത്. അത്തരത്തിലൊന്നായിരുന്നു പി. ഉബൈദുള്ള കൊണ്ടുവന്ന സബ്മിഷൻ -അങ്കണവാടി ജീവനക്കാരുമായി ബന്ധപ്പെട്ടത്. തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ എം.കെ മുനീറിന്റെ സബ്മിഷനായിരുന്നു. ദേശീയപാതയുമായി ബന്ധപ്പെട്ട് പി. അബ്ദുൽഹമീദ് മാസ്റ്ററും പ്രൊഫ.ആബിദ് ഹുസൈൻ തങ്ങളും സബ്മിഷനുകൾ അവതരിപ്പിച്ചു. പഞ്ചായത്ത് മുനിസിപ്പാലിറ്റികളിൽ കഴിഞ്ഞ വർഷം ലാപ്സായ ഫണ്ട് ഈ വർഷത്തെ ബജറ്റിൽ ഉൾപെടുത്തണമെന്ന ആവശ്യം ഉന്നയിച്ചത് ടി.വി ഇബ്രാഹീം.നികുതി, ഫീസ് വർധന കാരണം കെട്ടിടനിർമാണ മേഖല നേരിടുന്നത് ഗുരുതരമായ പ്രതിസന്ധിയാണ്. ഇക്കാര്യത്തിൽ സഭയുടെ ശ്രദ്ധക്ഷണിച്ച യു.എ ലത്തീഫ്, തിരുത്തൽ വേണമെന്ന നിലപാടിൽ ഉറച്ചുനിന്നു. ആരോഗ്യരംഗത്ത് മലപ്പുറം ജില്ലയോടുള്ള അവഗണന ചൂണ്ടിക്കാട്ടി നജീബ് കാന്തപുരത്തിന്റെ ശ്രദ്ധക്ഷണിക്കലും ഉണ്ടായി.കഴിഞ്ഞ എട്ടുവർഷമായി സഭയിലും പുറത്തും മുസ്‌ലിം ലീഗ് ശക്തമായി ആവശ്യപ്പെടുന്ന പ്രധാനപ്പെട്ടൊരു വിഷയം ശ്രദ്ധക്ഷണിക്കലായി സഭയിലെത്തിച്ചത് അവസാന ദിവസമായ ഇന്നലെ. ടി.വി ഇബ്രാഹീമാണ് കൃത്യമായ കണക്കുകൾ നിരത്തി വിഷയം അവതിപ്പിച്ചത്. പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഉദ്യോഗതലത്തിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് പട്ടികജാതി, വർഗ, പിന്നാക്ക വകുപ്പു മന്ത്രിക്കു മുന്നിലാണ് വിഷയം ഉന്നയിച്ചത്. ക്രമപ്രശ്നങ്ങളിൽ പതിവുപോലെ വിട്ടുകൊടുക്കാൻ തയാറാല്ലെന്ന നിലപാട് എൻ. ഷംസുദ്ദീൻ ഇത്തവണയും ആവർത്തിച്ചു. അവസാന ദിവസം പോലും ഓപ്പൺ സർവകലാശാല വിഷയത്തിൽ സ്പീക്കറിൽ നിന്ന് റൂളിംഗ് നേടാനുമായി.

12 വർഷത്തിന് ശേഷം സഭാ സമ്മേളനത്തിന്റെ ചരിത്രം തിരുത്താൻ എൻ.എ നെല്ലിക്കുന്നിന് കഴിഞ്ഞു. നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയിൽ ഒരു പൊതുപ്രാധാന്യമുള്ള വിഷയമുണ്ടായിരുന്നെന്നും ചട്ടം 49 പ്രകാരം അമ്മണിക്കൂർ ചർച്ച അനുവദിക്കണമെന്നും ആവശ്യപ്പെട്ട് നെല്ലിക്കുന്ന് നൽകിയ നോട്ടീസ് സ്പീക്കർ അംഗീകരിക്കുകയും ജൂൺ 25ന് ചർച്ച തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ ദിവസം സഭ തടസപ്പെട്ടതിനാൽ ചർച്ച നടന്നില്ല. 12 വർഷം മുൻപായിരുന്നു ഇത്തരമൊരു ചർച്ച നടന്നത്. ഒരു ഭാഗത്ത് രാഷ്ട്രീയ വിവാദങ്ങളും ബഹിഷ്കരണവും വാക്കൗട്ടും മറ്റും നടക്കുമ്പോഴും ജനകീയ വിഷയങ്ങൾ ഗൗരവത്തോടെ ചർച്ച ചെയ്യപ്പെട്ട സമ്മേളനമായിരുന്നു ഇത്തവണത്തേത്. പാർട്ടിക്ക് ഹാരിസ് ബീരാനിലൂടെ പുതിയ ഒരു രാജ്യസഭാംഗത്തെയും ലഭിച്ചത് ഈ സമ്മേളന കാലയളവിലായിരുന്നു. സഭാ സമ്മേളനം പൂർത്തിയാകുമ്പോൾ മുസ്‌ലിം ലീഗ് രാഷ്ട്രീയത്തിന് ഏറെ അഭിമാനിക്കാവുന്ന നിരവധി മുഹൂർത്തങ്ങൾ പിന്നെയും ബാക്കി.

## ഗാർഹിക പീഡനങ്ങൾ കുറയുന്നില്ല

ആലപ്പുഴ: ഗാർഹിക പീഡനം കുറയുന്നില്ല എന്ന് ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള പരാതികളാണ് അദാലത്തിൽ പരിഗണനക്ക് വരുന്നതെന്ന് കേരള വനിതാ കമ്മിഷൻ അംഗം വി.ആർ. മഹിളാമണി പറഞ്ഞു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് ജെൻഡർ പാർക്ക് ഓഡിറ്റോറിയത്തിൽ നടത്തിയ അദാലത്തിനുശേഷം സംസാരിക്കുകയായിരുന്നു വനിതാ കമ്മിഷൻ അംഗം. മദ്യപിച്ചെത്തുന്ന ഭർത്താവ് സ്ഥിരമായി ഭാര്യയെ ഉപദ്രവിക്കുകയും ഭാര്യ ജോലിക്കു പോകുന്നതിലുള്ള അതൃപ്തി പ്രകടിപ്പിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു എന്ന പരാതി അദാലത്തിൽ പരിഗണനയ്ക്കു വന്നു. സ്ത്രീ ജോലിക്കു പോകുന്നതാണ് വീട്ടിലെ പ്രശ്നമെന്ന് വരുത്തി അവരെ വീടിനു പുറത്തിറങ്ങാൻ സമ്മതിക്കാത്ത മനോഭാവമുള്ള പുരുഷൻമാർ സമൂഹത്തിൽ ഇന്നുമുണ്ട് എന്നാണ് മനസിലാക്കേണ്ടത്.അധ്യാപന മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നവും അദാലത്തിൽ വന്നു. വിദ്യാഭ്യാസ സ്ഥാപനത്തിലെ അധികാര സ്ഥാനത്തിരിക്കുന്ന അധ്യാപകരും മറ്റ് അധ്യാപകരും തമ്മിൽ ആശയപരമായുള്ള അനൈക്യം, അതിൽ രക്ഷിതാക്കൾ ഇടപെടുമ്പോഴുള്ള പ്രശ്നങ്ങൾ എന്നിവ വിദ്യാർഥികളെയും സമാധാനപരമായ പഠനാന്തരീക്ഷത്തെയും ബാധിക്കുന്നതായുള്ള പരാതിയും അദാലത്തിൽ പരിഗണിച്ചു. ഇത്തരം സാഹചര്യങ്ങൾ അധ്യാപകരിൽ ഉണ്ടാക്കുന്ന മാനസിക പ്രശ്നങ്ങളാണ് പരാതിയായി വന്നത്. അധ്യാപകർ പരാതിക്കാരും എതിർകക്ഷികളുമായി വരുന്ന കേസുകൾ കൂടുന്നതായും വനിതാ കമ്മിഷൻ അംഗം പറഞ്ഞു. വസ്തു സംബന്ധമായ വിഷയങ്ങളും, സാമ്പത്തിക ഇടപാടുകളിൽ നിന്ന് ഉടലെടുക്കുന്ന പ്രശ്നങ്ങളും, സ്ത്രീകളെ ആക്രമിക്കുന്ന തരത്തിലേക്കെത്തുന്നതായും വനിതാ കമ്മിഷൻ അംഗം പറഞ്ഞു. ജില്ലാതല അദാലത്തിൽ ഒമ്പത് കേസുകൾ തീർപ്പാക്കി. 12 പരാതിയിൽ പൊലീസിനോട് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടു. ബാക്കി 40 കേസുകൾ അടുത്ത അദാലത്തിലേക്ക് മാറ്റി. ആകെ 61 പരാതികളാണ് ജില്ലാതല അദാലത്തിൽ പരിഗണിച്ചത്. അഡ്വ. ജീനു എബ്രഹാം, അഡ്വ. രേഷ്മ ദിലീപ് പങ്കെടുത്തു.


ആലപ്പുഴയിൽ നടന്ന സിറ്റിംഗിൽ വനിതാ കമ്മിഷൻ അംഗം വി.ആർ. മഹിളാമണി പരാതി കേൾക്കുന്നു


ആലപ്പുഴ തണ്ണീർമുക്കം റോഡിൽ കാവുങ്കൽ ജംഗ്ഷന് സമീപം സുനിൽ കുമാറിന്റെ ഉടമസ്ഥതയിലുള്ള ശ്രീ ലക്ഷ്മി ഫ്ളവർ സ്റ്റോഴ്സിലുണ്ടായ തീപ്പിടിത്തം.

## കടക്ക് തീപ്പിടിച്ചു

### നാല് ലക്ഷം രൂപയുടെ നഷ്ടം

മണ്ണഞ്ചേരി: കാവുങ്കലിൽ പൂജാ സാധനങ്ങൾ വിൽക്കുന്ന കടക്ക് തീപ്പിടിച്ചു. നാല് ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു. ആലപ്പുഴ തണ്ണീർമുക്കം റോഡിൽ കാവുങ്കൽ ജംഗ്ഷന് സമീപം സുനിൽ കുമാറിന്റെ ഉടമസ്ഥതയിലുള്ള ശ്രീ ലക്ഷ്മി ഫ്ളവർ സ്റ്റോഴ്സിനാണ് തീ പിടിച്ചത്. ഇന്നലെ രാവിലെ 11 ഓടെയാണ് സംഭവം. തീ ഉയരുന്നത് ശ്രദ്ധയിൽ പെട്ടതിനാൽ മറ്റ് കടകളിലേയ്ക്ക് തീ പടർന്നില്ല. ഷോർട്ട് സർക്യൂട്ട് ആണ് അപകടത്തിന് കാരണമെന്നാണ് നിഗമനം. ആലപ്പുഴയിൽ നിന്ന് രണ്ടും ചേർത്തലയിൽ നിന്ന് ഒന്നും യൂനിറ്റ് ഫയർഫോഴ്സ് എത്തിയാണ് തീ അണച്ചത്.

രാവിലെ എട്ട് മണിക്ക് കട തുറന്നിരുന്നു. 10 മണിക്ക് കടയടച്ച് ഉടമ വീട്ടിലേക്ക് പോയതിന് ശേഷമാണ് തീ പിടിച്ചത്. ഈ സമയം സമീപത്ത് വാഹന പരിശോധന നടത്തിയിരുന്ന മണ്ണഞ്ചേരി പോലീസ് സ്റ്റേഷനിലെ എസ് ഐ ജോർജ്, എ എസ് ഐ സുനിൽ കുമാർ, സി പി ഒ അരുൺ, ഹോം ഗാർഡ് തിലകൻ എന്നിവരുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് രക്ഷാ പ്രവർത്തനം നടത്തുകയും അഗ്നിശമന സേനയെ വിളിക്കുകയുമായിരുന്നു. സമീപത്തെ അമേ യാ ടെക്സ്റ്റൈൽസിലേക്ക് തീ പടരാതിരിക്കാൻ പോലീസും നാട്ടുകാരും ചേർന്ന് കടയിൽ ഉണ്ടായിരുന്ന തുണിയും നാല് തയ്യിൽ മെഷീനും പുറത്തെടുത്തതിനാൽ വൻ ദുരന്തം ഒഴിവായി. സ്കൂൾ യൂനിഫോം കത്തി നശിച്ചു. ഫ്ളവർ സ്റ്റോഴ്സിലെ പൂജാ സാധനങ്ങൾ, തുണികൾ, സ്റ്റേഷനറി സാധനങ്ങൾ, മൺ പാത്രങ്ങൾ, കുടകൾ, ഫ്രിഡ്ജ്, രണ്ട് ഫാൻ, അലമാര, മേശ എന്നിവ കത്തി നശിച്ചു. മേശയിൽ സൂക്ഷിച്ചിരുന്ന 15,000 രൂപയും അഗ്നിക്കിരയായി.

മണ്ണഞ്ചേരി കാവുങ്കൽ ദേവി ക്ഷേത്രത്തിന് വടക്ക് വശം പാടകശ്ശേരി എൻ സുധീഷിന്റെ വീടിനോട് ചേർന്ന അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമാണിത്.

## മത്സ്യത്തൊഴിലാളി വനിത സംഘങ്ങൾക്ക് അപേക്ഷിക്കാം

ആലപ്പുഴ: ഫിഷറീസ് വകുപ്പിന്റെ തീരമൈത്രി പദ്ധതി 202425 പ്രകാരം ചെറുകിട തൊഴിൽ സംരംഭ യൂണിറ്റുകൾ ആരംഭിക്കാനായി മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന സംഘങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഫിഷറീസ് വകുപ്പിനു കീഴിൽ മത്സ്യത്തൊഴിലാളി വനിതകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെന്റെ നേതൃത്വത്തിൽ പദ്ധതി. അപേക്ഷകർ 20 നും 50 നും ഇടയിൽ പ്രായമുള്ള മത്സ്യത്തൊഴിലാളി കുടുംബ രജിസ്റ്ററിൽ അംഗത്വമുള്ളവരായിരിക്കണം. രണ്ട് മുതൽ അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പായിട്ടാണ് അപേക്ഷ നൽകേണ്ടത്. പ്രകൃതി ദുരന്തങ്ങൾക്ക് നേരിട്ട് ഇരയായവർ, മാറാരോഗങ്ങൾ ബാധിച്ച കുടുംബങ്ങളിൽ നിന്നുള്ളവർ, ട്രാൻസ്ജെൻഡേഴ്സ്, വിധവകൾ, തീരനൈപുണ്യ കോഴ്സിൽ പങ്കെടുത്ത കുട്ടികൾ (20 40 വയസ്സിന് ഇടയിലുള്ളവർ) എന്നിവർക്ക് മുൻഗണന ലഭിക്കും. സാഫിൽ നിന്നും ഒരു തവണ ധനസഹായം കൈപ്പറ്റിയവർ അർഹരല്ല. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും അഞ്ച് ശതമാനം ഗുണഭോക്തൃ വിഹിതവുമായിരിക്കും. ഒരംഗത്തിന് പരമാവധി ഒരുലക്ഷം രൂപ നിരക്കിൽ അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പിന് പരമാവധി അഞ്ച് ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും. അപേക്ഷ ഫോറം മത്സ്യഭവനുകളിലും സാഫിന്റെ നോഡൽ ഓഫീസിലും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും www. fisheries. kerala.gov.in, www. saf kerala.org എന്നീ വെബ്സൈറ്റുകളിലും ലഭിക്കും. അവസാന തീയതി ജൂലൈ 31. ഫോൺ: 8089 508487, 9526880456, 894 3835652.

## കേരള ഹോംഗാർഡ് അസോസിയേഷൻ ജില്ല പൊതുയോഗം

കായംകുളം: കേരള ഹോം ഗാർഡ് അസോസിയേഷൻ ആലപ്പുഴ ജില്ലാ പൊതുയോഗം സംസ്ഥാന ജനറൽ സെക്രട്ടറി ജയകുമാർ ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡന്റ്. അനൂപ്കുമാർ അധ്യക്ഷനായി. കേന്ദ്ര ആഭ്യന്തരം മന്ത്രാലയത്തിന്റെ ഡിജി ഡിസ്ക്ക് കമാൻറ്റ് സർട്ടിഫിക്കറ്റിന് ന് അർഹനായ പ്രദീപ്കുമാറിനെ ആദരിച്ചു.

തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ 13 അംഗ ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു.

### ജനങ്ങൾക്ക് താൽകാലിക ആശ്വാസം

## മത്സ്യവില കുറയുന്നു

കായംകുളം: സംസ്ഥാനത്ത് ട്രോളിംഗ് നിരോധനത്തിന് പിന്നാലെ കുതിച്ചുയർന്ന മത്സ്യവില കുറഞ്ഞു തുടങ്ങുന്നു.



കിലോയ്ക്ക് 400 രൂപക്ക് മുകളിൽ കടന്നിരുന്ന മത്തിക്ക് വിപണിയിൽ കായംകുളത്തും കായംകുളം അഴീക്കൽ ഹാർബറിലും ഇപ്പോൾ 240 രൂപയായി കുറഞ്ഞു.കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ മത്സ്യലഭ്യതയിൽ ഉണ്ടായ ഏറ്റവും വർധനയാണ് ഉപഭോക്താക്കൾക്ക് ഇപ്പോൾ ആശ്വാസമാകുന്നത്.

നെത്തോലിക്ക് 30 രൂപ മുതൽ 40 രൂപ വരെയും, മത്തിക്ക് 240 രൂപ മുതൽ 260 രൂപ വരെയും ഇന്ന് വിലയായി കുറഞ്ഞിട്ടുണ്ട്. കിളിമീൻ 160 രൂപ മുതൽ 200 രൂപ വരെയും ചൂര 150 രൂപ മുതൽ 200 രൂപ വരെയും ചെമ്മീൻ 320 രൂപ മുതൽ 380 രൂപവരേയുമായാണ് കുറഞ്ഞത്.

രണ്ട് മാസത്തോളം നീളുന്ന ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത വള്ളങ്ങൾക്ക് മാത്രമാണ് മത്സ്യബന്ധനത്തിന് അനുമതി നൽകിയിട്ടുള്ളത്.സർക്കാരിന്റെ ട്രോളിംഗ് നിരോധനത്തിന് പിന്നാലെ ചെറുവള്ളങ്ങളിൽ പിടിച്ചുകൊണ്ടു വരുന്ന മത്തിക്ക് 400 രൂപയിലധികം വില വന്നിരുന്നു. ഈ വിലയിടിവ് സാധാരണക്കാരിൽ ആശ്വാസം പകർന്നിട്ടുണ്ട്.

## വിദഗ്ധ സമിതി റിപോർട്ട് കർഷക പ്രതിനിധികളുമായി ചർച്ച ചെയ്യണം

ആലപ്പുഴ: പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി സർക്കാറിന് സമർപ്പിച്ച റിപോർട്ട് കർഷക പ്രതിനിധികളുമായി ചർച്ച ചെയ്യാൻ തയ്യാറാകണമെന്ന് ആൾ കേരള പൗൾട്രി ഫെഡറേഷൻ ആവശ്യപ്പെട്ടു. കഴിഞ്ഞ നാല് മാസക്കാലമായി പക്ഷിപ്പനി വ്യാപന ഭീതി മൂലം കർഷകർ കോഴി വളർത്തലിൽ നിന്ന് വിട്ടുനിൽക്കുകയാണ്. വിദഗ്ധ സമിതി റിപോർട്ട് നടപ്പാക്കുമ്പോൾ കർഷകരുടെ ഉപജീവനത്തെ ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേക ശ്രദ്ധപുലർത്തണം. നിരന്തരം പക്ഷിപ്പനി റിപോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ആലപ്പുഴയിലെ വൈറോളജി ലാബ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി രോഗ സ്ഥിരീകരണം വേഗത്തിലാക്കാണമെന്നും ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റെ എം താജുദ്ദീൻ, ജനറൽ സെക്രട്ടറി എസ് കെ നസീർ, ട്രഷറർ ആർ രവീന്ദ്രൻ എന്നിവർ ആവശ്യപ്പെട്ടു.

## സി.പി.എമ്മിന്റെ ആരോപണം തള്ളി, യദുകൃഷ്ണനിൽ നിന്ന് കഞ്ചാവ് പിടികൂടിയെന്ന് എക്സൈസ്

പത്തനംതിട്ട: കാപ്പാ കേസ് പ്രതിക്കൊപ്പം സിപിഎമ്മിൽ ചേർത്ത് സ്വീകരിച്ചയാളെ കഞ്ചാവ് കേസിൽ പിടികൂടിയത് ഉദ്യോഗസ്ഥ ഗൂഢാലോചനയെന്ന സിപിഎം ആരോപണം തള്ളി എക്സൈസ്. സിപിഎം അംഗമായ മൈലാടുംപാറ സ്വദേശി യദുകൃഷ്ണന്റെ കയ്യിൽ നിന്ന് കഞ്ചാവും വലിക്കാൻ ഉപയോഗിക്കുന്ന ഉപകരണവും കണ്ടെടുത്തതായി എക്സൈസ് സ്ഥിരീകരിച്ചു. സംയുക്ത പരിശോധനയാണ് നടത്തിയത്. എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള സംഘമാണ് കഞ്ചാവ് പിടികൂടിയത്. കഞ്ചാവ് പിടികൂടിയതും കേസ് എടുത്തതുമെല്ലാം ഇൻസ്പെക്ടറാണെന്നും ഉന്നത ഉദ്യോഗസ്ഥർക്ക് പത്തനംതിട്ട എക്സൈസ് വിഭാഗം റിപ്പോർട്ട് നൽകി. യുവമോർച്ച ബന്ധമുള്ള ഉദ്യോഗസ്ഥർ ഗൂഢാലോചന നടത്തി യദുകൃഷ്ണനെതിരെ കള്ളക്കേസ് എടുത്തെന്നായിരുന്നു സിപിഎം ആരോപണം. ഇത് തള്ളുന്നതാണ് എക്സൈസ് റിപ്പോർട്ട്. അതേ സമയം, തന്നെ കള്ളക്കേസിൽ കുടുക്കിയെന്നാരോപിച്ച് യദു കൃഷ്ണൻ പത്തനംതിട്ട ജില്ലാ പൊലീസ് മേധാവിക്ക് ഉൾപ്പടെ പരാതി നൽകി. തന്റെ കയ്യിൽ നിന്നും കഞ്ചാവ് പിടികൂടിയിട്ടില്ലെന്നാണ് യദു കൃഷ്ണൻ പറയുന്നത്.